
വാല്യം – 6 ലക്കം – 4

# ക്ഷാത്രസ്പന്ദനം

## ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

ആഗസ്റ്റ് – ഒക്ടോബർ 2020 1196 ചിങ്ങം – തുലാം



"സ്നേഹിക്കയില്ല ഞാൻ നോവുമെന്നാത്മാവിനെ
സ്നേഹിച്ചിടാത്തൊരു തത്ത്വ ശാസ്ത്രത്തെയും"

# വിവാഹ മംഗളാശംസകൾ





വൈക്കം ആറുകണ്ടത്തിൽ കോവിലകത്ത് സുദർശനവർമ്മയുടെയും കോഴിക്കോട് മാങ്കാവ് കോവിലകത്ത് (ശ്രീ ശൈലം)
ലളിതാംബികത്തമ്പുരാട്ടിയുടെയും (ശോഭ) മകൻ **അക്ഷയ് വർമ്മ**യും, തൃശ്ശൂർ പൂത്തോൾ അരങ്ങത്ത് സുരേഷിന്റെയും
പ്രിയയുടെയും മകൾ **ഐശ്വര്യ**യും തമ്മിലുള്ള വിവാഹം 24-8-2020 ൽ
തൃശൂർ തിരുവമ്പാടി കൺവെൻഷൻ സെന്ററിൽ (വൃന്ദാവൻ ഇൻ) വച്ച് സമംഗളം നടന്നു.

Kshatraspandanam
Quarterly News Magazine of
Kshatriya Kshema Sabha
August-October 2020
M.E.1196 Chingam-Thulam
Volume 6 Issue 4

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ
ത്രൈമാസ വാർത്താപത്രിക
ആഗസ്റ്റ്–ഒക്ടോബർ 2020
1196 ചിങ്ങം–തുലാം
വാല്യം 6 ലക്കം 4

**ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ**
**(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)**



# വിഷയവിവരം


പത്രാധിപക്കുറിപ്പ് 5

പ്രസിഡന്റിന്റെ കത്ത് 7

കേന്ദ്രസഭാ വാർത്തകൾ 8

കുട്ടൻ ചേട്ടാ... നമുക്കിനി അവിടെ കാണാം 11
പി.ജി. ശശികുമാർ വർമ്മ, പന്തളം

സേതുലക്ഷ്മീബായി എന്ന ജനകീയ മഹാറാണി 15
പ്രൊഫ എ. ഇന്ദിരാകുമാരി

വയലാർ എന്ന സർഗ്ഗവിസ്മയം 17
ടി.പി.ശാസ്തമംഗലം

അമ്മേ , മാപ്പ് 19
കെ.എൽ. ശ്രീകൃഷ്ണദാസ്

കവി സിദ്ധി വരുത്തുന്ന അക്ഷരശ്ലോകം. 20
വേലൂർ പരമേശ്വരൻ നമ്പൂതിരി

നേപ്പാൾ ദർശൻ 21
കെ. രാഘവവർമ്മ

സന്തോഷാശ്രു 23
ശ്യാമള വർമ്മ

ശിവനും ശക്തിയും 25
കെ. രാധാമണിത്തമ്പുരാട്ടി

കുറ്റവും ശിക്ഷയും 27
റ്റി.എൻ. ആദിത്യവർമ്മ

കേരളം വഞ്ചിപ്പാട്ട് 28
കുട്ടി അനിയൻ രാജ

ശ്രീമദ്ഭാഗവതാവതാരം 29
ചന്ദ്രാവലി തമ്പുരാൻ

ആദിത്യവർമ്മയുടെ കവിതകൾ 32
മാവേലിക്കര രഘുനാഥ വർമ്മ

കൈപ്പുഴത്തമ്പാൻ 34
വി.ടി. ധനഞ്ജയ വർമ്മ

അന്നദാനപ്രഭു തിരുപ്പതി വെങ്കടാചലപതി 37
എൻ.കെ.കെ. ഉണ്ണിത്തിരി

ഭക്തിയോഗം 38
കെ.സി. രാമവർമ്മ രാജ

സപ്തപദി 40
താരാശങ്കർ ബന്ദ്യോപാധ്യായ

കോയിയ്ക്കലിൽ നിന്നുമൊരു ക്രോസ്ബെൽറ്റുകാരൻ 44
റ്റി.ആർ. രാമവർമ്മരാജ

കരീന്ദ്രന്റെ രാവണവിജയം ആട്ടക്കഥ 48
കെ. ഗോദവർമ്മ

കാലചക്രം 51
ടി.സി. ഭാഗീരഥി തമ്പുരാട്ടി

ABC of Astronomy and Geography 52
ഇ. രാമവർമ്മ രാജ

ഇരുപത്തിയൊന്നാം ദിവസം 53
ശ്രീപ്രസാദ് വടക്കേപ്പാട്ട്

അരുണാചൽ പ്രദേശ് 56
കെ. ഹരികൃഷ്ണവർമ്മ

വെളുത്ത സ്വർണ്ണം 59
ഡോ. എം. ലളിതാംബിക

പുസ്തകജാലകം 62
ബാലവേദി 65

വളരുന്ന പ്രതിഭകൾ 67

യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ 68

വൈവാഹികം 74


*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർമാർ :* കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി: റ്റി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ജനറൽ സെക്രട്ടറി/ട്രഷറർ: *ക്ഷത്രിയക്ഷേമസഭ*

**മുഖചിത്രം: വയലാർ വിട പറഞ്ഞിട്ട് 45 വർഷം**

ഇതിൽവരുന്ന വാർത്തകൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

# റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

2008 ലാണ് REACT രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചത്. ആദ്യത്തെ മൂന്നു നാലു വർഷങ്ങളിൽ പ്രവർത്തനം അൽപ്പം മന്ദഗതിയിൽ തന്നെയായിരുന്നു. അതിനുശേഷം ആളുകളിലേക്കിറങ്ങി ചെല്ലുകയും REACT ന്റെ ശേഷിക്കൊത്തപോലെ ജീവകാരുണ്യ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്തു. ഇപ്പോഴും അതു തുടർന്നുവരുന്നു. നിങ്ങൾ കയ്യയച്ചു സഹായിക്കുന്നതുകൊണ്ടാണ് ഈ ട്രസ്റ്റ് കാലിടറി വീഴാതെ മുമ്പോട്ടു പോകുന്നത്. നല്ല മനസ്സിനു നന്ദി. സ്വന്തം ഗൃഹത്തിൽ സന്തോഷം തരുന്ന ആഘോഷങ്ങൾ നടത്തുമ്പോൾ ഒരു ചെറിയ തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് നാം മാറ്റിവെയ്ക്കുമല്ലോ. ആ കൂട്ടത്തിൽ REACT നേയും 'ഓർക്കുക വല്ലപ്പോഴും.'

2020 മെയ് മുതൽ ഒക്ടോബർ വരെ REACT ലേക്ക് കിട്ടിയ സംഭാവനകളുടെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| പി.ഇ.എസ്. യൂണിവേഴ്സിറ്റി, ബംഗളുരു | 1,000,000 |
| രാഷ്ട്രീയ ശിക്ഷണ സമിതി ട്രസ്റ്റ്, ബംഗളുരു | 150,000 |
| വെൽവിഷർ ഓഫ് റിയാക്റ്റ് | 100,000 |
| VAU ദുബായ് | 70,000 |
| രാജരാജ വർമ്മ തമ്പാൻ, എറണാകുളം | 50,000 |
| സഞ്ജയ് വർമ്മ പി.കെ., തിരുവല്ല | 40,000 |
| ആനന്ദ് രാജ കെ. | 25,000 |
| പി.എൻ. നാരായണ വർമ്മ, പന്തളം | 25,000 |
| ഡോ. കുമുദാഭായ്, പൂഞ്ഞാർ | 15,000 |
| പ്രദീപ് വർമ്മ രാജ, വെള്ളാരപ്പിള്ളി പാലസ് | 10,000 |
| സി.കെ. കൃഷ്ണദാസൻ, തിരുവനന്തപുരം | 10,000 |
| മീനാക്ഷി വർമ്മ ആർ.ബി., തിരുവനന്തപുരം | 10,000 |
| പ്രശാന്ത് രാജ, കോട്ടയം | 10,000 |
| ഡോ. കവിത രാജ, തിരുവനന്തപുരം | 10,000 |
| ക്ഷത്രിയക്ഷേമ സഭ, പന്തളം | 10,000 |
| എസ്.കെ. ഹരിഹരൻ, തിരുവനന്തപുരം | 10,000 |
| വൃന്ദ വർമ്മ പി.ബി., തിരുവനന്തപുരം | 7,000 |
| ജയകുമാര വർമ്മ പി.കെ., തിരുവല്ല | 5,000 |
| രാജാറാം, തിരുവനന്തപുരം | 5,000 |
| സുബ്രഹ്മണി, നീലമന | 5,000 |
| പ്രകാശ് വർമ്മ & പ്രസീത വർമ്മ, ആലപ്പുഴ | 5,000 |
| സുദർശന വർമ്മ കെ, വൈക്കം | 5,000 |
| അനുജൻ രാജ പി.സി., തിരുവനന്തപുരം | 3,000 |
| ശ്രീജ വർമ്മ, തിരുവനന്തപുരം | 3,000 |
| ത്രിജയകുമാരി എം.കെ., തിരുവല്ല | 2,500 |
| ആദിത്യ വർമ്മ | 2,500 |
| സുഭദ്ര വർമ്മ | 2,002 |
| ശ്യാമളകുമാരി ടി.ഇ. | 2,000 |
| ശ്രീകീർത്തി എം.കെ., തിരുവല്ല | 2,000 |
| കൃഷ്ണകുമാർ, തിരുവല്ല | 2,000 |
| അക്ഷയ് എസ്. വർമ്മ, പന്തളം | 2,000 |
| രവിവർമ്മ തമ്പുരാൻ ടി.ആർ. | 2,000 |
| വെൽവിഷർ ഓഫ് റിയാക്റ്റ് | 2,000 |
| മുരളീധര രവിവർമ്മ | 1,000 |

**(പതിനാറുലക്ഷത്തി മൂവായിരത്തി അഞ്ഞൂറ്റി രണ്ട് രൂപ)**

**എല്ലാവർക്കും REACTന്റെ നന്ദി രേഖപ്പെടുത്തുന്നു.**

കൊറോണ പാൻഡെമിക് സമയമായിരുന്നുവെങ്കിലും നമുക്ക് നമ്മുടെ കഴിവിന്റെ പരിധിയിൽ നിന്നുകൊണ്ട് കുറെയൊക്കെ സഹായം ബന്ധുജനങ്ങൾക്കും സമൂഹത്തിൽ ദുരിതമനുഭവിക്കുന്നവർക്കും ചെയ്തുകൊടുക്കുവാൻ സാധിച്ചിട്ടുണ്ട്. ചികിത്സാ ചിലവിനും വിദ്യാഭ്യാസച്ചിലവിനും വേണ്ടിയാണ് പ്രധാനമായും REACT ന്റെ സഹായം എത്തിച്ചുകൊടുത്തത്. പക്ഷെ ഇപ്രാവശ്യം ഒരു പുണ്യകർമ്മം കൂടി REACT ന്റെ ചുമതലയിൽ ചെയ്തുതീർക്കാൻ സാധിച്ചു. അത് കോട്ടയത്ത് പാമ്പാടിയിലുള്ള പാവപ്പെട്ട ഒരു ക്ഷത്രിയ കുടുംബത്തിന്റെ ഇടിഞ്ഞുപൊളിഞ്ഞ വീട് റിപ്പയർ ചെയ്ത് താമസയോഗ്യമാക്കി കൊടുക്കാൻ സാധിച്ചതാണ്. വീട് റിപ്പയർ ചെയ്യാൻ 4.46 ലക്ഷം രൂപ ചെലവായെങ്കിലും അതിൽ 1.78 ലക്ഷത്തോളം പലരുടേയും ഡൊണേഷനായി കിട്ടി. ശേഷിച്ച 2.68 ലക്ഷം മാത്രമേ REACT ൽ നിന്നും ചിലവായുള്ളൂ. പുര റിപ്പയർ ചെയ്യാൻ അകമഴിഞ്ഞു സഹായിച്ച എല്ലാവരേയും REACT ന്റെ നന്ദിയും കടപ്പാടും അറിയിക്കട്ടെ.

വീട് റിപ്പയറിന്റെ ചിലവും ചികിത്സാ വിദ്യാഭ്യാസ സഹായങ്ങളും ചേർത്ത് REACT 1230500 രൂപ (പന്ത്രണ്ട് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറു രൂപ) യാണ് അർഹിക്കുന്ന കൈകളിൽ എത്തിച്ചത്. കഴിഞ്ഞ 5 മാസം 143 പേർക്കാണ് സഹായം നൽകിയത്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസ സഹായങ്ങൾക്കും വേണ്ടി സമാഹരിക്കുന്ന ഈ ഫണ്ടിലേക്ക് സംഭാവന ചെയ്തു സഹായിക്കുക.

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

**A/c No: 40052210014950**
**IFS Code SYNB 0004005**
**Syndicate Bank, Fort Branch**
**Thiruvananthapuram - 695023**

(ഇതുവരെ REACT ന് സഹായം എത്തിക്കാൻ കഴിഞ്ഞവരുടെ എണ്ണം **379.** ആകെ കൊടുത്ത തുക **64.95 ലക്ഷം**)

*ശേഷം പേജ് 9 ൽ*



പത്രാധിപക്കുറിപ്പ്



# വേട്ടയ്ക്കൊരു മകൻ

വേട്ടയ്ക്കൊരു മകൻ ഹിന്ദുക്കളുടെ പ്രത്യേകിച്ച് ക്ഷത്രിയരുടെ ഒരു ആരാധനാമൂർത്തിയാണ്. വടക്കൻ കേരളത്തിലാണ് വേട്ടയ്ക്കൊരുമകൻ ക്ഷേത്രങ്ങൾ കൂടുതലായി കാണുക.

പരമശിവൻ കിരാതന്റെ (കാട്ടാളൻ) വേഷത്തിൽ അർജ്ജുനന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും പാശുപതാസ്ത്രം തന്റെ പ്രിയ ഭക്തനു നല്കുകയും ചെയ്തു. ശിവപാർവ്വതിമാർ കാട്ടാളരൂപത്തിൽ തന്നെ വേട്ടയാടി വസിക്കുന്ന കാലത്ത് ഉണ്ടായ പുത്രനാണ് കിരാതസൂനു അഥവാ വേട്ടയ്ക്കൊരു മകൻ. അതീവ കുസൃതിയായ ഈ ബാലൻ മൃഗങ്ങളെ വേട്ടയാടുകയും കൂടാതെ സാധാരണക്കാരെയും, സന്യാസിമാരെയും വരെ ഉപദ്രവിക്കുകയും ചെയ്തു വന്നപ്പോൾ മഹാവിഷ്ണു ഒരു വൃദ്ധക്കാട്ടാളന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. കാട്ടാളന്റെ കയ്യിലൊരു പൊൻചുരികയും (കഠാരയുടെയും വാളിന്റെയും ഇടയ്ക്കുള്ള ഒരായുധം) ഉണ്ടായിരുന്നു. ബാലകൻ ആ പൊൻചുരികയിൽ ആകൃഷ്ടനായി അത് തനിക്ക് തരണമെന്ന് കാട്ടാളനോടപേക്ഷിച്ചു. ഈ പൊൻചുരിക ഒരിയ്ക്കലും നിലം തൊടരുത് എന്ന് കാട്ടാളൻ നിർദ്ദേശിക്കുകയും ബാലനെക്കൊണ്ട് സത്യം ചെയ്യിക്കുകയും ചെയ്തശേഷം ആ ചുരിക ബാലന് സമ്മാനിച്ചു. കൂടാതെ ആളുകളെ ശിക്ഷിയ്ക്കുകയല്ല രക്ഷിക്കുകയാണ് നിന്റെ ജന്മോദ്ദേശം എന്ന് കുട്ടിയെ പറഞ്ഞു മനസ്സിലാക്കിക്കുകയും ചെയ്തു. അതിനുശേഷം ആ ബാലൻ ക്ഷിപ്രപ്രസാദിയും ഭക്തവത്സലനും കരുണാമയനുമായി മാറി എന്നതാണ് ഐതിഹ്യം.

വേട്ടയ്ക്കൊരുമകൻ ക്ഷേത്രങ്ങളിൽ ഏറ്റവും പ്രസിദ്ധമായത് ബാലുശ്ശേരിക്കോട്ട ക്ഷേത്രമാണ്. കേരളത്തിന്റെ വടക്കുഭാഗത്തുള്ള രാമന്തളി, ചിറയ്ക്കൽ, കോട്ടയ്ക്കൽ, നീലേശ്വരം, നിലമ്പൂർ എന്നിവിടങ്ങളിലെ രാജകുടുംബങ്ങളിലും, കോവിലകങ്ങളിലും ചില കർത്താ നമ്പ്യാർ എന്നിവരുടെ കുടുംബങ്ങളിലും തെക്കൻ കേരളത്തിലിൽ കൃഷ്ണപുരം, അമ്പലപ്പുഴ, ചേർത്തല തിരുവനന്തപുരത്തു കോട്ടയ്ക്കകം എന്നിവിടങ്ങളിലും ഈ ക്ഷേത്രങ്ങൾ പ്രചാരത്തിലുണ്ട്.

കളമെഴുത്തും, പാട്ടും, പന്തീരടിയുമാണ് ഈ ക്ഷേത്രങ്ങളിലെ വഴിപാടുകൾ.

വേട്ടയ്ക്കൊരു മകൻ, അയ്യപ്പൻ, മുത്തപ്പൻ എന്നീ ദേവന്മാരുടെ കഥകൾ കാടും അവിടത്തെ ജീവിതവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ഇവയെല്ലാം കേരളത്തിന്റെ തനത് ദേവന്മാരും!

പണ്ഡിതനായ പ്രൊഫ. അമ്പലപ്പുഴ രാമവർമ്മയുടെ "ശ്രീവേട്ടയ്ക്കൊരു മകനും, ശ്രീധർമ്മ ശാസ്താവും" എന്ന ചെറിയ ഗ്രന്ഥത്തിൽ വേട്ടയ്ക്കൊരു മകനെപ്പറ്റി സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

ഭക്തപ്രിയനായ വേട്ടയ്ക്കൊരുമകന്റെ ക്ഷേത്രങ്ങളിൽ അന്നദാനവും കൂടി ഒരു വഴിപാടായി ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുന്നു. ●

# സംസ്ഥാന ക്ഷത്രിയക്ഷേമസഭ
## സ്കോളർഷിപ്പുകൾ/അവാർഡുകൾ

**1. മഹാറാണി സേതുപാർവ്വതീബായി സ്മാരക സ്കോളർഷിപ്പ്** :

മെഡിസിൻ, എൻജിനീയറിംഗ്, (പ്രതിവർഷം രൂ.10000) ഡിഗ്രി, ഫൈൻ ആർട്സ് (പ്രതിവർഷം രൂ.5000) എന്നീ വിഭാഗങ്ങളിൽ ഓരോന്നു വീതം. (2019-ൽ പ്രവേശനം ലഭിച്ചവർക്ക്)

● പത്താംക്ലാസ്, പ്ലസ്ടു പരീക്ഷകളിൽ ലഭിച്ച മാർക്കുകളും രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതിയുമാണ് മുകളിൽ വിവരിച്ച സ്കോളർഷിപ്പിനുള്ള യോഗ്യതാമാനദണ്ഡം.

പൂരിപ്പിച്ച അപേക്ഷകൾ 10, +2 ക്ലാസ്സുകളിൽ ലഭിച്ച മാർക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിസിൻ/എൻജിനീയറിംഗ്/ഡിഗ്രി ക്ലാസ്സുകളിലേക്ക് പ്രവേശനം ലഭിച്ചതിന്റെ രേഖ എന്നിവ സഹിതം നിർദ്ദിഷ്ട ഫോറത്തിൽ ക്ഷത്രിയക്ഷേമസഭയുടെ പ്രാദേശിക യൂണിറ്റുകൾ മുഖേന 2020 ഡിസംബർ 15ന് മുമ്പ് ലഭിക്കത്തക്കവണ്ണം സെക്രട്ടറി, ക്ഷത്രിയക്ഷേമസഭ, സുന്ദരവിലാസം കൊട്ടാരം, തിരുവനന്തപുരം-23 എന്ന വിലാസത്തിൽ അയച്ചിരിക്കണം.

**2. പത്മഭൂഷൺ രാഘവൻ തിരുമുൽപ്പാട് സ്മാരക അവാർഡ്** :

ആയുർവേദത്തിൽ/സംസ്കൃതത്തിൽ ബിരുദപഠനം നടത്തുന്ന ഒരു വിദ്യാർത്ഥിക്ക് (2019-ൽ പ്രവേശനം ലഭിച്ചവർക്ക്) - (രൂ.1000)

**3. സി.കെ. രാമവർമ്മരാജ സ്മാരക അവാർഡ്** :

2019-ലെ പ്ലസ് ടു പരീക്ഷയിൽ ഇംഗ്ലീഷിന് ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ വിദ്യാർത്ഥിക്ക് - (രൂ.1000)

**4. അഡ്വ. കേരളവർമ്മ രാജാ അവാർഡ്** :

2019-ലെ പ്ലസ്ടു പരീക്ഷയിൽ കണക്കിന് ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ വിദ്യാർത്ഥിക്ക്. - (രൂ.1000)

**5. കെ.വി. രാജാ സ്മാരക അവാർഡ്** :

2019-ലെ പ്ലസ് ടു പരീക്ഷയിൽ ഫിസിക്സിന് ഏറ്റവുമധികം മാർക്കു വാങ്ങിയ വിദ്യാർത്ഥിക്ക് - (രൂ.1000)

**6. കെ.സി. ഭാനുരാജ സ്മാരക അവാർഡ്** :

2019-ലെ പ്ലസ് ടു പരീക്ഷയിൽ കെമിസ്ട്രിയിൽ ഏറ്റവുമധികം മാർക്കു വാങ്ങിയ വിദ്യാർത്ഥിക്ക് - (രൂ.1000)

**● മതിയായ രേഖകൾ ഇല്ലാതെ അയയ്ക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. വിദ്യാർത്ഥിയുടെ മാതാപിതാക്കൾ ജോലി ഉള്ളവരാണെങ്കിൽ, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും സ്ഥിരവരുമാനം ഇല്ലാത്തവർ വില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റും നിർബന്ധമായും സമർപ്പിച്ചിരിക്കണം. അതാത് യൂണിറ്റിന്റെ പ്രസിഡന്റും സെക്രട്ടറിയും രേഖകൾ പരിശോധിച്ച് മെമ്പർഷിപ്പിന്റേയും വരുമാനത്തിന്റേയും ഉൾപ്പെടെയുള്ള കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെട്ടതായി ഉറപ്പ് നൽകി ഒപ്പിട്ട അപേക്ഷകളാണ് സമർപ്പിക്കേണ്ടത്.**

**● അപേക്ഷാഫോറം വെബ്സൈറ്റിൽ www.kshathrajalakam.org (archives→കേന്ദ്രസഭ→downloads) നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.**

**അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി: 15 ഡിസംബർ 2020**

## റീജന്റ് മഹാറാണി സ്മാരക വിദ്യാഭ്യാസ പുരസ്കാരം അപേക്ഷ ക്ഷണിക്കുന്നു

**റീജന്റ് മഹാറാണി സേതുലക്ഷ്മീബായിയുടെ സ്മരണാർത്ഥം തിരുവനന്തപുരം ക്ഷത്രിയ ക്ഷേമ സഭയും മഹാറാണിയുടെ കുടുംബാംഗങ്ങളും സംയുക്തമായി നൽകുന്ന വിദ്യാഭ്യാസപുരസ്കാരത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചു. 2019-20 അദ്ധ്യയന വർഷത്തിൽ എസ്.എസ്.എൽ.സി, സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ. സിലബസ്സിൽ പഠിച്ച് 10-ാം സ്റ്റാൻഡേർഡിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങി പാസ്സായ ക്ഷത്രിയ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഓരോ സിലബസ്സിനും പതിനായിരം രൂപയും സർട്ടിഫിക്കറ്റുമാണ് പുരസ്കാര ജേതാവിന് നൽകുക. വിദ്യാർത്ഥിയുടെ പേര്, രക്ഷിതാക്കളുടെ പേര്, പൂർണ്ണ മേൽവിലാസം, ബന്ധപ്പെടേണ്ട ടെലിഫോൺ, അംഗമായിട്ടുള്ള സഭാ യൂണിറ്റിന്റെ പേര് എന്നിവ ഉൾപ്പെടുത്തി തയ്യാർ ചെയ്ത അപേക്ഷയോടൊപ്പം ഒരു ഗസറ്റഡ് ആഫീസർ സാക്ഷ്യപ്പെടുത്തിയ മാർക്ക്ലിസ്റ്റിന്റെ പകർപ്പ് സഹിതം അതാത് യൂണിറ്റ് പ്രസിഡന്റ്/സെക്രട്ടറി രേഖകൾ ബോദ്ധ്യപ്പെട്ടതായി ഉറപ്പ് നൽകി ഒപ്പിട്ട് സെക്രട്ടറി, തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭ, സുന്ദരവിലാസം കൊട്ടാരം, ഫോർട്ട് പി.ഒ, തിരുവനന്തപുരം- 695023, ഫോൺ - 0471 - 2467845 എന്ന വിലാസത്തിൽ 2020 ഡിസംബർ 15നു മുൻപ് ലഭിച്ചിരിക്കണം.**



പ്രസിഡന്റിന്റെ കത്ത്

# പുതിയ വെല്ലുവിളികൾ



ഭൂമിയാകെ അതി ഭീതിദമായ ഒരു പ്രതിസന്ധി ഘട്ടത്തിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ് 19 എന്ന മഹാമാരി ജനജീവിതത്തെ ആകെ തകിടം മറിച്ചിരിക്കുന്നു. വ്യക്തികളുടെ ജീവിതത്തെ മാത്രമല്ല, സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെയും അത് ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ക്ഷത്രിയ ക്ഷേമസഭയുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. നമുക്ക് പരസ്പരം കാണാൻ കഴിയുന്നില്ല, ഒത്തു ചേരാൻ കഴിയുന്നില്ല. ചർച്ചകളോ സമ്മേളനങ്ങളോ കലാപരിപാടികളോ സംഘടിപ്പിക്കാൻ കഴിയുന്നില്ല. 'ക്ഷാത്രസ്പന്ദനം' കഴിഞ്ഞ ലക്കം കൃത്യസമയത്ത് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഈ പ്രശ്നങ്ങളെ എല്ലാം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരിഹരിക്കാൻ നാം ശ്രമിച്ചിട്ടുണ്ട്. ഓൺ ലൈനിൽ ചർച്ചകളും കലാപരിപാടികളും സംഘടിപ്പിച്ചു. അൽപ്പം വൈകി ആണെങ്കിലും, പത്രാധിപസമിതിയുടെ ആത്മാർത്ഥമായ പരിശ്രമം കൊണ്ട് 'ക്ഷാത്രസ്പന്ദനം' മികവുറ്റ രീതിയിൽ തന്നെ പ്രസിദ്ധപ്പെടുത്തി. ഇനി മുന്നോട്ടുള്ള പ്രവർത്തനത്തിന് സഭാംഗങ്ങളുടെ നിസ്സീമമായ സഹകരണം അത്യന്താപേക്ഷിതമാണ്. സമുദായ സംഘടനകൾക്ക് ആധുനികസമൂഹത്തിൽ ഏറെ പ്രസക്തിയും പ്രാധാന്യവും ഉണ്ട്. ജനനം, വിവാഹം, മരണം തുടങ്ങിയ ഘട്ടങ്ങളിൽ സമുദായ സംഘടനകളുടെ സർട്ടിഫിക്കറ്റ് ആധികാരികത ഉറപ്പാക്കാനുള്ള അനുബന്ധ രേഖകളായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വിവാഹം പോലെയുള്ള അവസരങ്ങളിൽ അടുത്ത ബന്ധുക്കൾക്കൊപ്പം യൂണിറ്റ് ഭാരവാഹികളെയും ക്ഷണിക്കുകയും അവർ ചടങ്ങുകളിൽ സമ്പൂർണ്ണമായി സഹകരിക്കുകയും വേണം. അതുപോലെ ശാരീരികമായും മാനസികമായും സാമ്പത്തികമായും അവശത അനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കാൻ നാലോ അഞ്ചോ യുവാക്കൾ അടങ്ങുന്ന ഒരു പാനൽ എല്ലാ യൂണിറ്റ് തലത്തിലും രൂപീകരിക്കുന്നത് ഉചിതമായിരിക്കും. ഈ രംഗത്ത് REACT നടത്തുന്ന സേവനങ്ങൾ ഏവരുടെയും പ്രശംസയ്ക്ക് പാത്രമായിട്ടുണ്ട്. കോട്ടയത്ത് പാമ്പാടിയിൽ ദുരിതം അനുഭവിക്കുന്ന ഒരു കുടുംബത്തിന്റെ ഗൃഹനിർമ്മാണത്തിന് നല്കിയ സഹായസഹകരണങ്ങൾ ഉദാത്തമായ ഒരു ഉദാഹരണമാണ്.

എല്ലാ പ്രതിസന്ധികളെയും അതിജീവിച്ചു നാം ഒരു കുടുംബമായി മുന്നോട്ട് പോകും. സഭാംഗങ്ങളുടെ ഏത് പ്രശ്നത്തിലും സഹായിക്കാനും സഹകരിക്കാനും സഭാ ഭാരവാഹികൾ സദാ സന്നദ്ധർ ആയിരിയ്ക്കും എന്നു ഞാൻ ഉറപ്പ് തരുന്നു.

# കേന്ദ്ര സഭാ വാർത്തകൾ

**ക്ഷ**ത്രിയ ക്ഷേമസഭ സംസ്ഥാന സമിതിയുടെ വിവിധ യൂണിറ്റ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ യോഗം ഓഗസ്റ്റ് 15 നു 3.30നു ഗൂഗിൾ മീറ്റിംഗ് വഴി ചേർന്നു.

സഭ സംസ്ഥാന പ്രസിഡന്റ് പി.കെ. രഘു വർമ്മ അധ്യക്ഷത വഹിച്ചു. ഈശ്വര പ്രാർത്ഥനയ്ക്കു ശേഷം അനുശോചന പ്രമേയം അവതരിപ്പിച്ചു. കഴിഞ്ഞ യോഗത്തിനുശേഷം വിട്ടുപിരിഞ്ഞുപോയ സമുദായ അംഗങ്ങളുടെ വേർപാടിൽ ദുഃഖം രേഖപ്പെടുത്തി.

ജനറൽ സെക്രട്ടറി ആത്മജ വർമ്മ തമ്പുരാൻ സ്വാഗതം ആശംസിച്ചു. അധ്യക്ഷൻ ഉപക്രമപ്രസംഗം നടത്തി. സംഘടനയുടെ ദിശയും ദിശാബോധവും അദ്ധ്യക്ഷൻ വിശദീകരിച്ചു. തുടർന്ന് സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു.

ക്ഷത്രിയക്ഷേമസഭ മുപ്പതിയെട്ടാമത് സംസ്ഥാന സമ്മേളനം കോട്ടയത്ത് നടന്നതിനുശേഷം ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശദമായി കുറഞ്ഞ വാക്കുകളിൽ അവതരിപ്പിച്ചു.

ഭരണസമിതി ചുമതലയേറ്റതിനുശേഷം ഏറ്റവും പ്രശംസനീയമായ പ്രവർത്തനം സഭയുടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയതാണ്. മുൻഭരണസമിതി ചെയ്ത കടലാസ് ജോലികൾക്കു പുറമെ രാപ്പകൽ കേന്ദ്ര ഓഫീസിൽ ഏറെ നാളുകൾ ഇപ്പോഴത്തെ സമിതി ഒത്തൊരുമിച്ചു പ്രവർത്തിച്ചാണ് രജിസ്ട്രേഷൻ നേടിയെടുത്തത്. 38 വർഷത്തെ സംഘടനയുടെ രജിസ്ട്രേഷൻ നമ്പർ നഷ്ടപ്പെടാതെ കിട്ടി എന്നത് അഭിമാനകരമായ നേട്ടമായി കണക്കാക്കാം. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ഒരിക്കൽ കൂടി അഭിനന്ദിച്ചു.

നിലവിലുള്ള ഭരണസമിതി ചുമതലയേറ്റതിനുശേഷം ഒരു തവണ മാത്രമേ സംസ്ഥാന സമിതിയോഗം ചേരുന്നതിനു കഴിഞ്ഞുള്ളു. കഴിഞ്ഞ ഡിസംബർ 29 അതിനു ശേഷം മാർച്ച് 15 തിരുവനന്തപുരത്തു സമിതി ചേരാൻ തീരുമാനിച്ചെങ്കിലും കോവിഡ് കാരണം മാറ്റിവയ്ക്കേണ്ടി വന്നു.

കോവിഡ്, ലോക്ഡൗൺ കാരണം പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടത് എല്ലാവർക്കും അറിയാവുന്ന കാര്യം എന്നാൽ അക്കാലയളവും സംഘടനാപ്രവർത്തനം സജീവമായി നിലനിർത്താൻ സംസ്ഥാനസമിതിക്കും ചില യൂണിറ്റുകൾക്കും കഴിഞ്ഞു. ഇത് വലിയ നേട്ടമാണ്.

വിശ്രുത ചിത്രകാരൻ രാജാരവിവർമ്മയോട് ആദരവ് പ്രകടിപ്പിക്കുന്നതിനു വെബ്സൈറ്റിൽ ചിത്രജാലകം തുടങ്ങി. സമുദായ അംഗങ്ങളിൽപ്പെട്ടവർക്കു ചിത്രങ്ങൾ വരച്ച് ആദരവ് നല്കാൻ അവസരം ലഭിച്ചു. കൂടാതെ സമുദായ അംഗങ്ങൾ അല്ലാത്തവർക്ക്, പങ്കെടുത്തവരിൽ നിന്ന് മികച്ച ചിത്രങ്ങൾക്ക് അവാർഡ് നൽകി. ഇത് പൊതുസമൂഹത്തിൽ സഭയ്ക്ക് ഏറെ സ്വീകാര്യത ലഭിച്ചു. ഇതിനു ശേഷം കവിത ജാലകം, പാചക ജാലകം എന്നിവയും തുടങ്ങി. ഇതിലും അംഗങ്ങൾ സഹകരിച്ചു വരുന്നു.

രാമായണം മാസാചരണവുമായി ബന്ധപ്പെട്ടു ക്വിസ് പരിപാടി സംഘടിപ്പിച്ചു. കരിവെള്ളൂരിൽ നിന്നുള്ള മുതിർന്ന അംഗം എൻ.കെ.കെ. ഉണ്ണിത്തിരി ക്വിസ് മാസ്റ്ററായി. ജനറൽ സെക്രട്ടറി കോ-ഓർഡിനേറ്ററായി പ്രവർത്തിച്ചു.

ചിങ്ങം ഒന്നിന് തന്നെ ഫലം പ്രഖ്യാപിച്ചു. എം.എം. യമുന



(പിലാത്തറ), എസ്.കെ. സതീശൻ (ശ്രീകണ്ഠാപുരം), എ. ആര്യ വർമ്മ (കോട്ടയം) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഇവർക്ക് യഥാക്രമം 3000, 2000, 1000 രൂപ സമ്മാനമായി ലഭിക്കും.

മുതിർന്നവർക്കു വേണ്ടി സ്നേഹസദനം, പ്രവാസികൾക്ക് ഒരു കൈത്താങ്ങ്, വിദ്യാർത്ഥികളുടെ ക്ലസ്റ്റർ, പ്രൊഫഷണൽ ആൾക്കാരുടെ ക്ലസ്റ്റർ, സെൻസസ് പ്രവർത്തനം തുടങ്ങിയവയും ചർച്ച ചെയ്തു തീരുമാനിക്കണം. കോവിഡ് കാലത്തു രണ്ടു തവണ കേന്ദ്ര ഭാരവാഹികളുടെ യോഗം ഗൂഗിൾ മീറ്റിംഗ് വഴി നടത്തിയിരുന്നു. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട് അവതരണത്തിനുശേഷം വിവിധ മേഖല സെക്രട്ടറിമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ചർച്ചകൾക്ക് പ്രസിഡന്റും സെക്രട്ടറിയും മറുപടി നൽകി.

സംസ്ഥാന സമിതിയുടെ വാട്സ്ആപ് ഇപ്പോൾ നിയന്ത്രണത്തിലാണ്. ഇതിനു മാർഗ്ഗരേഖകൾ ഉണ്ടാക്കി.

സ്നേഹസദനം വിശദ വിവരം ഉടൻ തന്നെ യൂണിറ്റുകളെ അറിയിക്കും. മേഖല സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ സ്നേഹ സദനത്തിന്റെ മുഖ്യ ചുമതല വഹിക്കും. ഇരുപത്തിയൊന്ന് പ്രധാന നിർദ്ദേങ്ങൾ അടങ്ങിയ പ്രോജക്ട് തയ്യാറാക്കും. സെൻസസ് പ്രവർത്തനത്തിന്റെ ചുമതല ജോ. സെക്രട്ടറി

*ശേഷം പേജ് 10ൽ*

REACT *തുടർച്ച...*

## കോട്ടയം പാമ്പാടിയിൽ REACT പുതുക്കി നിർമ്മിച്ച് നൽകിയ വീട്




*പുതുക്കുന്നതിനു മുമ്പ്*



*പുതുക്കിയശേഷം*

യദു വർമ്മ നിർവഹിക്കും. ഇതു വരെയുള്ള പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ജന. സെക്രട്ടറി യദുവിന് കൈമാറും.

കർഷക അവാർഡിന് കമ്മിറ്റിയെ തീരുമാനിക്കും. ചെയർമാനായി സീരിയെയും സാങ്കേതിക ഉപദേഷ്ടാവായി അഗ്രി. റിട്ട. ജോ. ഡയറക്ടർ ആശാ വർമ്മയേയും ലഭിക്കുമോയെന്നു പരിശോധിക്കും. യൂണിറ്റുകളിൽ നിന്ന് അപേക്ഷ സ്വീകരിക്കും. സ്ഥലം സന്ദർശിച്ച് റിപ്പോർട്ടും നൽകും.

തന്ത്രവിദ്യ പഠനത്തിന് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ അന്വേഷിച്ചു ഉടൻ തീരുമാനം എടുക്കും. സ്വജന പൗരോഹിത്യം ഒപ്പം അന്വേഷിക്കും.

ഓണം, നവരാത്രി ആഘോഷങ്ങൾ വെബ്സൈറ്റ് വഴി നടത്തി. എറണാകുളം യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മ ചുമതല വഹിച്ചു.

ക്ഷത്രിയം ഫേസ് ബുക്ക് കൂട്ടായ്മയിൽ ഈ വർഷത്തെ നവരാത്രി കാലത്ത് ക്ഷത്രിയ ക്ഷേമസഭ കേന്ദ്ര കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ തത്സമയ സംഗീത നൃത്തോത്സവം സംഘടിപ്പിക്കുകയുണ്ടായി.

**ഒന്നാം ദിവസം: ഒക്ടോബർ 23**

പ്രൊഫസർ കുമാര കേരള വർമ്മയുടെ അനുഗ്രഹാശംസകളോടെ ആരംഭിച്ച പരിപാടിയിൽ കമനി വർമ്മ (തൃപ്പൂണിത്തുറ), ശ്രീവത്സൻ വർമ്മ (ഇടപ്പള്ളി), സന്ധ്യാ വർമ്മ, തേജസ്വി വർമ്മ, കൂടെ മൃദംഗം: രാം കുമാർ വർമ്മ (ചാലക്കുടി) എന്നിവരുടെ സംഗീതാർച്ചനകളും, ഡോ.വൃന്ദാ വർമ്മ (തിരുവനന്തപുരം) വയലിൻ കച്ചേരിയും അവതരിപ്പിക്കുകയുണ്ടായി.

**രണ്ടാം ദിവസം: ഒക്ടോബർ 24**

ജയമോഹൻ (ഇടപ്പള്ളി), സതീഷ് വർമ്മ, ജയന്ത് രാമവർമ്മ (എറണാകുളം) എന്നിവർ വയലിൻ കച്ചേരി അവതരിപ്പിച്ചു. മൃദംഗം: ഉണ്ണി കേരള വർമ്മ (തൃപ്പൂണിത്തുറ). തുടർന്ന് ജയന്തി രാമവർമ്മ (എറണാകുളം), കാവ്യാ വർമ്മ (ചിറക്കൽ,കണ്ണൂർ), മീനാക്ഷി എസ് വർമ (എറണാകുളം) എന്നിവരുടെ സംഗീതാർച്ചനയുണ്ടായി.

**മൂന്നാം ദിവസം: ഒക്ടോബർ 25**

വർഷ വർമ്മ, ഗോപീകൃഷ്ണൻ (ചിറക്കൽ, കണ്ണൂർ), പ്രിയ വർമ (തിരുവനന്തപുരം) എന്നിവരുടെ സംഗീതാർച്ചനയും സുമാ വർമ്മ (ചിറക്കൽ, കണ്ണൂർ) വീണ കച്ചേരിയും അവതരിപ്പിച്ചു

**നാലാം ദിവസം: ഒക്ടോബർ 26**

ഗോപിക വർമ്മ (തൃപ്പൂണിത്തുറ) വീണ കച്ചേരി, ദാമിനി രാജന്യ (ഉത്തർ പ്രദേശ്) കഥക് നൃത്തം, അംബിക വർമ്മ-വിഷ്ണു. ആർ. വർമ്മ (തിരുവനന്തപുരം) വയലിൻ കച്ചേരി, മൃദംഗം: ജിഷ്ണു ആർ. വർമ്മ, കിളിമാനൂർ രാമവർമ്മ-ദേവി ഭജൻ, ക്ഷത്രിയ ക്ഷേമ സഭയുടെ പ്രസിഡൻറ് രഘു വർമ്മ പി കെ നവരാത്രി സന്ദേശം, താരാ വർമ്മ (പൂഞ്ഞാർ)കഥകളി എന്നിവയോടുകൂടി നവരാത്രി ആഘോഷങ്ങൾ അതിഗംഭീരമായി സമാപിക്കുകയുണ്ടായി.

**ക്ഷാത്ര ജാലകത്തിലൂടെ സംഗീതാർച്ചനകൾ അവതരിപ്പിച്ചവർ:**

1. ദ്യുതി, അക്ഷജ്, ബാംഗ്ലൂർ സംഗമം 2. വൈഭവ് വരുൺ, ദിവ്യ വർമ്മ (ഇടപ്പള്ളി) 3. വേദിക രാജ, തിരുവനന്തപുരം യൂണിറ്റ് 4. വർഷ വർമ്മ പി, തിരുവനന്തപുരം യൂണിറ്റ് 5. ഗൗരി വർമ്മ, തൃപ്പൂണിത്തുറ 6.ഡോ. മിനി വർമ്മ, തൃപ്പൂണിത്തുറ 7. മഞ്ജുഷവർമ്മ, ബാംഗ്ലൂർ 8. കാമ്യ ആർ വർമ്മ, സംഗമം ബാംഗ്ലൂർ 9. ജിഷ്ണു എം സി, ഇരിട്ടി കണ്ണൂർ 10. ദേവി വർമ്മ, തിരുവനന്തപുരം യൂണിറ്റ് 11.രേണുക വർമ്മ, ദുബായ് 12.കാവ്യ.ആർ.വർമ്മ, തിരുവനന്തപുരം 13. അപർണ പ്രദീപ്, ശ്രീകണ്ഠാപുരം, കണ്ണൂർ 14. രഞ്ജിനി വർമ്മ, കോഴിക്കോട് 15. വൈഷ്ണവി മാനവേദൻ, മാങ്കാവ്, കോഴിക്കോട് 16. ജയന്ത് രാമവർമ്മ, എറണാകുളം യൂണിറ്റ്

**ക്ഷാത്ര ജാലകത്തിലൂടെ നൃത്താർച്ചന അവതരിപ്പിച്ചവർ**

1. അഞ്ജന വർമ്മ, നിരഞ്ജന വർമ്മ, നോർത്ത് പറവൂർ 2. അവന്തിക എസ്, തൃശ്ശൂർ യൂണിറ്റ് 3. ദേവിക ശ്രീജിത്ത് 4. അംബ ഭദ്ര തമ്പുരാൻ, കോയമ്പത്തൂർ 5. പൗർണമി ഗിരീഷ്, ദോഹ 6. ആരതി, തിരുവനന്തപുരം യൂണിറ്റ് 7.ആതിരാ സന്തോഷ്, സംഗമം ബാംഗ്ലൂർ 8. വൈഷ്ണവി പി കെ, തൃശ്ശൂർ യൂണിറ്റ് 9. പാർവതി വർമ്മ, കണ്ണൂർ 10. മഞ്ജുഷ വർമ, ബാംഗ്ലൂർ 11. ബിന്ദു പ്രശാന്ത്, കോട്ടയം യൂണിറ്റ് 12. വിനീത വർമ്മ, ഉമ വർമ്മ, രമാ വർമ്മ, ഗോപിക വർമ്മ, മഞ്ജുഷ വർമ്മ, ശ്രീവിദ്യാ വർമ്മ, ആരതി വർമ്മ, സരിത വർമ്മ, ഗൗതമി വർമ്മ (സംഗമം ബാംഗ്ലൂർ) 13.ഗൗരി വർമ്മ, തൃപ്പൂണിത്തുറ 14. പാർവതി വർമ്മ പി.കെ, തിരുവനന്തപുരം യൂണിറ്റ് 15. മീനാക്ഷി എസ് വർമ്മ, എറണാകുളം യൂണിറ്റ് 16. ആതിര വർമ്മ, കോട്ടയം യൂണിറ്റ് 17. രമ്യവർമ്മ, സൗമ്യ വർമ്മ, വെള്ളാരപ്പിള്ളി യൂണിറ്റ് 18. അപർണ വർമ്മ, ഋതംഭര എസ് വർമ്മ, പുറമേരി, കടത്തനാട്

മിശ്ര വിവാഹകാര്യങ്ങളിൽ തൽക്കാലം പൊതുവായ അഭിപ്രായ പ്രകടനം വേണ്ടെന്നാണ് തീരുമാനം. ശബരിമല, ശ്രീപത്മനാഭ സ്വാമി ക്ഷേത്രം എന്നീ വിഷയങ്ങളിൽ ശക്തമായി പ്രതികരിച്ചിട്ടുണ്ട്. ഇനിയും അത് തുടരും.

*ശേഷം പേജ് 36ൽ*

ഓർമ്മക്കുറിപ്പ്

# കുട്ടൻ ചേട്ടാ... നമുക്കിനി അവിടെ കാണാം



**പി.ജി. ശശികുമാർ വർമ്മ, പന്തളം**

ഇത് കുട്ടൻചേട്ടനെപ്പറ്റിയുള്ള പരമ്പരാഗത അനുസ്മരണമല്ല. കുട്ടൻ ചേട്ടനോടൊപ്പം ക്ഷത്രിയ സഭയിൽ പ്രവർത്തിച്ച 40ൽപ്പരം വർഷക്കാലവും അതിനുമുമ്പ് ഏതാണ്ട് 20 വർഷക്കാലം അടുത്ത ബന്ധുവെന്ന നിലയിലുള്ള അടുപ്പവും അനുഭവങ്ങളും ഓർത്തെടുക്കുവാനുള്ള ശ്രമമായി കണ്ടാൽ മതി.

ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ ജോലി ലഭിച്ച് 1979 അവസാനമാണ് കുട്ടൻ ചേട്ടനുമായി സംഘടനാ പ്രവർത്തകനെന്ന നിലയിൽ ബന്ധപ്പെടുന്നത്. അതിനുമുമ്പ് അടുത്ത കുടുംബ ബന്ധു എന്ന നിലയിലാണ് പരിചയം. ഞാൻ ജനിച്ച പന്തളവും കുട്ടൻ ചേട്ടൻ പിറന്ന ഓമല്ലൂരും തമ്മിൽ എട്ടോ ഒൻപതോ കിലോമീറ്റർ ദൂരമേ ഉള്ളു. ഞാൻ പന്തളം എൻ. എസ്. എസ്. ഹൈസ്ക്കൂളിലും കോളേജിലും പഠിക്കുന്ന കാലത്തു തന്നെ പന്തളത്ത് ക്ഷത്രിയ സംഘടനാ പ്രവർത്തനം സജീവമായിരുന്നു. അത് പന്തളം ക്ഷത്രിയസഭയായിരുന്നു. കേന്ദ്രസഭ ഉണ്ടായിരുന്നില്ല.

പന്തളം സഭയുടെ പ്രവർത്തന പരിധിയിൽ പന്തളം കുളനട ഭാഗങ്ങൾ കൂടാതെ കൈപ്പട്ടൂർ, ഓമല്ലൂർ, ആറന്മുള തുടങ്ങിയ സ്ഥലങ്ങൾ കൂടി ഉൾപ്പെടുമായിരുന്നു. അന്ന് കൈപ്പട്ടൂർ എന്ന സ്ഥലത്ത് താമസിച്ചിരുന്ന പൊതുകാര്യ പ്രസക്തനും കൈപ്പട്ടൂർ സഹകരണസംഘം പ്രസിഡന്റുമായിരുന്ന രാജരാജവർമ്മ (കൈപ്പട്ടൂർ രാജൻ ചേട്ടനെന്നു വിളിച്ചിരുന്ന അദ്ദേഹം സമുന്നത സിപിഐ നേതാവും



സംസ്ഥാന ശുചിത്വ മിഷന്റെ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അജയകുമാർ വർമ്മയുടെ (ശശി) പിതാവുമായിരുന്നു. അദ്ദേഹം പ്രസിഡന്റും എന്റെ ചേട്ടൻ രാഘവവർമ്മ രാജാ എന്ന സുരേന്ദ്രൻ ചേട്ടൻ സെക്രട്ടറിയുമായിരുന്നു. നോട്ടീസു നൽകൽ പോലുള്ള കൊച്ചുകൊച്ചു ജോലികൾ എന്നെ ഏല്പിക്കുമായിരുന്നു. (അന്നു ഞാൻ എട്ടിലോ ഒൻപതിലോ ആണ് പഠിക്കുന്നതെന്നാണോർമ്മ)...

എന്റെ സുഹൃത്തിന് സൈക്കിളുണ്ടായിരുന്നുതുകൊണ്ട് അവൻ (സുഹൃത്ത് ഇന്നില്ലാത്തതിനാൽ പേര് പറയുന്നില്ല.) എന്നെ പിന്നിലിരുത്തി സംഘടനാപ്രവർത്തനത്തിന് പോകും.

ഒരിക്കൽ ഓമല്ലൂരു താമസിക്കുന്ന ഞങ്ങളുടെ ഒരമ്മാവൻ രാജരാജവർമ്മ (ഓമല്ലൂരെ അമ്മാവൻ എന്നു ഞങ്ങൾ വിളിക്കുന്ന അദ്ദേഹം സ്കൂൾ മാഷായിരുന്നു.) യുടെ വീട്ടിൽ പോയി ഇറങ്ങാൻ തുടങ്ങിയപ്പോൾ അമ്മാവൻ ചോദിച്ചു.... എടാ മടിപ്പറമ്പിൽ പോകുന്നില്ലേ? എം.സി. അവിടുണ്ട്. മറ്റാരോ കൂടി വന്നിട്ടുമുണ്ട്. കേറീട്ടു പോ... വല്ല മുട്ടായിയും കിട്ടുമായിരിക്കും." ഞങ്ങൾ രണ്ടുപേരും മടിപ്പറമ്പിൽ ഇതിനുമുമ്പ് പോയിട്ടില്ല... മടി തോന്നിയെങ്കിലും ഓമല്ലൂരെ അമ്മാവൻ നോക്കി നില്ക്കുകയായതുകൊണ്ട് അവിടേക്ക് പോയി. എം.സി. എന്നു പറഞ്ഞത് സാക്ഷാൽ എം. സി. കേരളവർമ്മ എന്ന എം.സി. ചേട്ടൻ. കുട്ടൻചേട്ടന്റെ അമ്മാവൻ. തിരുവനന്തപുരത്ത് അക്കൗണ്ടാഫീസിൽ ജോലിയും പാൽക്കുളങ്ങരയ്ക്കടുത്ത് 'അയ്മനം' എന്ന ഭവനത്തിൽ സകുടുംബം താമസവും.

ക്ഷത്രിയ സംഘടനാ ചരിത്രത്തിലെ ഉജ്വലനക്ഷത്രമായിരുന്ന എം.സി. ചേട്ടനാണ് ഇന്നത്തെ കേന്ദ്ര സഭയുടെ യഥാർത്ഥ തുടക്കക്കാരനും പ്രഥമ ജനറൽ സെക്രട്ടറിയും. അദ്ദേഹത്തെ കാണാനുള്ള ഔത്സുക്യം മൂലം മടിച്ച് മടിച്ച് വീട്ടിൽ കയറി. അവിടെ ചെന്നപ്പോൾ കുട്ടൻ ചേട്ടൻ അന്ന് ബോംബെയിൽ നിന്ന് അവധിയ്ക്ക് വന്നിട്ടുണ്ടായിരുന്നു. അമ്മാവനും അനന്തിരവനും ഒത്ത പൊക്കവും അതിനൊത്ത വണ്ണവുമുള്ള ആകാര സൗഷ്ഠവത്തിന്റെ പ്രതീകങ്ങൾ. സുന്ദരന്മാരും... സഭാ പ്രവർത്തനത്തിനെത്തിയ കുട്ടികളായ ഞങ്ങളെ കൈ പിടിച്ചു കുലുക്കി അഭിനന്ദനം അറിയിച്ചു. (1966 ലോ 67ലോ ആയിരുന്നു ആ സംഗമം)

അന്ന് തിരിച്ചു കുടുംബത്തി ലെത്തി, പോയ വിവരം പറഞ്ഞ പ്പോളാണറിഞ്ഞത് എന്റെ വല്യമ്മാ വൻ അഡ്വ. കേരളവർമ്മയുടെ (വക്കീലമ്മാവൻ എന്നാണദ്ദേഹം അറിയപ്പെട്ടിരുന്നത്) രണ്ടാമത്തെ മകൾ വത്സല ചേച്ചിയെ കല്യാണം കഴിക്കാൻ പോകുന്ന ആളാണ് കുട്ടൻ ചേട്ടനെന്ന്. അന്നാണാദ്യ മായി കുട്ടൻ ചേട്ടനെ കാണു ന്നതും പരിചയപ്പെടുന്നതും. അന്നു തന്നെ എന്നെ വളരെ ആകർഷിച്ച വ്യക്തിത്വമായിരുന്നു കുട്ടൻ ചേട്ടന്റേത്. അമ്മാവന്റെ മകൾ വത്സല ചേച്ചിയെ അന്ന് ഒരി ക്കൽ മാത്രമേ ഞാൻ കണ്ടിട്ടുള്ളു. മെലിഞ്ഞ് സുന്ദരിയായിരുന്നു ചേച്ചി. 1969ലായിരുന്നു അവരുടെ വിവാഹം. കുട്ടിയായതുകൊണ്ട് എന്നെ കല്യാണത്തിനു കൊണ്ടു പോയില്ലെങ്കിലും കല്യാണത്തെ പ്പറ്റി നിരവധി പേർ പറയുന്നതു കേട്ടിരുന്നു. "നല്ല യോജിപ്പുള്ള വരനും വധുവും" എന്നാണ് എല്ലാ വരും പറഞ്ഞത്. സുന്ദരീസുന്ദര സംഗമം എന്നു പറഞ്ഞാൽ ആരും തെറ്റു പറയില്ല.

അന്ന് അമ്മാവനും സംസ്കൃത വിദുഷിയും കവയിത്രിയുമായിരുന്ന അമ്മായി-കൊച്ചോമന-യും 3 കുട്ടി കളും പൂജപ്പുര സേതൽമണ്ട് പാല സിലായിരുന്നു താമസം. റീജന്റ് മഹാറാണിയുടെ കാര്യക്കാരായി രുന്നു അമ്മാവൻ. അതുകൊണ്ടാ ണവിടെ താമസിക്കാൻ കഴിഞ്ഞത്. ഇന്ന് ആ കൊട്ടാരം ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ സെന്ററിന്റെ ഗവേഷണ വിഭാഗമായി പ്രവർത്തി ക്കുന്നു. അവർ അവിടെ താമസി ക്കുമ്പോൾ എനിയ്ക്ക് അവിടെ പോകാൻ കഴിഞ്ഞിട്ടില്ല.

കുട്ടൻ ചേട്ടൻ എന്ന എന്റെ അമ്മാവന്റെ മകളുടെ ഭർത്താവുമാ യുള്ള അടുപ്പത്തിന്റെ മറ്റൊരു ഘട്ടം അവിടെ ആരംഭിച്ചു. കല്യാ ണശേഷം പലപ്പോഴും അവർ പന്ത ളത്തു വരുമായിരുന്നു. വത്സല ചേച്ചിയുടെ കുടുംബമായ ഹരി പ്പാട്ട് അനന്തപുരത്തു കൊട്ടാര ത്തിൽ പോയശേഷം ഓമല്ലൂരേ യ്ക്കുള്ള വഴിയിൽ പന്തളത്തുവന്ന് അമ്മയെ സന്ദർശിക്കാറുണ്ട്. ആ രീതിയിലുള്ള ബന്ധം എട്ടു പത്തു വർഷത്തോളം തുടർന്നു.

പന്തളം ക്ഷത്രിയ സഭയുടെ നോട്ടീസു കൊടുക്കാൻ പോകുമാ യിരുന്നെങ്കിലും 'ക്ഷത്രിയസഭ' എന്ന പ്രസ്ഥാനത്തോടെനിക്ക് താല്പര്യമുണ്ടായിരുന്നില്ല. സ്കൂൾ വിദ്യാഭ്യാസ കാലത്തു തന്നെ വിദ്യാർത്ഥി സംഘടനാ പ്രവർത്ത കനും പ്രസംഗ തൊഴിലാളിയുമായി രുന്ന എനിക്ക് 'ജാതി-മത-സാമുദാ യിക' സംഘടനയോട് താല്പര്യം കുറയുന്നത് സ്വാഭാവികം.

അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച് പിറ്റേന്നു തന്നെ ക്ലാസ്സിൽ നിന്നും പോലീസ് പിടിച്ചുകൊണ്ടുപോയ തോടെ പൂർണ്ണ സമയ രാഷ്ട്രീയ പ്രവർത്തനവും പാരലൽ കോളേജ് അധ്യാപനവുമായി ഞാൻ പത്തനം തിട്ടയിൽ എത്തി. 1976ലാണ് പിന്നീട് കുട്ടൻ ചേട്ടനെ കാണു ന്നത്. ISRO ഉദ്യോഗത്തോടൊപ്പം രാഷ്ട്രീയ സ്വയം സേവകസംഘം പ്രവർത്തനവും കുട്ടൻ ചേട്ടനുണ്ടാ യിരുന്നു. രാഷ്ട്രീയത്തിൽ എതിർ ചേരിയിലായിരുന്നുവെങ്കിലും അടി യന്തിരാവസ്ഥയ്ക്കെതിരെ പ്രവർ ത്തിച്ച് പഠനം മുടക്കി അധ്യാപന ത്തിലേക്കു നീങ്ങിയ എന്നെ പത്ത നംതിട്ട കോളേജിൽ വന്ന് കുട്ടൻ ചേട്ടൻ കണ്ടു. കോളേജ് പ്രിൻസി പ്പൽ കൂടിയായ പത്തനംതിട്ട എം. എൽ.എ. കെ. കെ. നായരുമായുള്ള ബന്ധം ഇതിനിടയാക്കിയിരിക്കാം. രണ്ടുപേരും കൂടി എന്നെ നിർബ ന്ധിച്ച് എം.എ. പരീക്ഷ എഴുതാൻ ഇടയാക്കി. ക്ലാസ്സിൽ പോകാ തെയും നോട്ടു വായിക്കാതെയും പരീക്ഷ എഴുതാൻ മടിയായിരുന്നെ ങ്കിലും നിർബന്ധം അത്ര ശക്ത മായപ്പോൾ പരീക്ഷ എഴുതി. കുട്ടൻചേട്ടന്റെ സ്നേഹനിർബ ന്ധവും പ്രാർത്ഥനയും കൊണ്ടായി രിക്കാം ഞാൻ കഷ്ടിച്ച് രണ്ടാം ക്ലാസ്സിൽ എം.എ. പാസ്സായി. അതിന്റെ ഗുണം പിന്നീട് എനി യ്ക്കുണ്ടായപ്പോൾ ഞാൻ കുട്ടൻ ചേട്ടനെ കണ്ട് നന്ദി പറഞ്ഞു.

പാരലൽ കോളേജ് അധ്യാപന ത്തിൽ നിന്നും പത്രപ്രവർത്തനത്തി ലേക്ക് ചുവടു മാറ്റിയ ഞാൻ എറ ണാകുളം കലൂരിൽ താമസിച്ച് 'ദേശാഭിമാനി'യിൽ സബ് എഡിറ്റ റായി ജോലി ചെയ്യവേ അപ്രതീ ക്ഷിതമായി ഒരു ദിവസം രാവിലെ കുട്ടൻ ചേട്ടൻ പത്രമാഫീസിൽ വന്നു. ഒരു പത്രത്തിന്റെ എല്ലാ പ്രവർത്തനങ്ങളും മനസ്സിലാക്കുവാ നുള്ള വരവ് ഗംഭീരമാക്കി. പത്രമാ ഫീസിലെ എല്ലാ മേഖലകളും കണ്ടു. ഞാനും അന്നാണ് ആ ഭാഗ ങ്ങൾ കാണുന്നത്. എഡിറ്റേഴ്സ് ടേബിൾ പ്രൂഫ് റീഡിംഗ്, എഡി റ്റിംഗ്, വാർത്താശേഖരണം, അച്ചു നിരത്തൽ, പ്രിന്റിംഗ്, പായ്ക്കിംഗ്, ആഫീസ് നിർവ്വഹണം എന്നിങ്ങ നെ എല്ലാ വിഭാഗവും കണ്ട് അന്ന ത്തെ മുഖ്യ പത്രാധിപരായിരുന്ന പി. ജി. എന്നറിയപ്പെട്ടിരുന്ന പി. ഗോവിന്ദപ്പിള്ളയെയും കണ്ടു സംസാരിച്ചാണ് പോയത്.

താൻ ഇടപെടുന്ന പ്രശ്നങ്ങ ളിൽ കഴിയുന്നത്ര അവഗാഹമായ അറിവു നേടാനുള്ള അദ്ദേഹ ത്തിന്റെ ഇച്ഛ പ്രശംസനീയം തന്നെ.

പി.എസ്.സി. നിയമനം ലഭിച്ച് സെക്രട്ടറിയേറ്റിൽ ജോയിൻ ചെയ്യു ന്നത് 1979 ഡിസംബറിലാണ്. വെള്ളയമ്പലത്ത് കനകനഗറിൽ താമസിച്ചുവന്ന പന്തളം കൊട്ടാര ത്തിലെ അംഗമായ രാജരാജവർമ്മ യുടെ വസതിയിലായിരുന്നു എന്റെ താല്ക്കാലിക താമസം. സംസ്ഥാന സർവ്വീസിലായിരുന്ന എനിക്ക് 5 മണിക്ക് ആഫീസു വിട്ട് പുറത്തി റങ്ങാമെങ്കിലും കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥനായ കുട്ടൻ ചേട്ടൻ ISRO യിൽ നിന്നെത്തുമ്പോൾ 7 മണിയാകുമായിരുന്നു. തിരുവനന്ത പുരത്തെത്തി രണ്ടു ദിവസത്തി

നകം കുട്ടൻ ചേട്ടൻ എന്നെ വിളിച്ച് സഭയുടെ ആവശ്യകതയെ പ്പറ്റി സംസാരിച്ചു. തുടർന്ന് പിറ്റേന്നു തന്നെ പാൽക്കുളങ്ങര യിലെ 'അയ്മന'ത്തിൽ എം.സി. ചേട്ടന്റെ സമക്ഷത്തിൽ ഹാജരാക്കി. അന്നു മുതൽ ക്ഷത്രിയസഭ യുടെ പ്രവർത്തനത്തിലേക്ക് പതുക്കെപ്പതുക്കെ ഞാൻ എത്തി ച്ചേർന്നു.

എം.സി. ചേട്ടൻ സമപ്രായക്കാരോടെന്നപോലെയാണ് എന്നോട് സംസാരിച്ചതും പെരുമാറിയതും. സ്വന്തം അനന്തിരവനായ കുട്ടൻ ചേട്ടനോടും അങ്ങനെ തന്നെയായിരുന്നു. 1980 മുതൽ സഭാ നിയമാവലി നിർമ്മാണ ചർച്ചയുടെ വേദി 'അയ്മനം' ആയിരുന്നു. 'അയ്മന'ത്തോടു ചേർന്ന് കുട്ടൻ ചേട്ടന്റെ ചേട്ടനും കെ.എസ്.ആർ. ടി.സി.യിലെ ഉദ്യോഗസ്ഥനുമായിരുന്ന ഓമല്ലൂർ രാജരാജവർമ്മയും എം.സി. ചേട്ടന്റെ മകളും രാജരാജവർമ്മയുടെ ഭാര്യയുമായ റിട്ട. സ്കൂൾ അധ്യാപിക അംബിക ചേച്ചിയും താമസിച്ചിരുന്നു. അദ്ദേഹം കവിതകളും ചെറുകഥയും ലേഖനങ്ങളും മറ്റും രചിക്കുമായിരുന്നു. ദീർഘകാലം ഇ.എം.എസിന്റെയും ഇ.കെ.നായനാരുടെയും അസി. പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ച ഓമല്ലൂർ രാജരാജവർമ്മ സഭാ ചർച്ചകളിൽ അഭിപ്രായ പ്രകടനങ്ങൾ നടത്താറില്ല.

പ്രവർത്തി ദിവസങ്ങളിൽ സന്ധ്യ മുതൽ രാത്രിയിൽ എപ്പോഴോ വരെയും അവധി ദിവസങ്ങൾ പൂർണ്ണ സമയവും സഭാ ചർച്ചയായിരുന്നു. കുറിപ്പുകൾ തയ്യാറാക്കി കുട്ടൻ ചേട്ടൻ ലീഡ് ചെയ്യും. നിരവധി സംഘടനകളുടെ ബൈലാ പഠിച്ചാണ് കുറിപ്പുകൾ തയ്യാറാക്കി കൊണ്ടുവരുന്നത്. ചെറുപ്പക്കാരായി അന്ന് ഉണ്ടായിരുന്നത് ISRO വിജയൻ, പരേതനായ പ്രതാപവർമ്മ (കിളിമാനൂർ), മോഹനവർമ്മ (തിരുവല്ല), ഞാൻ എന്നിവർ. മുഴുവൻ സമയക്കാരും കുറച്ച് പാർട്ടൈംകാരുമായിരുന്നു. അക്കാലത്താണ് കുട്ടൻചേട്ടന്റെ ദീർഘവീക്ഷണവും കർമ്മകുശലതയും നേതൃപാടവവും ഞാൻ കണ്ടതും അനുഭവിച്ചതും. 1982ൽ ബൈലാ പാസ്സാക്കി കഴിഞ്ഞപ്പോൾ കുട്ടൻ ചേട്ടനും എം.സി. ചേട്ടനും ഞങ്ങൾക്കുമുണ്ടായ സംതൃപ്തി വിവരണാതീതമായിരുന്നു. അന്നു മുതൽ ഞങ്ങൾ കുട്ടൻ ചേട്ടന്റെ നേതൃത്വത്തിൽ സംഘടനയുടെ അവിഭാജ്യഘടകവും ക്ഷത്രിയ സഭ സ്വന്തം സഭ പോലെയായി മാറുകയും ചെയ്തു.

ഒരുമിച്ച് പ്രവർത്തിച്ചു എന്നതിനർത്ഥം ഒരേ അഭിപ്രായക്കാരായിരുന്നു എന്നല്ല... പല വിഷയങ്ങളിലും അഭിപ്രായവ്യത്യാസങ്ങൾ രൂക്ഷമായി ഉണ്ടായിട്ടുണ്ട്. സുന്ദരവിലാസത്തിൽ വെച്ചും കമ്മറ്റികളിൽ വെച്ചും ഘോരഘോരം തർക്കിക്കാറുണ്ട്. പലരും തർക്കത്തിൽ ഇടപെട്ട് തണുപ്പിക്കാൻ ശ്രമിക്കാറുമുണ്ട്. നയപരമായ അടിസ്ഥാന കാര്യങ്ങളിൽ യോജിപ്പുണ്ടായിരുന്നതിനാൽ പ്രായോഗികമായി നടപ്പിലാക്കുന്ന കാര്യത്തിലുണ്ടാകുന്ന അഭിപ്രായ വ്യത്യാസം ദീർഘകാലം നിലനിൽക്കാറില്ല.

1980കൾ മുതലിങ്ങോട്ട് 40 വർഷത്തോളം ഒരുമിച്ചും തർക്കിച്ചും വഴക്കടിച്ചും കൊച്ചു കുട്ടികളെപ്പോലെ മിണ്ടാതിരുന്നും കണ്ടാൽ തിരിച്ചു നടന്നും ഞങ്ങൾ കഴിഞ്ഞു. എന്നാൽ പ്രത്യേക ഘട്ടത്തിൽ എല്ലാ വഴക്കുകളും ആരുടെയും മദ്ധ്യസ്ഥതയില്ലാതെ അവസാനിക്കുന്നു. പിന്നീട് പഴയതിനേക്കാൾ പത്തിരട്ടി യോജിപ്പും ഒരുമയും ഉണ്ടാകുന്നു.

2018ൽ ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീം കോടതി വിധിയെ തുടർന്ന് സംസ്ഥാന സർക്കാർ നയത്തിനെതിരെ അയ്യപ്പ ഭക്തരുടെ വികാര വിചാരങ്ങൾക്ക് മൂർത്തമായ രൂപം നൽകി 'നാമജപഘോഷയാത്ര'കളും പ്രതിഷേധ പ്രകടനങ്ങളും പ്രസംഗങ്ങളുമായി ഞാൻ നടക്കുകയായിരുന്നു. കുട്ടൻ ചേട്ടൻ ഈ കാലത്ത് മിക്ക ദിവസവും രാത്രി വിളിക്കാറുണ്ടായിരുന്നു. "എനിക്ക് ശശിയോടൊപ്പം വരണമെന്നുണ്ടായിരുന്നു. എന്നാൽ കുടുംബത്തിലെ സ്ഥിതി കാരണം കഴിയാത്തതിൽ വേദനയുണ്ട്'' എന്നു പറയാറുണ്ടായിരുന്നു. വിശേഷങ്ങൾ കുട്ടൻ ചേട്ടനുമായി പങ്കുവയ്ക്കാറുണ്ടായിരുന്നു. നല്ല നല്ല ഉപദേശങ്ങളും പ്രസംഗത്തിനു സഹായകമായി ഉപനിഷത്, ഗീത, രാമായണം തുടങ്ങിയവയിൽ നിന്നു 'ക്വോട്ടു'കളും നല്കുമായിരുന്നു. ആ സമരത്തിൽ ശാരീരികമായി ഉണ്ടായിരുന്നില്ലെങ്കിലും മനസ്സു കൊണ്ടും പ്രാർത്ഥന കൊണ്ടും എന്നോടൊപ്പമുണ്ടായ കുട്ടൻ ചേട്ടൻ അസാധാരണ മനശ്ശക്തി പ്രദാനം ചെയ്തു.

സഭയുടെ ചില നേതാക്കന്മാർ ഒളിച്ചും മാറിയും നിന്ന് ആ സമരത്തെ തമസ്ക്കരിക്കാൻ ശ്രമിച്ചത് എന്നും ഞാൻ ഓർത്തിരിക്കും. കുട്ടൻ ചേട്ടൻ സ്വതസിദ്ധമായ പുഞ്ചിരിയോടെ എന്നോട് ചോദിച്ചു? ''അവരിൽ നിന്നും പിന്തുണ എന്തിനു പ്രതീക്ഷിച്ചു? അവരേക്കാൾ വലിയ ശക്തിയല്ലേ അയ്യപ്പൻ? ശശി ധൈര്യമായി തന്റേടത്തോടെ നിന്നോളൂ... ഭക്തന്മാർ നമ്മോടൊപ്പമുണ്ട്."

ആ വാക്കും സ്നേഹവും എന്നെ എത്രമാത്രം ധൈര്യവാനാക്കിയെന്നറിയില്ല.

സഭാപ്രവർത്തനങ്ങളിൽ ചില അഭിപ്രായങ്ങൾ മുഖം നോക്കാതെ വെട്ടിത്തുറന്നു പറയുന്ന സ്വഭാവം എനിക്കുണ്ടായിരുന്നു. അതേ അഭിപ്രായം തന്നെയായിരുന്നു കുട്ടൻ ചേട്ടനും. കുട്ടൻ ചേട്ടൻ സൗമ്യമായി അധികം

ശബ്ദമുണ്ടാക്കാതെ, പതുക്കെ പ്രതികരിക്കുമായിരുന്നു. അതാണ് അദ്ദേഹവും ഞാനും തമ്മിലുള്ള പ്രധാന വ്യത്യാസം. എന്റെ സ്വഭാവത്തിലെ എടുത്തുചാട്ടം കുറച്ചു കൊണ്ടു വരാൻ കുട്ടൻചേട്ടൻ നിരന്തരം ശ്രമിച്ചിരുന്നു. അതിൽ കുറേയേറെ കുട്ടൻ ചേട്ടൻ വിജയിച്ചു എന്നു ഞാൻ വിശ്വസിക്കുന്നു. മറ്റൊരാളെ വിഷമിപ്പിക്കാതെ കാര്യം തുറന്നു പറയുവാനുള്ള അദ്ദേഹത്തിന്റെ വൈദഗ്ദ്ധ്യം അത്ഭുതാവഹമാണ്.

മറ്റൊരു പ്രത്യേകത, സ്ഥാനങ്ങളോടുള്ള പ്രതിപത്തി ഇല്ലായ്മയാണ്. സംഘടനയുടെ ഏതു സ്ഥാനവും വഹിക്കാന് കുട്ടൻചേട്ടൻ യോഗ്യനാണ്. എത്ര കാലം വേണമെങ്കിലും സ്ഥാനം തുടരുകയും ചെയ്യാമായിരുന്നു. ഓരോ തവണ കഴിയുമ്പോൾ മറ്റൊരാളെ കണ്ടെത്തി സ്ഥാനം കൈമാറും; എന്നാൽ പ്രവർത്തനത്തിൽ എന്നും മുന്നിൽ.

മൂന്നു നാലു പ്രാവശ്യം ഒരേ സ്ഥാനം വഹിക്കുന്നവർ 'മാറണം' എന്നാണദ്ദേഹത്തിന്റെ നയം. 'മാറ്റണം' എന്നല്ല. മാറ്റാൻ ഇടയാക്കാതെ 'മാറാൻ' പഠിപ്പിക്കണമെന്നദ്ദേഹം പറയാറുണ്ട്. നമ്മുടെ പോലുള്ള സഭകളിൽ സ്ഥാനങ്ങൾക്കുവേണ്ടി 'കശപിശ' കൂടുന്നതിൽ അദ്ദേഹം തികച്ചും ദുഃഖിതനായിരുന്നു.

സഭയുടെ മുഖപത്രമായി ആരംഭിച്ച 'വാർത്താപത്രിക' മുതൽ 'ക്ഷാത്രസ്പന്ദനം' വരെയുള്ള (അവസാനലക്കം)വയിൽ കുട്ടൻ ചേട്ടന്റെ കയ്യൊപ്പുണ്ടായിരുന്നു. ആരും ആവശ്യപ്പെടാതെ തന്നെ സുന്ദരവിലാസത്തിലെത്തി വാർത്തകളും ലേഖനങ്ങളും ശേഖരിക്കുക, പ്രൂഫ് വായിക്കുക തുടങ്ങി അച്ചടിച്ച മാസിക വരിക്കാർക്ക് ഉടൻ ലഭ്യമാക്കണം എന്ന സദുദ്ദേശത്തോടെ കോട്ടയ്ക്കകത്തെ ബിസിനസ്സ് പോസ്റ്റാഫീസിൽ മേൽവിലാസമെഴുതി പായ്ക്ക് ചെയ്ത് എത്തിക്കുന്നതു വരെയുള്ള പ്രവർത്തനത്തിൽ വ്യാപൃതനാകും; പലപ്പോഴും രാത്രി വൈകുന്നതു വരെ.

സഭയുടെ ദൈനംദിന പ്രവർത്തനത്തിനാകില്ലെങ്കിലും നിലവിലുള്ള ശക്തി നിലനിർത്തി എല്ലാവരേയും ഒന്നിച്ചു കൊണ്ടു പോകാനും പഴയ പ്രവർത്തകരുടെ സഹകരണത്തോടെ മാറുന്ന കാലത്തിനനുസരിച്ച് നീങ്ങാനും തന്നാൽ കഴിയാവുന്നതു ചെയ്യാമെന്നദ്ദേഹം പറഞ്ഞിരുന്നു. മുന്നാക്ക സമുദായ സംഘടനകളുടെ ഒരു കൂട്ടായ്മ, അതും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. അതിന് കഴിഞ്ഞ ശബരിമല പ്രശ്നക്കാലത്ത് ചില നീക്കങ്ങൾ നടത്തിയിരുന്നുവെങ്കിലും പിന്നീട് മാറ്റിവെച്ചു. അങ്ങനെ അങ്ങനെ നിരവധി ലക്ഷ്യങ്ങൾ അവശേഷിപ്പിച്ചാണ് കുട്ടൻചേട്ടൻ പോയത്.

ഞാൻ എഴുതി തുടങ്ങിയാൽ ഇനി എത്രയോ എഴുതാനുണ്ട്. പല സ്ഥലങ്ങളിലും യൂണിറ്റ് രൂപീകരണ യോഗത്തിലും കമ്മറ്റിയിലും ഉണ്ടായ തമാശകളും സംഭവങ്ങളും എത്രയോ എണ്ണം. ആ ഓർമ്മകൾ എന്നെ വിനീതനാക്കുന്നു. ശക്തനാക്കുന്നു.പൊട്ടിച്ചിരിപ്പിക്കുന്നു. വിഷാദനാക്കുന്നു.

പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധി അളന്നു തിട്ടപ്പെടുത്തി തിരിച്ചെത്തിയ കുട്ടൻ ചേട്ടനെ ഞങ്ങൾ നമസ്ക്കരിച്ചു. രാജകുടുംബാംഗങ്ങൾ പോലും കണ്ടിട്ടില്ലാത്ത ശ്രീ പത്മനാഭ നിധികളുടെ ദർശനം... സുകൃതം... സുകൃതം.

എന്തിനാണ് കുട്ടൻചേട്ടന് സഭയിൽ നിരവധി സ്ഥാനങ്ങൾ? ക്ഷത്രിയ സഭ എന്നാൽ കുട്ടൻ ചേട്ടനായിരുന്നില്ലേ? സഭയുടെ പര്യായമല്ലേ എം. രവിവർമ്മ രാജ? പത്മശ്രീയോ പത്മഭൂഷണോ നേടുന്നതിനേക്കാൾ മഹത്തായ സ്ഥാനമല്ലേ അദ്ദേഹത്തിന്റെ സ്ഥാനം. 'ക്ഷത്രിയക്കുട്ടൻ' അതിലെല്ലാമുണ്ട്. കുട്ടൻചേട്ടാ, ഇനി ഞങ്ങൾ അവിടെ വന്ന് കാണാം. സ്നേഹിക്കാം. തർക്കിക്കാം. പൊട്ടിച്ചിരിക്കാം. ●

## ജനുവരി എന്ന പ്രചാരണമാസം

'ക്ഷാത്രസ്പന്ദനം' ത്രൈമാസിക കൂടുതൽ കുടുംബങ്ങളിലേക്കും വായനക്കാരിലേക്കും എത്തിക്കുന്നതിന് ഓരോ യൂണിറ്റ് ഭാരവാഹികളും അംഗങ്ങളും പ്രത്യേകം താൽപര്യമെടുക്കുവാൻ അഭ്യർത്ഥിക്കുന്നു. അതിനായി എല്ലാ വർഷവും ജനുവരി മാസം പ്രചാരണമാസമായി നിശ്ചയിച്ചിരിക്കുകയാണല്ലോ. 2021ൽ നമ്മുടെ വരിക്കാരുടെ എണ്ണം 30 ശതമാനം വർദ്ധിപ്പിച്ച് നിലവിലുള്ള 1200 വരിക്കാർ എന്നുള്ളത് 1500 ആക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിനുവേണ്ടി യത്നിക്കുന്നതോടൊപ്പം 2021ലെ വരിസംഖ്യ മുഴുവൻ ജനുവരി 31 നു മുൻപ് പിരിച്ച് അക്കൗണ്ടിൽ നിക്ഷേപിക്കാനും അഭ്യർത്ഥിക്കുന്നു.കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ കഴിവതും ഓൺലൈനായി ട്രാൻസ്ഫർ ചെയ്യാൻ അഭ്യർത്ഥിക്കുന്നു.

**അക്കൗണ്ട് വിവരങ്ങൾ**

**KSHATHRIYA KSHEMA SABHA**

**ബാങ്ക്: സിൻഡിക്കേറ്റ് ബാങ്ക്, ഫോർട്ട്, തിരുവനന്തപുരം**

**അക്കൗണ്ട് നമ്പർ: 40052010052603**

**IFSC:SYNB0004005**

*പത്രാധിപസമിതി*



# സേതുലക്ഷ്മീബായി
## എന്ന ജനകീയ മഹാറാണി

പ്രൊഫ. എ. ഇന്ദിരാകുമാരി (പരപ്പനാട് വലിയറാണി)

ഏകദേശം ഒരു നൂറ്റാണ്ടിനു മുമ്പ്, കൃത്യമായി പറഞ്ഞാൽ 1924 സെപ്റ്റംബർ ഒന്നാം തീയതി. അന്നത്തെ തിരുവിതാംകൂർ തലസ്ഥാനമായിരുന്ന തിരുവനന്തപുരത്ത് ഒരു മഹാറാണിയുടെ അവരോധന ചടങ്ങുകൾ നടക്കാൻ പോകുന്നു. അതു വീക്ഷിക്കാൻ വെള്ളക്കാരും നാട്ടുകാരും അടങ്ങുന്ന വലിയ സദസ്സ്. വെള്ളക്കാർക്കു മാത്രമേ ഇരിപ്പിടമുള്ളു. നാട്ടുകാരായ ഉദ്യോഗസ്ഥന്മാർ ഉൾപ്പെടെയുള്ളവർ നിൽക്കേണ്ട അവസ്ഥ. ചടങ്ങുകൾ തുടങ്ങുന്നതിന് ഏതാനും നിമിഷങ്ങൾക്കു മുൻപ് വേദിയിലെത്തിയ മഹാറാണിയുടെ മനസ്സിൽ ഈ വിവേചനം അമ്പരപ്പും ഒപ്പം കോപവും മുളവാക്കി. ഉടൻ തന്നെ എല്ലാവർക്കും ഇരിപ്പിടം നൽകാൻ കല്പനയായി. കേരളം കണ്ട ഏറ്റവും മികച്ച ഭരണാധികാരികളിൽ ഒരാളായിരുന്ന തിരുവിതാംകൂർ റീജന്റായിരുന്ന മഹാറാണി സേതുലക്ഷ്മീബായിയുടെ ആജ്ഞാശക്തിയുടെയും സന്മനസ്സിന്റെയും മകുടോദാഹരണമായിരുന്നു ബ്രിട്ടീഷ് അധീനതയിലായിരുന്ന ഒരു രാജ്യത്തിന്റെ ഭരണം ഏറ്റെടുത്ത അവസരത്തിൽ പ്രകടിപ്പിച്ച ഈ മനോഭാവം. ശ്രീമൂലം തിരുനാൾ നാടു നീങ്ങിയപ്പോൾ അടുത്ത കിരീടാവകാശിയായ 12 വയസ്സു മാത്രമുണ്ടായിരുന്ന ചിത്തിര തിരുനാൾ ബാലരാമവർമ്മയ്ക്കു പ്രായപൂർത്തിയാകുന്നതുവരെ റീജന്റായി രാജ്യം ഭരിക്കുന്നതിന് ബ്രിട്ടീഷ് ഗവൺമെന്റ് രാജകുടുംബത്തിലെ മുതിർന്ന അംഗമായ 'ആറ്റിങ്ങൽ മൂത്തറാണി' എന്ന സ്ഥാനപ്പേരുള്ള സേതു ലക്ഷ്മീബായിയെ അധികാരപ്പെടുത്തുകയായിരുന്നു.



ചടങ്ങുകൾ കഴിഞ്ഞ് പുറത്തിറങ്ങിയ മഹാറാണിയെ മുഖം കാണിക്കുവാൻ നിരവധി പേർ കാത്തു നിന്നിരുന്നു. സ്വർണ്ണം, പട്ട്, മുതലായ വിലപിടിപ്പുള്ള കാഴ്ചവസ്തുക്കളുമായിട്ടാണ് പലരും വന്നിരുന്നത്. അതുകണ്ട മഹാറാണി ഇനി തന്നെ കാണാൻ വരുന്നവർ ഒരുതരത്തിലുമുള്ള കാഴ്ച വസ്തുക്കൾ കൊണ്ടുവരാൻ പാടില്ല എന്നു കൽപ്പന പുറപ്പെടുവിച്ചു. തന്റെ ജീവിതത്തിൽ അഴിമതിയുടെ കറ പുരളാൻ പാടില്ലെന്ന് മഹാറാണിക്ക് നിർബന്ധമുണ്ടായിരുന്നു.

തിരുവിതാംകൂർ ഒരു മഹാ പ്രളയത്തിൽ ദുരന്തമനുഭവിക്കുന്ന സമയത്താണ് മഹാറാണി രാജ്യഭാരം ഏറ്റെടുത്തത്. വീടും വസ്തുവകകളും നഷ്ടപ്പെട്ട ജനങ്ങൾക്ക് വീടുവയ്ക്കാനുള്ള സാമഗ്രികളും പണവും നൽകാനുള്ള നടപടികൾ സ്വീകരിച്ചു. സ്വന്തം സമ്പാദ്യത്തിൽ നിന്നും ഒരു വലിയ തുക ഇതിലേക്കായി നൽകി. കാർഷിക വിളകൾ നഷ്ടപ്പെട്ട കർഷകർക്ക് നികുതിയിളവു പ്രഖ്യാപിച്ചു. അത് അവർക്ക് വലിയ ആശ്വാസമായി എന്നു പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ.

മഹാറാണി റീജന്റായി രാജ്യം ഭരിച്ച ഏഴു വർഷക്കാലം തിരുവിതാംകൂറിന്റെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ മേഖലകളിൽ അന്യാദൃശമായ പുരോഗതിയാണ് ദൃശ്യമായത്. ദൈവദത്തമായ സൗന്ദര്യ സൗശീല്യാദികളോടൊപ്പം ജന്മസിദ്ധമായ ധിഷണാശക്തിയും ഭരണ നൈപുണ്യവും പ്രജാക്ഷേമ തൽപ്പരതയും ഒത്തുചേർന്നപ്പോൾ ജനോപകാരപ്രദമായ ഒട്ടേറെ പദ്ധതികൾ ജന്മം കൊണ്ടു. തിരുവനന്തപുരത്തെ പവ്വർഹൗസ്, വെല്ലിങ്ങ്ടൺ വാട്ടർ വർക്സ് എന്നിവയെല്ലാം മഹാറാണിയുടെ ഭരണത്തിന്റെ സുപ്രധാന നേട്ടങ്ങളിൽ ചിലതു മാത്രമാണ്.

ഹൈന്ദവ ക്ഷേത്രങ്ങളിൽ കാലാകാലങ്ങളായി നിലനിന്നുപോന്നിരുന്ന പല അനാചാരങ്ങളും, ഭരണ പരിഷ്കാരങ്ങളിലൂടെ അവസാനിപ്പിക്കാൻ വേണ്ട നടപടികൾ മഹാറാണി സ്വീകരിച്ചു.

ക്ഷേത്രങ്ങളിലെ മൃഗബലി നിറുത്തലാക്കി. ദേവദാസി സമ്പ്രദായം അവസാനിപ്പിച്ചു. ചേർത്തലയിലെ പൂരപ്പാട്ടു നിരോധിച്ചു.

അയിത്തോച്ചാടനത്തിനും മഹാറാണി വേണ്ട നടപടികൾ സ്വീകരിച്ചു. പൊതുവിദ്യാലയങ്ങളിൽ നാനാ ജാതി മതസ്ഥർക്കും പ്രവേശനം അനുവദിച്ചു. പൊതു കിണറുകളും കുളങ്ങളും ഉപയോഗിക്കാൻ അവർണ്ണർക്കും അനുവാദം നൽകി. സത്രങ്ങളിലും അവർണ്ണർക്ക് പ്രവേശനം അനുവദിച്ചു. ക്ഷേത്രങ്ങളോടു ചേർന്നുള്ള പൊതുവഴികളിൽ അധഃകൃതർക്കും സഞ്ചാര സ്വാതന്ത്ര്യം അനുവദിച്ചു പ്രഖ്യാപനം നടത്തി. അവർണ്ണരുടെ ക്ഷേത്രപ്രവേശനത്തിനു വഴിയൊരുക്കിയ ആദ്യ പടിയായി ഈ പ്രഖ്യാപനത്തെ കാണാവുന്നതാണ്. സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടി മഹാറാണി വളരെയധികം പരിഷ്ക്കാരങ്ങൾ നടപ്പിലാക്കി. സ്ത്രീകൾക്ക് ഗവൺമെന്റ് സർവീസിൽ പ്രവേശനം അനുവദിച്ചു. ഡോക്ടർ മിസ്സിസ് പുന്നൻ ലൂക്കോസിനെ തൈക്കാട്ടെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ സർജൻ ആയി നിയമിച്ചു. തിരുവനന്തപുരം ലെജിസ്ലേറ്റീവ് കൗൺസിലിലെ പ്രഥമ വനിതാ മെമ്പറുമായി അവർ. സ്ത്രീകളുടെ വിദ്യാഭ്യാസ വിഷയത്തിലും അതീവ ശ്രദ്ധാലുവായിരുന്നു മഹാറാണി. ഗവൺമെന്റ് വനിതാ കോളേജിൽ ഡിഗ്രി കോഴ്സ് ഏർപ്പെടുത്തി. അത് ഫസ്റ്റ് ഗ്രേഡ് കോളേജായി ഉയർത്തി.

മഹാറാണി സേതു ലക്ഷ്മീ ബായിയെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ വാക്കുകൾ മഹാറാണിയുടെ വ്യക്തിമാഹാത്മ്യത്തെ എടുത്തു കാണിക്കുന്നതാണ്. വൈക്കം സത്യാഗ്രഹം സംബന്ധിച്ച ചർച്ചകൾക്കായി മഹാത്മാ ഗാന്ധി തിരുവിതാംകൂറിലെത്തി മഹാറാണിയുമായി കൂടിക്കാഴ്ച നടത്തി. വർക്കല കൊട്ടാരത്തിലെ സ്വീകരണ മുറിയിലാണ് ചർച്ച നടന്നത്.

മഹാറാണിയെ ആദ്യമായി കണ്ടപ്പോഴുള്ള അനുഭവം ഗാന്ധിജി 'യങ്ങ് ഇൻഡ്യ'യിൽ എഴുതിയ കുറിപ്പിൽ ഇങ്ങനെ വിവരിക്കുന്നു:

"മഹാറാണിയുമായുള്ള കൂടിക്കാഴ്ച എന്നിൽ വിസ്മയവും സന്തോഷവും ഉളവാക്കി.

('An Agreeable Surprise' എന്നാണ് ഗാന്ധിജി രേഖപ്പെടുത്തിയിരിക്കുന്നത്.) സർവ്വാഭരണ വിഭൂഷിതയായി മിന്നുന്ന വേഷവിധാനങ്ങളോടുകൂടിയ ഒരു സ്ത്രീയുടെ മുന്നിലേക്ക് ആനയിക്കപ്പെടുന്നതിനു പകരം ആടയാഭരണങ്ങളെ ആശ്രയിക്കാതെ, സ്വന്തം സ്വതഃസിദ്ധമായ, പ്രകൃതി ദത്തമായ സൗന്ദര്യത്തെ ആശ്രയിച്ച, ഒതുക്കമുള്ള ഒരു സ്ത്രീയെയാണ് ഞാൻ കണ്ടത്. അവരുടെ സ്വീകരണമുറിയും അവരെപ്പോലെ വളരെ ലളിതമായിരുന്നു. ആ മഹതിയുടെ ലാളിത്യം എന്റെ അസൂയയ്ക്ക് പാത്രീഭവിച്ചു.

പാവപ്പെട്ട ജനങ്ങളുടെ പണം കൊണ്ട് ആർഭാട ജീവിതം നയിക്കുന്ന രാജാക്കന്മാർക്കും റാണിമാർക്കും ഒരു പാഠമാണ് ഈ മഹാറാണി എന്നെനിക്കു തോന്നി. "

കേരള ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമായിട്ടാണ് മഹാകവി ഉള്ളൂർ മഹാറാണിയുടെ ഭരണകാലത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. അന്ന് നാട്ടിൽ സമൃദ്ധിയും ഐശ്വര്യവും വിളയാടിയിരുന്നു.

*"വഞ്ചീറാണി വാണിടുമ്പോൾ*
*വഞ്ചിക്കെന്നും തിരുവോണം"*

എന്നു ആഹ്ലാദചിത്തരായ ജനങ്ങൾ പാടി നടന്നു. പക്ഷെ ജന ഹൃദയങ്ങളിൽ ജീവിച്ച് ജനോപകാരപ്രദമായ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ മഹാറാണിക്ക് ഇന്ന് തിരുവനന്തപുരത്തോ, കേരളത്തിൽ മറ്റെവിടെയെങ്കിലുമോ ഉചിതമായ ഒരു സ്മാരകമില്ല എന്നുള്ളത് അത്യന്തം വേദനാജനകമായ ഒരു യാഥാർത്ഥ്യമാണ്. ദീർഘവീക്ഷണത്തിലൂടെ നടപ്പാക്കിയ വികസന പദ്ധതികളിലൂടെ നാടിനെ ഒരു പുതു യുഗത്തിലേക്ക് നയിച്ച, തിരുവിതാംകൂറിനെ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ മുൻപന്തിയിലെത്തിച്ച, സർവ്വ സമാരാദ്ധ്യനായ മഹാത്മാ ഗാന്ധിയുടെ പ്രശംസ നേടിയ, ഈ ഉത്തമ ഭരണാധികാരിയുടെ സ്മരണയോടുള്ള അവഗണന, ഒരു തരത്തിൽ ചരിത്രത്തിനോടു തന്നെയുള്ള അവഗണനയല്ലേ? ഇതിനൊരു പരിഹാരം കാണേണ്ടത് കേരളീയരായ നമ്മുടെ കടമയല്ലേ? വെല്ലിങ്ങ്ടൺ വാട്ടർവർക്സിനു മുമ്പിൽ മഹാറാണിയുടെ ഒരു പൂർണ്ണകായ പ്രതിമ സ്ഥാപിച്ച് ആ സ്മരണ നിലനിറുത്താവുന്നതല്ലേ? തിരുവനന്തപുരം സെൻട്രൽ റെയിൽവേസ്റ്റേഷന് അതു നിർമ്മിച്ച മഹാറാണിയുടെ പേര് നൽകാവുന്നതല്ലേ? ചേർത്തലയിലെ എസ്.എൽ. പുരത്തിന് 'സേതു ലക്ഷ്മീപുരം' എന്ന അതിന്റെ യഥാർത്ഥ നാമം പുനഃസ്ഥാപിക്കാൻ അധികൃതരോട് ആവശ്യപ്പെടാവുന്നതല്ലേ? മഹാറാണിയുടെ ഭർത്താവ് രാമവർമ്മ വലിയകോയിത്തമ്പുരാൻ പണികഴിപ്പിച്ച വാസ്തു ശില്പ വിസ്മയമായ 'ഹാൽസിയൻ ക്യാസിൽ' എന്ന കോവളം കൊട്ടാരം മഹാറാണിയുടെ പേരിൽ ഒരു ചരിത്ര സ്മാരകമായി നിലനിർത്താവുന്നതല്ലേ? മഹാറാണിയുടെ 125-ാം ജന്മ വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ചരിത്രകാരന്മാരും, സാംസ്കാരിക നായകന്മാരും, സഹൃദയരുമടങ്ങുന്ന കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ ഒറ്റക്കെട്ടായി ഇതിനുവേണ്ട പരിശ്രമം നടത്തണമെന്നു പ്രാർത്ഥിച്ചു കൊള്ളുന്നു. ●

കവർ സ്റ്റോറി

# വയലാർ എന്ന സർഗ്ഗവിസ്മയം

**ടി.പി.ശാസ്തമംഗലം**

സ്ഥലപ്പേര് സ്വന്തം പേരിനോടൊപ്പം ചേർക്കുന്നത് പുത്തരിയല്ല. എന്നാൽ സ്ഥലനാമം ഒരാളുടെ പേരായി മാറണമെങ്കിൽ ആ വ്യക്തി ഏറെ പ്രതിഭ തെളിയിച്ചിരിക്കണം. വയലാർ രാമവർമ്മയുടെ കാര്യത്തിൽ ഇത് പൂർണ്ണമായും ശരിയാണെന്ന് പറയാം. രാമവർമ്മ എന്ന പേര് ഇന്ന് ഏതാണ്ട് അപ്രസക്തമായിരിക്കുകയാണ്. അതേ സമയം വയലാർ എന്ന സ്ഥലപ്പേര് കൊണ്ട് മാത്രം അദ്ദേഹം കൂടുതൽ പ്രശസ്തനാവുകയും ചെയ്തിരിക്കുന്നു.

ഈ സ്ഥലപ്പേര് അദ്ദേഹം സ്വയം സ്വീകരിച്ചതല്ല. അതിനു പിന്നിൽ രസകരമായ ഒരു ചരിത്രമുണ്ട്. രാമവർമ്മയുടെ 'പാദമുദ്രകൾ' എന്ന ആദ്യപുസ്തകം തൈക്കാട്ടുശ്ശേരി പ്രൈമറി സ്കൂളിലെ അദ്ധ്യാപകനായ മാധവപൈ ആയിരുന്നു അദ്ദേഹത്തിന്റെ ഉടമസ്ഥതയിലുള്ള തുറവൂരിലെ നരസിംഹവിലാസം ബുക്ക് ഡിപ്പോയ്ക്ക് വേണ്ടി അച്ചടിച്ചത്. ഗ്രന്ഥകർത്താവായി ജി. രാമവർമ്മ തിരുമുല്പ്പാട് എന്ന പേര് പുറം ചട്ടയിൽ പുസ്തകത്തിന്റെ ശീർഷകത്തോടൊപ്പം ചേർത്തിട്ടില്ലായിരുന്നുവെങ്കിലും അകത്തെ പുറത്തു അത് ഉൾപ്പെടുത്തിയിരുന്നു. അച്ചടിക്കൂലി കൊടുക്കാൻ മാധവപൈയുടെയോ രാമവർമ്മയുടെയോ കൈയിൽ പണമില്ലാത്തതിനാൽ പ്രസ്സുകാർ പുസ്തകം വിട്ടുകൊടുത്തില്ല. പിന്നീട് എഴുപത്തഞ്ച് രൂപാ കൊടുത്തു പത്തു പുസ്തകം രാമവർമ്മ വാങ്ങി. അതിൽ മൂന്നെണ്ണം മാധവപൈ എടുത്തു. ബാക്കി ഏഴെണ്ണം രാമവർമ്മ വേണ്ടപ്പെട്ടവർക്കൊക്കെ കൊടുത്തു.

മൊത്തം തുക കൊടുത്ത് ബാക്കി പുസ്തകങ്ങൾ ഏറ്റുവാങ്ങാൻ മാധവപൈ തയ്യാറായില്ല. കവിതയ്ക്ക് ആവശ്യക്കാർ പൊതുവേ കുറവാണെന്ന സത്യം അദ്ദേഹം മനസ്സിലാക്കിയതായിരുന്നു അതിനു കാരണം. വയലാർ സമരം കൊടുമ്പിരിക്കൊള്ളുകയും അത് വെടിവെയ്പ്പിൽ കലാശിക്കുകയും ചെയ്ത കാലമായിരുന്നു അത്. അപ്പോൾ മാധവപൈയുടെ തലയിൽ ഒരാശയം ഉദിച്ചു. 'പാദമുദ്രകൾ' എന്ന കൃതിയിൽ ഗ്രന്ഥകർത്താവിന്റെ പേര് അച്ചടിച്ചിരുന്ന പുറം മുറിച്ചുമാറ്റി അതേ സ്ഥാനത്ത് വയലാർ രാമവർമ്മ എന്ന പേര് അച്ചടിച്ചു വേറെ കടലാസ് തുന്നിച്ചേർത്തു. അത്ഭുതമെന്ന് പറയട്ടെ, പുസ്തകത്തിന്റെ ഒന്നാംപതിപ്പ് ചൂടപ്പം പോലെ വിറ്റു തീർന്നു. അങ്ങിനെ കവി പോലും പ്രതീക്ഷിക്കാതെ തികച്ചും നാടകീയമായിട്ടു 'വയലാർ രാമവർമ്മ' എന്ന പേര് ഉദയം ചെയ്യുകയായിരുന്നു.



വയലാർ ഇതുവരെ എഴുതിയ ഗാനങ്ങൾ മുഴുവൻ നമ്മുടെ മനസ്സിലുണ്ട്. ചുണ്ടുകളിൽ സദാ ശ്രുതിയിടുകയും ചെയ്യുന്നു. അപ്പോൾ അവയുടെ സവിശേഷതകൾ എന്തെല്ലാം എന്നു ഒന്നു ദൂരവ്യാപകമായി ചിന്തിക്കുന്നത് ഉചിതമായിരിക്കുമെന്ന് തോന്നുന്നു. (ഇവിടെ ദൂരവ്യാപകം എന്നു എടുത്തു പറഞ്ഞത് മനഃപൂർവ്വമാണ്. സൂക്ഷ്മമായ നിരീക്ഷണം നടത്തിയാൽ ഈ മാസികയുടെ മുഴുവൻ പുറങ്ങൾ പോലും അതിനു തികയാതെ വന്നേക്കും.)

വാക്കുകൾക്ക് വേണ്ടി തപസ്സിരിക്കുന്നവരാണ് കവികൾ. എന്നാൽ പദങ്ങൾ കവിയെ തേടി വരുന്ന അപൂർവ്വ അവസരവുമുണ്ടാകാറുണ്ട്. വയലാറിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ മനസ്സിൽ വന്നു മുട്ടി വിളിക്കുകയായിരുന്നു വാക്കുകൾ. കുറച്ചുകൂടി കടന്നു പറഞ്ഞാൽ വാക്കുകൾ കവിയെ കീഴ്പ്പെടുത്തുന്ന അവസ്ഥ. ഉറുമ്പ് വരിവെച്ചതുപോലെ വാക്കുകൾ അങ്ങനെ നിരന്നു നില്ക്കുകയായിരുന്നു കവിയുടെ ആജ്ഞ ലഭിക്കാൻ. അദ്ദേഹത്തിന്റെ തൂലികയിൽ പിറന്ന ആദ്യത്തെ ചലച്ചിത്രഗാനമായ "തുമ്പീ തുമ്പീ വാ വാ" എന്നു തുടങ്ങുന്ന പല്ലവിയുടെ ഒന്നാമത്തെ വരി ശ്രദ്ധിക്കുക. തുമ്പിയായി അക്ഷരത്തെയും വാക്കിനെയും കാവ്യദേവതയെ തന്നെയും ക്ഷണിക്കുകയാണ് വയലാർ. 'വാ വാ' എന്ന പ്രയോഗം അതിനു തെളിവ് നല്കുന്നു.

മലയാളം, സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകൾക്ക് പുറമെ മലയാളത്തിലെ നാട്ടുമൊഴി, ഗ്രാമ്യഭാഷ, പഴഞ്ചൊല്ലുകൾ എന്നുവേണ്ട ഭാഷയുമായി ബന്ധപ്പെട്ടതെന്തും തന്റെ തൂലികയ്ക്ക് വഴങ്ങുമെന്ന് അദ്ദേഹം ഗാനങ്ങളിലൂടെ ഉദ്ഘോഷിച്ചു. 'ജീവകണങ്ങളെ വാരിച്ചൂടിയ ഭൂമി' എന്ന ഗാനഭാവം ശ്രദ്ധിക്കുക. ഭൂമിക്കെന്ന പോലെ ഈ കവിക്കും എല്ലാം വാരിച്ചൂടാൻ വല്ലാത്ത ആർത്തിയായിരുന്നു. ആവശ്യത്തിലധികം പദങ്ങൾ മനസ്സിന്റെ ഭണ്ഡാരത്തിലുണ്ടായിട്ടും അവയെ ധൂർത്തടിക്കാൻ അദ്ദേഹം ഒരി

യ്ക്കലും തയ്യാറായില്ല. ആവശ്യമുള്ള പദം മാത്രം തിരഞ്ഞെടുത്ത് പ്രയോഗിക്കാൻ അദ്ദേഹം പ്രത്യേക ശ്രദ്ധ ചെലുത്തി. ''സന്ധ്യ മയങ്ങും നേരം'' എന്ന ഗാനത്തിലെ 'കല്ലൊതുക്കുക' ളാണ് ഇവിടെ ഉദാഹരിക്കാൻ ഏറ്റവും പറ്റിയ പ്രയോഗം.

പ്രണയത്തിനു നിഗൂഢത വേണമെന്ന് കരുതിയ കവിയാണ് വയലാർ. ''ചക്രവർത്തിനീ നിനക്കു ഞാനെന്റെ'' എന്ന ഗാനത്തിലെ ഒടുവിലത്തെ വരികളായ,

*"മച്ചകങ്ങളിലെ മഞ്ജു ശയ്യയിൽ*
*ലജ്ജ കൊണ്ടു ഞാൻ മൂടും നിന്നെ*
*മൂടും."*

എന്ന ഭാഗത്ത് അക്കാര്യം അദ്ദേഹം ഊന്നിപ്പറഞ്ഞിരിക്കുന്നു. ഈ 'ഒളിപ്പിക്കൽ' കവി ബോധപൂർവം കൊണ്ടുവന്നതാണെന്ന് വ്യക്തം. രണ്ടുപേരുടെ (നായികാനായകന്മാരുടെ) മാത്രമായ സ്ഥലം കണ്ടെത്തിയിരിക്കുകയാണ് നായകനുവേണ്ടി തൂലികയെടുത്ത കവി. അവിടെ അവർ മാത്രം മതി എന്ന സൂചന വരികളിൽ അടങ്ങിയിരിക്കുന്നു. പ്രണയത്തിനു അങ്ങനെയും ഒരു ഭാവം ആകാമെന്ന് മനസ്സിലാക്കിക്കുകയാണ് അദ്ദേഹം.

*"ഓമന കൈയിലൊലീവിലക്കൊമ്പുമായ്*
*ഓശാനപ്പെരുന്നാളു വന്നു"*എന്ന 'ഭാര്യ' യിലെ ഗാനത്തിൽ അനുപ്രാസഭംഗിക്കപ്പുറം ഒലീവില ഇരിക്കുന്നത് ഓമന കൈയിലാണെന്ന സ്നേഹഭാഷ്യം കൂടി വയലാർ ലക്ഷ്യമാക്കിയിട്ടുണ്ട്.

*"കുരിശ് വരയ്ക്കുമ്പോൾ കുമ്പസാരിക്കുമ്പോൾ*
*കുറുബാന കൈക്കൊള്ളുമ്പോൾ"*
എന്നെഴുതാൻ ജന്മം കൊണ്ട് കൃസ്ത്യാനിയല്ലെങ്കിലും വയലാറിനല്ലാതെ മറ്റാർക്കാണ് കഴിയുക?

നിത്യജീവിതത്തിൽ ക്രൈസ്തവർ പുലർത്തുന്ന ഈ ക്രമം വയലാർ ഗാനത്തിലും അതേപടി കൊണ്ടുവന്നിരിക്കുന്നു.

'സ്കൂൾമാസ്റ്ററി'ലെ "ജയ ജയ ജയ ജന്മഭൂമി" എന്നാരംഭിക്കുന്ന ഗാനത്തിൽ ''ആകാശഗംഗയൊഴുകി" വന്നതും "ശ്രീകൃഷ്ണ ഗീതയമൃത്" തന്നതും "വേദാന്തസാര വിഹാര പുണ്യഭൂമി"യും ആയതിനാൽ ഭാരതഭൂമി ഭാസുരഭൂമിയാണെന്ന് പാടിയ വയലാർ അതുകൊണ്ടു തൃപ്തി പോരാതെ

*"സ്നേഹത്തിൻ കുരിശുമാല*
*ചാർത്തിയ ഭൂമി*
*ത്യാഗത്തിൻ നബി ദിനങ്ങൾ*
*വാഴ്ത്തിയ ഭൂമി*
*ശ്രീബുദ്ധ ധർമ്മ പതാക*
*നീർത്തിയ ഭൂമി*
*പാവനഭൂമി ഭാരതഭൂമി"*

എന്നു കൂട്ടിച്ചേർത്തിരിക്കുന്നു. സകല മതങ്ങളുടെയും അന്തസ്സത്തയോട് അടുപ്പവും ആദരവും കാട്ടിയ കവിയാണ് അദ്ദേഹം. എന്നാൽ മതത്തിന്റെ ആ പേരിലുള്ള കാപട്യങ്ങളെ അദ്ദേഹം ഒരിക്കലും അനുകൂലിച്ചതുമില്ല.

ഇംഗ്ലീഷിൽ 'ബാലഡ്' (Ballad) എന്നു പറയുന്ന ആഖ്യാനപരമായ പാട്ട് വളരെ വിജയകരമായി അവതരിപ്പിച്ച കവിയാണ് വയലാർ.

*'അനാർക്കലി'യിലെ*
*"ഏഴു ചിറകുള്ള തേര്*
*ഏഴു നിറമുള്ള തേര്*
*മാനത്തുണ്ടൊരു തേര് തേരിന്*
*മഴവില്ലെന്നാണ് പേര്"*

ആദ്യത്തെ വരിയിൽ തന്നെ അർത്ഥവത്തായ ആശയം' നിശ്ശബ്ദനായ കേൾവിക്കാരന് ഉണ്ടെന്ന തോന്നലിൽ എഴുതുന്നവ എല്ലാത്തിലുമുപരി അലൗകികത തുടിക്കുന്ന വരികൾ എന്നിവയൊക്കെയാണ് ബാലഡിന് പറയുന്ന ലക്ഷണങ്ങൾ. അവ അക്ഷരം പ്രതി യോജിക്കുന്നതാണ് ഈ വയലാർ ഗാനം.

*"സ്വർഗ്ഗത്ത് നിന്നൊരു നൂലേലിറങ്ങിയ*
*സർക്കസ്സുകാരിപ്പെണ്ണേ മനസ്സിന്റെ സൈക്കിളു മറിക്കണ പെണ്ണേ"*

എന്ന 'പ്രിയമുള്ള സോഫിയ' യിലെ ഹാസ്യഗാനത്തിൽ പോലും വയലാറിന്റെ ഭാവനാവിലാസം ദർശിക്കാം.

*''ഈരേഴു പതിനാല് ലോകങ്ങൾക്കും*
*ഒരീശ്വരനുണ്ടോ ഇല്ലയോ?*
*ഉണ്ടായിരിക്കാം ഇല്ലായിരിക്കാം*
*കണ്ടിട്ടുള്ളവരില്ലല്ലോ!"*

എന്നിങ്ങനെ നാടകഗാനത്തിൽ പോലും യുക്തിബോധം വിളമ്പിയ കവിയാണ് വയലാർ. ഈശ്വരനെ കണ്ടിട്ടുള്ളവരില്ലല്ലോ എന്ന ന്യായം നന്നായി അവതരിപ്പിച്ചിരിക്കുന്നു അദ്ദേഹം. (നാടകം-യുദ്ധകാണ്ഡം)

എങ്കിലും,

*"ഇവിടമാണിവിടമാണിതിഹാസ*
*രൂപിയാം*
*ഈശ്വരനിറങ്ങിയ തീരം"*

(ചിത്രം-നദി)

എന്ന മട്ടിൽ ഈശ്വരനെ ഇതിഹാസരൂപിയായി ചിത്രീകരിക്കാനും അദ്ദേഹം മറന്നില്ല. ചലച്ചിത്രത്തിൽ പാടുന്നത് കവിയല്ല കഥാപാത്രം ആണെന്നിരിക്കെ അതിന്റെ സ്വഭാവം അനുസരിച്ചു ഏത് വിധത്തിലും തൂലിക ചലിപ്പിക്കാൻ ഗാനരചയിതാവ് ബാധ്യസ്ഥനാണെന്നിരിക്കെ ഇവിടെ നമുക്ക് അദ്ദേഹത്തെ കുറ്റപ്പെടുത്താനാവില്ല.

ഇതിഹാസങ്ങൾ പറഞ്ഞത് മുഴുവൻ അതേപടി അംഗീകരിക്കാൻ ഈ കവി എന്തായാലും ഒരുക്കമല്ല. ഒരിക്കൽ അദ്ദേഹം ഇങ്ങനെ പാടി:

*"ഇവിടെ മനുഷ്യൻ ജീവിച്ചിരുന്നതായ്*
*ഇതിഹാസങ്ങൾ നുണ പറഞ്ഞു."*
(ചിത്രം-കടൽപ്പാലം)

ആലോചിക്കുക. ഇതിഹാസങ്ങൾ നുണ പറഞ്ഞതായാണ് കവിയുടെ പ്രസ്താവം. കള്ളം പറഞ്ഞു എന്നല്ല അദ്ദേഹം എഴുതിയത്. ഇഷ്ടത്തിനായി വ്യാജം പറയലാണ് നുണ. അപ്പോൾ മനഃപൂർവം ഈ വാക്ക് തന്നെ ഉപയോഗിച്ച കവിയുടെ ഔചിത്യബോധം നാം വിലയി രുത്തേണ്ടതാണ്.

## "വഞ്ചി ഭൂമിപതേ ചിരം സഞ്ചിതാഭം ജയിക്ക നീ"



**ശ്രീ ചിത്തിര തിരുനാൾ ബാലരാമ വർമ്മ മഹാരാജാവിന്റെ 108-ാം ജന്മവാർഷികം 2020 നവംബർ 7ന് ആഘോഷിച്ചു.**

മഹാസമുദ്രത്തിൽ നിന്നു ഒരു കുമ്പിൾ ജലം മാത്രമാണു ഈ ലേഖകൻ എടുത്തുകാട്ടിയത്; ഓർക്കുക, സമുദ്രം മുഴുവൻ ബാക്കി കിടക്കുന്നു. വയലാർ എന്ന സർഗ്ഗവിസ്മയത്തെ പഠന വിധേയമാക്കുന്ന ആർക്കും ഇത്തരത്തിൽ ഭാഗിക ചിന്തകളേ സാധ്യമാവുകയുള്ളൂ. ഏതാണ്ട് രണ്ടു പതിറ്റാണ്ടു കാലം കൊണ്ട് അദ്ദേഹം സൃഷ്ടിച്ച ഗാനപ്രപഞ്ചം അത്ര വിപുലവും സുശക്തവുമാണ്. വയലാർ പൊഴിച്ച സർഗ്ഗ സംഗീതം ഇനിയും എത്രയോ തലമുറകളെ അനുഗ്രഹിക്കാനിരിക്കുന്നു! 'എനിക്കു മരണമില്ല' എന്നു പാടിയ കവിയുടെ വാക്കുകൾ ഏത് വിധത്തിലും സത്യമാണെന്ന് കാലം തെളിയിച്ചു കൊണ്ടുമിരിക്കുന്നു! ●

(ലേഖകൻ പ്രസിദ്ധ എഴുത്തുകാരനും സിനിമാ സംഗീത നിരൂപകനുമാണ്.)

കവിത

# അമ്മേ, മാപ്പ് !

**കെ.എൽ.ശ്രീകൃഷ്ണദാസ്,** തിരുവനന്തപുരം



ചിരിയ്ക്കാൻ കഴിയുന്ന ജീവിയായ് ഞാൻ മാത്രമെ-
ന്നൊരിക്കൽ മനുഷ്യർ നാം ആഹ്ലാദിച്ചാക്രോശിച്ചു!
ജീവജാലങ്ങളെല്ലാം നമ്മുടെ അടിമകൾ
ഭൂവിലെ സമസ്തവും നമ്മുടെ കളിക്കളം!
മനുഷ്യ നന്മയ്ക്കായി പൂർവികർ സൃഷ്ടിച്ചോരു
മതങ്ങൾ കലഹത്തിൻ കാരണമാക്കി നമ്മൾ!
സ്വർഗ്ഗമാക്കീടാവുന്ന ഭൂമി നാം നിരന്തരം
വർഗ്ഗവിദ്വേഷത്തിന്റെ വിഷ ഭൂമികയാക്കി!
ഹരിതവനങ്ങൾ നാം കയ്യേറി നശിപ്പിച്ചു;
ദുരിതം വിതയ്ക്കുന്ന മരുഭൂമികളാക്കി!
സ്നേഹവും സൗഹാർദ്ദവും ധർമ്മവുമെല്ലാം സ്വാർത്ഥ-
മോഹത്താൽ നമ്മൾ നിത്യം വിസ്മരിച്ചാനന്ദിച്ചു!
പകയും വിദ്വേഷവും പക്ഷപാതവുമെല്ലാം
ജനജീവിതത്തിന്റെ മുഖമുദ്രകളായി!
പ്രളയം, വരൾച്ചയും ദുരിത ദു:ഖങ്ങളും
പ്രകൃതി നമുക്കായി നല്കിയ താക്കീതുകൾ!
അതു നാം ശ്രദ്ധിച്ചില്ല വീണ്ടും നാം ധിക്കാരത്തിൻ
ഇരുണ്ട വഴികളിൽ യാത്രകൾ തുടർന്നു പോയ്!
ഒടുവിൽ സഹികെട്ടു പ്രകൃതി നമുക്കായി
ഒരുക്കി വെച്ചൂ മഹാദുരന്തം, ഭയാനകം!
അദൃശ്യം, അജ്ഞാതമാം അണുവിലൂടെ നമ്മൾ
അറിയുന്നിതാ മർത്യർ നിസ്സാരർ, നിരാലംബർ!
മരിക്കാതിരിക്കുവാൻ കിണഞ്ഞു ശ്രമിക്കുമ്പോൾ
ചിരിക്കാൻ കഴിയുമോ മർത്യനീ നിമിഷത്തിൽ ?
ശരണമൊന്നേയുള്ളൂ പ്രകൃതീദേവി തന്റെ
ചരണങ്ങളിൽ വീണു മാപ്പിനായപേക്ഷിക്കാം ! ●

# കവി സിദ്ധി വരുത്തുന്ന അക്ഷരശ്ലോകം

## വേലൂർ പരമേശ്വരൻ നമ്പൂതിരി

'**അ**ക്ഷരശ്ലോകം' ഒരു സാഹിത്യ കേളിയാണ്. കൊടുങ്ങല്ലൂർ കോവിലകം, കുണ്ടൂർ കളരി, വെൺമണി കവികൾ, സാമൂതിരി കോവിലകം തുടങ്ങിയ ഇടങ്ങളിൽ നിന്നും വെള്ളവും വളവും സ്വീകരിച്ചു വളർന്ന സാഹിത്യ കേളിയാണ് അക്ഷരശ്ലോകം ചൊല്ലൽ. സംസ്കൃത സാഹിത്യവുമായുള്ള ബന്ധത്തിൽ നിന്നാണ് അക്ഷരശ്ലോകം എന്ന രസിക രസായന സാഹിത്യ സദസ്സ് മലയാളക്കരയിൽ ഉണ്ടായതും വളർന്നതും. അറുപത്തിനാലു കലകളിൽ ഒന്നായ 'സംപാഠ്യം' എന്ന സാഹിത്യ നർമ്മ സല്ലാപം ആണ് അക്ഷര ശ്ലോകമായി മലയാളത്തിൽ ആവിർഭവിച്ചതെന്ന് പണ്ഡിതശ്രേഷ്ഠർ അഭിപ്രായപ്പെട്ടിട്ടുണ്ട്. പഴയകാലത്ത് ആശയവിനിമയം സംസ്കൃത അഭിജ്ഞന്മാർ നടത്തിയിരുന്നത് ശ്ലോകങ്ങളിൽ കൂടി ആയിരുന്നു. അങ്ങനെ ആശയത്തിന്റെ ആദാനപ്രദാനം നടത്തിയ പണ്ഡിതന്മാരിൽ നിന്നും ശ്ലോകങ്ങൾ ഉണ്ടായി. കൂടാതെ പണ്ഡിതന്മാരെ കോവിലകങ്ങളിലേയ്ക്കും നമ്പൂതിരി ഭവനത്തിലേക്കും പ്രഭു കുടുംബങ്ങളിലേക്കും ക്ഷണിച്ചുവരുത്തി ശ്ലോകങ്ങൾ ചമയ്ക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഉദാഹരണത്തിനായി ഏതാനും ശ്ലോകങ്ങളും സന്ദർഭങ്ങളും നൽകട്ടെ. വിദുഷീരത്നമായിരുന്ന കോഴിക്കോട് മനോരമത്തമ്പുരാട്ടി ഒരിക്കൽ ചേലപ്പറമ്പ് നമ്പൂതിരിയെ ക്ഷണിച്ചുവരുത്തി നിമിഷ കവിത ചൊല്ലാൻ പറഞ്ഞു. അന്നത്തെ വിനോദങ്ങളിൽ ഒന്നായിരുന്നല്ലൊ നിമിഷ കവിത ചൊല്ലലും രചിക്കലും. നമ്പൂതിരി തമ്പുരാട്ടിയെ വർണ്ണിച്ചുകൊണ്ട് ഇപ്രകാരം ചൊല്ലി.

*"ചഞ്ചൽച്ചില്ലീ ലതയ്ക്കും പെരിയ മണമെഴും പൂമുടിയ്ക്കും തൊഴുന്നേൻ*
*അഞ്ചിക്കൊഞ്ചിക്കുഴഞ്ഞിട്ടമൃതു പൊഴിയുമപ്പുഞ്ചിരിക്കും തൊഴുന്നേൻ*
*അഞ്ചമ്പൻ ചേർന്ന യൂനാം മനസിഘനമുലയ്ക്കും മുലയ്ക്കും തൊഴുന്നേൻ*
*നെഞ്ചിൽ കിഞ്ചിൽക്കിടക്കും കൊടിയ കുടിലതയ്ക്കൊന്നു വേറെ തൊഴുന്നേൻ"*

ഹായ്! ശ്ലോകം ഇഷ്ടപ്പെടുകയല്ലാതെ എന്താ ചെയ്ക?

ഇനി മറ്റൊരു ദൃഷ്ടാന്തം: കുലശേഖര പെരുമാളുടെ ഭാര്യ ചെറോട്ടിയമ്മ തന്നെ പറ്റി ഒരു ശ്ലോകമുണ്ടാക്കാൻ സരസവിട കവിയായ തോലനോട് (അതുലൻ) കല്പിച്ചു. അതനുസരിച്ച് നിർമ്മിച്ച ശ്ലോകമാണ്

*"അന്നൊത്ത പോക്കീ, കുയിലൊത്ത പാട്ടി*
*തേനൊത്ത വാക്കീ, തില പുഷ്പമൂക്കീ*
*ദരിദ്രയില്ലത്തെ മൂവാഗുപോലെ*
*നീണ്ടിട്ടിരിക്കും നയനദ്വയത്തീ"*

ഈ ശ്ലോകം സാഹിത്യവിദുഷിയും ശ്ലോക ആരാധനാഭക്തിയുമുള്ള ചെറോട്ടിയമ്മയ്ക്ക് ഇഷ്ടപ്പെട്ടില്ല. തോലൻ ഉടനെ വേറൊരു ശ്ലോകമുണ്ടാക്കി ചൊല്ലി ക്കേൾപ്പിച്ചു.

*അർക്കശുഷ്കഫല കോമലസ്തനീ*
*തിന്ത്രിണീദല വിശാല ലോചനാ*
*നിംബപല്ലവ സമാന കേശിനീ*
*വൃദ്ധവാനര മുഖീ വിരാജസേ"*

ഈ ശ്ലോകവും ഇഷ്ടപ്പെടാതെ വന്നതിനാൽ മറ്റൊരു ശ്ലോകം ചമച്ചുപോൽ.

*"അർക്കശുഷ്കഫല കോമളസ്തനീ*
*ശർക്കരാ സദൃശചാരുഭാഷിണി*
*തിന്ത്രിണീദല സമാന ലോചനേ!*
*സിന്ധുരേന്ദ്ര രുചിരാമലദ്യുതേ!"*

(ഈ രണ്ടു ശ്ലോകങ്ങളും തോലന്റെ ഇല്ലത്തെ ദാസിയായ ചക്കിയെക്കുറിച്ച് പറയുന്നതാണെന്നും പറയുന്നുണ്ട്. ഇനി കുഞ്ഞിക്കുട്ടൻ തമ്പുരാൻ, തന്റെ ആശ്രിതനും സ്നേഹിതനും ആയ കോയിപ്പിള്ളി പരമേശ്വരക്കുറുപ്പിന് ഒരു ജോലി കൊടുക്കാൻ വേണ്ടി സി. അന്തപ്പായിയ്ക്ക് അയച്ച ഒരു ശിപാർശക്കത്ത് ശ്രദ്ധിക്കുക.

*"കവികേ പരമേശ്വരക്കുറുപ്പെ-*
*ന്നിവിടെപ്പേർ പറയുന്നൊരീ മനുഷ്യൻ*
*ഭുവി കേവല നിത്യവൃത്തി കാംക്ഷി-*
*ച്ചവിടേയ്ക്കുണ്ടു വരുന്നു ജീവനാർത്ഥം*
*അറിയാം ചിലതാംഗലേയ ഭാഷാ-*
*മുറി വാക്യങ്ങൾ പഠിപ്പിതത്രമാത്രം*

*ശേഷം പേജ് 51ൽ*

യാത്രാവിവരണം

# നേപ്പാൾ ദർശൻ

**കെ. രാഘവവർമ്മ,** തിരുവനന്തപുരം

***(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)***

മുക്തിനാഥിൽ നിന്നും പൊഖ്റയിലേക്കുള്ള അതിസാഹസികമായ റോഡ് യാത്രയുടെ അവസാനം രാത്രിയുടെ മദ്ധ്യയാമത്തിൽ പൊഖ്റ എന്ന രമ്യഭൂമിയിൽ തിരികെയെത്തിയ കാര്യം പറഞ്ഞു വല്ലോ.

പ്രഭാതകൃത്യങ്ങൾക്കും സമൃദ്ധമായ പ്രാതലിനും ശേഷം പൊഖ്റയുടെ വിശേഷക്കാഴ്ചകൾ കാണാൻ തയ്യാറെടുത്തു. നമ്മൾ താമസിക്കുന്ന ഹോട്ടലിന്റെ മുന്നിലെ റോഡിന്റെ മറുഭാഗത്ത് ഫേവാ തടാകവും അതിലെ ജലപക്ഷികളും സഞ്ചാരികളെ മാടി വിളിയ്ക്കുന്നു. തടാകത്തിൽ പടർന്ന് കിടക്കുന്ന ആഫ്രിക്കൻ പോളകൾ മനസ്സിനെ അലോസരപ്പെടുത്തുകയും ചെയ്യുന്നു. സംഘാംഗങ്ങൾ നേതാക്കളുടെ പിന്നാലെ ബോട്ട് യാത്രയ്ക്കായി പുറപ്പെട്ടു. റോഡിന്റെ ഇരുവശങ്ങളിലും സഞ്ചാരികളെ മാടി വിളിച്ച് നേപ്പാളിന്റെ കരകൗശല വസ്തുക്കൾ വില്ക്കുന്ന വർത്തകശാലകളും ചെറു ഭോജനാലയങ്ങളും പ്രഭാതത്തിൽ തന്നെ സജീവമാകുന്നു. നാം ഇപ്പോൾ പോകുന്നത് 'താൽവരാഹി' എന്ന തടാക മദ്ധ്യത്തിലുള്ള ക്ഷേത്രത്തിലേയ്ക്കാണ്. നൂറ് കണക്കിന് ബോട്ടുകൾ ഊഴം കാത്ത് ജെട്ടിയിൽ തയ്യാറായി കിടക്കുന്നു. സഞ്ചാരികളുടെ തിരക്ക് പറഞ്ഞറിയിക്കാൻ വയ്യ. നമുക്കുള്ള ടിക്കറ്റുകൾ വാങ്ങി വന്ന തലവൻമാർ ബോട്ടുകളിൽ കയറാൻ നിർദ്ദേശിച്ചു. 8 പേർക്ക് മാത്രമേ ഒരു ബോട്ടിൽ പ്രവേശനമുള്ളു. ശക്തിയായ കാറ്റ് ബോട്ടിനെ ഓളപ്പരപ്പിൽ ആന്ദോളനം ചെയ്യിക്കുന്നു. ജലപ്പരപ്പിൽ സാരസ കൊക്കുകൾ യഥേഷ്ടം വിഹരിക്കുന്നു. തുംഗകളായ ശൃംഗങ്ങൾ എലുക തീർക്കുന്ന തടാകത്തിന്റെ ചാരുത അനുഭവിച്ച് തന്നെ അറിയണം. കായലിന്റെ മധ്യത്തിലുള്ള വരാഹീ ക്ഷേത്രത്തിന് സമീപം ബോട്ട് കര തൊട്ടു. ക്ഷേത്രത്തിലും വലിയ ഒരു ജനസഞ്ചയം എത്തിയിട്ടുണ്ട്. ജല മദ്ധ്യത്തിൽ ഉയർന്നു നില്ക്കുന്ന ഒരു ചെറിയ കുന്നിൻ മേലാണ് ക്ഷേത്രം പണി തുയർത്തിയിരിക്കുന്നത്. ക്ഷേത്രാങ്കണം നാനാവിധ വൃക്ഷങ്ങളാലും പൂച്ചെടികളാലും സമ്പന്നമാണ്. നീണ്ട വരിയിൽ നിന്ന് ദർശനം നടത്തി ഇറങ്ങുമ്പോൾ ക്ഷേത്രത്തിന്റെ ഒരു ഭാഗത്ത് മീന്തട്ട് കടവ് കണ്ടു. ക്ഷേത്രത്തിന്റെ അതിർ കെട്ടിനോട് ചേർന്ന് തടാകത്തിൽ അസംഖ്യം മത്സ്യങ്ങളുടെ ഒരു സംഘാതം. അവയ്ക്ക് ആഹാരം കൊടുക്കുക എന്ന പുണ്യപ്രവൃത്തിയും ഒപ്പം ഒരു ഫോട്ടോ സെഷനും ചെയ്യാൻ യാത്രികർ തിരക്കു കൂട്ടുന്നു. വരാഹീ താൽ ദർശനത്തിനുശേഷം മടക്ക യാത്രയിൽ ചിലർക്ക് ബോട്ടിലെ സ്രാങ്ക് ആവാൻ ആഗ്രഹം. ചിലർ "പെരിയാറേ" എന്ന ഗാനം പാടുപെട്ട് പാടുന്നുണ്ടായിരുന്നു.

**ഡേവിസ് വെള്ളച്ചാട്ടം**

തടാക യാത്രയ്ക്കു ശേഷം സംഘം ഡേവിസ് ഫാൾ' എന്ന വെള്ളച്ചാട്ടം ലക്ഷ്യമാക്കി നടന്നു. ക്ഷേത്ര സമാനമായ നിർമ്മിതികൾ കടന്ന് കുറെ പടിക്കെട്ടുകൾ ഇറങ്ങി വേണം ജലപാതത്തിന് സമീപം എത്താൻ. ഒരാൾക്ക് 20 രൂപയാണ് നിരക്ക്. പടിക്കെട്ടുകൾ ഇറങ്ങുമ്പോൾ തന്നെ ജലപാതത്തിന്റെ അട്ടഹാസം കർണ്ണപുടങ്ങളെ സ്പന്ദിപ്പിയ്ക്കും. വെള്ളച്ചാട്ടത്തിന്റെ പേര് Davis എന്നും Devis എന്നും എഴുതിയിരുന്നത് അല്പം ആശയക്കുഴപ്പം ഉണ്ടാക്കി. ഏതാണ്ട് നൂറടി ഉയരത്തിൽ നിന്ന് ഒഴുകി വന്ന് ഒരഗാധ ഗർത്തത്തിലേക്ക് പതിയ്ക്കുന്ന ഒരു അരുവിയാണ് ഈ വെള്ളച്ചാട്ടം നിർമ്മിക്കുന്നത്. ഗർത്തത്തിൽ ശിവജടയിൽ ഗംഗയെന്ന പോലെ, അപ്രത്യക്ഷമാകുന്ന അരുവി ഇരുന്നൂറു മീറ്റർ അകലെ 'മഹാദേവ ഗുഹയിൽ' പ്രത്യക്ഷമാകുന്നു. ജലം പതിയ്ക്കുന്ന ഭാഗത്ത് ശുഭ്ര ജലകണികകൾ അന്തരീക്ഷത്തിൽ തീർക്കുന്ന മുഖപടം അതീവ സുന്ദരം തന്നെ. അവിടെയുള്ള കാട്ടു ചെടികളുടെ ഇലകൾ ജലപാതത്തിന്റെ പ്രതിശക്തിയാൽ സദാ വിറച്ചു കൊണ്ടിരിക്കുന്നു. Davis എന്ന ഒരു യൂറോപ്യൻ യുവതി ഈ വെള്ളച്ചാട്ടത്തിൽ വീണ് അപ്രത്യക്ഷയായി എന്നും അവളുടെ ഓർമ്മയ്ക്കാണ് 'Davis Fall' എന്ന പേര് വന്നതെന്നും കഥ.

വെള്ളച്ചാട്ടത്തിൽ നിന്നും നമ്മൾ മഹാദേവഗുഹയിലേയ്ക്ക് നടന്നു. അനന്തശായി വിഗ്രഹവും മറ്റ് ചില ക്ഷേത്രങ്ങളും ഉള്ള ഒരു മനോഹര ഉദ്യാനം നമ്മെ എതിരേറ്റു. ജല മധ്യത്തിലാണ് അനന്തശയനം. അവിടെ നിന്ന് അനേകം പടികൾ താഴോട്ട് ഇറങ്ങിയാൽ മഹാദേവ ഗുഹയുടെ പ്രവേശന കവാടം കാണാം. ടിക്കറ്റ് നേരത്തെ

എടുത്തിരുന്നെങ്കിലും അവിടെയുള്ള ഉദ്യോഗസ്ഥർ ആളുടെ എണ്ണം തെറ്റിയതായി തർക്കം ഉണ്ടാക്കി. പിന്നെ നമ്മുടെ സംഘത്തിന്റെ കൊടിയടയാളമായ 'കുങ്കുമഷാൾ' ഉള്ളവരാണ് ഈ ടിക്കറ്റിൽ ഉള്ളതെന്ന് അവരെ ബോദ്ധ്യപ്പെടുത്തി. പടികൾ ഇറങ്ങിയെത്തുന്നത് വലിയ ഒരു പാറ തുരന്ന ഗുഹാമുഖത്താണ്. ഉള്ളിൽ കാമധേനുവിന്റെ ഒരു പ്രതിമയും അതിന്റെ അകിടിന്റെ താഴെ ഒരു ശിവലിംഗവും കാണാം. അവിടെ നിന്ന് വീണ്ടും പടികൾ ഇറങ്ങിയാൽ ഇടുങ്ങിയ ഒരു പാത കാണാം. അന്തരീക്ഷം ജലാർദ്രമാണ്. പാറയിടുക്കുകളിൽ നിന്നും ജലബിന്ദുക്കൾ ഇറ്റിറ്റു വീഴുന്നു. കഷ്ടിച്ച് രണ്ടു പേർക്ക് സഞ്ചരിയ്ക്കാവുന്ന വളഞ്ഞുപുളഞ്ഞു പോകുന്ന പാതയിൽ ഉടനീളം വൈദ്യുതി ദീപങ്ങൾ ഉള്ളതുകൊണ്ട് യാത്ര സുകരം. പാത അവസാനിയ്ക്കുന്നതിനു മുൻപു തന്നെ ജലഘോഷം കേൾക്കാം. ഇറങ്ങിച്ചെല്ലുന്നത് വളരെ വലിയ ഒരു കിണർ പോലെ തോന്നുന്ന ഒരു ഗർത്തത്തിന്റെ മുകൾഭാഗത്താണ്. ശക്തമായ ഇരുമ്പുവേലി കെട്ടി യാത്രികരുടെ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. ഡേവിസ് വെള്ളച്ചാട്ടം ഇവിടെ ഉയർന്നു പൊങ്ങി വീണ്ടും അപ്രത്യക്ഷമാകുന്നു. വെള്ളച്ചാട്ടത്തിന്റെ ഭാഗത്ത് വിവരദോഷികളായ യാത്രികർ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ ഇവിടെ ഉയർന്നുപൊങ്ങുന്നു. കുറെയൊക്കെ ജോലിക്കാർ എടുത്തു മാറ്റുന്നുവെങ്കിലും ഏറെയും ഭൂഗർഭത്തിലേക്ക് തന്നെ അന്തർദ്ധാനം ചെയ്യുന്നു. ഇവിടെ ഒരു ഗണപതി വിഗ്രഹവും ശിവലിംഗവും കാണാം. ഈ ഗുഹാക്ഷേത്രം ഗുപ്തേശ്വരം എന്നും അറിയപ്പെടുന്നു. അവിടെ നിന്നും പുറത്ത് ഇറങ്ങിയപ്പോൾ സൂര്യൻ ഉച്ചസ്ഥായിയിൽ എത്തിയിരുന്നു. തിരികെ ഹോട്ടലിൽ എത്തി, ഭക്ഷണവും വിശ്രമവും. വൈകിട്ട് ആവശ്യക്കാർക്ക് ഷോപ്പിംഗ് നടത്തുവാനുള്ള അവസരം. വൈകിട്ട് അഞ്ചു മണിയോടെ ഏറെ സംഘാംഗങ്ങളും ഷോപ്പിംഗിന് ഇറങ്ങി. ഭാര്യയും ചേച്ചിയും കസിനും ഷോപ്പിംഗിൽ മുഴുകി. ഞാൻ പെട്ടെന്ന് തന്നെ മുറിയിൽ തിരികെ എത്തി. നാളെ കാഠ്മണ്ഡുവിലേക്ക്; നേപ്പാളിന്റെ തലസ്ഥാനവും വിശ്വപ്രസിദ്ധമായ പശുപതിനാഥന്റെ മണ്ണുമായ കാഠ്മണ്ഡു. രാവിലെ തന്നെ എല്ലാപേരും യാത്രയ്ക്കു തയ്യാറെടുത്തു. 200 കി.മീ. ദൂരം താണ്ടേണ്ടതുണ്ട്. തിരിച്ച് പൊഖ്റയിലേക്കില്ല. ഉച്ചഭക്ഷണം തയ്യാറാക്കി ബസ്സിൽ കരുതി. 11 മണിയോടെ കാഠ്മണ്ഡുവിലേക്ക് യാത്ര തുടങ്ങി. പൃഥ്വി ഹൈവേയിലൂടെയാണ് യാത്ര. കാഠ്മണ്ഡു സമുദ്രനിരപ്പിൽ നിന്നും 1400 മീ. ഉയരത്തിലാണ്. റോഡിൽ ഗതാഗതക്കുരുക്ക് വളരെയധികം ആണ്. 5 മണിക്കൂർ കൊണ്ട് താണ്ടാവുന്ന ദൂരം 9, 10 മണിക്കൂർ വേണ്ടിവരുമെന്ന് നേരത്തെ തന്നെ അറിയിപ്പ് കിട്ടി. കാഠ്മണ്ഡു നഗരം ഒരു പീഠ ഭൂമി പോലെയാണ്. സന്ധ്യ കഴിഞ്ഞതോടെ കാഠ്മണ്ഡു നഗരം അടുത്തു തുടങ്ങി. മുന്നിൽ കിലോമീറ്ററുകൾ നീളുന്ന വാഹന നിര കാണാം. വളഞ്ഞു നീളുന്ന ഹൈറേഞ്ച് റോഡിൽ മുൻനിരയിലുള്ള വാഹനങ്ങൾ വളരെ ഉയരത്തിലായി കണ്ടപ്പോൾ മനസ്സ് ഒന്നു പതറി. താഴെ അഗാധമായ കൊക്ക. അറിയാതെ തന്നെ നാരായണ നാമം വിളിച്ചുപോവും. രാത്രി 8 മണിയോടെ കാഠ്മണ്ഡുവിൽ എത്തി, ഹോട്ടൽമുറിയിൽ നല്ല സൗകര്യങ്ങൾ. ബാത്ത് റൂമിൽ ചൂട് വെള്ളം സമൃദ്ധം. പച്ചവെള്ളം ചേർത്ത് വേണം കുളിയ്ക്കാനും മുഖം കഴുകാനും. അല്ലെങ്കിൽ പൊള്ളിയെന്ന് വരാം. രാത്രി ഭക്ഷണം കഴിഞ്ഞ് നേരത്തെ ഉറങ്ങാൻ കിടന്നു.

**പശുപതിനാഥന്റെ മണ്ണിൽ**

രാവിലെ പ്രഭാതഭക്ഷണം കഴിഞ്ഞ് പശുപതി നാഥ ക്ഷേത്രത്തിലേക്ക് യാത്രയായി. ഹോട്ടലിൽ നിന്നും 1 കി.മീ. അകലെയാണ് ക്ഷേത്രം. ക്ഷേത്രത്തിനുള്ളിൽ മൊബൈൽ ഫോൺ നിഷിദ്ധമാണ്. പണം കൊടുത്ത് ദർശനം ഉണ്ട്. നമ്മുടെ സംഘത്തിൽ ചിലർ അതിനുള്ള ക്യൂവിൽ നിന്നും ഏതാണ്ട് 2 മണിക്കൂർ വരിയിൽ നിന്നശേഷം പശുപതിനാഥന്റെ തിരുമുൻപിൽ എത്തി. പഞ്ചമുഖ ശിവലിംഗം, സ്വയംഭൂ ആണെന്ന് പറയുന്നു. നാലു ദിക്കിലേയ്ക്കും പിന്നെ മുകളിലേയ്ക്കുമാണ് മുഖങ്ങൾ. ദർശനം കഴിഞ്ഞ് ഇറങ്ങി. അങ്കണത്തിൽ ധാരാളം കപോതങ്ങൾ. പശുപതിനാഥന്റെ ക്ഷേത്രവും പഗോഡ രീതിയിലാണ്. ക്ഷേത്രത്തിന്റെ സമീപം ബാഗമതി നദിയുടെ ഒരു കൈവഴി ഒഴുകുന്നു. അവിടെയുള്ള ഘട്ടിലും കാശിയിലെ പോലെ ശവദാഹം നടക്കുന്നു. ഞങ്ങൾ അവിടെയെത്തുമ്പോൾ രണ്ടുമൂന്ന് അന്ത്യകർമ്മങ്ങൾ നടക്കുന്നതു കണ്ടു. ക്ഷേത്രത്തിലെ തിരക്ക് ശരിയ്ക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായിരുന്നു. ഉച്ചയ്ക്കുശേഷം കാഠ്മണ്ഡുവിലെ മറ്റ് കാഴ്ചകളും ഷോപ്പിംഗും മറ്റും ആയി തീരുമാനിച്ചിരിക്കുകയാണ്. പശുപതിനാഥന്റെ മണ്ണിൽ നിന്നും രുദ്രാക്ഷം, സാളഗ്രാമം എന്നിവ പലരും വാങ്ങി. കൂടാതെ കരകൗശലവസ്തുക്കളും. വൈകിട്ട് കാഠ്മണ്ഡു നഗരത്തിൽ കൂടി ഒരു ഓട്ട പ്രദക്ഷിണം നടത്തി. വൈകിട്ട് ഹോട്ടലിൽ എത്തി വിശ്രമിച്ചു. നാളെ തിരിച്ച് ഭാരതത്തിന്റെ മണ്ണിലേക്ക് നീണ്ട യാത്ര. രാത്രിയ്ക്കു മുൻപേ ഗോരഖ്പൂരിൽ എത്താമെന്ന് പ്രതീക്ഷിക്കുന്നു. അടുത്ത ദിവസം രാവിലെ റപ്തിസാഗർ എക്സ്പ്രസ്സിൽ കേരളത്തിലേക്കുള്ള മടക്കം. അവിസ്മരണീയമായ ഓർമ്മകൾ, അയവിറക്കാൻ ഇത്തരം യാത്രകൾ നൽകുന്ന അനുഭവങ്ങൾ ഏറെ സഹായിക്കുമെന്ന് പറയാം. ●

# സന്തോഷാശ്രു

**ശ്യാമള വർമ്മ,** തിരുവനന്തപുരം

ഭാരതാംബയുടെ മടിത്തട്ടിൽ ഇതാ ഒരു കുഞ്ഞുകൂടി പിറന്നുവീണു. ള്ളേ! ള്ളേ! എന്ന നീണ്ട കരച്ചിൽ ഏതൊരമ്മയും ആഹ്ലാദപുളകിതയാകേണ്ട സുവർണ്ണ നിമിഷം. എന്നാൽ അതിനു വിപരീതമായി ആ അമ്മയുടെ കണ്ണിൽ നിന്നും കണ്ണുനീർ ഇറ്റിറ്റുവീണു. കൈവിട്ടുപോയ തന്റെ സ്വപ്നങ്ങളെ ഓർത്തവൾ നെടുവീർപ്പിട്ടു. പെട്ടെന്നുതന്നെ അവൾ ആ കണ്ണുനീർ തുടച്ചുകളഞ്ഞു. തന്റെ ഓമന മകളുടെ മൂർദ്ധാവിൽ അമർത്തി ചുംബിച്ചു. ഇല്ല, ഞാൻ ധൈര്യം കൈവിടില്ല. എന്റെ പൊന്നുമോളേ ഒരു രാജകുമാരിയെപ്പോലെ വളർത്തും അവൾ ആത്മഗതമെന്നപോലെ പറഞ്ഞു. കഴിഞ്ഞുപോയ തന്റെ ജീവിതത്തിലേക്ക് അവൾ തിരിഞ്ഞുനോക്കി.

അച്ഛനുമമ്മയും ഞാനും സഹോദരിയുമടങ്ങിയ സന്തുഷ്ട കുടുംബം. കീഴ്ജാതിക്കാരനായ അച്ഛനെ വിവാഹം കഴിച്ച കാരണത്താൽ അമ്മയുടെ വീട്ടുകാർ അവരെ ഉപേക്ഷിച്ചു. ഇങ്ങനെ അവർക്ക് ഒരു മകളില്ലെന്ന് അവർ ആക്രോശിച്ചു. നിനക്കു താഴെയുമുണ്ട് രണ്ട് സഹോദരങ്ങൾ. അവരുടെ ജീവിതം തകർക്കാൻ ഞങ്ങൾ സമ്മതിക്കുകയില്ല. അങ്ങനെ അവരുടെ വിവാഹം രജിസ്റ്റർ ആഫീസിൽ വെച്ച് നടന്നു. രണ്ടു കുട്ടികൾ. രാജിയും രാധയും. എങ്കിൽ പോലും അമ്മയെ അംഗീകരിക്കാൻ മാതാപിതാക്കൾ തയ്യാറായില്ല

സെക്രട്ടേറിയറ്റിലെ ഒരു ഗുമസ്തനായിരുന്നു ഞങ്ങളുടെ അച്ഛൻ. മകളെ തന്നാലാകും വിധം ഉന്നത വിദ്യാഭ്യാസം നൽകണമെന്ന് അച്ഛൻ ആഗ്രഹിച്ചു. കുട്ടികളുടെ ന്യായമായ ഏതൊരാഗ്രഹവും സാധിച്ചുകൊടുക്കുന്നതിൽ അദ്ദേഹം സന്തോഷം പൂണ്ടു. മിക്കവാറും എല്ലാ വൈകുന്നേരവും അച്ഛന്റെ ഇരു കരങ്ങളിലും പിടിച്ചുകൊണ്ട് ഞാനും രാധയും പുറത്തുപോകും. ചിലപ്പോൾ അമ്മയും കൂടെയുണ്ടാകും. അച്ഛനോടായിരുന്നു ഞങ്ങൾക്ക് അധികമിഷ്ടം. അടുത്തുള്ള ക്ഷേത്രത്തിലെ ഉത്സവത്തിനു പോകുമ്പോൾ ഞങ്ങൾക്കു രണ്ടാൾക്കും കൈനിറയെ വളകളും, മാലയും, ചാന്തും, കൺമഷിയും, ചോക്ലേറ്റും വാങ്ങിത്തരുവാൻ അച്ഛൻ യാതൊരു വൈമനസ്യവും കാട്ടിയിരുന്നില്ല. അപ്പോൾ അമ്മ പറയും "നിങ്ങൾ ഇങ്ങനെ കുട്ടികളെ വഷളാക്കരുത്." ഒന്നു പോടീ നീ. അവർ എന്റെ മക്കളാണ് ഒരിക്കലും വഴിവിട്ടുപോകയില്ല.

അച്ഛൻ പറഞ്ഞപ്രകാരം തന്നെ ഞങ്ങൾ സൽസ്വഭാവികളായി ത്തന്നെ വളർന്നു. സ്ക്കൂളിലെ അദ്ധ്യാപകരും മറ്റു ചില കുട്ടികളും പറയും "ദേ അവരെ കണ്ടു പഠിക്ക്. എത്ര അനുസരണയുള്ള കുട്ടികൾ. സ്വഭാവത്തിൽ മാത്രമല്ല പഠിത്തത്തിലും ഞങ്ങൾ ഒട്ടും പിറകോട്ടല്ലായിരുന്നു. ഇത്രയും സന്തുഷ്ടമായ ഒരു കുടുംബമില്ലെന്ന് അയൽവാസികൾ പോലും പറയുമായിരുന്നു. ഇതിൽ അസൂയ കൊണ്ടിട്ടെന്നപോലെ ആ ദാരുണ സംഭവമുണ്ടായി. വീട്ടിലേക്ക് അത്യാവശ്യ സാധനങ്ങളുമായി മടങ്ങിവരവേ എതിരെ വന്ന ഒരു കാർ അച്ഛനെ ഇടിച്ചിട്ട് നിർത്താതെ കടന്നുപോയി. ആഫീസ് വിട്ട് അധികസമയം കഴിയാത്തതിനാൽ അച്ഛന്റെ സഹപ്രവർത്തകർ തന്നെ അദ്ദേഹത്തെ ആശുപത്രിയിലെത്തിച്ചു. വിവരമറിഞ്ഞ ഞങ്ങൾ ആശുപത്രിയിലെ ഐ.സി.യു. വിന്റെ മുമ്പിൽ കാത്തുനിന്നു. ഏതുനിമിഷവും എന്തും സംഭവിക്കാമെന്ന നിലയിലായിരുന്നു അച്ഛന്റെ അവസ്ഥ. പിന്നെ എല്ലാം ദൈവത്തിന്റെ കൈയിൽ ഡോക്ടർ പറഞ്ഞു. സ്വൽപ്പം കഴിഞ്ഞപ്പോൾ അച്ഛനു ബോധം വന്നു. തന്റെ മൂത്തമകൾ രാജിയെ കാണണമെന്ന് അച്ഛൻ ഡോക്ടറോട് ആവശ്യപ്പെട്ടു. കേൾക്കേണ്ട താമസം ഞാൻ അച്ഛന്റെ അടുത്തേക്ക് പാഞ്ഞു. എന്നെ അരികിൽ വിളിച്ച് അച്ഛൻ പറഞ്ഞു. ''മോളേ! എനിക്കെന്തെങ്കിലും സംഭവിച്ചാൽ നീ വേണം അമ്മയേയും രാധയേയും നോക്കാൻ. ശരി അച്ഛാ! ഞാൻ തലകുലുക്കി. അണയാൻ പോകുന്ന ദീപത്തിന്റെ തിളക്കമായിരുന്നു ആ മുഖത്ത്. ആ കണ്ണുകൾ എന്നന്നേക്കുമായി അടഞ്ഞു. വിങ്ങിപ്പൊട്ടുന്ന ഹൃദയത്തോടെ അലമുറയിട്ടു കരയുന്ന അമ്മയേയും അനുജത്തിയേയും ആശ്വസിപ്പിച്ചു.

കാലം കടന്നുപോയി. ഞാൻ എസ്.എസ്.എൽ.സിക്ക് ഫസ്റ്റ് റാങ്കോടെ പാസ്സായി. എങ്ങനെ തുടർന്നു പഠിക്കും. അച്ഛനു കിട്ടുന്ന തുച്ഛമായ പെൻഷൻ കൊണ്ടുവേണം ജീവിതച്ചിലവുകളും ഞങ്ങളുടെ പഠിത്തവും നടത്താൻ. എന്റെ നല്ലവരായ അദ്ധ്യാപകരുടെ പരിശ്രമത്താൽ എനിക്കു തുടർന്നു പഠിക്കാനുള്ള സ്കോളർഷിപ്പ് ഗവണ്മെന്റിൽ നിന്നും കിട്ടി.

നല്ല മാർക്കോടുകൂടിത്തന്നെ ഡിഗ്രിയും പാസ്സായി.

അച്ഛന്റെ അതേ ഓഫീസിൽ ത്തന്നെ ഉയർന്ന തസ്തികയിൽ എനിക്ക് ജോലിയും ലഭിച്ചു. എന്റെ അതേ ഓഫീസിൽ തന്നെ ജോലി ചെയ്യുന്ന രാജേഷുമായി ഞാൻ അടുപ്പത്തിലായി. വിവാഹാഭ്യർത്ഥനുമായി എന്റെ വീട്ടിൽ വരാമെന്നു പറഞ്ഞു. മരണസമയത്ത് അച്ഛൻ പറഞ്ഞ വാക്കുകൾ ഞാനോർത്തു. അനുജത്തിയെ ഒരു കര പറ്റിച്ചതിനുശേഷമേ ഞാൻ വിവാഹത്തെപ്പറ്റി ചിന്തിക്കുകയുള്ളു എന്നു പറഞ്ഞു. അത്രയും നാൾ ഞാൻ കാത്തിരിക്കാമെന്ന് രാജേഷ് പറഞ്ഞു. അനുജത്തിയെ നല്ല രീതിയിൽ പഠിപ്പിക്കുകയും ചെയ്തു. അധികം താമസിയാതെ രാധയുടെ വിവാഹം നടന്നു. അതിനുശേഷം അമ്മയുടെ സമ്മതത്തോടു കൂടിത്തന്നെ ഞങ്ങളുടെ വിവാഹം ആർഭാടപൂർവ്വം നടന്നു.

സന്തോഷത്തിന്റെ നാളുകൾ. എല്ലാ ഒഴിവുദിവസങ്ങളിലും ഞങ്ങൾ നഗരത്തിൽ എവിടെയെങ്കിലും ചുറ്റിക്കറങ്ങും. അമ്മ ഞങ്ങളെ കാത്തിരിക്കും. ചിലപ്പോഴൊക്കെ അമ്മയേയും കൂടെ കൊണ്ടുപോകും. അമ്മയ്ക്ക് ഏറ്റവും ഇഷ്ടം അമ്പലങ്ങളിൽ പോകാനാണ്.

വളരെ അപ്രതീക്ഷിതമായാണ് രാജേട്ടന് കണ്ണൂരിലേക്ക് ട്രാൻസ്ഫറായത്. "രാജി നീ ഒന്നുകൊണ്ടും വിഷമിക്കേണ്ട. എല്ലാ ആഴ്ചയും ഞാനിവിടെ ഓടിയെത്തും. നിന്നെ പിരിഞ്ഞിരിക്കാൻ എനിക്കുമില്ലേ വിഷമം." കണ്ണുനീർ തുടച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു. തന്റെ വയറ്റിൽ ഒരു കുഞ്ഞു വളരുന്ന വിവരം അദ്ദേഹത്തോടു പറഞ്ഞു. "ഒരു സങ്കടത്തിന് ഒരു സന്തോഷം." രാജേട്ടൻ ആശ്വസിപ്പിച്ചു. വിരഹവേദന ഉള്ളിലടക്കിക്കൊണ്ട് ഞാൻ അദ്ദേഹത്തെ യാത്രയാക്കി. എല്ലാ ശനിയാഴ്ചയും അദ്ദേഹം വരും. വരുമ്പോൾ എനിക്കിഷ്ടമുള്ളതെല്ലാം കൊണ്ടുവരാനും രാജേട്ടൻ ഒരു മടിയും കാണിച്ചിരുന്നില്ല.

എന്നാൽ ആ വരവ് അധികം നീണ്ടുനിന്നില്ല. കത്തുകൾ, ഫോൺകോളുകൾ ഒന്നുമേ ഉണ്ടായില്ല. ഞാനും അമ്മയും വീണ്ടും ദുഃഖത്തിലായി. എന്തും വരട്ടെ എന്നു കരുതി ഞാൻ രാജേട്ടന്റെ കണ്ണൂരിലെ ഓഫീസിലെത്തി. ഇന്റർവെൽ സമയമായിരുന്നു. അപ്പോൾ ഓഫീസിലെ സ്റ്റാഫ് എല്ലാം ഒത്തുകൂടി കളിതമാശകൾ പറഞ്ഞു രസിക്കുന്നു. രാജേട്ടന്റെ അടുത്ത് സുന്ദരിയായ ഒരു ചെറുപ്പക്കാരി ഇരിക്കുന്നു. രണ്ടുപേരും ഭാര്യാഭർത്താക്കന്മാരെപ്പോലെ ചിരിച്ചുല്ലസിക്കുന്നു. കൂട്ടുകാർ തമ്മിലുള്ള സംഭാഷണത്തിൽ നിന്നും യഥാർത്ഥത്തിൽ അവർ നവദമ്പതികൾ തന്നെയായിരുന്നു. യാതൊന്നും ഉരിയാടാതെ ഞാൻ വീട്ടിലേക്കു മടങ്ങി. എന്റെ മുഖഭാവം കണ്ടപ്പോൾത്തന്നെ എന്തോ പന്തികേടുണ്ടെന്ന് അമ്മ മനസ്സിലാക്കി. എന്താ മോളേ! എന്തുണ്ടായി. എന്റെ നിയന്ത്രണം വിട്ടുപോയി. അമ്മയെ കെട്ടിപ്പിടിച്ച് ഏങ്ങലടിച്ചു വിവരങ്ങളെല്ലാം പറഞ്ഞു.

അധികം വൈകാതെ തന്നെ ഞാൻ ഒരു പെൺകുട്ടിയെ പ്രസവിച്ചു. രാധിക. പഠിത്തത്തിൽ അമ്മയെക്കാൾ മിടുക്കി. അവൾ ഐ.എ.എസ്. പരീക്ഷ പാസ്സായി.

തിരുവനന്തപുരം ഡിസ്ട്രിക്ട് കളക്ടർ ആയി ചാർജ്ജെടുത്തു. സന്തോഷത്തിന്റെ ഓളങ്ങൾ ആ വീട്ടിൽ വീണ്ടും അലതല്ലി.

കാലം ആർക്കുവേണ്ടിയും കാത്തുനിൽക്കില്ലല്ലോ. അധികം താമസിയാതെ അമ്മയും ഞങ്ങളെവിട്ടു പിരിഞ്ഞു. പെൻഷനായ ശേഷം ഞാനും ഏതാണ്ട് ഏകയായി. മകൾ തിരക്കുള്ള ഒരു കളക്ടർ ആണല്ലോ.

മകൾക്ക് വിവാഹാലോചനകൾ വന്നുകൊണ്ടിരുന്നു. അതിൽ സുമുഖനും സൽസ്വഭാവിയുമായ ഒരു ഡോക്ടർ ശശികുമാർ. ആ ആലോചന ഞങ്ങൾക്കിഷ്ടപ്പെട്ടു. സമൂഹത്തിലെ ഉന്നതരായ വ്യക്തികൾ, സാമൂഹ്യപ്രവർത്തകർ, മന്ത്രിമാർ എന്നിവരുടെ നിറഞ്ഞ സാന്നിദ്ധ്യത്തിൽ ആ വിവാഹം അത്യാർഭാടപൂർവ്വം നടന്നു. അതേ ദിവസം സാധുക്കൾക്ക് അന്നദാനവും ഉണ്ടായിരുന്നു. അലങ്കരിച്ച കാറിൽ വധൂവരന്മാർ യാത്രയാകാൻ തുടങ്ങി. അപ്പോൾ മുടന്തനായ ഒരു വൃദ്ധൻ ഈ കാഴ്ച ദൂരെ നിന്നും കാണുന്നുണ്ടായിരുന്നു. ആ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. അത് ആനന്ദക്കണ്ണുനീർ തന്നെയായിരുന്നു. അതേ! തന്റെ മകൾ! തന്റെ പൊന്നുമോൾ എത്ര ഭാഗ്യവതിയാണ്. താൻ എത്ര നിഷ്ഠൂരൻ. മറ്റൊരു സ്ത്രീയിൽ ആകൃഷ്ടനായി തന്റെയും തന്റെ കുടുംബത്തിന്റേയും നാശത്തിനു കാരണക്കാരി. താനും അതിൽ പങ്കാളിയായല്ലോ. തന്റെ എല്ലാ സമ്പാദ്യവും കൂടാതെ താൻ മരിച്ചു എന്ന് സർട്ടിഫിക്കറ്റും വാങ്ങി തന്റെ പെൻഷനും കൂടി അവൾ വാങ്ങിയശേഷം തന്നെ പെരുവഴിയിലിറക്കി വിട്ട ദുഷ്ട. താൻ അപകടത്തിൽപ്പെട്ട കുറച്ചു നാൾ അവൾ ശുശ്രൂഷിച്ചു. പിന്നീട് മരിച്ചുപോയി എന്ന് പറഞ്ഞു പരത്തി.

തന്റെ മകളെ ഹൃദയം നിറഞ്ഞ് അനുഗ്രഹിക്കാൻ ആ കൈകൾ നീട്ടി കാറിന്റെ അടുത്തേക്ക് ഓടിയെത്തി. യാതൊരു പരിചയവുമില്ലാത്ത ആ വൃദ്ധൻ ആരാണെന്ന് ആർക്കും മനസ്സിലായില്ല. ചിലർ അയാളെ പിടിച്ചുമാറ്റി. രാജി ആ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. അത് രാജേട്ടനല്ലേ. അവൾ മുഖം തിരിച്ചു. രാജി! എന്നോടു ക്ഷമിക്കൂ. നിന്റെ രാജേട്ടനല്ലേ ഞാൻ. "ഓ ഒരു രാജേട്ടൻ എനിക്ക് നിങ്ങളെ കാണേണ്ട. ദുഷ്ടനാണ് നിങ്ങൾ പോകൂ! പോകൂ!" ആ വൃദ്ധൻ ഒരിക്കൽകൂടി തന്റെ മകളെ നോക്കിയശേഷം തിരിഞ്ഞു നടന്നു. ●

# ശിവനും ശക്തിയും

കെ. രാധാമണിത്തമ്പുരാട്ടി, എറണാകുളം



പതിനെട്ട് പുരാണങ്ങൾ രചിച്ചും 'മഹാഭാരതം' എന്ന ഇതിഹാസം രചിച്ചും മാനവജനതയെ അനുഗ്രഹിച്ച ഋഷിവര്യനാണ് ശ്രീ വേദവ്യാസ മഹർഷി. അദ്ദേഹത്തിന് ഈ മഹത്കൃത്യം നിർവ്വഹിക്കുവാൻ സാധിച്ചത് ശ്രീപരമേശ്വരന്റെ അനുഗ്രഹത്താലാണ്. ഈ വസ്തുത ശ്രീമദ് ശിവ മഹാപുരാണത്തിലെ 'ഉമാസംഹിത'യിൽ മഹർഷി തന്നെ വിശദീകരിക്കുന്നുണ്ട്. കാശിയിലെ 'മദ്ധ്യമേശ്വര ലിംഗ'ത്തിൽ പ്രത്യക്ഷപ്പെട്ട ബാലശങ്കരൻ വ്യാസനെ ഇങ്ങനെ അനുഗ്രഹിച്ചു.

*"കണ്ഠേ സ്ഥിത്വാ തവ ബ്രഹ്മ-*
*ന്നന്തര്യാമിഹമീശ്വരഃ*
*സേതിഹാസപുരാണാനി*
*സമ്യങ് നിർമാപയാമ്യഹം."*

(കണ്ഠത്തിൽ സ്ഥിതിചെയ്തുകൊണ്ട് അന്തര്യാമിയായ ഞാൻ പുരാണേതിഹാസങ്ങൾ നിർമ്മിപ്പിക്കാം) എല്ലാ പുരാണങ്ങളും ശ്രീപരമേശ്വരന്റെ പ്രേരണയാലാണ് രചിക്കപ്പെട്ടതെന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. അതുകൊണ്ട് പുരാണങ്ങളുടെ കാര്യത്തിൽ താരതമ്യ പഠനത്തിന് സ്ഥാനമില്ല.

സൃഷ്ടിയുടെ ആരംഭത്തിൽ നിന്ന് നമുക്ക് പല കാര്യങ്ങളും ഹൃദിസ്ഥമാക്കാം. മഹാപ്രളയം വരുമ്പോൾ സകലതും നശിക്കും. സ്ഥാവരവും ജംഗമവും ആയ യാതൊന്നും കാണുകയില്ല. സർവ്വത്ര അന്ധകാരവും ശൂന്യതയും മാത്രമുള്ള അവസ്ഥയിൽ ഒന്ന് മാത്രം ഉണ്ടാകും ആ ഒന്നാണ് 'ബ്രഹ്മം' അഥവാ 'പരബ്രഹ്മം'. യോഗിമാർ എല്ലായ്പ്പോഴും അവരുടെ അന്തരംഗത്തിൽ ബ്രഹ്മത്തെ ദർശിക്കുന്നു.

*"യോഗിനോന്തർഹിതാകാശേ*
*യത്പശ്യന്തി നിരന്തരം"*

എന്നാണ് യോഗിമാരുടെ അന്തർദർശനത്തെക്കുറിച്ച് വ്യാസൻ പറഞ്ഞിരിക്കുന്നത്. നിറം, നാമരൂപങ്ങൾ, ഹ്രസ്വദീർഘങ്ങൾ, വൃദ്ധിക്ഷയങ്ങൾ എന്നിവയൊന്നും ഇല്ലാത്ത ബ്രഹ്മം ഏകം ആണ്. അരൂപമായ ബ്രഹ്മം സ്വേച്ഛയാൽ ഒരു നാമത്തേയും രൂപത്തേയും സങ്കല്പിച്ചു. ആ നാമമാണ് ശിവൻ. ആ രൂപമാണ് നാം ശിവഭഗവാനിൽ ദർശിക്കുന്നത്. മംഗളം നൽകുന്നവൻ എന്ന അർത്ഥത്തിലാണ് 'ശിവൻ' എന്ന നാമം സ്വീകരിച്ചത്. ആ രൂപത്തെ ഇങ്ങനെ വർണ്ണിക്കുന്നു: അഞ്ച് മുഖങ്ങളും പത്ത് കൈകളും ഉള്ള ആ മൂർത്തിക്ക് കർപ്പൂരസദൃശമായ വെണ്മയുണ്ട്. ശിരസ്സിൽ ഗംഗയും നെറ്റിയിൽ ചന്ദ്രനും മുഖത്ത് മൂന്ന് കണ്ണുകളും ദൃശ്യമായി. ത്രിശൂലധാരിയും ഭസ്മധാരിയും ആണ്. വ്യാസദേവന്റെ വാക്കുകൾ തന്നെ ഇവിടെ ഉദ്ധരിക്കട്ടെ.

*"പരഃ പുമാനീശ്വരഃ സ*
*ശിവഃ ശംഭുരനീശ്വരഃ*
*ശീർഷേ മന്ദാകിനീധാരീ*
*ഫാലചന്ദ്ര സ്ത്രിലോചനഃ*
*പഞ്ചവക്ത്രഃ പ്രസന്നാത്മാ*
*ദശ ബാഹു സ്ത്രിശൂലധൃക്*
*കർപ്പൂരഗൗര സുസിതോ*
*ഭസ്മോദ്ധൂളിത വിഗ്രഹഃ*

പരബ്രഹ്മം രണ്ടാമത്തെ രൂപം കൂടി സ്വീകരിക്കുവാൻ ആഗ്രഹിച്ചു. അപ്പോൾ ആവിർഭവിച്ചതാണ്



'പരാശക്തി.' 'പ്രകൃതി' എന്നും 'മായ' എന്നും ഉള്ള അപരനാമധേയങ്ങളാൽ അറിയപ്പെടുന്ന പരാശക്തിയെ വ്യാസൻ ഇങ്ങനെ വർണ്ണിക്കുന്നു:

*"സാ ശക്തി രംബികാപ്രോക്താ*
*പ്രകൃതിഃ സകലേശ്വരീ*
*ത്രിദേവ ജനനീ നിത്യാ*
*മൂലകാരണമിത്യുതാ."*

എട്ടു കൈകളും ആയിരം ചന്ദ്രൻ ചേർന്നാലുള്ള വദനഭംഗിയും ഉള്ള പരാശക്തി നാനായുധങ്ങളും നാനാഭരണങ്ങളും ധരിച്ചാണ് പ്രകടമായത്.

ഇങ്ങനെ ജഗത്തിൽ ആദ്യം ഉണ്ടായവരാണ് പരമേശ്വരനായ 'ശിവഭഗവാനും' പരമേശ്വരിയായ 'ആദിപരാശക്തി'യും. അതുകൊണ്ട് അവരെ 'ജഗദ് പിതാക്കൾ' എന്നു പറയുന്നു:

*"ജഗദഃ പിതരൗ വന്ദേ*
*പാർവ്വതീ പരമേശ്വരൗ"*

എന്ന് കാളിദാസനും

*"ജഗതഃ പിതരം ശംഭും*
*ജഗതോ മാതരം ശിവാം"*

എന്ന് വ്യാസദേവനും ജഗദ് പിതാക്കളെ പ്രകീർത്തിച്ചിരിക്കുന്നു.

*"ശിവ യാ പരയാശക്ത്യാ*
*സംയുക്തം പരമേശ്വര!"*

എന്ന ശ്ലോകാർദ്ധവും ശിവശക്തിമാരുടെ മാഹാത്മ്യത്തെ മന

സ്സിലാക്കുന്നു. ചന്ദ്രനും നിലാവും പോലെയാണ് ശിവനും ശക്തിയും. വെണ്ണിലാവില്ലാതെ ചന്ദ്രൻ പ്രകാശിക്കുകയില്ലല്ലോ. അതുപോലെ ശക്തിയില്ലാതെ ശിവനും ശോഭിക്കുകയില്ല. പ്രഭ ഇല്ലാതെ സൂര്യനെ ദർശിക്കുവാൻ കഴിയുകയില്ല. അതുപോലെ ശക്തിയില്ലാതെ ശിവനെയും ദർശിക്കുവാൻ കഴിയുകയില്ല. പരമാത്മാവായ ശിവന്റെ തുല്യധർമ്മിണിയാണ് പരാശക്തിയായ ദേവി. എള്ളിൽ എണ്ണ പോലെയും പാലിൽ നെയ്യ് പോലെയും പരമേശ്വരനും പരാശക്തിയും പ്രപഞ്ചം മുഴുവൻ നിറഞ്ഞിരിക്കുന്നു. വാക്കും അർത്ഥവും പോലെയാണ് ശിവനും ശക്തിയും.

### ത്രിമൂർത്തികളുടെ ആവിർഭാവം

പരമേശ്വരൻ ഇടതുഭാഗം ചലിപ്പിച്ചപ്പോൾ ഒരു സുന്ദര പുരുഷൻ ആവിർഭവിച്ചു. സ്വർണ്ണാഭരണങ്ങൾ അണിഞ്ഞും പട്ടാംബരം ധരിച്ചും പ്രത്യക്ഷപ്പെട്ട ആ പുരുഷൻ സ്വന്തം നാമവും കർമ്മവും അറിയുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. സർവ്വത്ര വ്യാപിച്ചിരിക്കുന്നവൻ എന്ന അർത്ഥത്തിൽ 'വിഷ്ണു' എന്ന നാമവും 'തപസ്സ് ചെയ്യുക' എന്ന കർമ്മവും പ്രദാനം ചെയ്തു. വളരെക്കാലം തപസ്സ് ചെയ്തിട്ടും പരബ്രഹ്മദർശനം ഉണ്ടായില്ല. അപ്പോൾ അദ്ദേഹം ചിന്താധീനനായി. ഉടനെ 'തപസ്സു ചെയ്യുക' എന്ന അശരീരി ശ്രവിച്ചു. അനേക കാലം തപസ്സ് ചെയ്തതിനുശേഷം ധ്യാനത്തിൽ നിന്ന് ഉണർന്നു. അപ്പോൾ തന്റെ ശരീരത്തിൽ നിന്ന് നിരവധി ജലധാരകൾ പ്രവഹിക്കുന്നതായി കണ്ടു. ആ ജലം എല്ലായിടവും വ്യാപിച്ചു. അതിൽ വിഷ്ണുദേവൻ ശയിച്ചു. നാരത്തിൽ അഥവാ ജലത്തിൽ ശയിച്ചതുകൊണ്ട് 'നാരായണൻ' എന്ന നാമവും സിദ്ധിച്ചു.

*"നാരായണേതി നാമപി*
*തസ്യാസീച്ഛ്രേടുതിസമ്മതം"*

വിഷ്ണുദേവൻ ആ ജലത്തിൽ വീണ്ടും നിദ്ര ആരംഭിച്ചു. അപ്പോൾ പ്രപഞ്ച നന്മയ്ക്കാവശ്യമായ തത്ത്വങ്ങൾ അദ്ദേഹത്തിൽ നിന്നുണ്ടായി. (പഞ്ചഭൂതങ്ങൾ, ജ്ഞാനേന്ദ്രിയങ്ങൾ, കർമ്മേന്ദ്രിയങ്ങൾ, ത്രിഗുണങ്ങൾ, തുടങ്ങിയവ) ഭഗവാൻ നിദ്രാധീനനായപ്പോൾ അദ്ദേഹത്തിന്റെ നാഭിയിൽ നിന്ന് നല്ല നീളമുള്ള താമര ഉണ്ടായി. പരമേശ്വരൻ വലതുഭാഗം ചലിപ്പിച്ചപ്പോൾ ബ്രഹ്മദേവൻ ആവിർഭവിച്ചു. മായാവൈഭവത്താൽ അദ്ദേഹം വിഷ്ണുവിന്റെ നാഭിയിലുള്ള താമരയിലേക്ക് മാറ്റപ്പെട്ടു. അങ്ങനെ ബ്രഹ്മദേവൻ നാഭീപത്മജാതനായി അറിയപ്പെട്ടു.

പരമേശ്വരന്റെ ഹൃദയത്തിൽ നിന്ന് രുദ്രദേവൻ ആവിർഭവിച്ചു. രുദ്രനും ശിവനും തുല്യരാണ്. ഒരു വടി മുറിച്ചാൽ രണ്ടും തുല്യമായിരിക്കുന്നതുപോലെ ശിവനും രുദ്രനും തുല്യരാണ്.

പരമേശ്വരൻ രൂപം സ്വീകരിച്ചപ്പോൾ തന്നെ അഞ്ച് മുഖങ്ങൾ ഉള്ളതായി സൂചിപ്പിച്ചുവല്ലോ. ആ അഞ്ച് മുഖങ്ങൾ സൃഷ്ടി, സംരക്ഷ, സംഹാരം, അനുഗ്രഹം, തിരോധാനം എന്നീ അഞ്ച് കൃത്യങ്ങൾ നിർവ്വഹിക്കാനുള്ളതാണ്. ഇവയിൽ സൃഷ്ടിയുടെ ചുമതല ബ്രഹ്മാവിനും സംരക്ഷണത്തിന്റെ ചുമതല വിഷ്ണുവിനും സംഹാരത്തിന്റെ ചുമതല തന്റെ പൂർണ്ണരൂപമായ രുദ്രനും നൽകി. അനുഗ്രഹവും തിരോധാനവും പരമേശ്വരൻ സ്വയം നിർവ്വഹിക്കുന്നു.

പരാശക്തി ആദ്യം സതീദേവിയായും പിന്നീട് പാർവ്വതീ ദേവിയായും അവതരിച്ച് ശിവപത്നിമാരായി. പരാശക്തിയുടെ അവതാരങ്ങളായ ലക്ഷ്മീദേവി വിഷ്ണുപത്നിയായും സരസ്വതീ ദേവി ബ്രഹ്മപത്നിയായും പ്രഖ്യാപിതരായി. ത്രിദേവിമാർ ത്രിമൂർത്തികളെ സ്വകർമ്മാനുഷ്ഠാനത്തിന് സഹായിക്കുന്നു.

### സൃഷ്ടിമഹത്ത്വം

സൃഷ്ടികർമ്മം ആരംഭിച്ച ബ്രഹ്മദേവൻ പ്രജാ വർദ്ധനവ് ഉണ്ടാകാതെ വന്നപ്പോൾ ശക്തി സമേതനായ ശിവനെ തപസ്സു ചെയ്തു. അപ്പോൾ ഭഗവാൻ 'അർദ്ധനാരീശ്വര'നായി പ്രത്യക്ഷപ്പെട്ടു. സ്വശരീരത്തിൽ നിന്ന് ദേവിയെ മാറ്റി നിർത്തി. ആ ദേവി നാരീകുലം സൃഷ്ടിക്കുവാനുള്ള ശക്തി നൽകി ബ്രഹ്മാവിനെ അനുഗ്രഹിച്ചു. അങ്ങനെ "സൃഷ്ടിമിഥുനജാം കുരു" എന്ന അശരീരി പ്രകാരം പ്രജാ വർദ്ധനവ് ഉണ്ടാക്കാൻ വിധാതാവിന് സാധിച്ചു.

ശിവനേയും വിഷ്ണുവിനെയും സ്മരിച്ചുകൊണ്ട് ബ്രഹ്മദേവൻ ആദ്യം സൃഷ്ടിച്ചത് ജലത്തെയാണ്. അത് മുകളിലേക്ക് എറിഞ്ഞപ്പോൾ അണ്ഡം ഉണ്ടായി. ജലം കാണപ്പെടാത്ത രൂപത്തിൽ അത് വിരാട് സ്വരൂപമായി ഭവിച്ചു. അപ്പോൾ ബ്രഹ്മാവ് വിഷ്ണുദേവനെ ധ്യാനിച്ച് തപസ്സ് ചെയ്തു. ഭഗവാൻ പ്രത്യക്ഷപ്പെട്ടു. വിരാട് സ്വരൂപമായ അണ്ഡത്തിന് ചൈതന്യം ഇല്ലെന്നറിയിച്ചപ്പോൾ വിഷ്ണുദേവൻ അനന്തരൂപം കൈക്കൊണ്ട് അണ്ഡത്തിൽ പ്രവേശിച്ചു. ആയിരം കാലുകളും കണ്ണുകളും ശിരസ്സുമായി അനന്തൻ അതിൽ പ്രവേശിച്ചപ്പോൾ ചൈതന്യം ഉണ്ടായി. അണ്ഡം എല്ലായിടവും വ്യാപിച്ചു. ബ്രഹ്മാണ്ഡത്തിൽ പതിനാലു ലോകങ്ങൾ ബ്രഹ്മാവ് സൃഷ്ടിച്ചു.

### ക്ഷേത്രങ്ങളിലെ ലിംഗ പ്രതിഷ്ഠ

ശിവക്ഷേത്രങ്ങളിലെല്ലാം നിരാകാരമായ ലിംഗ പ്രതിഷ്ഠയാണുള്ളത്. ബ്രഹ്മദേവന്റേയും വിഷ്ണുദേവന്റേയും അസ്ത്ര മദ്ധ്യത്തിലും ഇരു ദേവന്മാർ പ്രാർത്ഥിച്ച അവസരത്തിലും പരമേശ്വരൻ ജ്യോതിർലിംഗ രൂപത്തിലാണ് ആവിർഭവിച്ചത്. നിരാകാരമായ പരബ്രഹ്മത്തിന്റെ പ്രതീകമാണ് ശിവലിംഗം.

## കവർ ചിത്രം വരച്ചത്: യു. രാജേന്ദ്ര വർമ്മ



കോട്ടയം മറിയപ്പള്ളി കൊട്ടാരത്തിൽ ഉദയ വർമ്മ രാജായുടെയും സരളാ ഉദയ വർമ്മയുടെയും പുത്രൻ. കേരള സർവ്വകലാശാലയുടെ ഏറ്റവും മികച്ച ചിത്രകാരനുള്ള ശ്രീ ചിത്രാ സ്വർണ്ണ മെഡൽ കരസ്ഥമാക്കിയിട്ടുണ്ട്. മലയാള മനോരമ, മനോരാജ്യം, മംഗളം, പശ്ചിമതാരക തുടങ്ങിയ ആനുകാലികങ്ങളിൽ ചിത്രങ്ങൾ വരച്ചു. സി.വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ എന്ന നോവൽ മലയാള മനോരമ ആഴ്ചപ്പതിപ്പിൽ ചിത്രകഥാരൂപത്തിൽ 90 ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചു. കേരള സർക്കാർ വ്യാവസായിക പരിശീലന വകുപ്പിൽ നിന്നും പിരിഞ്ഞശേഷം പത്നി കൊരട്ടി സ്വരൂപത്തിലെ ശൈലജാ വർമ്മയോടൊപ്പം കൊരട്ടിയിൽ 'ത്രയംബക'യിൽ താമസം. നിരവധി പോർട്രെയിറ്റുകളും വരച്ചിട്ടുണ്ട്. ഇപ്പോൾ കൂടുതലായും ചുമർ ചിത്രകലയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഏക മകൾ അഞ്ജുഷാവർമ്മ ഭർത്താവ് ശ്രീകുമാർ കർത്തായോടും മക്കൾ, ഗൗരി, ഗായത്രി എന്നിവരോടുമൊപ്പം കാനഡയിലെ ബ്രാംപ്ടണിൽ സ്ഥിര താമസമാണ്. അവിടുത്തെ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ രാജേന്ദ്രൻ വരച്ച അനന്തശായിയായ മഹാവിഷ്ണുവിന്റെ മ്യൂറൽ പെയിന്റിംഗ് സൂക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ ക്ഷത്രിയ ക്ഷേമസഭ കൊരട്ടി യൂണിറ്റിന്റെ സെക്രട്ടറിയാണ്. **മൊ. 9446119991**


അതുകൊണ്ട് ശിവലിംഗ ദർശനത്തിൽ കൂടി പരബ്രഹ്മദർശനം തന്നെ സിദ്ധിക്കുന്നു. ശിവാരാധനയിൽ പരബ്രഹ്മത്തെയാണ് ആരാധിക്കുന്നത്. പിതൃമാതൃസ്വരൂപത്തിൽ ലിംഗത്തെ ദർശിക്കുകയും ആരാധിക്കുകയും വേണം.

ശ്രീമദ് ശിവമഹാപുരാണത്തിൽ പല അദ്ധ്യായങ്ങളിലായി പ്രതിപാദിച്ചിട്ടുള്ള ഭഗവദ് ചരിതം വായനക്കാർക്കുവേണ്ടി ജഗദ് പിതാക്കൾക്ക് സമർപ്പിക്കുന്നു. സദ്ബുദ്ധി, സദ്ചിന്ത, സന്മനോഭാവം, സദ്കർമ്മശേഷി, സദ്ഭാഷണശേഷി തുടങ്ങിയവയെല്ലാം പ്രദാനം ചെയ്ത് എല്ലാവരേയും അനുഗ്രഹിക്കണമെന്ന് പ്രാർത്ഥിക്കുന്നു.

*"ലോകാഃ സമസ്താഃ*
*സുഖിനോഭവന്തു"*


# കുറ്റവും ശിക്ഷയും

**റ്റി.എൻ. ആദിത്യവർമ്മ,** തിരുവനന്തപുരം



ആരും നിനയ്ക്കാത്ത നേരത്തു നീ മഹാ
മാരിയായ് ഊഴിയിൽ വന്നൂ
ലക്ഷക്കണക്കിന്നു മർത്ത്യരെ നിന്നുടെ
യാക്രമണത്താൽ വലച്ചൂ
ആയിരമായിരം മാനവർ നിന്നുടെ
ആഹാരമായിട്ടു മാറി
എന്താണതിക്രമം ചെയ്തതു ഞങ്ങളെ-
ന്നന്ധാളിച്ചാളുകൾ നിൽപ്പൂ

വെട്ടിക്കളഞ്ഞൂ മരങ്ങളെല്ലാം, പാറ
പൊട്ടിച്ചു പൊട്ടിച്ചു തീർത്തൂ
ചുട്ടെരിച്ചു കാടു, കയ്യടക്കീ വനം
കാട്ടുകള്ളൻമാരെപ്പോലെ
വിട്ടില്ല പാവം നദിയെയൊട്ടും തോട്ട
പൊട്ടിച്ചു മീനും പിടിച്ചൂ
കക്കൂസു മാലിന്യം മാത്രമല്ലാ, രാസ
മാലിന്യമാറ്റിലൊഴുക്കി
ഒട്ടും നടക്കാതെ വാഹനത്തിൽ പുക
തുപ്പിച്ചു കൊണ്ടു ചരിച്ചു
ശുദ്ധമായോരു വിഹായസ്സിനെ ക്കരി-
ക്കട്ടപോൽ മാറ്റിയെടുത്തൂ
ഇച്ചൊന്നതൊക്കെയും തെറ്റാണതെങ്കിലും
ശിക്ഷിയ്ക്കൊലാ ഭഗവാനേ
അത്യാർത്തി വിട്ടിനി ഞങ്ങൾ പ്രകൃതിയെ
ശ്രദ്ധയോടങ്ങു പാലിക്കാം. ●



# കേരളം വഞ്ചിപ്പാട്ട്

**കുട്ടി അനിയൻ രാജ,** ചെർപ്പുളശ്ശേരി, പാലക്കാട്



പച്ചപ്പട്ടു വിരിച്ചുള്ള നെല്പാടങ്ങൾ പൂത്തുനിന്നു.
സ്വച്ഛന്ദമായ് വിളങ്ങുന്ന നെല്ക്കതിരാലും
മാധുര്യത്തേൻ നിറച്ചുള്ള കുളിർജലം പേറിക്കൊണ്ടും
സ്വാദേറുന്ന കേരഫലം വഹിച്ചുകൊണ്ടും
എങ്ങുമെങ്ങും വിളഞ്ഞിട്ടു നിന്നീടുന്ന കാഴ്ചകളാൽ
തെങ്ങുകളുമെങ്ങും കാണാം ഭംഗി വിടർത്തി
കണ്ണിനേവം കുളിരേകും കാഴ്ചകളുമെങ്ങും കാണാ
മെണ്ണിയാലുമൊടുങ്ങാത്ത തരത്തിലായ
നാനാവർണ്ണപ്പൂക്കളാലെ നിറഞ്ഞുള്ള കാന്തിയേകീ
ട്ടാനന്ദം താൻ നല്കുന്നല്ലോ ജനമനസ്സിൽ
ആമ്പലുകൾ, താമരയും, ചെമ്പരത്തി, മുക്കുറ്റിയു
മിമ്പംതരും റോസാപ്പൂവും ശോഭവിടർത്തി.
വിളങ്ങുന്ന കാഴ്ചയ്ക്കൊപ്പം കാണാമല്ലോ നാട്ടിലെങ്ങും
തെളിനീരായൊഴുകുന്ന നദികളുമേ
നാനാതരം കലകൾതൻ ഉറവിടമായിവിടെ
തനതായ കലകളും നമുക്കുണ്ടല്ലോ.
കൃഷ്ണനാട്ടം, രാമനാട്ടം, കഥകളി, പൂതൻതിറ
യിഷ്ടം നല്കും മറ്റനേകം കലകളാലും
ശംഖധ്വനി മുഴങ്ങുന്ന ക്ഷേത്രങ്ങളിലുദ്ഭൂതമാ
മുത്സവങ്ങൾ ഘോഷമായി കൊണ്ടാടുന്നല്ലോ
പഞ്ചവാദ്യം, ചെണ്ടമേളം, തായമ്പക കേളികൊട്ടും
സഞ്ജാതമായാഹ്ലാദവുമുണ്ടാക്കുമല്ലോ.
ചാക്യാർകൂത്തുമോട്ടൻതുള്ളൽ, വള്ളംകളിയിത്യാദിയാ
യേറേ നല്ല കലകളും നമുക്കുണ്ടല്ലോ
അത്തം തൊട്ടു പത്തു ദിനമാഹ്ലാദത്തിൻ ലയഘോഷം
ചിത്തത്തിലായ് വിടർത്തുന്നു പലതരത്തിൽ
ഊഞ്ഞാലാട്ടം, തുമ്പിതുള്ളൽ, തിരുവാതിരയുമായി
സഞ്ജാതമാമാഹ്ലാദത്തിൻ തിരതല്ലലായ്
ഓണക്കോടിയുടുത്തീടും സദ്യയുണ്ടു തൃപ്തരായി
യോണം നന്നായ് കെങ്കേമമായ് ജനത്തിനെല്ലാം

വിഷുവന്നു വിഷുക്കണി കണ്ടുമോദാൽ ജനമെല്ലാ-
മിഷ്ടം പോലെ പടക്കവും പൊട്ടിച്ചുകൊണ്ടും
കുട്ടികളുമാസ്വദിപ്പൂ വിഷു നന്നായ് തുഷ്ടിയോടെ
പുഷ്ടമോദാൽ കൈനീട്ടവും വാങ്ങിച്ചുകൊണ്ടും
കളരിതൻ നാടാണല്ലോ കേരളമോ പണ്ടു തന്നെ
കളരികൾ പയറ്റീ നൽഘോഷം മുഴക്കീ.
എത്രയെത്ര യുദ്ധങ്ങൾ താനിവിടേയും നടമാടീ
ചിത്രം നല്ല യോദ്ധാക്കളായ് പോരു നടത്തീ.
മാമാങ്കത്തിൻ വേദികളിൽ പല വീരർപയറ്റിയും
സാമൂതിരി നിലപാടു നിന്നപ്പോഴുമേ
വള്ളുവനാടധീശരോടേറ്റുമുട്ടി സാമൂതിരി
തള്ളിക്കേറി നിലപാടിലുറച്ചുനിന്നു.
ആരോമലാം ചേകവരും പയറ്റിനാൽ പേരെടുത്തു
പാരിടത്തിലേറ്റുമുട്ടി ചന്തുവിനോട്.
മഹാബലി ചക്രവർത്തി മഹത്വമായ് ഭരിച്ചുള്ള
മഹനീയ രാജ്യമാണു കേരളവുമേ.
പെരുമയായ് പന്തീരാണ്ടു വർഷക്കാലം ഭരിച്ചുള്ള
പെരുമാക്കന്മാരുടെയ നാടുമാണല്ലോ.
വൈദേശികക്കോയ്മയുടെ തുടക്കമായിവിടെയാ
വിദേശീയൻ 'ഗാമ'യാദ്യം വന്നുചേർന്നത്.
വെള്ളക്കാരുമാധിപത്യം നേടി പിന്നെ രാജ്യമൊട്ടും
അടിമയായ് ജീവിച്ചു നാമെത്രയോ വർഷം
സ്വാതന്ത്ര്യത്തിൻ പുലരിയ്ക്കായ് യുദ്ധം വെട്ടീധീരനായ
കീർത്തികേട്ട പഴശ്ശിയുമിവിടെയല്ലേ
വേലുത്തമ്പി ദളവ തൊട്ടനവധി ധീരന്മാർക്കീ
നല്ല നാടീ കേരളവും ജന്മംകൊടുത്തു.
തുഞ്ചൻ, കുഞ്ചൻ, പുനവും നൽപ്പൂന്താനവും,
വെണ്മണിയും
ചെറുശ്ശേരി, കുഞ്ഞിക്കുട്ടൻ തമ്പുരാനുമേ.

ശുഭമസ്തു

# ശ്രീമദ്ഭാഗവതാവതാരം

**ചന്ദ്രാവലി തമ്പുരാൻ,** തിരുവനന്തപുരം



ദ്വാപരയുഗത്തിന്റെ അവസാനകാലം ബദരീവൃക്ഷങ്ങൾ തിങ്ങി നില്ക്കുന്ന പ്രകൃതിരമണീയമായ വനപ്രദേശം; സരസ്വതീ നദി സൗമ്യമായൊഴുകുന്ന കളകളാരവം; പൂത്തുലഞ്ഞുനില്ക്കുന്ന പുഷ്പങ്ങളുടെ സുഗന്ധം വഹിച്ചു വീശുന്ന മന്ദമാരുതൻ. ഹൃദ്യമായ അന്തരീക്ഷമെങ്കിലും നദീതീരത്തുള്ള ശമ്യാപ്രാസമെന്ന ആശ്രമത്തിൽ വേദവ്യാസ മഹർഷി അസന്തുഷ്ടനാണ്. കലികാലം വിദൂരത്തിലല്ല. മനുഷ്യൻ വരുംകാലത്ത് മന്ദന്മാരും, ആയുരാരോഗ്യം കുറഞ്ഞവരുമായിരിക്കും. വേദമെന്ന സർവ്വ വിജ്ഞാനത്തിന്റേയും ഭണ്ഡാരം ആരു കൈകാര്യം ചെയ്യും? ജനതതിക്ക് എളുപ്പം മനസ്സിലാക്കുവാനായി വേദത്തെ ഋക്ക്, സാമം, യജുസ്സ്, അഥർവ്വം എന്ന് നാലാക്കി വിഭജിച്ച് യഥാക്രമം പൈലൻ, ജൈമിനി, വൈശമ്പായൻ, സുമന്തു എന്നിവരെ ശിഷ്യഗണങ്ങളിലൂടെ പ്രചരിപ്പിക്കുവാനായി ചുമതലപ്പെടുത്തി. ഉപനിഷത്തുകൾ വ്യാഖ്യാനിച്ചു. ധർമ്മം സാമാന്യ ജനതയ്ക്ക് മനസ്സിലാക്കുവാനായി കഥാകഥനത്തിലൂടെ വ്യക്തമാക്കിക്കൊണ്ട്, ഒരു ലക്ഷത്തിലധികം ശ്ലോകസംഖ്യയുള്ള മഹാഭാരതം രചിച്ച്, രോമഹർഷണനെന്ന സൂതനെ ഏല്പിച്ചു. ഇത്രയൊക്കെ ചെയ്തിട്ടും കൃതകൃത്യതാബോധം തോന്നുന്നില്ല. ഒരു അസ്വസ്ഥത!! മഹർഷി മനസ്സിനെ ബ്രഹ്മത്തിൽ കേന്ദ്രീകരിച്ച്, സമാധിമഗ്നനായിരുന്നു.

*"ശിവരാമ ഗോവിന്ദ മഹാദേവ*
*നാരായണ കൃഷ്ണഹരേ!*
*ഹരേ കൃഷ്ണ നാരായണ മഹാ*
*ദേവ ഗോവിന്ദ രാമശിവ!!"*

വീണയിലൂടെ സപ്തസ്വരങ്ങളുടെ ആരോഹണാവരോഹണങ്ങൾ കേട്ട വേദവ്യാസൻ കണ്ണു തുറന്നു. മുൻപിൽ നില്ക്കുന്ന ശ്രീനാരദ മഹർഷിയെ വിധിയാം വണ്ണം പൂജിച്ച്, ആസനസ്ഥനാക്കി. ശ്രീനാരദൻ വേദവ്യാസനെ സാകൂതം നോക്കിയിട്ട്, പുഞ്ചിരിച്ചു ചോദിച്ചു "എന്താ വ്യാസാ, മുഖത്തൊരു പ്രസന്നതയില്ലല്ലോ?"

"നാരദ മഹർഷേ! ആകെ ഒരു മൗഢ്യം. കലികാലത്ത് വിഷമിയ്ക്കുവാൻ പോകുന്നവർക്കു വേണ്ടി ഒന്നും ചെയ്തില്ലല്ലോ എന്ന തോന്നൽ."

നാരദൻ: "അദ്ഭുതം തന്നെ! ജനതതിക്കുവേണ്ടി ഇത്രയൊക്കെ ചെയ്തിട്ടും തൃപ്തി തോന്നുന്നില്ലെന്നോ? വേദങ്ങൾ രചിച്ച് ചുമതലക്കാരെ ഏല്പിച്ചു. മഹാഭാരതമെന്ന ഒരു ഗ്രന്ഥം മതിയല്ലോ സംതൃപ്തനാകാൻ!"

"മഹർഷേ! മഹാഭാരതം രചിച്ചപ്പോൾ എനിക്കും സന്തോഷവും സംതൃപ്തിയുമൊക്കെ തോന്നി. പക്ഷെ ധർമ്മത്തെപ്പറ്റി ഇത്രയേറെ വിശദമായിപ്പറഞ്ഞിട്ടും, അതനുഷ്ഠിക്കുവാൻ ജനങ്ങൾക്ക് വൈമുഖ്യമാണെന്നു മാത്രമല്ല, അതിലെ അധർമ്മമാണ് പലപ്പോഴും ഉൾക്കൊള്ളപ്പെടുന്നത്! ഇത്രയും ഗുരുത്വമുള്ള ഗ്രന്ഥമായിട്ടും അത് മനുഷ്യനന്മയ്ക്ക് വേണ്ട വിധത്തിൽ ഉതകുന്നില്ലല്ലോ എന്ന വിഷമം"

"അങ്ങയുടെ പ്രവൃത്തി തികച്ചും ശ്ലാഘനീയം തന്നെ. മഹാഭാരതം പോലൊരു ബൃഹദ്ഗ്രന്ഥം ഇതുവരെ ഉണ്ടായിട്ടില്ല, ഉണ്ടാകുകയുമില്ല. പക്ഷെ അതിൽ ഭഗവാന്റെ മഹത്ത്വം വേണ്ട വിധത്തിൽ അവതരിപ്പിച്ചിട്ടില്ല എന്നൊരു ന്യൂനത ഉള്ളതായി എനിക്കു തോന്നുന്നു."

"ശ്രീകൃഷ്ണന്റെ പ്രഭാവം അതിൽ വ്യക്തമാക്കുന്നുണ്ടല്ലോ. അവിടുത്തെ ഒഴിച്ചുനിർത്തിയാൽ മഹാഭാരതമുണ്ടോ?"


"അങ്ങ് ശ്രീകൃഷ്ണനെപ്പറ്റി പറഞ്ഞിട്ടുണ്ടെന്നതു ശരി തന്നെ! പാണ്ഡവന്മാരുടേയും കൗരവന്മാരുടെയും കൂട്ടത്തിൽ ശ്രീകൃഷ്ണനേയും കാണാം. അതുപോരാ! ഭഗവാന്റെ വാത്സല്യം, വിപരീത പരിതഃസ്ഥിതിയിലും ഭക്തന്മാരുടെ ച്യുതിയില്ലായ്മ, ഭഗവാന്റെ അനുഗ്രഹവർഷം സ്ത്രീപുരുഷ, ശിഷ്ട-ദുഷ്ട, ജാതി-വർണ്ണഭേദമെന്യേ ഏവരിലും ചൊരിയുന്നത് എന്നിവ ഉൾക്കൊള്ളുന്ന കഥകളുടെ സമാഹാരം രചിക്കുക. അതിന്ന് രൂപരേഖ എന്ന നിലയ്ക്ക് എനിക്ക് അച്ഛനിൽ നിന്നും കിട്ടിയ ഭാഗവതം ഉപദേശിക്കാം. ഭഗവാൻ തനിക്ക് ഉപദേശിച്ച ചതുഃശ്ലോകീ ഭാഗവതം, അച്ഛൻ കുറെക്കൂടി വിപുലമാക്കിത്തന്നിട്ട് പറഞ്ഞു "ഉണ്ണീ, വായിക്കുന്നവർക്ക്, കേൾക്കുന്നവർക്ക് ഭഗവദ്ഭക്തിയുണ്ടാകും വിധം ഇതിനെ വിപുലമാക്കി പ്രചരിപ്പിക്കുക." അച്ഛൻ തന്ന ഉപദേശം കൈപ്പറ്റുവാൻ യോഗ്യതയുള്ള ആൾ ഗ്രന്ഥരചനയിൽ പ്രവീണനായ അങ്ങല്ലാതെ മറ്റാരാണുള്ളത്? അതിന്റെ പശ്ചാത്തലമെന്ന നിലയിൽ ഞാനെന്റെ പൂർവ്വ ജന്മകഥ പറയാം.

ഉപബർഹണൻ എന്ന ഒരു ഗന്ധർവ്വനായിരുന്നു ഞാൻ. ആകാരസൗഷ്ഠവം, പാട്ടിലും നൃത്തത്തിലും പ്രാവീണ്യം, സംഭാഷണ

ചാരുത- ആളുകൾ, വിശിഷ്ട്യാസ്ത്രീകൾ 'ജയ ജയ' പറഞ്ഞ് എന്റെ പിന്നാലെ നടന്നപ്പോൾ അഹങ്കാരം തോന്നിയത് സാധാരണമല്ലെ? ഒരിക്കൽ ചില മഹർഷിമാരുടെ പ്രാകൃത രൂപം കണ്ട് ഞാനവരെ അല്പമൊന്നു കളിയാക്കി. ദ്വന്ദ്വാതീതരായ അവരെ അത് സ്പർശിച്ചിരിക്കില്ല. പക്ഷെ എന്റെ നിന്ദ്യമായ പ്രവൃത്തിക്ക് ശിക്ഷയെന്നോണം അവരെന്നെ ശപിച്ചു- "ഒരു ദാസീപുത്രനായി ഭൂമിയിൽ പോകട്ടെ."

ഒരു പ്രഭുകുടുംബത്തിലെ ദാസിയുടെ മകനായി ഞാൻ വളർന്നു. ഒരഞ്ചു വയസ്സു പ്രായമായ കാലത്ത്, ആ ഗൃഹത്തിലേക്ക് നാലു സന്യാസിവര്യന്മാർ ചാതുർമാസ്യത്തിനായി വന്നു. അവർക്കു വേണ്ട ചെറിയ കാര്യങ്ങൾ- പൂ പറിച്ച് ഒരുക്കുക, പൂജാപാത്രങ്ങൾ തേയ്ക്കുക തുടങ്ങിയവയ്ക്കായി യജമാനൻ എന്നെ നിയോഗിച്ചു. ജോലി ചെയ്യുവാൻ എനിക്ക് ഉത്സാഹമായി. ജീവിതത്തിന്നൊരു ചിട്ട വന്നു, ഒരുദ്ദേശ്യവും. മഹാത്മാക്കൾ കീർത്തനങ്ങൾ പാടുമ്പോൾ ഞാനും പങ്കുചേർന്നു. ഗന്ധർവ്വജന്മത്തിൽ ഹരികീർത്തനങ്ങൾ പാടിയതിന്റെ ശേഷിപ്പെന്ന നിലയിൽ ഭഗവദ് സ്തുതികൾ സ്വയം മറന്ന് ആലപിച്ചു. അവർ പറയുന്ന കഥകളിൽ ഔത്സുക്യം തോന്നി, ആനന്ദവും. എന്റെ ശ്രദ്ധ കണ്ട് അവരും കഥാകഥനത്തിൽ ഉത്സുകരായി. എനിക്ക് മറ്റൊന്നിലും ഉത്സാഹമില്ലാതായി. യജമാന പത്നി കൂടെക്കൂടെ തരാറുള്ള 'സ്വാദുരുള'യ്ക്കു പോലും പോകാതായപ്പോൾ അവർ വിസ്മയിച്ചു. എനിക്ക് മഹാത്മാക്കളുടെ ഉച്ഛിഷ്ടം മാത്രം മതിയായിരുന്നു.

നാലു മാസങ്ങൾ കഴിഞ്ഞു. മഹർഷിമാർ തിരിച്ചെഴുന്നള്ളുവാൻ സമയമായി. എനിക്ക് അതികഠിനമായ ദുഃഖം തോന്നി. എന്നെക്കൂടി കൊണ്ടുപോകാൻ അവരുടെ കാൽക്കൽ വീണ് അപേക്ഷിച്ചു. അവർ പറഞ്ഞു "കുട്ടീ, ഞങ്ങൾ



പലയിടത്തും യാത്രയായിരിക്കും, കാട്ടിലും ഗുഹയിലുമെല്ലാമായിരിക്കും താമസം. മാത്രമല്ലാ, നീ വന്നാൽ, നിന്റമ്മയ്ക്ക് ആരാണുള്ളത്?" ഒടുവിൽപ്പറഞ്ഞത്, അല്പം അകലെയായി, ആകാംക്ഷയോടെ നില്ക്കുന്ന അമ്മയുടെ നിറഞ്ഞ കണ്ണുകൾ കണ്ടിട്ടു കൂടിയായിരിക്കണം. പോകുന്നതിനു മുമ്പായി, അവരെനിക്ക് മന്ത്രോപദേശം നല്കി.

*"നമൊ ഭഗവതെ തുഭ്യം വാസുദേവായ ധീമഹി*
*പ്രദ്യാമ്നായാf നിരുദ്ധായ നമഃ സങ്കർഷണായ ച"*

(ഭാഗവതം 1.5.37)

മഹാത്മാക്കൾ പോയെങ്കിലും ഞാൻ അവർ താമസിച്ചിരുന്ന സ്ഥലത്തുതന്നെ കീർത്തനം പാടിയും, ജപിച്ചും മന്ത്രോപാസന ചെയ്തും, അവർ പറഞ്ഞ കഥകൾ ഓർത്തുകൊണ്ടും ഈശ്വരാരാധന തുടർന്നു.

ഒരു സന്ധ്യാനേരം! അമ്മയുടെ ഉച്ചത്തിലുള്ള നിലവിളി കേട്ട് ഞാൻ ആ ദിശയിലേക്ക് ഓടി. തൊഴുത്തിന്നടുത്ത്, യജമാനനും ചില സേവകരും കൂടി നില്ക്കുന്നു. അവരുടെ നടുവിലായി, അമ്മയുടെ ചേതനയറ്റ ശരീരം! പശുവിനെ കറക്കുവാൻ പോയ അമ്മയെ വിഷം തീണ്ടിയതാണ്! ഞാൻ ഉറക്കെക്കരഞ്ഞു. യജമാനനും പത്നിയും സമാശ്വസിപ്പിച്ചുകൊണ്ടേ ഇരുന്നു. എന്റെ കാര്യമെല്ലാം അവർ ഏറ്റെടുക്കാമെന്ന് ഉറപ്പിച്ചു പറഞ്ഞു. തല്ക്കാലം തോന്നിയ വിഷമം ക്രമത്തിൽ കുറഞ്ഞു. ഭഗവാൻ എന്നെ സ്വതന്ത്രമാക്കിയെന്ന തോന്നൽ! ഞാൻ ആ ഗൃഹം വിട്ട് വടക്കോട്ടു സഞ്ചരിച്ചു. ആ മഹാത്മാക്കളെ വീണ്ടും കണ്ടുമുട്ടിയെങ്കിൽ! ഞാനാശിച്ചു. കാട്ടിലൂടെ സഞ്ചരിക്കുമ്പോൾ, അവരുപദേശിച്ച ഈശ്വരോപാസനയുടെ തീക്ഷ്ണതയിൽ ഒരു ദിവസം മിന്നൽ പോലെ ഭഗവദ്ദർശനം ഉണ്ടായി. കൂടെ ഒരു അശരീരിയും: "ഈ ജന്മത്തിൽ നിനക്ക് എന്നെ കാണാൻ കഴിയില്ല. നിനക്ക് സ്മരിക്കുവാൻ വേണ്ടി മാത്രം ഒരു പ്രാവശ്യം ദർശനം നല്കിയതാണ്. ഈശ്വര ഭജനം തുടരുക." അതോടെ മറ്റൊന്നും ചിന്തിക്കാതെയായി ഞാൻ. ഈശ്വര സ്മരണയോടെ ചരിക്കുന്നതിനിടയിൽ എന്റെ ആ ഭൗതിക ശരീരം വീണു. പിന്നെ, ബ്രഹ്മാവിന്റെ ഉത്സംശത്തിൽ നിന്നും വത്സലപുത്രനായ നാരദനായി ഞാൻ. എന്റെ വിരലൊന്നു തൊട്ടാൽ മതി, അറിയാതെയാണെ

ങ്കിൽക്കൂടി എനിക്ക് ഭഗവദ്ദർശനം ലഭിക്കുന്നു. സജ്ജന സംസർഗ്ഗത്തിന്റെ മഹിമ വ്യക്തമാക്കുവാൻ കൂടിയാണ്, ഈ പൂർവ്വകഥ പറഞ്ഞത്. അച്ഛൻ തന്ന ഭാഗവത പുരാണം ഞാൻ അങ്ങേയ്ക്ക് ഉപദേശിക്കുന്നു. ഇതിനെ ഭക്തി ഗ്രന്ഥമാക്കി, ഭഗവദ് ഗ്രന്ഥമാക്കി രചന നടത്തുക."

വ്യാസന്റെ മുഖത്തുനിന്നും സംതൃപ്തി മനസ്സിലാക്കിയ നാരദ മഹർഷി തന്റെ യാത്ര തുടർന്നു. വേദവ്യാസൻ, നാരദ മഹർഷിയുടെ ഉപദേശം നല്ലപോലെ മനനം ചെയ്ത്, സമാധിയവലംബിച്ച് 18000 ശ്ലോകസംഖ്യയുള്ള "ശോക മോഹ ഭയാ പഹ" യായ- കഴിഞ്ഞതിനെപ്പറ്റി ശോകം, വർത്തമാനത്തിൽ മോഹം, ഭാവിയെക്കുറിച്ച് ഭയം ഇതാണല്ലോ, മനുഷ്യമനസ്സ്-ശ്രീമദ് ഭാഗവതമെന്ന ഗ്രന്ഥം രചിച്ചു, പ്രത്യക്ഷഃ കൃഷ്ണരൂപിയായ ശ്രീമദ്ഭാഗവതം അവതരിച്ചു.

വേദവ്യാസ മഹർഷി സംതൃപ്തനായിക്കാണണം. പിന്നീടൊരു പുരാണ രചനയ്ക്ക് അദ്ദേഹം മുതിർന്നിട്ടില്ല. സർവ്വ വേദാന്ത സാരമായ ഈ ഗ്രന്ഥം ഉൾക്കൊണ്ടാൽ വേറൊന്നിലും 'രുചി' തോന്നുകയില്ലെന്ന് ഈ ഗ്രന്ഥത്തിന്റെ അവസാനത്തിൽ എഴുതി ച്ചേർത്തതും അതായിരിക്കണം.

*(''സർവ്വ വേദാന്തസാരം ഹി*
*ശ്രീഭാഗവതമിഷ്യതേ*
*തദ്രസാമൃതതൃപ്തസ്യ നാ്ന്യത്ര*
*സ്യാദ് രതിഃ ക്വചിത്*

(ഭാഗവതം 12.13.15)

ഈ ഉത്തമ ഗ്രന്ഥം ആർക്ക് കൈമാറും? -ചിന്താമഗ്നനായി വേദവ്യാസ മഹർഷി തന്റെ പുത്രനെയാണ് ഓർമ്മ വന്നത്. പക്ഷെ കുമാരൻ തികച്ചും നിസ്സംഗൻ! നിർവ്വികല്പ സമാധിനിരതൻ!! തന്നെ ഉപേക്ഷിച്ചുപോകുന്ന മകനെ "പുത്രാ" എന്നു വിളിച്ചു പിന്നാലെ പോയ രംഗം ഓർമ്മ വന്നു. മകനു പകരം, അദ്ദേഹത്തിന്റെ സർവ്വഭൂത ഹൃദയത്വം വ്യക്തമാക്കുവാനെന്നോണം ചുറ്റുമുള്ള മരങ്ങളാണ് പ്രതിധ്വനിച്ചത്! പോകുംവഴിയിൽ ഒരു സരസ്സിൽ ദേവകുമാരിമാർ ജലക്രീഡ നടത്തുകയായിരുന്നു. യൗവ്വനയുക്തനായ, നഗ്നനായ ശ്രീശുകനെ കണ്ടപ്പോൾ അവർ, ഒന്നും സംഭവിക്കാത്ത പോലെ ജലക്രീഡ തുടർന്നു. പിന്നാലെ വന്ന, അച്ഛന്റേയോ മുത്തച്ഛന്റേയോ ഒക്കെ പ്രായമുള്ള തന്നെ കണ്ടപ്പോൾ അവർ ലജ്ജിച്ച് വസ്ത്രം ധരിച്ച് മാറി നിന്നു. അതിൽ അനൗചിത്യം തോന്നിയ തന്നോട് അവരുടെ വിശദീകരണം- അവിടുത്തെ പുത്രന് സ്ത്രീപുരുഷ ഭേദമൊന്നുമില്ല. ഉന്നത തലത്തിൽ വിരാജിക്കുകയല്ലേ, നിവൃത്തിനിരതനായ ആ ബ്രഹ്മർഷിഠൻ!

വേദവ്യാസ മഹർഷിക്ക് അധികനാൾ കുണ്ഠിതപ്പെട്ടിരിക്കേണ്ടി വന്നില്ല.

*"ബർഹാ പീഢം നടവരവപുഃ*
*കർണ്ണയോഃ കർണ്ണികാരം*
*ബിഭ്രദ്വാസഃ കനകകപിശം*
*വൈജയന്തീം ചമാലാം*
*രന്ധ്രാൻ വേണോരധരസുധയാ*
*പൂരയൻ ഗോപവൃന്ദൈഃ*
*വൃന്ദാരണ്യം സ്വപദരമണം*
*പ്രാവിശദ് ഗീത കീർത്തിഃ*

(ഭാഗവതം 10.21.5)

സുമധുരമായി ആലപിക്കുന്ന ശ്ലോകം കേട്ട് മഹർഷി ചുറ്റും നോക്കി. തന്റെ കണ്ണുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. ആ പതിനാറുകാരൻ അദ്ദേഹത്തെ നമസ്കരിച്ചു പറഞ്ഞു, "അച്ഛാ, അവിടുന്നു രചിച്ച ശ്രീമദ് ഭാഗവതം നാമപുരാണം, എനിക്ക് യോഗ്യതയുണ്ടെന്ന വിടേക്കു തോന്നുന്നെങ്കിൽ ഉപദേശിച്ചാലും!!"

വേദവ്യാസ മഹർഷി ആശ്ചര്യ ചകിതനായി, ഉൾപുളകം പൂണ്ടു, ഹർഷാശ്രുക്കൾ ധാരയായി ഒഴുകുവാൻ തുടങ്ങി. താൻ മോഹിച്ച ഈ സുമുഹൂർത്തം!! വിശദീകരണമെന്നോണം ശ്രീശുകൻ പറഞ്ഞു: "പൂവ്വറുത്തു നടന്നിരുന്ന ചില മുനികുമാരൻ ഈ ശ്ലോകം ചൊല്ലുന്നതുകേട്ടപ്പോൾ വാചാമഗോചരമായ ആനന്ദം! അവിടുന്നു രചിച്ച ശ്രീമദ്ഭാഗവതത്തിലെ ശ്ലോകമാണെന്നും സച്ചിദാനന്ദ ബ്രഹ്മത്തെ പ്രകീർത്തിക്കുന്ന നിരവധി ശ്ലോകങ്ങൾ അതിലുണ്ടെന്നും മനസ്സിലായി. പരിപൂർണ്ണ സാകാരനായി അവതരിച്ചു ലീലയാടിയ ശ്രീകൃഷ്ണ പരമാത്മാവിനെ എനിക്ക് പരിചയപ്പെടുത്തിത്തന്നാലും അച്ഛാ"

ശ്രീശുക ബ്രഹ്മർഷി തനിക്കു കിട്ടിയ ഭാഗവതം ഗംഗാതീരത്ത് പ്രായോപവിഷ്ടനായ പരീക്ഷിത്തു മഹാരാജാവിന് ഉപദേശിച്ചു. തത്സമയം അവിടെ ഉപവിഷ്ടനായിരുന്ന ഉഗ്രശ്രവസ്സ്- രൗമഹർഷിണി- എന്ന സൂതൻ നൈമിഷാരണ്യത്തിൽ ദീർഘസത്രം നടത്തിയിരുന്ന ശൗനകാദി മഹർഷിമാർക്ക് പകർന്നുകൊടുക്കുന്ന രീതിയിലാണ് ഗ്രന്ഥരചന. ഗോകുലത്തിൽ ഗോപികളുടെ കൈകളാകുന്ന ചെന്താമരപ്പൂക്കളിൽ ഒരു വണ്ടെന്നപോലെ ഉണ്ണിക്കൃഷ്ണൻ മാറിമാറി പരിലസിച്ചത് (.... നീതസ്ത്വമാതാമ്രസരോജമാലാ വ്യാലംബിലോലംബതുലാമലാസീഃ- നാരായണീയം ദശകം 41-9)

മേൽപ്പുത്തൂർ വർണ്ണിക്കുന്നതുപോലെ, മഹാത്മാക്കളായ ഗുരുപരമ്പരകളിലൂടെ പ്രത്യക്ഷഃ കൃഷ്ണരൂപിയായ ശ്രീമദ് ഭാഗവതവും ശോഭിച്ചുകൊണ്ടേയിരിക്കുന്നു. മഹാഭാരതത്തെപ്പറ്റി വേദവ്യാസൻ ഉദ്ഘോഷിച്ചതുപോലെ ലോകത്തുള്ളതെല്ലാം ഇതിലുണ്ട്, ഇതിലില്ലാത്തതൊന്നുമില്ല.

*(യദ് ഇഹാ്സ്തി തദ് അന്യത്ര*
*യന്നേഹാ്സ്തി ന തത് ക്വചിത്-)*

എന്നത് ഈ ഗ്രന്ഥത്തെക്കുറിച്ചും തികച്ചും സത്യം തന്നെ. ജന്മാന്തര സുകൃതം കൊണ്ടു മാത്രം ലഭിക്കുന്ന ശ്രീമദ് ഭാഗവത സ്വരൂപിയെ നമസ്ക്കരിക്കുക.

(ജന്മാന്തരേ ഭവേത്പുണ്യം
തദാ ഭാഗവതം ലഭേത്-
ശ്രീമദ്ഭാഗവത മാഹാത്മ്യം 1-12)

*ശ്രീകൃഷ്ണാർപ്പണമസ്തു.*

# ആദിത്യവർമ്മയുടെ കവിതകൾ

**മാവേലിക്കര രഘുനാഥ വർമ്മ**

**(കാവ്യപൂജ, അരയന്നം, മധുരം മലയാളം എന്നീ മൂന്ന് കവിതാസമാഹാരങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയത്)**



നർമ്മ രസത്തിന്റെ മാധുര്യവും ആശയത്തിന്റെ ഗാംഭീര്യവും പദങ്ങളുടെ ലാളിത്യവും ഒത്തിണങ്ങിയതാണ് ടി. എൻ. ആദിത്യവർമ്മയുടെ കവിതകൾ. കുട്ടിക്കവിതകൾ ആണെങ്കിൽ എടുത്തു പറയേണ്ട കാര്യവുമില്ല. തൂലികയിലൂടെ ഒഴുകി വരുമ്പോൾ അതിന് ശാന്തമായി ഒഴുകുന്ന നദിയുടെ സൗന്ദര്യവുമുണ്ടാകുന്നു. ഞെക്കുവിളക്ക് എന്ന കവിതയിൽ കൂടി(ടോർച്ച്) കവി ഒരു നിത്യ സത്യം വിളിച്ചോതുന്നു. "നിറകുട മൊട്ടു തുളുമ്പുകയില്ല'' എന്ന തത്വം അയത്ന ലളിതമായി പ്രതിപാദിക്കുന്നു, ടോർച്ചെന്ന കവിതയിൽ.

കുഞ്ഞുണ്ണിമാഷിന്റെ കവിതകളെപ്പോലെ സുന്ദരമാണ് ആദിത്യവർമ്മയുടെ ചില നുറുങ്ങുകവിതകൾ. പലതുള്ളി പെരുവെള്ളം എന്ന് ഉദ്ഘോഷിക്കുന്നത് കുഞ്ഞു പദങ്ങളെ കൊണ്ടാണ്.

*''ഇത്തിരി ഇത്തിരി ഇത്തിരി ചേർന്നേ*

*ഒത്തിരിയായിത്തീരുകയുള്ളൂ''* ഇതു കേൾക്കാൻ തന്നെ ഒത്തിരി രസമില്ലേ.

നാമെല്ലാം തലയുയർത്തി നടക്കണമെന്നും അഹങ്കാരം ലേശമില്ലാതെ വർത്തിക്കണമെന്നുമാണ് 'തലയൊന്നു നിവർത്തു' എന്ന കവിതയിൽ കൂടി കവി കുട്ടിയെ പഠിപ്പിക്കുന്നത്.

*''നമിക്കിലുയരാം നടുകിൽ തിന്നാം നൽകുകിൽ നേടീടാം.*

*നമുക്കു നാമേ പണിവതു നാകം നരകവുമതുപോലെ''* എന്ന ഉള്ളൂരിന്റെ പ്രേമസംഗതത്തിലെ ആശയത്തോടു കിടപിടിക്കുന്നു ആ കവിതയുടെ സാരാംശം.

"മനസ്സു നീറിപ്പുകയുമ്പോഴും

ചിരിക്കയാണോ ചെയ്യേണ്ടൂ"

'കമ്പിത്തിരി' എന്ന കുട്ടിക്കവിതയിലെ വരികളാണ്. നമ്മുടെ ചിന്താധാരയിൽ എപ്പോഴും ശുഭാപ്തി വിശ്വാസമാണ് (Optimism) വേണ്ടതെന്ന് പറയുന്നു. കുട്ടികളോട് ഇതിൽ കൂടുതൽ എന്താണ് പറയേണ്ടത്.

സംസ്കൃതത്തിൽ തൊട്ടാവാടി എന്ന ചെടിയ്ക്ക് 'ലജ്ജാലു' എന്നാണ് പേര്. തൊടിയിൽ വളർന്നു പന്തലിക്കുന്ന, ആരാലും ശ്രദ്ധിക്കപ്പെടാത്ത ഒരു ചെറിയ ചെടിയാണ് തൊട്ടാവാടി. അതിന്റെ സ്വഭാവം മുഴുവൻ തൊട്ടാവാടി എന്ന കവിതയിലുണ്ട്.

രസകരമായ ഒരു കണക്ക് കവി കുട്ടികൾക്കു പറഞ്ഞു കൊടുക്കുന്നത് ശ്രദ്ധിക്കാം. "അരയിൽ എത്ര കാലുണ്ട്." നമുക്കറിയാം. കാലും കാലും അരയെന്ന്. ചോദ്യവും ഉത്തരവും ഗണിതത്തിലും സാഹിത്യത്തിലും ഒരുപോലെ ശരി.

Science destroyer or Creator എന്നൊരു ലേഖനം ഞാൻ പഠിച്ചിട്ടുണ്ട്. ഗുണവും ദോഷവും കോർത്തിണക്കി വളർന്നു കൊണ്ടിരിക്കുന്ന ശാസ്ത്രത്തെപ്പറ്റി അഗാധമായിട്ടാണ് ആദിത്യവർമ്മ ചിന്തിക്കുന്നത്. ഹിരോഷിമയിൽ പൊട്ടിച്ച ആ ഒറ്റ ബോംബിന്റെ ശക്തി വിനാശത്തിനല്ല ഉപയോഗിച്ചിരിക്കുന്നത് എങ്കിൽ അനേകം വർഷം ജപ്പാൻ നഗരം മുഴുവൻ വൈദ്യുതി വിതരണം ചെയ്യാമായിരുന്നു.

*'ശാസ്ത്രവളർച്ചയോടൊപ്പം മനുഷ്യന്റെ*

*ഹൃത്തടം കൂടി വിശാലമായ് തീരണം'* ചെറിയ പദങ്ങളെക്കൊണ്ട് ശാസ്ത്രപുരോഗതി കവി വിലയിരുത്തുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ദേശീയോത്സവമാണ് ഓണം. തിരുവോണത്തിന്റെ ഗ്രാമീണസൗന്ദര്യം മുഴുവൻ പറയുന്ന, കുട്ടികൾക്ക് ഈണത്തിൽ ആലപിക്കാവുന്ന, സുന്ദരമായ ഒരു കവിതയാണ് 'ഓണം'.

*'കരവിരുതിൻ കഥ പറയും*
*കലയായ് പൂക്കളമെത്തി.'*

പൂക്കളമിടുമ്പോൾ ഉരുത്തിരിയുന്ന കലാവാസനയാണ് നാമിതിൽ കാണുന്നത്.

ഹൃദയഹാരിയായ കവനങ്ങളാണ് അമ്പാടിക്കണ്ണനെക്കുറിച്ച് കവി രചിച്ചിട്ടുള്ളത്. ഭക്തിസാന്ദ്രമാണ് ആ വരികൾ. വെറുതെ പാടി പഠിക്കാനും അന്തിവിളക്കത്തു കുട്ടികൾക്ക് പാടാനും മുത്തശ്ശിമാർക്കു കൊച്ചുകുട്ടികളെ പഠിപ്പിക്കാനും കണ്ണനെക്കുറിച്ചുള്ള ഈ ഈരടികൾ ഉപയുക്തമാണ്.

*"മണ്ണും വെണ്ണയുമുണ്ണും നിന്നെ*
*കണ്ണാ ഞാൻ കണി കാണേണം."*

ഉണ്ണിക്കൃഷ്ണന്റെ ബാലലീലകൾ എല്ലാം കവി എടുത്തു പാടിയിട്ടുണ്ട്. ഏതായാലും ഒരു വസ്തുത ശ്രദ്ധേയമാണ്. തുഞ്ചത്ത് എഴുത്തച്ഛന്റെ രീതി പോലെ കൃഷ്ണനെക്കുറിച്ച് എഴുതു

മ്പോൾ നമ്മുടെ ആദിത്യവർമ്മ വാവദൂകതയിൽ (വളരെ പറയുന്ന ശീലം) ആഹ്ലാദിക്കുന്നതു കാണാം.

"മടിയൻ മല ചുമക്കും മറ്റൊന്നു കൂടെ ചുമക്കും." സുഖിച്ചു വസിക്കുന്ന മടിയന്മാരെപ്പറ്റി പഴമക്കാർ പറയുന്നു. പക്ഷേ കവി അല്പം കൂടി രസാത്മകമായി ആ സത്യം പറയുന്നുണ്ട്.

*"മേലിലിങ്ങനെ സുഖിച്ചു വസിച്ചാൽ*
*മേൽവിലാസമതു കാണുകയില്ല*
*മേലനങ്ങുവതുമേല- അതെങ്കിൽ*
*മേൽഗതിക്കു വഴിയെന്തിഹ പിന്നെ"*

മനുഷ്യരുടെ നിത്യജീവിതത്തിലും ക്രയവിക്രയ പ്രക്രിയകളിലും പണത്തിനുള്ള സ്വാധീനം ചില്ലറയല്ല. നാണയത്തിനു രണ്ടു വശങ്ങളുണ്ട് എന്നു നമുക്കറിയാം. കനകം മൂലംകടിപിടിയുണ്ടാകുമെന്നുമറിയാം. "നാണയം" എന്ന കവിത പണത്തിന്റെ വർഗ്ഗസ്വഭാവം മുഴുവൻ കാട്ടിത്തരുന്നു. ചുമ്മാതല്ല നാണയത്തിന് ചക്രം എന്ന പേര് സിദ്ധിച്ചത്.

"നാണം കെട്ടും പണം നേടിക്കൊണ്ടാൽ നാണക്കേടാപ്പണം തീർത്തു കൊള്ളും.'' ആ പഴഞ്ചൊല്ലും കവി ഉൾക്കൊണ്ടിട്ടുണ്ട്. കവി സമാധാനിക്കുന്നത് ഇങ്ങനെയാണ്.

*"നാണമില്ല നയമുള്ളവരെന്നെ*
*നാണയമെന്നു പേർ വിളിച്ചീടുകിൽ."*

സമഭാവനയുടെ സന്ദേശം പ്രകീർത്തുന്ന വരികളാണ് ആരു വലിയവൻ എന്ന കവിതയിൽ കവി പാടുന്നത്.

*"ആരു വലിയവനെന്നോ അതോ*
*ആരു ചെറിയവനെന്നോ*
*തീരെ നിനക്കാതെ തമ്മിൽ തമ്മിൽ*
*ആകും സഹായത്തെ നൽകും*
*പൂവിൻദളങ്ങളെ നിങ്ങൾ ഞങ്ങൾക്കേകുന്നു നല്ലൊരു പാഠം."*

കേവലം കുട്ടിക്കവിതകൾ രചിക്കുന്നതിൽ മാത്രമല്ല കവി തന്റെ കഴിവ് പ്രദർശിപ്പിച്ചിട്ടുള്ളത്. അശോക ചക്രവർത്തിയെക്കുറിച്ചു പറയുമ്പോഴും കേരളവ്യാസനെന്ന് പറയുന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനെ പ്രകീർത്തിക്കുമ്പോഴും ഗാംഭീര്യമുള്ള തൂലികയാണ് അദ്ദേഹം ഉപയോഗിച്ചത്.

ചക്രവർത്തി അശോകൻ പ്രതിജ്ഞ ചെയ്യുന്നതു കണ്ടില്ലേ

*"ഞാനിതാ പ്രതിജ്ഞ ചെയ്തീടുന്നു ജനങ്ങളെ*
*ദ്രോഹിക്കയില്ലാ സ്നേഹിച്ചീടുവാൻ പഠിച്ചിടാം*
*രാജ്യങ്ങൾ പിടിക്കുവാൻ അല്ലെന്റെ ശ്രമം*
*സ്നേഹരാജ്യങ്ങൾ സ്ഥാപിക്കുവാൻ മാനവഹൃദയത്തിൽ"*

സാർവ്വലൗകികമായ മനുഷ്യസ്നേഹത്തിന്റെ ഊഷ്മളത പരത്തിയ അശോകചക്രവർത്തി എവിടെ? സാർത്ഥചിന്തകളെ പാലൂട്ടി വളർത്തിയ ഭരണാധികാരികളെവിടെ! നാം ഉറക്കെ ചിന്തിക്കുവാൻ തീരുമാനിക്കണം.

*"ഭാരതം മഹാസാഗരം ചെറു*
*തോണിയിൽ ചെന്നെത്തിയോൻ*
*പാർത്തിടുന്നു മലയാളത്തിന്റെ*
*കീർത്തിയായ് സർവ്വശക്തിയായ്"*

രണ്ടു വർഷവും രണ്ടു മാസവും കൊണ്ട് മഹാഭാരതം എന്ന ഇതിഹാസം കമ്പോടു കമ്പു തർജ്ജമ ചെയ്ത കേരള വ്യാസന്റെ ധിഷണാശക്തിയെ ആദിത്യവർമ്മ വാഴ്ത്തിപ്പാടിയിട്ടുണ്ട്.

സ്വന്തം കൃതികൾക്ക് മികവേകാൻ മാധ്യമങ്ങളുടെ സഹായം ആദിത്യവർമ്മ ഉപയോഗിച്ചിട്ടില്ല എന്നു തന്നെ പറയാം. തന്നിൽത്തന്നെ ഒതുങ്ങിക്കഴിയാനാണ് അദ്ദേഹം ആഗ്രഹിച്ചത് എന്നു തോന്നുന്നു. മദ്ധ്യാഹ്ന സൂര്യനെപ്പോലെ ഉദിച്ചുയരേണ്ട വൈഭവം കവിക്കു കൈമുതലായിട്ടുണ്ട്. എന്തുകൊണ്ടോ അതിനെ പരിപോഷിപ്പിക്കുവാൻ കവി ശ്രമിച്ചില്ല എന്ന് നിസ്സംശയം പറയാം. സർഗ്ഗാത്മകത ഹൃദയത്തിൽ ഒളിപ്പിച്ചു വച്ചിരിക്കുന്ന പ്രതിഭയാണോ എന്ന് തോന്നിപ്പോകുന്നു. ഒന്നുറപ്പ്. കവിത്വം ആദിത്യവർമ്മയുടെ കൂടപ്പിറപ്പാണ്. ●


## ചികിത്സാ ധനസഹായം



*ക്ഷത്രിയക്ഷേമ സഭ സംസ്ഥാന കമ്മിറ്റിയുടെ ജീവകാരുണ്യ പ്രവർത്തങ്ങൾക്കായി രൂപീകരിച്ച REACT-ൽ നിന്നും ചികിത്സാ ധനസഹായമായി എൻ നാരായണൻ, തെക്കേമണക്കാട്, കരിവെള്ളൂർ എന്ന ആൾക്ക് അനുവദിച്ച 20,000 രൂപയുടെ ചെക്ക് യൂണിറ്റ് പ്രസിഡന്റ് പി.എം സുബ്രഹ്മണ്യൻ കൈമാറുന്നു. മുൻ സംസ്ഥാന വൈസ് പ്രസിഡന്റും യൂണിറ്റ് സെക്രട്ടറിയുമായ ടി.എം. ശ്രീകുമാർ സംസ്ഥാന കമ്മിറ്റി അംഗവും യൂണിറ്റ് ട്രഷററുമായ എൻ.കെ.കെ ഉണ്ണിത്തിരി, യൂണിറ്റ് ഭരണ സമിതി അംഗങ്ങളായ സി കെ രാഘവ വർമ്മ, സി.കെ ശ്രീധര വർമ്മ, വനിത വിഭാഗം പ്രസിഡന്റ് വത്സല സുബ്രമണ്യൻ എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു.*

# കൈപ്പുഴത്തമ്പാൻ

വി.ടി. ധനഞ്ജയ വർമ്മ, കണ്ണൂർ



കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ 'ഐതിഹ്യമാല'യിൽ കൈപ്പുഴത്തമ്പാനെക്കുറിച്ചു പറയുന്നുണ്ട്. വൈദ്യം, മന്ത്രവാദം, ജ്യോതിഷം, ഇന്ദ്രജാലം തുടങ്ങിയവയിൽ അദ്വിതീയനായിരുന്നു തമ്പാൻ. അദ്ദേഹത്തെക്കുറിച്ച് ഇന്നത്തെ തലമുറയിലുള്ളവർ കേട്ടിരിക്കാനിടയില്ല. കൈപ്പുഴത്തമ്പാന്റെ ഓമനപ്പേര് 'കുഞ്ചു' എന്നായിരുന്നു. തിരിയിൽ നിന്ന് കൊളുത്തിയ പന്തം പോലെ ജാലവിദ്യയിൽ തമ്പാൻ ഗുരുവിനേക്കാൾ ശോഭിച്ചു. മന്ത്രവാദം, ഇന്ദ്രജാലം തുടങ്ങിയവയിൽ അഗ്രഗണ്യനായിരുന്ന 'വലിയത്താൻ' ആയിരുന്നു കൈപ്പുഴത്തമ്പാന്റെ ഗുരു. അദ്ദേഹത്തിന്റെ കാലശേഷം മാത്രമാണ് തമ്പാൻ തന്റെ വിദ്യകൾ പ്രകടിപ്പിക്കാൻ തുടങ്ങിയത്. സ്വാതി തിരുനാൾ മഹാരാജാവിന്റെ കാലത്താണ് തമ്പാന്റെ ജീവിതചക്രം ആരംഭിക്കുന്നത്.

ഒരിക്കൽ മഹാരാജാവിനെ മുഖം കാണിക്കാൻ തമ്പാൻ തിരുവനന്തപുരത്ത് കരുവേലപ്പുര മാളികയിൽ ചെന്നു. നല്ല വേനൽക്കാലത്ത് ഒരു ദിവസം ഉച്ചതിരിഞ്ഞ ഉടൻ ആയിരുന്നു അത്. തമ്പാനെ കണ്ടപ്പോൾ വിശേഷങ്ങൾ പങ്കുവെച്ച ശേഷം തമ്പാനെ കണ്ടിട്ട് വളരെ നാളായി. കഴിഞ്ഞ പ്രാവശ്യം വന്നപ്പോൾ വിദ്യയൊന്നും കാണിക്കാതെയാണല്ലേ പോയത്. ഈ പ്രാവശ്യം അങ്ങനെ ആയാൽ പോര, ഇന്ന് തന്നെ എന്തെങ്കിലും കാണിക്കണം എന്ന് കല്പിച്ചു.

തമ്പാൻ: ''തിരുമുമ്പാകെ കാണിക്കാൻ തക്ക വിദ്യയൊന്നും അടിയൻ ഗ്രഹിച്ചിട്ടില്ല. ഗ്രഹിച്ചതൊക്കെ പലപ്പോഴായി ഇവിടെ കാണിക്കുകയും അവിടുന്ന് തൃക്കൺ പാർക്കുകയും ചെയ്തിട്ടുണ്ട്."

മഹാരാജാവ്: "ഉപായമൊന്നും പറയണ്ട. പുതുതായി എന്തെങ്കിലുമൊരു വിദ്യ ഇന്ന് കാണിക്കണം."

തമ്പാൻ: ''നിർബന്ധമാണെങ്കിൽ കൂടാതെ കഴിയില്ലല്ലോ, ശ്രമിക്കാം. വെയിലിന്റെ ചൂട് അല്പം കുറയട്ടെ. കലശലായ ഉഷ്ണം."

മഹാരാജാവ്: "ഹൊ അതു പറയാനില്ലല്ലോ, കുറച്ച് ദിവസമായി നാം വളരെ കഷ്ടപ്പെടുകയാണ്. അടുത്തെങ്ങാനും മഴയ്ക്ക് യോഗമുണ്ടോ? തമ്പാൻ ജ്യോതിഷിയും കൂടിയാണല്ലൊ. ബുധശുക്രന്മാർ ഇപ്പോൾ എവിടെയാണ്?"

തമ്പാൻ: "അതെവിടെയെങ്കിലുമാവട്ടെ. ഇന്നൊരു മഴയ്ക്ക് യോഗമുണ്ട്."

മഹാരാജാവ്: "ഇന്നോ! ഇന്ന് മഴയുണ്ടാവാനുള്ള ലക്ഷണമൊന്നും കാണുന്നില്ലല്ലൊ?"

തമ്പാൻ: ''മഴയ്ക്ക് ലക്ഷണമൊന്നും വേണമെന്നില്ല. വരാൻ തോന്നിയാൽ ഇങ്ങ് വരും."

മഹാരാജാവ്: "തമ്പാൻ അതെങ്ങനെ തീർച്ചയാക്കി? ദേവന്മാരെക്കാൾ ദിവ്യജ്ഞാനമുള്ള ആളാണോ തമ്പാൻ?"

തമ്പാൻ: "അങ്ങയുടെയടുത്ത് തർക്കിക്കാൻ അടിയൻ ശക്തനല്ല. ഒരു കാര്യം തീർച്ച. ഇന്ന് മഴയുണ്ടാകും."

മഹാരാജാവ്: ''ങേ! ഈ പൊരിഞ്ഞ വെയിലിൽ മഴയോ? മഴയുണ്ടാകുന്ന പക്ഷം തമ്പാന് തക്കതായ സമ്മാനം തരും. നാം നിശ്ചയിച്ച് കഴിഞ്ഞു."

ഇത്രയും സംഭാഷണം കഴിഞ്ഞപ്പോഴേക്കും അതിശക്തിയായ മഴക്കാറ് കണ്ടുതുടങ്ങി. തുടർന്ന് ഇടിയും മിന്നലും. തണുത്ത കാറ്റടിച്ചപ്പോൾ ഉഷ്ണത്തിന് കുറവ് വന്നു; ''വരാന്തയിൽ ഇരുന്നാൽ നല്ലപോലെ കാറ്റ് കിട്ടും" എന്ന് നിനച്ചുകൊണ്ട് രാജാവ് വരാന്തയിൽ വന്നിരിക്കുന്നു. അപ്പോഴേക്കും അതിശക്തമായ ഇടിയും മഴയും തുടങ്ങിക്കഴിഞ്ഞു. ഒരു മാത്ര കഴിഞ്ഞപ്പോഴേക്കും വെള്ളം പൊങ്ങിത്തുടങ്ങി. പത്മതീർത്ഥം നിറഞ്ഞു കവിഞ്ഞു വെള്ളം നാലുപുറത്തേക്കും ഒഴുകി. പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മതിൽക്കകവും, അടുത്തുള്ള ഗൃഹങ്ങളും കരുവേലപ്പുര മാളികയുടെ താഴെയുമെല്ലാം വെള്ളംകൊണ്ട് നിറഞ്ഞു. രാജാവ് ആകപ്പാടെ പരിഭ്രമിച്ചു. തമ്പാനോട് "ഇനി എന്താ ചെയ്യുക'' എന്ന് ചോദിച്ചു. "എന്തോ, ഒന്നും അറിഞ്ഞുകൂട. എല്ലാം പത്മനാഭനു തന്നെ അറിയാം" എന്ന് തമ്പാൻ. ഇത്രയും പറഞ്ഞപ്പോഴേക്കും വെള്ളം പൊങ്ങിപ്പൊങ്ങി മാളികയുടെ വരാന്തയിലേക്ക് കയറിത്തുടങ്ങി. അവിടെ വെള്ളം മുട്ടോളമായി. രാജാവിന് പരിഭ്രമം കലശലായി. ഉടൻ കഥ കഴിയുമെന്ന് തീർച്ചയാക്കി. ഭക്തിപൂർവ്വം പത്മനാഭനെ സ്മരിച്ചു

കൊണ്ട് അവിടുന്നെഴുന്നേറ്റു. അപ്പോൾ പതിനെട്ട് തണ്ടുവെച്ച ഒരു ബോട്ട് അതിവേഗത്തിൽ വരുന്നതായി കണ്ടു. ആ ബോട്ട് നേരെ വന്ന് കരുവേലപ്പുര മാളികയുടെ വരാന്തയോട് ചേർന്ന് നിന്നു. ബോട്ടിലുണ്ടായിരുന്നവർ "വേഗത്തിൽ ബോട്ടിലേക്ക് എഴുന്നള്ളണം, താമസിച്ചാലാപത്താണ്" എന്ന് വിളിച്ചറിയിക്കുകയും ചെയ്തു. ഉടനെ "എന്നാൽ വരൂ തമ്പാനേ, നമുക്കെവിടെയെങ്കിലും പോയി രക്ഷപ്പെടാം" എന്ന് കല്പിച്ചുകൊണ്ട് വരാന്തയിൽ നിന്ന് ബോട്ടിലേക്ക് കാലെടുത്തു വെക്കാൻ ഭാവിച്ചപ്പോൾ തമ്പാൻ തൃക്കൈയ്ക്കു പിടിച്ച് പുറകോട്ടു വലിച്ചുകൊണ്ട് "എന്താണ് തിരുമനസ്സേ ചെയ്യാൻ ഭാവിക്കുന്നത്" എന്നു ചോദിച്ചു. "ബോട്ടിൽ കയറാഞ്ഞാലോ" എന്ന് തിരുമനസ്സും. "ബോട്ടെവിടെ" എന്ന് തമ്പാനും പരസ്പരം ചോദ്യമായി. ഉടൻ നോക്കിയപ്പോൾ അവിടെ ബോട്ടും വെള്ളവും മഴയും മഴക്കാറും ഇടിയും മിന്നലുമൊന്നും ഉണ്ടായിരുന്നില്ല. നേരത്തെ കണ്ട പൊരിഞ്ഞ വെയിൽ മാത്രം! അപ്പോഴാണ് ഇതെല്ലാം തമ്പാന്റെ ഇന്ദ്രജാലമായിരുന്നു എന്ന് രാജാവിന് ബോദ്ധ്യം വന്നത്. ഉടൻ രണ്ട് വീരശൃംഖല വരുത്തി തമ്പാന്റെ രണ്ട് കയ്യിലും ഇടുവിച്ചിട്ട് " തമ്പാന്റെ വിദ്യ കുറച്ചധികമായിപ്പോയി. നാം വല്ലാതെ പരിഭ്രമിച്ചു. എങ്കിലും സന്തോഷമായി. എന്നാൽ ഇതു പോര. ഇത് ഞാൻ മാത്രമല്ലേ കണ്ടുള്ളൂ. നാളെ ഉച്ചയ്ക്ക് എല്ലാവർക്കും കാണാൻ സൗകര്യമുള്ള സ്ഥലത്തുവെച്ച് തമ്പാൻ വിദ്യകൾ കാണിക്കണം" എന്ന് കല്പിച്ചു. തമ്പാൻ "അങ്ങനെയാവട്ടെ" എന്ന് സമ്മതിക്കുകയും ചെയ്തു.

പിറ്റേ ദിവസം തമ്പാന്റെ ജാലവിദ്യാ പ്രദർശനമുണ്ടെന്ന് കേട്ട് അവിടെ അസംഖ്യം ആളുകൾ കൂടി. മഹാരാജാവ് സ്വാതിതിരുനാൾ കരുവേലപ്പുര മാളികയിൽ എഴുന്നെള്ളിയിരിക്കുകയും ചെയ്തു. അപ്പോൾ തമ്പാൻ, എല്ലാവരും കാൺകെ മെതിയടി ഇട്ടുകൊണ്ട് വെള്ളത്തിന് മീതെ നടന്ന് പത്മതീർത്ഥക്കുളത്തിന്റെ മദ്ധ്യഭാഗത്ത് ചെന്ന് അവിടെ ഒരു കരിമ്പടം വിരിച്ച് അതിനുമേൽ അനേകം കച്ചവട സാധനങ്ങൾ നിരത്തി. അവിടെയിരുന്ന് തമ്പാൻ പല വിദ്യകൾ കാണിച്ചു. രാജാവും ജനങ്ങളും വിസ്മയഭരിതരായി എന്ന് പറയേണ്ടതില്ലല്ലൊ.

കൈപ്പുഴത്തമ്പാൻ ഒരിക്കൽ തന്റെ കോവിലകത്ത് നിന്നും പുറപ്പെട്ട് പന്തളത്ത് ചെന്നു. തമ്പാനെ കണ്ടപ്പോൾ അവിടത്തെ വലിയ തമ്പുരാൻ "തമ്പാനേയും തമ്പാന്റെ വിദ്യകളും കണ്ടിട്ട് കാലം കുറെയായി. ഇന്ന് നേരം വൈകി. അതുകൊണ്ട് നാളെ എന്തെങ്കിലും ഒരു വിദ്യ കാണിക്കണം". "പ്രായാധിക്യം കൊണ്ട് ഈയിടെ വിദ്യകളൊക്കെ നിർത്തിവെച്ചിരിക്കയാണ്. ഇനി അതിന് വയ്യ." "ഉപായമൊന്നും പറയണ്ട. എന്തെങ്കിലുമൊന്ന് കാണിക്കാതെ തമ്പാനെ ഇവിടുന്ന് വിട്ടയയ്ക്കുന്ന പ്രശ്നമില്ല." പിന്നെ തമ്പാൻ ഒന്നും പറഞ്ഞില്ല. അടുത്ത ദിവസം രാവിലെ വലിയ തമ്പുരാനും തമ്പാനും കൂടി കുളിക്കാനായി പുഴക്കടവിലേക്ക് പോയി. കടവിൽ ചെന്ന് രണ്ടുപേരും പല്ലു തേച്ചുകൊണ്ടിരുന്നപ്പോൾ തമ്പാൻ ആറ്റിൽ മുതലയുണ്ടോ എന്നു ചോദിച്ചു. "മുതലയോ? ഇപ്പോഴോ? വെള്ളം പൊങ്ങിക്കിടക്കുമ്പോൾ ചില കാലം മുതല വരാറുണ്ട്. കുളിക്കാൻ പോലും വെള്ളം കഷ്ടിയായിരിക്കുന്ന ഈ വേനൽക്കാലത്ത് ഇവിടെയെങ്ങും മുതല വരികയില്ല. ഇപ്പോൾ മുതലയ്ക്ക് കയറിവരാൻ കഴിയുകയുമില്ല." തമ്പുരാൻ കല്പിച്ചു. അപ്പോഴേക്കും ഒരു മുതല അവരുടെ മുമ്പിലായി വന്ന് പൊങ്ങി. അപ്പോൾ തമ്പാൻ "ങേ! ഇവിടെ മുതല ഇല്ലെന്ന് കല്പിച്ചിട്ട് ഇതാ മുതല വന്നല്ലോ" എന്ന് പറഞ്ഞു. മുതല നേരെ അവരുടെ അടുക്കലേക്ക് തന്നെ വന്നു. മുതലയെക്കണ്ട് പേടിച്ച് വലിയ തമ്പുരാൻ എണീറ്റു. തമ്പാൻ അവിടെത്തന്നെയിരുന്നു. മുതല തമ്പാനെ തട്ടി വെള്ളത്തിലിട്ട് കടിച്ച് എടുത്തുകൊണ്ടു പോയി. അപ്പോൾ തമ്പാൻ വലിയ തമ്പുരാന്റെ നേരെ നോക്കിക്കൊണ്ട് "മുതലയുണ്ടോ എന്ന് ചോദിച്ചപ്പോൾ ഇല്ലെന്നല്ലെ അവിടുന്ന് പറഞ്ഞത്. ഇങ്ങനെ ഭോഷ്ക് പറഞ്ഞ് എന്നെ മുതലയ്ക്ക് ഇരയാക്കിത്തീർത്തത് കഷ്ടമായിപ്പോയി. ഇത് അവിടേയ്ക്ക് ചേർന്ന പ്രവർത്തിയല്ല" എന്നു പറഞ്ഞു. അപ്പോഴേക്കും മുതല തമ്പാനേയും കൊണ്ട് കുറേ അകലെ പോയി താണു. വലിയ തമ്പുരാൻ ആകപ്പാടെ തകർന്നു. ഉടനെ കരയ്ക്ക് കയറി നിന്നുകൊണ്ട് ഭൃത്യന്മാരേയും മറ്റും വിളിച്ചുവരുത്തി വിവരം ധരിപ്പിച്ചു. അപ്പോഴേക്കും ഈ വർത്തമാനമറിഞ്ഞ് വലക്കാരും മറ്റുമായി അവിടെ അസംഖ്യം ആളുകൾ കൂടിക്കഴിഞ്ഞു വല വീശിയും ആളുകൾ ഇറങ്ങിത്തപ്പിയും മറ്റും ആറ്റിൽ പലവിധത്തിൽ പരിശോധനകൾ നടത്തി. ഒരു ഫലവുമുണ്ടായില്ല. തമ്പാനെയെന്നല്ല മുതലയെപ്പോലും അവിടെയെങ്ങും കണ്ടില്ല. നേരം മദ്ധ്യാഹ്നമായപ്പോൾ നിരാശയോടെ എല്ലാവരും ഓരോ വഴിക്ക് പിരിഞ്ഞുപോയി. വലിയ വിഷാദത്താൽ തമ്പുരാൻ നീരാട്ട് കഴിഞ്ഞ് അമ്പലത്തിലേക്ക് എഴുന്നെള്ളി. ശാന്തിക്കാരൻ തമ്പുരാനെ കാത്തിരിക്കുന്നുണ്ടായിരുന്നു. അപ്പോൾ വലിയമ്പലത്തിൽ ജപിച്ചുകൊണ്ടിരുന്ന കൈപ്പുഴത്തമ്പാൻ "ഇന്ന് നീരാട്ട് കുളിക്ക് ഇത്ര അമാന്തം പറ്റിയതെന്താണ്" എന്നു ചോദിച്ചു. തമ്പാനെ കണ്ടപ്പോൾ അത്ഭുതപരവശനായിത്തീർന്ന വലിയ തമ്പുരാൻ "തമ്പാനിവിടെ

എത്തിയിരിക്കുന്നുവോ! ഇതറിഞ്ഞെങ്കിൽ നീരാട്ടിന് നാം ഇത്രയും അമാന്തിക്കില്ലായിരുന്നു. തമ്പാൻ നമ്മെ ചതിക്കുകയാണല്ലോ ചെയ്തത്." "വിദ്യ പലതും കാണിക്കണമെന്ന് അവിടുന്ന് നിർബന്ധിച്ചിട്ടല്ലെ ഇത്രയും കാണിച്ചത്. തമ്പാനെ ഇങ്ങനെ കാണുന്നത് ശരിയാണോ?"

പിന്നീട് സ്വാമി ദർശനം നടത്തി കോയിക്കലേക്ക് പോയി ഊണ് കഴിച്ച് തമ്പാൻ ഉടൻ യാത്രയാവുകയാൽ ധാരാളം സമ്മാനങ്ങൾ തമ്പാന് അങ്ങോട്ട് കൊടുത്തയച്ചു.

പിന്നെയൊരിക്കൽ തമ്പാൻ തിരുവനന്തപുരത്ത് ചെന്നപ്പോൾ വിദ്യ വല്ലതും കാണിക്കണമെന്ന് സ്വാതിതിരുനാൾ നിർബന്ധപൂർവ്വം കല്പിക്കയാൽ അങ്ങനെയാകാമെന്ന് സമ്മതിച്ചു. വലിയകൊട്ടാരത്തിന്റെ മുറ്റത്ത് ഒരു കരിമ്പടം വിരിച്ച് അവിടെയിരുന്നുകൊണ്ട് ചില വിദ്യകൾ കാണിക്കാമെന്ന് വിചാരിച്ചു. അപ്പോൾ പൊടുന്നനെ മേൽഭാഗത്തു നിന്ന് ഒരു നൂലിറങ്ങി വന്നു. അതിന്റെ അറ്റത്ത് ഒരെഴുത്തും ഉണ്ടായിരുന്നു. അത് വന്ന് തമ്പാന്റെ തലയ്ക്ക് മീതെ ആയപ്പോൾ അവിടെ നിന്നു. ഉടനെ തമ്പാൻ, ആ എഴുത്തെടുത്ത് വായിച്ചു നോക്കീട്ട് തിരുമനസ്സിനോട് ''എനിക്ക് ഇനിയിവിടെ നിൽക്കാൻ നിവൃത്തിയില്ല. മേലേ നിന്ന് ദേവേന്ദ്രന്റെ ഒരെഴുത്ത് വന്നിരിക്കുന്നു. ഇനി ഞാൻ ദേവലോകത്ത് പോയി തിരിച്ചുവന്നിട്ട് വിദ്യ കാണിക്കാം എന്നറിയിക്കുകയും എഴുത്ത് തൃക്കയ്യിൽ കൊടുക്കുകയും ചെയ്തു. അത് ദേവനാഗരി അക്ഷരത്തിലായിരുന്നു. ഗീർവ്വാണ ഭാഷയും. അതിന്റെ പൊരുൾ ഇതാണ്, ''ദേവലോകത്ത് അതിഭയങ്കരമായ ദേവാസുരയുദ്ധം ആരംഭിച്ചിരിക്കുന്നു. ദേവേന്ദ്രനെ സഹായിക്കാൻ തമ്പാൻ ക്ഷണത്തിൽ ചെല്ലണം.'' അതിൽ തമ്പാന്റെ പേർക്കുള്ള വിലാസവും, ദേവേന്ദ്രന്റെ പേരും മുദ്രയുമുണ്ടായിരുന്നു. ആ എഴുത്ത് തിരുമനസ്സ് തൃക്കൺ പാർത്തുകൊണ്ടിരിക്കുമ്പോൾ തമ്പാൻ ആ നൂലിൽ പിടിച്ചു മേൽപ്പോട്ടുയർന്നു പോവുകയും ക്ഷണനേരം കൊണ്ട് അദ്ദേഹം അദൃശ്യനാവുകയും ചെയ്തു. അപ്പോൾ മഹാരാജാവും അവിടെ കൂടിയിരുന്നവരുമെല്ലാം അത്ഭുതപരവശന്മാരായിത്തീർന്നു. ഏകദേശം ഒരു നാഴിക കഴിഞ്ഞപ്പോൾ ആ സ്ഥലത്ത് മേൽഭാഗത്തു നിന്ന് രക്തം ചിതറി വീണു തുടങ്ങി. കുറച്ചുകൂടി കഴിഞ്ഞപ്പോൾ ഉടലിൽ നിന്നു വേർപെട്ട ശിരസ്സുകളും, കൈകാലുകളും, മൃതശരീരങ്ങളും മേൽക്കുമേൽ വന്ന് വീണ് അവിടം നിറഞ്ഞു. അക്കൂട്ടത്തിൽ ആനകളുടെയും കുതിരകളുടെയും ശവങ്ങളുണ്ടായിരുന്നു. ഇതൊക്കെ കണ്ടു തുടങ്ങിയപ്പോൾ കൂടിയിരുന്നവർക്ക് ആശ്ചര്യത്തോടൊപ്പം വല്ലാത്ത ഒരു ഭയവുമുണ്ടായി. ഒടുവിൽ രക്തപ്രവാഹത്തോടെ തമ്പാന്റെ തലയും അവിടെ വന്നു വീണു. ഇതു കണ്ടപ്പോൾ, ഇതെല്ലാം തമ്പാന്റെ വിദ്യയാണെന്ന് അറിവുണ്ടായിട്ടും തിരുമനസ്സ് അല്പമൊന്ന് പതറി. ചില ആൾക്കാർ തമ്പാന്റെ തല കണ്ട് മൂർഛിച്ച് വീഴുകയും ചെയ്തു. ഇതറിഞ്ഞ തിരുമനസ്സ് എണീറ്റ് അങ്ങോട്ടെഴുന്നള്ളാൻ ഭാവിച്ചപ്പോൾ തൊട്ടു പിറകിൽ നിന്നുകൊണ്ട് തമ്പാൻ "ഇനി പരിഭ്രമിക്കാനും ഭയപ്പെടാനും ഒന്നുമില്ല. ഇന്നത്തെ കളി കഴിഞ്ഞു" എന്ന് പറഞ്ഞു. തിരുമനസ്സ് തിരിഞ്ഞു നോക്കിയപ്പോൾ ആ മുറ്റത്ത് തമ്പാനെയല്ലാതെ മറ്റൊന്നും കാണ്മാനുണ്ടായിരുന്നില്ല. രാജാവിന്റെ സന്തോഷം അതിരുകടന്നു. അദ്ദേഹം ഒട്ടധികം സമ്മാനങ്ങൾ തമ്പാന് കല്പിച്ചു നൽകുകയും ചെയ്തു. ●

---

*കേന്ദ്രസഭാ വാർത്ത.. തുടർച്ച...*

വിവിധ സമിതികളിൽ മെമ്പർമാർ വേണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. ശ്രമിക്കാം.

തിരുവനന്തപുരത്തെ ആസ്ഥാന മന്ദിരം വിപുലപ്പെടുത്തുന്നതിനു കവടിയാർ കൊട്ടാരത്തിൽ നിന്ന് അനുമതി ചോദിച്ചിരുന്നു. കിട്ടിയില്ല. എന്നിട്ടും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെറിയ രീതിയിൽ മുറികൾ മാത്രം നന്നാക്കി. സഭ സംസ്ഥാന കമ്മിറ്റിയും തിരുവനന്തപുരം യൂണിറ്റും ചെലവ് വഹിച്ചു. വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ മുടങ്ങാതെ കൊടുക്കും. യൂണിറ്റുകളിൽ നിന്നുള്ള കത്തുകൾക്കു മറുപടി അയക്കുന്നതിനും ക്രമീകരണങ്ങൾ ആയി. കാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ വേണം അംഗങ്ങൾ സംശയങ്ങൾ ഉന്നയിക്കാനും കത്തെഴുതാനും എന്ന് മാത്രം.

കോട്ടയത്ത് നടന്ന സംസ്ഥാന സമ്മേളനത്തിന്റെ കണക്കുകൾ, ട്രഷറർ തിരുവനന്തപുരത്തു തിരിച്ചെത്തിയാലുടൻ നൽകുന്നതാണ്. പൂഞ്ഞാർ യൂണിറ്റ് തുടങ്ങുന്നതിനു കോട്ടയം യൂണിറ്റ് അനുമതി നൽകിയിരുന്നു. യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ഇതിനായി വി.കെ. മധുകുമാറിനെ സഹായിക്കാനും തീരുമാനിച്ചു.

ഗൂഗിൾ വഴിയായാലും മീറ്റിംഗുകളെല്ലാം സജീവവും വിജയകരവുമായിരുന്നു. ഒരിക്കൽ കൂടി എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.

*ആശംസകളോടെ*
*സ്വന്തം ജനറൽ സെക്രട്ടറി*
***ആത്മജ വർമ്മ തമ്പുരാൻ***

# അന്നദാനപ്രഭു തിരുപ്പതി വെങ്കടാചലപതി



**എൻ.കെ.കെ. ഉണ്ണിത്തിരി,** കരിവെള്ളൂർ

ഭണ്ഡാരം, നടവരവ്, സംഭാവന, വഴിപാട് തുടങ്ങിയവയിലൂടെ ഏറ്റവും വരുമാനമുള്ള ഇന്ത്യയിലെ ക്ഷേത്രമാണ് തിരുപ്പതി ശ്രീവെങ്കിടേശ്വര ക്ഷേത്രം. അവിടത്തെ വാർഷികവരുമാനം ഏകദേശം 3100 കോടിയും. 2½ കോടിയോളം ഭക്തജനങ്ങൾ സന്ദർശിക്കുന്നുണ്ടെന്നാണ് ഏകദേശ കണക്ക്. ഇപ്പോൾ പല ബാങ്കുകളിലും മറ്റിതര സ്ഥാപനങ്ങളിലുമായി 12000 കോടി നീക്കിയിരിപ്പുണ്ട്. അതിന്റെ പലിശയിനത്തിൽ മാത്രം കൊല്ലത്തിൽ 850 കോടിയോളം വരവുണ്ട്. കൂടാതെ 9 ടൺ (9000 കി.ഗ്രാം) സ്വർണ്ണ നിക്ഷേപവും പലയിടങ്ങളിലായിട്ടുണ്ട്.




ഇന്നത്തെ രീതിയിലുള്ള സൗജന്യ അന്നപ്രസാദ വിതരണം തുടങ്ങിയത് 1985 ഏപ്രിൽ 6-ാം തീയതി മുതൽക്കാണ്. ആദ്യമെല്ലാം വളരെ കുറച്ചു ഭക്തന്മാർ മാത്രമേ ഇത് ഉപയോഗിക്കാറുള്ളൂവെങ്കിലും ഇന്ന് ഭാരതത്തിലെ ഏറ്റവും വലിയ ഒരു അന്നദാന പദ്ധതി തന്നെയാണിത്. ഭക്തജനങ്ങളിൽ നിന്നും കിട്ടുന്ന നിർലോപമായ സംഭാവനയിലൂടെയാണ് ഇത് നടത്തുന്നത്. ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നുമായി സംഭാവനകൾ കിട്ടാത്ത ദിവസങ്ങൾ ഇല്ല. ആയിരത്തോളം ജനങ്ങൾക്ക് ഭക്ഷണം കഴിക്കാൻ കഴിയുന്ന നാല് വിശാലമായ ഭക്ഷണശാലകൾ ഇന്നവിടെയുണ്ട്. കൂടാതെ നാലു വെങ്കമ്മ അന്നപ്രസാദം കോംപ്ലക്സ്, വൈകുണ്ഠം കോംപ്ലക്സ്, ഭക്ഷണപ്പൊതി വിതരണം നടത്തുന്ന പബ്ലിക് അമചർ കോംപ്ലക്സ് എന്നിവിടങ്ങളിൽ നിന്നും അന്നപ്രസാദ വിതരണം നടത്തുന്നുണ്ട്. കൂടാതെ ദർശനത്തിനുള്ള ക്യൂവിൽ അംഗവൈകല്യവമുള്ളവർ, കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവർക്ക് കോഫി, ചായ, പാൽ, ബിസ്കറ്റ് എന്നിവയും നൽകി വരുന്നുണ്ട്. കൂടാതെ അവിടുത്തെ പ്രസാദത്തിൽ മുഖ്യമാണ് ലഡു. ഏകദേശം 4,00,000 (നാലു ലക്ഷത്തോളം) ലഡു ദിവസവും ഭക്തജനങ്ങൾക്കായി വിതരണവും ചെയ്യുന്നുണ്ട്.

മൊത്തത്തിൽ എല്ലാ ദിവസവും 1 ലക്ഷത്തിലേറെ ഭക്തജനങ്ങൾ ഈ അന്നപ്രസാദ വിതരണം ഉപയോഗിച്ചുവരുന്നു. മാത്രമല്ല ഗരുഡസേവ ദിവസം, ബ്രഹ്മോത്സവം, വൈകുണ്ഠ ഏകാദശി, രഥസപ്തമി, പുതുവത്സരദിനം തുടങ്ങിയ പ്രത്യേക ദിവസങ്ങളിൽ ഏകദേശം 3 ലക്ഷത്തിലേറെ ജനങ്ങൾ ദർശനത്തിനായി എത്തുന്നുണ്ട്. ആ അവസരങ്ങളിൽ പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം, രാത്രി ഭക്ഷണം എന്നിവയിൽ 3 ലക്ഷത്തോളം ഭക്തജനങ്ങൾ പങ്കെടുക്കാറുണ്ടെന്നാണ് തിരുമലൈ, തിരുപ്പതി ദേവസ്ഥാനത്തിന്റെ കണക്ക്

കാലത്ത് 7 മണിക്ക് തുങ്ങിയാൽ ഉച്ചയ്ക്കുള്ള 1 ½ മണിക്കൂർ ഒഴിച്ചാൽ ഈ സൗകര്യം ഭക്തജനങ്ങൾക്കു ഉപയോഗപ്പെടുത്താനാകുമെന്ന് ദേവസ്വം അധികൃതർ പറയുന്നു. ഇതിനുമാത്രമായി 2015-2016-ൽ 101.67 കോടി രൂപയും 2016-17 ൽ 115.95 കോടിയും, 2017-18 ൽ 129.09 കോടിയും, 2018-19 ൽ 130 മുതൽ 140 കോടിയും സംഭാവനയായി ഭക്തരിൽ നിന്നും കിട്ടിയിട്ടുണ്ടെന്നാണ് ദേവസ്വം കണക്കുകൾ പറയുന്നത്.

അവലംബം:
മാതൃഭൂമി ഇയർബുക്ക് 2019

# ഭക്തിയോഗം



**കെ.സി. രാമവർമ്മ രാജ,** തിരുവനന്തപുരം
(നീലേശ്വരം വലിയരാജ)

*"മൂകം കരോതി വാചാലം പംഗും ലംഘയതേ ഗിരീം
യത്കൃപാ തമഹം വന്ദേ പരമാനന്ദ മാധവം"*

- ഗീതാധ്യാനം

സാരം: ഭഗവാന്റെ കൃപ കൊണ്ടാണ് മൂകനെ വാചാലനും, മുടന്തനെ മല കയറാൻ സമർത്ഥനും, ആക്കുന്നത്. ആ മാധവനെ ഞാൻ വന്ദിക്കുന്നു.

ഉള്ളിലാണ് ഭഗവാൻ എന്ന് കരുതി നിത്യവും ജപവും ധ്യാനവും ചെയ്യണം. ജപിക്കുക എന്നാൽ മനസ്സിനെ ഏകാഗ്രമാക്കി വെക്കൽ എന്നാണ്. ഈ പോസിറ്റീവ് പവർ നാളെ തളരുമ്പോൾ നിങ്ങളെ രക്ഷിക്കും. റൂമിലെ ഫ്ളോർ സ്മൂത്ത് ആയിരിക്കും; ബാത്ത്റൂമിൽ റഫ് ആയിരിക്കും. ഇതുപോലെ ജീവിതത്തിലും, പല അപ്സ് ആൻഡ് ഡൗൺസ് ഉണ്ടായേക്കാം. ഒരു മെന്റൽ ഗ്രിപ്പ് ആണ് ഉപാസന. അത് പല സന്ദർഭങ്ങളിലും, ഉപകാരപ്രദമായേക്കും.

*''ഗുരുനാഥൻ തുണചെയ്ക സന്തതം
തിരുനാമങ്ങൾ നാവിന്മേലെപ്പോഴും
പിരിയാതെയിരിക്കണം നമ്മുടെ
നരജന്മം സഫലമാക്കീടുവാൻ"* - (ജ്ഞാനപ്പാന)

*"നമ്രാണാം സന്നിധത്തേ സതതമപി പുര-
സ്തൈ രനഭ്യർത്ഥിതാന-
വ്യർത്ഥാൻ കാമാനജസ്രം വിതരസി പരമാ-
നന്ദ സാന്ദ്രാം ഗതിം ച
ഇത്ഥം നിശ്ശേഷ ലഭ്യോ നിരവധികഫലഃ
പാരിജാതോഹരേ ത്വം
ക്ഷുദ്രം തം ശക്രവാടീദ്രുമ മഭിലഷതി
വ്യർത്ഥമർത്ഥിവ്രജോഽയം"*

- (നാരായണീയം (ദശകം 1-3)

വെറുതെ നമസ്ക്കരിക്കുന്നവർക്ക് പോലും, അവിടുന്ന് പ്രത്യക്ഷനായി എല്ലാം നല്കുന്നു. ഈ ലോകത്തുള്ള അപേക്ഷക്കാരുടെ സംഘം എന്നിട്ടും ഇന്ദ്രന്റെ തോട്ടത്തിലെ ആ നിസ്സാര വൃക്ഷത്തെ ആഗ്രഹിക്കുന്നു.

*"പഠന്തോ നാമാനി, പ്രമദഭരസിന്ധൌ നിപതിതാഃ
സ്മരന്തോ രൂപം തേ, വരദ, കഥയന്തോ ഗുണകഥാഃ
ചരന്തോ യേ ഭക്താസ്ത്വയി ഖലു രമന്തേ പരമമു-
നഹം ധന്യാൻ മന്യേ സമധിഗത സർവ്വാഭിലഷി താൻ"*

(നാരായണീയം (ദശകം 3 ശ്ലോകം 1)

സാരം: ഭഗവാനേ, അവിടുത്തെ തിരുനാമങ്ങൾ ചൊല്ലിയും, അവിടുത്തെ രൂപം സ്മരിച്ചുകൊണ്ടും പരമാനന്ദത്തിൽ ആറാടുന്നവരെ പുണ്യാത്മാക്കളായിട്ടാണ് ഞാൻ കരുതുന്നത്.

മനസ്സിനെ മെരുക്കിയെടുക്കാൻ പഠിക്കണം. "ചഞ്ചലം ഹി മനഃ കൃഷ്ണ" എന്നത് ഗീതയിലെ ഒരു മന്ത്രമാണ്. പരീക്ഷയുടെ തലേ ദിവസം നല്ലവണ്ണം ഉറങ്ങണം. മന്ത്രത്തിനല്ല പ്രാധാന്യം. മന്ത്രം തെറ്റിക്കോട്ടെ. പക്ഷെ മനസ്സ് മുഴുകണം. മനസ്സാണ് ജീവിതം. വിധിയല്ല. അനുഭവങ്ങളെ, എങ്ങനെ സമീപിക്കുന്നു എന്നതാണ് മുഖ്യം. ഏതെങ്കിലും പ്രകാരത്തിൽ ഏകാഗ്രമായി മനസ്സ് മുഴുകണം. മനസ്സ് അലിയണം. അതാണ് ഭക്തി. മനസിന് ഈശ്വരനുമായി ചേരാൻ കഴിവുണ്ട്. ഞാനും നിങ്ങളും ഈശ്വരന്റെ അംശമാണ്. ഏത് രൂപത്തിലാണ് നമ്മളെ സഹായിക്കുന്നത് എന്ന് പറയാൻ പറ്റില്ല. പങ്കുവെയ്ക്കണം. പങ്കുവെയ്ക്കുന്നവർക്കേ മനസ്സുഖം കിട്ടുകയുള്ളൂ. അഭിമാനമല്ല വേണ്ടത്; ബഹുമാനമാണ് വേണ്ടത്. അഭിമാനമുള്ളവർ സ്വയം നശിക്കും; മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്യും. ബഹുമാനമുള്ളവർക്ക് പങ്കുവെയ്ക്കാൻ മനസ്ഥിതി ഉണ്ടാകും. നമ്മൾ ഉയരുകയും മറ്റുള്ളവരെ ഉയർത്തുകയും വേണം. എത്രകണ്ട് നമ്മുടെ സുഖം ത്യാഗം ചെയ്യാനും, മറ്റുള്ളവരുടെ സുഖത്തിന്, മുൻഗണന കൊടുക്കാനും, കഴിയുന്നുവോ, അത്രയും നന്നാണ്.

ഭഗവത്ഗീതയിൽ ഭക്തിയോഗത്തെപ്പറ്റി പറയുന്നത് പന്ത്രണ്ടാം അദ്ധ്യായത്തിലാണ്. അതിൽ ആദ്യത്തെ പന്ത്രണ്ട് ശ്ലോകങ്ങളിലായി ഭക്തി ഉണ്ടാക്കാനുള്ള വഴികൾ അർജ്ജുനന് ഭഗവാൻ പറഞ്ഞ് കൊടുക്കുന്നുണ്ട്.

***നിർഗുണോപാസന:*** ഈശ്വരനെ നിർഗുണനായി ഉപാസിക്കുക, അധികം ദുഷ്കരമാണ്. പക്ഷെ ഇവർക്ക് പരമാത്മാവിനെ നേരിട്ട് സാക്ഷാൽക്കരിക്കാൻ സാധിക്കും. അവർ ജ്ഞാനികളായിരിക്കും. ഭജനവിഷയമായ ഈശ്വരനും, ഭജന കർത്താവായ താനും, ഒന്നാണെന്ന് വിശ്വസിക്കുന്നവരാണ് ഇവർ.

***സഗുണോപാസന:*** പരിപൂർണ്ണ വിശ്വാസത്തോടെ എല്ലാം ഭഗവാനിൽ സമർപ്പിക്കണം. ധ്യാനിച്ചുകൊണ്ട്

ഭഗവാനെ ഉപാസിക്കണം. മനസ്സിനെ ഭഗവാനിൽ ഉറപ്പിച്ചു നിർത്താൻ സാധിക്കുന്നില്ലെങ്കിൽ പ്രാണായാമം മുതലായ, അഭ്യാസം കൊണ്ട്, ഭഗവാനെ പ്രാപിക്കാൻ ശ്രമിക്കണം. അഭ്യാസ യോഗത്തിന് കഴിയുന്നില്ലെങ്കിൽ ചെയ്യുന്നതെല്ലാം ഈശ്വരപൂജയായി ചെയ്യുക. അതും കഴിയുന്നില്ലെങ്കിൽ "സർവ്വകരം ഫലത്യാഗം" ചെയ്യുക. അഭ്യാസത്തെക്കാൾ ജ്ഞാനവും ജ്ഞാനത്തേക്കാൾ ധ്യാനവും, ധ്യാനത്തേക്കാൾ, കർമ്മഫല ത്യാഗവും നല്ലതാണ്. ഭഗവാൻ, ഭക്തരിൽ പ്രതീക്ഷിക്കുന്ന ഗുണങ്ങൾ ഭക്തിയോഗത്തിലെ 13 മുതൽ 19 വരെയുള്ള ശ്ലോകങ്ങളിൽ വിവരിക്കുന്നുണ്ട്.

1) ഭൂതങ്ങളൊന്നിനെയും ദ്വേഷിക്കാതെ ഞാൻ, എന്റേത് എന്ന വിചാരമില്ലാതെ, ഭഗവാനിൽ മനസ്സും ബുദ്ധിയും അർപ്പിക്കണം.

2) വികാരങ്ങളെ വിവേക പൂർവ്വം വിചാരമാക്കുക.

3) മനസ്സിനെ പരിശുദ്ധമാക്കി വെയ്ക്കണം.

4) ആസുര ചിന്തകൾ ചുരുക്കി, ദൈവചിന്തകൾ വർദ്ധിപ്പിക്കണം.

5) സമനിലയും, നിസ്സംഗത്വവും വേണം. ശ്രീകൃഷ്ണ ഭഗവാൻ ഉദ്ധവർക്ക് ഭക്തി ഉണ്ടാക്കാൻ പറഞ്ഞു കൊടുത്ത വഴികൾ ഇപ്രകാരമാണ്:

1. സത്യം, അഹിംസ, ബ്രഹ്മചര്യം, അസ്തേയം, അപരിഗ്രഹം, തുടങ്ങിയ സാത്വിക ധർമ്മങ്ങളെ ആചരിക്കുക.

2. സാത്വികങ്ങളായ ആഹാരങ്ങൾ കഴിക്കുക.

3. ശ്രദ്ധയോടെ ഭഗവദ് കഥകൾ കേൾക്കുക.

4. കീർത്തനം, ധ്യാനം, പൂജ, നമസ്ക്കാരം എന്നിവ ചെയ്യുക.

5. അഗതികളെയും ആർത്തന്മാരേയും സേവിക്കുക.

6. തന്റേതായ സർവ്വസ്വവും ഈശ്വരനിൽ അർപ്പിക്കുക.

7. സത്സംഗം കൊണ്ടുണ്ടാകുന്ന, പരിശുദ്ധ പ്രേമഭക്തി കൊണ്ട്, ആത്മസാക്ഷാൽക്കാരവും കൂടി ലഭിക്കും. ഉദാഹരണമായി, പ്രഹ്ളാദൻ, വൃത്രാസുരൻ എന്നിവർ അസുരന്മായിരുന്നു. സുഗ്രീവനും, ഹനുമാനും, വാനരസംഘവും, ഗജേന്ദ്രനും മറ്റും മൃഗങ്ങളായിരുന്നു. യജ്ഞം ചെയ്തിരുന്ന ബ്രാഹ്മണ പത്നിമാരും, ഗോകുലത്തിലെ ഗോപികമാരും പ്രാകൃതകളായ മനുഷ്യസ്ത്രീകളായിരുന്നു. അനർഹന്മാർക്കും കൂടി സത്സംഗം കൊണ്ട് മുക്തന്മാരാകാമെങ്കിൽ അർഹതയുള്ള സജ്ജനങ്ങൾക്ക് നിശ്ചയമായും കൈവല്യം കിട്ടും.

ഒരു സാധകന് ലക്ഷ്യം ബ്രഹ്മം ആണ്. ആ ബ്രഹ്മാനന്ദം പ്രാപിക്കാനുള്ള വഴികൾ ഭഗവത്ഗീതയിൽ, പല അദ്ധ്യായങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്. വ്യക്തിസ്വഭാവം അനുസരിച്ച് മനുഷ്യരിൽ 3 തരക്കാരുണ്ട്. ഇതിൽ ബുദ്ധിശക്തി കൂടുതലുള്ളവർക്കായി ജ്ഞാനയോഗവും, മാനസിക ചിന്തകർക്കായി, ഭക്തിയോഗവും, ശാരീരിക സുഖിയന്മാർക്കായി, കർമ്മയോഗവും ആണ്, ഗീതോപദേശത്തിൽ പറഞ്ഞിട്ടുള്ളത്. കുരുക്ഷേത്രത്തിൽ വെച്ച് അർജ്ജുനന് 'കർമ്മയോഗ' മാണ്, ഭഗവാൻ ശുപാർശ ചെയ്തത്. ഗീതോപദേശത്തിൽ ഭഗവാൻ പ്രസ്താവിക്കുന്ന, ഭക്തിയോഗം തന്നെ ഉദ്ധവോപദേശത്തിലും ആവർത്തിക്കുന്നുണ്ട്. നവയോഗികളിലെ 'ഹരി' എന്ന പണ്ഡിതൻ, 'നമി' ചക്രവർത്തിയുടെ രാജധാനിയിൽ, ഭാഗവതോത്തമന്റെ ഭക്തലക്ഷണത്തെപ്പറ്റി പറഞ്ഞത് ഇപ്രകാരമാണ്:

1) ഇന്ദ്രിയങ്ങളാൽ വിഷയങ്ങളെ ഭഗവാന്റെ 'മായ'യാണെന്ന് കരുതി ഗ്രഹിക്കുന്നു.

2) ഹരിസ്മരണ എപ്പോഴും ഉണ്ടാകും.

3) സമഭാവന ഉണ്ടാകും.

4) വാസുദേവ മയം എന്നായിരിക്കും അവരുടെ കാഴ്ചപ്പാട്.

5) ഞാൻ, 'എന്റേത്' എന്ന, മനോഭാവം ഉണ്ടാവില്ല.

6) അവർക്ക്, ബ്രഹ്മത്തിന്റെ പ്രകാശമാണ് സർവ്വത്ര അനുഭവപ്പെടുന്നത്.

7) അനാസക്ത ഭാവം ഉണ്ടാകും.

8) അവർ എപ്പോഴും ബ്രഹ്മാനന്ദത്തിൽ മുഴുകും.

ഭഗവദ്ഗീതയിൽ ചാപ്റ്റർ 2 ൽ ശ്ലോകം 55 മുതൽ 72 വരെയുള്ള 18 ശ്ലോകങ്ങളിലായി, സ്ഥിതപ്രജ്ഞനെ പറ്റി വിവരിക്കുന്നുണ്ട്. ആമയെ പോലെയും താമരയെ പോലെയും, ജീവിക്കണം എന്നാണ് അവിടെ പറയുന്നത്. ഏത് തരത്തിലുള്ള മനുഷ്യരാണ് ഭഗവത് ഭക്തരാകുന്നത് എന്നത് ഗീത (ചാപ്റ്റർ 7 ശ്ലോകം 17) ൽ കാണാം. അത് പ്രകാരം, അർത്ഥം ആഗ്രഹിക്കുന്നവർ, ആർത്തന്മാർ, ജിജ്ഞാസു, ജ്ഞാനി എന്നിങ്ങനെ നാല് തരക്കാരാണ്, ഭഗവാനെ ഭജിക്കുന്നത് എന്ന് മനസ്സിലാകും. ഭഗവദ്ഗീതയിൽ തന്നെ വേറൊരു സന്ദർഭത്തിൽ, ഉത്തമ ഭക്തിയുടെ ലക്ഷണം പറയുന്നുണ്ട്.

*"ഭക്ത്യാ ത്വനന്യയാ ശക്യ*
*അഹമേവം വിധോഽർജ്ജുനാ!*
*ജ്ഞാതും ദ്രഷ്ടും ച തത്ത്വേന*
*പ്രവേഷ്ടും ച പരന്തപ"*

– (ഗീത ചാപ്റ്റർ 11– ശ്ലോകം 54)

സാരം: ആത്മസ്വരൂപത്തെ ഉള്ളവണ്ണം അറിയുകയും, കാണുകയും, അതിൽ ലയിക്കുകയും, ചെയ്യണമെങ്കിൽ ഉത്തമ ഭക്തി വേണം.

നാം ഭഗവാനെ ഗ്രഹിച്ചാൽ, നമ്മളെ ഭഗവാൻ അനുഗ്രഹിക്കും. അകറ്റുന്നതെല്ലാം നമ്മൾ തന്നെയാണ്.

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*



# സപ്തപദി

6

## താരാശങ്കർ ബന്ദ്യോപാധ്യായ

### വിവർത്തനം : ഡോ. കെ.സി. എം. രാജ

*ഹിന്ദി വിവർത്തനത്തോട് കടപ്പാട് : നേമിചന്ദ്രജയിൻ, രാജ്കമൽ പ്രസിദ്ധീകരണം*

*കഴിഞ്ഞലക്കം തുടർച്ച...*

എല്ലാ മഹാത്മാക്കളുടെ പ്രഭാവവും ശക്തിയും അവർ ഇവിടം വിട്ടുപോകുന്നതോടെ അസ്തമിക്കുന്നു. അവ ശാശ്വതമായി നിലനിർത്താൻ ഈ ലോകത്ത് ആർക്കും കഴിയുകയുമില്ല. അങ്ങനെ കഴിയുമായിരുന്നെങ്കിൽ ഈജിപ്തിലെ 'മമ്മി'കളുടെ പ്രഭാവം ഒന്നുകൊണ്ടു തന്നെ ഈജിപ്ത് രക്ഷപ്പെട്ടുപോയേനേ. ബുദ്ധന്റെ അസ്ഥിമാടത്തിൽ പടുത്തുയർത്തുന്ന ബൗദ്ധസ്ഥാപനത്തിന്റെ പ്രതാപവും ഐശ്വര്യവും കൊണ്ടുതന്നെ, ഭാരതത്തിലെ സർവ്വദുഃഖങ്ങൾക്കും ഒരു ശമനം ലഭിക്കുമായിരുന്നു. ദൈവപുത്രന്റെ അവതാരം ഒന്നുകൊണ്ടുതന്നെ യൂറോപ്യൻ രാജ്യങ്ങളിൽ ശാശ്വതമായ സ്നേഹവും സമാധാനവും നിലനില്ക്കുമായിരുന്നു. മഹാന്മാരുടെ വചനങ്ങൾ, ഒരുപക്ഷെ, വളരെക്കാലം നിലനിൽക്കുമായിരിക്കും. എന്നാൽ, മനുഷ്യമനസ്സിലെ ആന്തരികമായ അമിത സ്വാർത്ഥതയും ആഗ്രഹങ്ങളും മാനവചേതനയെ, ഉണങ്ങിവരണ്ട ഒരു നദിയിലെ മണൽത്തിട്ടകളെപ്പോലെ എപ്പോഴും വേദനിപ്പിച്ചു കരയിച്ചുകൊണ്ടിരിക്കും.

കൃഷ്ണസ്വാമിയുടെ മനസ്സും റീനയെക്കുറിച്ചുള്ള ഓർമ്മകൾ മൂലം "ഹാ!... ഹാ!" ആരവം പുറപ്പെടുവിച്ചുകൊണ്ടേയിരുന്നു. ഒരു നിമിഷം പോലും അയാൾക്കു റീനയെക്കുറിച്ചു ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല. അല്ലെങ്കിൽ തന്നെ, അയാൾക്കു എങ്ങനെ അവളെ മറക്കാൻ കഴിയും! ഇന്നത്തെ ഈയൊരു വേഷത്തിലും ഭാവത്തിലും അവളെ കണ്ടുമുട്ടിയശേഷം, വർഷങ്ങൾക്കു മുൻപുള്ള ആ റീനാ ബ്രൗണിനെ മറക്കുക എന്നത് അത്ര എളുപ്പമാണോ? വിഷ്ണുപുരത്തെ 'ലാൽബണ്ടി'ന്റെ സമീപത്തായുള്ള പാറപ്പുറത്തു ഇരുന്നുകൊണ്ട് കൃഷ്ണസ്വാമി ആലോചനയിൽ മുഴുകി. റീനയുടെ അന്നത്തെ ആ മുഖം ശാന്തവും നിർമ്മലവുമായ ഒരു ദേവീവിഗ്രഹം പോലെ അയാളുടെ മനസ്സിൽ രൂപം പൂണ്ടുയർന്നുവന്നു. കറുത്തിരുണ്ട ചിറകുകളുടെ മദ്ധ്യത്തിലായി ജലാർദ്രമായ രണ്ടു കണ്ണുകൾ! ആ മിഴികൾകൊണ്ട് കൃഷ്ണേന്ദുവിന്റെ നേരെ നോക്കി അന്നു റീന പറയുകയുണ്ടായി "യൂ ആർ ഹാർട്ടലെസ്സ് കൃഷ്ണേന്ദു! ഐ ഡിഡ് നോട്ട് നൊ! നെവർ തോട്ട് ഈവൻ!"

വളരെ അവിചാരിതമായാണ് അന്ന് അങ്ങിനെയെല്ലാം സംഭവിച്ചത്.

അപ്രതീക്ഷിതമായി സംഭവിച്ച ഹൃദയാഘാതം മൂലം വളരെ പെട്ടെന്നായിരുന്നു കൃഷ്ണേന്ദുവിന്റെ അമ്മയുടെ മരണം! ആ വിവരത്തിനു കമ്പി കിട്ടിയ ഉടൻ കൃഷ്ണേന്ദു വീട്ടിലേക്ക് തിരിച്ചു. പിന്നീട് ശ്രാദ്ധവും ബന്ധപ്പെട്ട കർമ്മങ്ങളും മറ്റും പൂർത്തിയാക്കിയ ശേഷമാണ് അയാൾ കൽക്കത്തയിൽ തിരിച്ചെത്തിയത്. കൃഷ്ണേന്ദു തലയാകെ മുണ്ഡനം ചെയ്തിരുന്നു. ഈയൊരു സംഭവമെല്ലാം അയാളുടെ എല്ലാ സുഹൃത്തുക്കൾക്കും അറിയാമായിരുന്നു. പക്ഷെ, റീനയെ ഈ വിവരം അറിയിക്കാൻ കൃഷ്ണേന്ദു ആരെയും ഏല്പിച്ചിരുന്നില്ല. കുറച്ചു മാസങ്ങളായി അവർ പരസ്പരം അല്പമൊന്നു അകന്നു കഴിയുകയായിരുന്നു.

ആ കാലത്ത് കൃഷ്ണേന്ദു മെഡിക്കൽ കോളേജിലെ പഠനമെല്ലാം പൂർത്തിയാക്കിയശേഷം വൈദ്യശാസ്ത്ര സംബന്ധിയായ മനഃശാസ്ത്രം പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. രണ്ടുമൂന്നു മാസങ്ങളോളം പഠിപ്പിൽ മാത്രം ശ്രദ്ധ കൊടുത്തിരുന്ന കാരണം, മനസ്സിലെ മറ്റു ആകർഷക ചിന്തകളെല്ലാം മാഞ്ഞുപോയിത്തുടങ്ങിയിരുന്നു.

ആ ഒരു ദിവസം മുതലാണ് കൃഷ്ണേന്ദു റീനയെ ബോധപൂർവ്വം അകറ്റി നിർത്തി തുടങ്ങിയത്. കാരണം, അവൾ ജോണിയുടെ ഭാര്യയാകാൻ പോകുന്നവളാണ്. അവളുടെ മാതാപിതാക്കൾ ജീവിച്ചിരിക്കുന്നുണ്ട്. കൃഷ്ണേന്ദു പോളി ബ്രൗണിനെ ചിലപ്പോഴെല്ലാം കണ്ടുമുട്ടാറുണ്ടായിരുന്നു. പരസ്പരം കണ്ടുമുട്ടുമ്പോഴെല്ലാം പേരിന്നു അല്പം സംസാരിക്കുമെന്നു മാത്രം!

തല മുണ്ഡനം ചെയ്ത കൃഷ്ണേന്ദുവിനെ കണ്ടുമുട്ടിയപ്പോൾ പോളി ബ്രൗൺ ആശ്ചര്യ

പ്പെട്ടു ചോദിച്ചു. "എന്തു സംഭവിച്ചു കൃഷ്ണേന്ദു?"

"എന്റെ... അമ്മ..."

"അമ്മ മരിച്ചുവോ? അച്ഛനമ്മമാർ മരിച്ചാൽ ഇതുപോലെ തലമുടി മുഴുവൻ കളയാറുണ്ടോ?" പോളി ബ്രൗൺ ചോദിച്ചു.

"ഉവ്വ്! മിസ്സിസ് ബ്രൗൺ! അമ്മയുടെ മരണം വളരെ പെട്ടെന്നായിരുന്നു. ഹൃദയാഘാതമായിരുന്നു! എനിക്ക് അമ്മയെ ഒന്നു കാണുവാൻ പോലും ഒത്തില്ല!"

ഏറ്റവും അടുപ്പമുള്ള ഒരു ബന്ധുവിനെപ്പോലെ മിസ്സിസ് ബ്രൗൺ കൃഷ്ണേന്ദുവിനെ ആശ്വസിപ്പിച്ചു. അവരോടു നന്ദി പറഞ്ഞ് കൃഷ്ണേന്ദു സന്ധ്യയോടെയാണ് ധർമ്മതലയിലുള്ള അയാളുടെ ചികിത്സാ കേന്ദ്രത്തിൽ എത്തിയത്. അവിടെയെത്തി ഒരു സുഹൃത്തുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് റീന അവിടെ കയറി വന്നത്. അവളുടെ മിഴികൾ നിറഞ്ഞിരുന്നു. കൃഷ്ണേന്ദുവിന്റെ സമീപം ചെന്നു വേദന നിറഞ്ഞ സ്വരത്തിൽ അവൾ പറഞ്ഞു. "കൃഷ്ണേന്ദു! നീ ഇത്രയുമൊരു ഹൃദയശൂന്യനാണെന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു. നിന്നെക്കുറിച്ച് അങ്ങിനെയൊന്നു സങ്കല്പിക്കാൻ പോലും എനിക്കു കഴിഞ്ഞിരുന്നില്ല!"

"റീനാ! നീ ഇരിക്കൂ! റീനാ..."

"വേണ്ട! ഇതു പറയാൻ വേണ്ടി മാത്രമാണ് ഞാൻ ഇത്രത്തോളം വന്നത്!"

കൃഷ്ണേന്ദു അവളെ പോകാൻ അനുവദിക്കാതെ കൈപിടിച്ചു. റീന അപ്പോഴേക്ക് അവിടെ ഇരുന്നു കഴിഞ്ഞിരുന്നു. അന്ന്, അവൾ കൃഷ്ണേന്ദുവിന്റെ അമ്മയുടെ കാര്യങ്ങൾ മാത്രമാണ് സംസാരിച്ചത്. ആ സമയമെല്ലാം അവൾ കരഞ്ഞുകൊണ്ടിരുന്നു. കൃഷ്ണേന്ദു പറഞ്ഞു. "ഇന്നത്തെ ഈ സംസാരം എന്റെ മനസ്സിൽ ഒരിക്കലും മായാതെ നിലനില്ക്കും. നിന്റെ ഈയൊരു മനസ്സ് സ്വർഗ്ഗതുല്യമാണ്, റീനാ! നിന്റെ ഈ സാന്ത്വന വാക്കുകൾ ചുട്ടുരുകുന്ന എന്റെ മനസ്സിന്നു വളരെയധികം കുളിർമ്മ പകർന്നു തരുന്നുണ്ട്"

റീനയുടെ മുഖത്തു ചെറിയൊരു പുഞ്ചിരി വിടർന്നു. സങ്കടം കാരണം അതുവരെ വാടിയിരുന്ന അവളുടെ മുഖത്ത് സ്വല്പമൊരു ശാന്തത തെളിഞ്ഞു.

റീന ഇങ്ങനെ പ്രതികരിച്ചു. "ഒരമ്മയുടെ വാത്സല്യം എന്താണെന്നു പോലും ഇതുവരെ മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിട്ടില്ല. പോളി ചിറ്റമ്മയ്ക്ക് എന്നെ ഇഷ്ടമൊക്കെയാണ്. പക്ഷെ അതിലും എത്രയോ അധികം സ്നേഹം എനിക്കു വാരിക്കോരി തരുന്നത് കുന്തിയാണ്. എന്റെ വെറും ഒരു 'ആയ' മാത്രമാണെങ്കിൽ കൂടി, അവർ എന്നെ ഇത്രയധികം സ്നേഹിക്കുന്നുവെങ്കിൽ എനിക്ക് ജന്മം തന്ന എന്റെ അമ്മയുടെ സ്നേഹം എത്രയധികം മധുരമായിരിക്കും!"

റീന പോയ ശേഷവും കൃഷ്ണേന്ദു ഒരു പരാജിതനെപ്പോലെ അവിടെത്തന്നെയിരുന്നു. റീനയുമായുള്ള കൃഷ്ണേന്ദുവിന്റെ സൗഹൃദം വീണ്ടും ഉദ്ദീപ്തമായി തുടങ്ങി. അവർ തമ്മിലുള്ള സ്നേഹബന്ധം വെറുമൊരു ജീർണ്ണിച്ച ചരടുകൊണ്ട് കോർത്തിണക്കിയതായിരുന്നില്ല. മറിച്ച് കലർപ്പില്ലാത്ത ഒരു സ്വർണ്ണനൂലിൽ കോർത്തതായിരുന്നു. ആയിരം വർഷം മണ്ണിനടിയിൽ കിടന്നിട്ടും കറപുരളാത്ത ഒരു സ്വർണ്ണാഭരണം പോലെയായിരുന്നു അവരെ പരസ്പരം ബന്ധിച്ച ആ സൗഹൃദം!

പിന്നീടൊരുദിവസം കൃഷ്ണേന്ദു ചികിത്സാകേന്ദ്രത്തിലേക്കു കയറിച്ചെല്ലുമ്പോഴാണ് റീനയുടെ 'ആയ' കുന്തി ഓടിവന്ന് അണച്ചുകൊണ്ട് അയാളെ വിളിച്ചത്. "ഡോക്ടർ സാർ!" വാചാലമായിരുന്ന അവളുടെ മിഴികളിൽ അത്ഭുതം തെളിഞ്ഞു നിന്നിരുന്നു. കോപമാണോ, പ്രതികാരേച്ഛയാണോ അതോ ഒരു പരിഭ്രാന്തിയാണോ എന്നു വ്യക്തമാക്കിയിരുന്നില്ല. എങ്കിലും, അന്ന് ആ മിഴികളിൽ ഏറെ പ്രതിഫലിച്ചിരുന്നത് പരിഭ്രമം പൂണ്ട ഒരുതരം ദൈന്യഭാവമായിരുന്നു.

ആ കാലത്ത് കൃഷ്ണേന്ദു പഠിപ്പെല്ലാം പൂർത്തിയാക്കി ഹൗസ് സർജനായി പരിശീലനം നേടുകയായിരുന്നു. ഒന്നോ രണ്ടോ വർഷം ജോലി ചെയ്തു കിട്ടുന്ന സമ്പാദ്യവുമായി ഉപരിപഠനത്തിന് ഇംഗ്ലണ്ടിലേക്കു പോകണമെന്നായിരുന്നു കൃഷ്ണേന്ദുവിന്റെ ഉദ്ദേശം. 'കോളറ'യ്ക്കു ചികിത്സിക്കുമ്പോൾ ഏറെ വിഷമം പിടിച്ച 'സെലൈൻ' ഇൻജക്ഷൻ കൊടുക്കുന്നതിനു പ്രത്യേകിച്ചു പ്രാവീണ്യമുള്ള ഒരു ഡോക്ടർ എന്ന നിലയിലും കൃഷ്ണേന്ദു നല്ല ഖ്യാതി നേടിയിരുന്നു. ഇപ്പോൾ സ്വന്തമായൊരു ചികിത്സാകേന്ദ്രവും നടത്തുന്നുണ്ട്. ഇതുവരെ മറ്റൊരു ഡോക്ടറുടെ സഹപ്രവർത്തകനായിട്ടാണ് നിന്നിരുന്നത്. സ്വന്തമായി ചികിത്സിക്കാനുള്ള ഔദ്യോഗിക സമ്മതി പത്രം ലഭിച്ച ശേഷമാണ് സ്വന്തമായൊരു ചികിത്സാകേന്ദ്രം ആരംഭിച്ചത്. ഈ രാജ്യത്ത് സമ്പന്നരുടെ ഇടയിൽ പോലും ശുചിത്വം പാടെ അവഗണിച്ച് ഭക്ഷണം കഴിക്കുന്നവരുണ്ട്. കൽക്കത്തയോ, ഈച്ചകൾ നിറഞ്ഞ ഒരു മഹാനഗരം! പണക്കാരുടെ വീട്ടിൽ പോയി ചികിത്സിക്കുമ്പോൾ ഫീസ് നിർലോഭം കിട്ടും. അതു കാരണം ധർമ്മതലയിൽ പ്രവർത്തിക്കുന്ന ചികിത്സാകേന്ദ്രത്തിനു പുറമെ ഛത്പൂരിലും ഈയിടെയായി കൃഷ്ണേന്ദു ഒരു ക്ലിനിക് ആരംഭിച്ചിട്ടുണ്ട്. ഇതിനെല്ലാം ഉപരിയായി ലൈംഗികരോഗം ബാധിച്ചവരെ പരിശോധിക്കുന്നതിനും ചികിത്സിക്കുന്നതിനും കൃഷ്ണേന്ദു വൈദഗ്ധ്യം നേടി. ആ തരം രോഗികളിൽ നിന്നു ഇൻജക്ഷന്നു സാധാരണയിൽ കവിഞ്ഞ ഫീസും കൃഷ്ണേന്ദു വാങ്ങിച്ചിരുന്നു.

അന്ന് കുന്തിയുടെ പരിഭ്രമം കണ്ട് കൃഷ്ണേന്ദു ചോദിച്ചു.

''എന്താ കുന്തീ?... എന്താ കാര്യം?"

ഭയം വിട്ടുമാറാതെ ആ സ്ത്രീ പറഞ്ഞു "അവൾ നിർത്താതെ കരഞ്ഞുകൊണ്ടിരിക്കുകയാണ്."

"കരയുകയോ?"

"അതെ! രാവിലെ മുതൽ തുടങ്ങിയതാണ് കരച്ചിൽ!"

''കരയാൻ എന്തുണ്ടായി?'' കൃഷ്ണേന്ദു ഉദ്വേഗത്തോടെ ചോദിച്ചു.

"അറിയില്ല! ജോൺ സാഹിബിന്റെ ഒരു കത്ത് കയ്യിൽ പിടിച്ചിട്ടുണ്ട്."

''നടന്നോളൂ! ഞാൻ ഉടനെ വരാം!" കൃഷ്ണേന്ദു സമാധാനിപ്പിച്ചു.

കത്ത് കൃഷ്ണേന്ദുവിന്റെ നേരെ നീട്ടി റീന ചോദിച്ചു.

"ഇനി ഇപ്പോൾ ഞാൻ എന്തു ചെയ്യും?" ഇതും ചോദിച്ച് അവൾ പൊട്ടിക്കരഞ്ഞു തുടങ്ങി.

ജോണിയുടെ പിതാവ് ചാർൽസ് ക്ലേറ്റൻ ജേയിംസ് ബ്രൗണിന് അയച്ച കത്തായിരുന്നു അത്. കൃഷ്ണേന്ദു ആ കത്ത് വായിക്കാനാരംഭിച്ചു.

"താങ്കളുടെ കത്തു ജോണിക്ക് കിട്ടി. അങ്ങേയറ്റം നന്ദിയുണ്ട്. താങ്കൾ ഒരു സത്യക്രിസ്ത്യാനിയാണല്ലോ! അതുപോലെ തന്നെയാണ് ഞാനും. അമ്മാതിരി ശിക്ഷണം തന്നെയാണ് ഞാൻ ജോണിക്കും നല്കിയിരിക്കുന്നത്. ഈയൊരു കാര്യം സംബന്ധിച്ച് അവൻ തന്നെ താങ്കൾക്ക് എഴുതണമെന്ന് ആഗ്രഹിച്ചതാണ്. അതിന്നിടയിലാണ് താങ്കളുടെ കത്തു കിട്ടിയത്. ജോണി താങ്കളോട് സൂചിപ്പിക്കാൻ ഉദ്ദേശിച്ച കാര്യം ഞാൻ തന്നെ എഴുതാം.

ശരിയായി നല്ലപോലെ പരിശോധിക്കാതെ പ്രേമത്തിന്റെ മാറ്റ് അറിയുക പ്രയാസമാണ്. താങ്കളുടെ മകൾ റീനയുമായി ജോണിക്കുണ്ടായിരുന്ന അടുത്ത സൗഹൃദം പ്രേമമായി അവൾ തെറ്റിദ്ധരിച്ചു. ഒരുപക്ഷെ, താങ്കളും അങ്ങനെ തന്നെ കരുതിയിരിക്കും. ജോണി ഇവിടെ തിരിച്ചെത്തി ഒരു ജോലിയിൽ പ്രവേശിച്ചു. വിവാഹം ചെയ്യുവാൻ ആഗ്രഹിക്കുന്ന പെൺകുട്ടിയെ അവൻ തിരഞ്ഞെടുത്തു കഴിഞ്ഞു. കേണൽ റേമണ്ട് എന്റെ അടുത്ത ഒരു സുഹൃത്താണ്. പോളിയ്ക്ക് അയാളെ അറിയാം. അയാളുടെ മകളാണ് പെൺകുട്ടി. പേര് എമിലി. എമിലി റേമണ്ട് നല്ല മിടുക്കിയാണ്. ഒപ്പം തന്നെ ഒരു സുന്ദരിയും. അവർ ഇപ്പോൾ പരസ്പരം പ്രേമത്തിലാണ്. അടുത്തു തന്നെ അവരുടെ വിവാഹം നടക്കും. A girl in distress is a sacred thing. താങ്കളുടെ മകൾക്ക് ഇതെല്ലാം അറിയുമ്പോൾ തീർച്ചയായും ഏറെ മനഃപ്രയാസം ഉണ്ടാകും. എന്റെ ആത്മാർത്ഥമായ സഹതാപം താങ്കൾ ഉൾക്കൊള്ളുമെന്നു ഞാൻ വിശ്വസിക്കുന്നു. കാലംകൊണ്ട് എല്ലാം ശരിയാവുമെന്നു നമുക്ക് പ്രതീക്ഷിക്കാം."

കത്തു വായിച്ച് കൃഷ്ണേന്ദു സ്തബ്ധനായി. ക്ലേറ്റനെക്കുറിച്ച് ഓർത്തപ്പോൾ ഒരു ശക്തിയായ പ്രഹരമേറ്റപോലെ കൃഷ്ണേന്ദുവിനു തോന്നി. അയാളുടെ മനസ്സാകെ പ്രക്ഷുബ്ധമായി. ഇപ്പോൾ ക്ലേറ്റനെ നേരിൽ കണ്ടുമുട്ടിയിരുന്നെങ്കിൽ...

തുറന്നിട്ട ജാലകത്തിലൂടെ കൽക്കത്തയിലെ ഉയരംകൂടിയ കെട്ടിടങ്ങളിലെ ഗോപുരങ്ങളിൽ കണ്ണും നട്ട് കൃഷ്ണേന്ദു അവിടെത്തന്നെ ഇരുന്നു. ക്ലേറ്റൻ വെറുമൊരു ബുദ്ധിശൂന്യനാണെന്നു ആ ഒരു നിമിഷം കൃഷ്ണേന്ദുവിനു തോന്നി.

"കൃഷ്ണേന്ദു! എന്റെ സർവ്വസ്വവും ഞാൻ അയാൾക്കു സമർപ്പിച്ചിട്ടുണ്ടായിരുന്നു." ഇതും പറഞ്ഞ് മുഖം തലയിണയിൽ അമർത്തി റീന വീണ്ടും വിതുമ്പിക്കരഞ്ഞുതുടങ്ങി.

"റീനാ, നീ കരയാതിരിക്കൂ! Look at me, in my eyes, റീനാ!"

റീന മുഖമുയർത്തി കൃഷ്ണേന്ദുവിനെ ഒരുനിമിഷം നോക്കിയ ശേഷം ചെറുതായി ഒന്നു പുഞ്ചിരി തൂകിക്കൊണ്ടു ചോദിച്ചു. "ഒഥെല്ലോ ചെയ്തപോലെ എന്റെ കഴുത്തു ഞെരിച്ച് നിനക്കു എന്നെയൊന്നു കൊല്ലാമോ, കൃഷ്ണേന്ദു?"

ആ ഒരു നിമിഷം എന്തു സംഭവിച്ചു!

അതുവരെ തടഞ്ഞു നിർത്തപ്പെട്ട വലിയൊരു ജലപ്രവാഹം അണപൊട്ടി കുത്തിയൊലിച്ചെത്തുന്നതുപോലെ കൃഷ്ണേന്ദു ആവേശഭരിതനായി റീനയോടു പറഞ്ഞു. ''ഞാൻ നിന്നെ അങ്ങേയറ്റം സ്നേഹിക്കുന്നു!" ഇതു പറഞ്ഞ് കൃഷ്ണേന്ദു മുന്നോട്ടാഞ്ഞ് റീനയെ തന്റെ കൈവലയത്തിൽ ഒതുക്കി മാറോടണച്ചു.

"റീനാ... I Love you നീ എന്റെ ജീവിത സർവ്വസ്വമാണ്... My Life!"

തിരിച്ചൊന്നും പറയാൻ കഴിയാതെ റീന കേണു. "കൃഷ്ണേന്ദു... My own കൃഷ്ണേന്ദു."

"എനിക്ക് നിന്നെ ഇഷ്ടമാണ് റീനാ..."

"എനിക്ക് നിന്നോടും..."

മുഖത്തോടു മുഖം ചേർത്തു വെച്ച് അവർ ആ അവസ്ഥയിൽ ഏറെനേരം അവിടെത്തന്നെ ഇരുന്നു. കൃഷ്ണേന്ദു സംയമനം പാലിച്ചുകൊണ്ട് പറഞ്ഞു.

"ഞാൻ താമസിയാതെ നിന്നെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നു. ഇനിയൊട്ടും വൈകാതെ നമ്മുടെ വിവാഹം നടത്തണം. നാളെത്തന്നെ ഞാൻ നിന്റെ അച്ഛനെ കാണുന്നുണ്ട്."

പറഞ്ഞതുപോലെത്തന്നെ കൃഷ്ണേന്ദു പിറ്റേ ദിവസം മിസ്റ്റർ ബ്രൗണിനോട് ഈ കാര്യം സംസാരിച്ചു. ജേയിംസ് ബ്രൗൺ അന്ന് കൃഷ്ണേന്ദുവിനോട് ഇങ്ങനെ പറഞ്ഞു. "മിസ്റ്റർ ഗുപ്താ ഞാനൊരു സത്യക്രിസ്ത്യാനിയാണ്. എന്റെ

മകൾ റീന ഒരു ആംഗ്ലോ ഇന്ത്യനും. അവളുടെ ഉള്ളിൽ ഭാരതീയ രക്തം ഓടുന്നുണ്ട്. എങ്കിലും, അവൾ ഒരു സത്യക്രിസ്ത്യാനിയാണ്. അവളുടെ വിവാഹം നിയമപരമായ വെറുമൊരു രജിസ്റ്റർ വിവാഹമായി നടത്താൻ എനിക്കു ആഗ്രഹമില്ല. കാരണം അവൾ എന്നേക്കാൾ അധികമൊരു സത്യക്രിസ്ത്യാനിയാണ്. നിങ്ങളെ എനിക്കു നല്ലപോലെ അറിയാം. കർമ്മനിഷ്ഠയുള്ള, സാത്വികനായ ഒരു യുവാവാണ് നിങ്ങൾ. അതുകൊണ്ട് റീനയെ നിങ്ങൾ വിവാഹം ചെയ്യുന്നതിൽ എനിക്ക് യാതൊരു തടസ്സവുമില്ല. പക്ഷെ, വിവാഹത്തിനു മുമ്പ് നിങ്ങൾ ഒരു ക്രിസ്ത്യാനിയായി മാറണം."

''ക്രിസ്ത്യാനിയാവണോ?'' കൃഷ്ണേന്ദു ആകെ സ്തബ്ധനായി നിന്നു.

ഈയൊരു കാര്യം അയാൾ തീരെ ചിന്തിച്ചിരുന്നില്ല.

''നീ നല്ലപോലെ ആലോചിക്കൂ! യങ് മാൻ! നാളെയോ കുറച്ചുദിവസം കഴിഞ്ഞോ വന്നു പറഞ്ഞാൽ മതി"

കൃഷ്ണേന്ദു ആലോചനയിൽ മുഴുകി തല താഴ്ത്തി നിന്നു.

അന്നു റീനയുടെ മുറിയുടെ മുന്നിലെത്തിയപ്പോൾ അയാൾ പെട്ടെന്നു നിന്നു. മുറിയിൽ നിന്നു ഇടറിയ ശബ്ദത്തിൽ റീന അയാളോടു പറഞ്ഞു. ''നീ തിരിച്ചു പൊയ്ക്കോളൂ, കൃഷ്ണേന്ദു! ഈയൊരു കാര്യം ഞാൻ തീരെ കരുതിയിരുന്നില്ല."

"റീനാ!"

''ഇല്ല, കൃഷ്ണേന്ദു! ഞാൻ ഒട്ടും ചിന്തിച്ചില്ല!"

അന്നു കൃഷ്ണേന്ദു ആ വീട്ടിൽ നിന്ന് ഇറങ്ങുമ്പോൾ കുന്തി വീടിന്റെ പിൻവശത്തായി നില്പുണ്ടായിരുന്നു. കൃഷ്ണേന്ദുവിനെ കണ്ടപ്പോൾ കുന്തി പറഞ്ഞു. "ഇങ്ങനെ പോയാൽ റീന അധികം താമസിയാതെ മരിക്കും... തീർച്ച! അവൾ ഇനിയധികകാലം ജീവിച്ചിരിക്കില്ല."

ഭൂമിയാകെ തന്നെ വലം വയ്ക്കുന്നതായി കൃഷ്ണേന്ദുവിന്നു തോന്നിത്തുടങ്ങി; ഭൂമിയിലെ സകല വസ്തുക്കളും, ആകാശവും, മനുഷ്യരും എല്ലാം... എന്തോ ഒരു ശൂന്യത അയാളുടെ മനസ്സാകെ നിറഞ്ഞു. റീനയെ കൂടാതെ തനിക്ക് ജീവിക്കാൻ കഴിയുമോ? അങ്ങനെയൊന്നു സങ്കല്പിക്കാൻ പോലും കൃഷ്ണേന്ദുവിന്നു കഴിഞ്ഞില്ല. മതം! അതെന്താണെന്നുപോലും കൃഷ്ണേന്ദുവിന്നു അറിഞ്ഞുകൂട. ഒരിക്കൽ പോലും അതിനെക്കുറിച്ചു ചിന്തിക്കുവാൻ അയാൾ ശ്രമിച്ചിട്ടില്ല. അതിനെയൊട്ടും മാനിച്ചിട്ടുമില്ല. ദൈവത്തിൽ തന്നെ വിശ്വാസമില്ലാതിരുന്ന ഒരു കാലഘട്ടം! നവീന യുഗത്തിന്റെ പുതിയ പുതിയ ശാസ്ത്രീയ യാഥാർത്ഥ്യങ്ങളിൽ മാത്രമാണ് അയാളുടെ വിശ്വാസം വേരൂന്നി നിന്നത്. ദൈവം എന്നൊന്നില്ല. സത്യമാണ് മഹത്തായത്. ഈയൊരു സത്യം അയാളെ സംബന്ധിച്ചിടത്തോളം ശാശ്വതമല്ല താനും. സത്യമാണ് ദൈവം! ദൈവം എന്നൊന്നുണ്ടെങ്കിൽത്തന്നെ എല്ലാ മതങ്ങളും ആ ദൈവത്തിന്റെ മുന്നിലെ ഒരു മറ മാത്രമാണ്. ഇതൊക്കെയാണെങ്കിലും സമൂഹത്തിൽ ജീവിച്ചു പോകുന്നതിനു ഒരു മതം അനിവാര്യമാണ്. സ്വയം വിശ്വസിക്കുന്നില്ലെങ്കിൽകൂടി സമൂഹത്തിന്റെ മുന്നിൽ താൻ ഒരു ഹിന്ദുവാണ്, ഹിന്ദു വൈശ്യൻ! അങ്ങിനെയാണ് എല്ലാ രേഖകളിലും കൊടുത്തിട്ടുള്ളത്. ഇതുതന്നെയാണ് എല്ലാ അപേക്ഷകളിലും താൻ കൊടുക്കുന്നതും.

ഇന്ന് റീനയാണ് തന്റെ ജീവിതത്തിലെ സത്യം! ആ സത്യമാണ് ഇന്ന് തനിക്കു ഏറ്റവും പ്രധാനം. ആ സത്യത്തിനുവേണ്ടി, റീനയ്ക്കുവേണ്ടി, മതം മാറുന്നതിനുവരെ തയ്യാറാണ്. പക്ഷെ തന്റെ അച്ഛൻ...

കൃഷ്ണേന്ദുവിന്റെ മനസ്സ് ഉണർന്നെഴുന്നേറ്റു. അച്ഛൻ അറിഞ്ഞാൽ ഇതൊക്കെ സമ്മതിക്കുമോ? ക്രിസ്ത്യാനിയായാലെന്താ ഞാൻ അച്ഛന്റെ സ്വന്തം മകനല്ലേ? അങ്ങനെ ജീവിക്കാൻ ഇനി മുതൽ കഴിയാതെ വന്നാൽ? സ്വന്തം ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി അച്ഛൻ ജീവിച്ചുകൊള്ളട്ടെ! മതാചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വേണ്ടി സത്യത്തെ ത്യജിക്കാൻ കഴിയുമോ? ചികിത്സാ സമ്പ്രദായങ്ങളിലൂടെ സ്വന്തം ജീവിത ധർമ്മത്തെ കണ്ടെത്തുമ്പോൾ പേര് ക്രിസ്ത്യാനിയായിപ്പോയതുകൊണ്ട് എന്താണ് ഒരു തകരാറ്? ആർക്ക് എന്തു ശത്രുത തോന്നാൻ! അച്ഛനാണെങ്കിൽ ജീവിക്കുന്നത് വളരെ ദൂരെ ഒരിടത്ത്. അദ്ദേഹത്തിനു തന്നെക്കൊണ്ട് യാതൊരാവശ്യവുമില്ല. പിന്നെ, അച്ഛനെ ശുശ്രൂഷിക്കുന്ന കാര്യം! എപ്പോഴും താൻ അതിനു തയ്യാറായിരിക്കും. അദ്ദേഹം ഒരുപക്ഷെ ഞങ്ങളെ തൊടില്ലായിരിക്കും. പക്ഷെ, എന്തുകൊണ്ടു തൊട്ടുകൂടാ?

ഒരു ഉന്മത്തനെപോലെ കൃഷ്ണേന്ദു അന്നു വീട്ടിൽ നിന്നു ഇറങ്ങിപോന്നു. റീനാ... റീനാ... എന്നു വിളിച്ചു കൃഷ്ണേന്ദു കേണുകൊണ്ടേയിരുന്നു. റീനയെ വിട്ടുപിരിഞ്ഞൊരു ജീവിതം കൃഷ്ണേന്ദുവിനു വിചാരിക്കാൻ കൂടി കഴിഞ്ഞില്ല. ഈയൊരു കാര്യം പലതവണ പരീക്ഷിച്ച് അയാൾക്കു ബോധ്യമായതാണ്. ശാരീരികമായ ഒരു ആകർഷണം മാത്രമായിരുന്നില്ല, മറിച്ച് അതിലുമെത്രയോ മഹത്തരമായ എന്തോ ഒന്ന് കൃഷ്ണേന്ദുവിനെ റീനയുമായി അടുപ്പിച്ചിരുന്നു. ''ദേഹത്തിനു സുഖമില്ല!" എന്നു പറഞ്ഞ് കൃഷ്ണേന്ദു ചികിത്സാ കേന്ദ്രത്തിൽ നിന്ന് തിരിച്ചുവന്ന് അവശ്യം വേണ്ട ചില സാധനങ്ങൾ സഞ്ചിയിൽ വെച്ച്, സ്റ്റേഷനിലെത്തി കൃഷ്ണേന്ദു നാട്ടിലേക്ക് വണ്ടി കയറി. *(തുടരും)*

# കോയിയ്ക്കലിൽ നിന്നുമൊരു ക്രോസ്ബെൽറ്റുകാരൻ

**റ്റി.ആർ. രാമവർമ്മരാജ,** തിരുവനന്തപുരം



ദാരിദ്ര്യം... അത് പഴയ തലമുറക്കാർക്ക് കേട്ട് മടുത്ത അവസ്ഥ. പുതിയവർ നേരിട്ടിട്ടില്ലാത്ത ദുരിതം.

നവതി ദിനത്തിൽ മക്കളും മരുമക്കളും ചെറുമക്കളും ഒരുമിച്ച് സന്തോഷത്തോടെ ഒത്തുകൂടിയ ഈ ദിവസത്തെ രാത്രിയിൽ പതിനൊന്നാം നിലയിലെ ഫ്ളാറ്റിൽ നിന്നും താഴെ മിന്നിമറയുന്ന വാഹനങ്ങളുടെ വെളിച്ചം നോക്കിയിരിക്കുന്നതിനിടയിൽ ആ പഴയകാലം ഞാൻ ഓർത്തുപോയി. അച്ഛനും അമ്മയും മുത്തശ്ശിയും സഹോദരങ്ങളും ബന്ധുക്കളുമായി ഒരു നാലുകെട്ടിനുള്ളിൽ 10 പേർ അടങ്ങിയ കുടുംബം. രാത്രിയിൽ നുള്ളി പെറുക്കി ഭക്ഷണം വിളമ്പി, ചിലർ പട്ടിണിയിലായി പോവുന്ന ആ കാലം.

1954-ൽ എനിക്ക് സർക്കാർ ഉദ്യോഗത്തിനായി എറണാകുളം മഹാരാജാസ് ഗ്രൗണ്ടിന് സമീപത്തെ പി.എസ്.സി. ഓഫീസിൽ മുഖാമുഖത്തിന് ഊഴവും കാത്തിരുന്ന ആ ദിവസം.... "രാജകുടുംബാംഗമായ താങ്കൾ മദ്യവുമായി ബന്ധപ്പെട്ട എക്സൈസ് ജോലി തിരഞ്ഞെടുക്കാൻ കാരണമെന്ത്" എന്ന ചോദ്യകർത്താവായ കുഞ്ഞുരാമൻ സാറിന്റെ ചോദ്യത്തിന് മുന്നിൽ എനിക്ക് ഉത്തരം കണ്ടെത്താൻ പരതേണ്ട ആവശ്യമുണ്ടായില്ല. കുടുംബത്തെ മുന്നോട്ട് കൊണ്ടുപോകുവാനാണ് ഓണേഴ്സ് ഡിഗ്രി വരെ വേണ്ടെന്നു വച്ചത് എന്ന ഒറ്റ ഉത്തരം. പിന്നീട് 30 വർഷത്തെ എക്സൈസ് ജീവിതത്തിനിടയിൽ 27 ട്രാൻസ്ഫറുകളും സംഭവബഹുലമായ ജീവിതവും.

ഇതാണ് പറ്റിയ സമയം. സത്യസന്ധമായ ജോലി നിർവ്വഹണത്തിനിടയിൽ കിട്ടിയ ട്രാൻസ്ഫറുകളെ ഓർമ്മയിൽ ചികഞ്ഞെടുത്താൽ തന്നെ എത്ര സംഭവങ്ങൾ ഉദ്യോഗത്തിലും അല്ലാതെയും. നെയ്യാറ്റിൻകര താലൂക്കിലെ പൊഴിയൂരിൽ വാറ്റുചാരായം പിടിക്കാൻ പോയ എന്നെയും 20 എക്സൈസ് ഉദ്യോഗസ്ഥരെയും വലയിട്ടു പിടിച്ചു കടലിൽ മുക്കി കൊല്ലാൻ ശ്രമിച്ച സംഭവം, ടിഞ്ചറിലെ മിശ്രിതത്തിന്റെ അളവ് തെറ്റാണെന്ന് ചൂണ്ടിക്കാണിച്ച് കേസ് രജിസ്റ്റർ ചെയ്ത ശേഷം മേലുദ്യോഗസ്ഥന്റെ വീട്ടിൽ ചെന്നപ്പോൾ കേസിൽപ്പെട്ട ആൾ എന്റെ മേലുദ്യോഗസ്ഥന് ചന്ദ്രക്കാരൻ മാങ്ങ പൂളി നൽകിയ കാഴ്ച. അങ്ങനെ എന്തെല്ലാം. ഒരുപക്ഷെ കേരളത്തിൽ നിരവധി പൊലീസ് സ്റ്റോറികളും പട്ടാളകഥകളും വന്നിട്ടുണ്ടെങ്കിലും ഭൂരിഭാഗം കേസുകളിലും വാദിയില്ലാത്ത എക്സൈസ് സ്റ്റോറി ആരും എഴുതിയിട്ടില്ല എന്നാണ് എന്റെ അറിവ്. മൂത്തമകൻ സമ്മാനിച്ച എസ്.ബി.ഐ. ഡയറിയിൽ ഓർമ്മക്കുറിപ്പുകൾ എഴുതിതുടങ്ങാം എന്ന് തീരുമാനിച്ചു. ഡയറിയുടെ തീയതികൾ പേനയുപയോഗിച്ച് മാറ്റിയെഴുതാം. മിഥുനത്തിലെ മൂലംനാൾ രാമവർമ്മ രാജ എന്നെഴുതി തുടങ്ങിയാലോ?

വേണ്ട...... ഒരു എക്സൈസ് പ്രയാണമെന്നായിക്കോട്ടെ ഈ സംഭവകഥകൾക്ക് പേര്....

**പ്രയാണത്തിന്റെ നാന്ദി**

1954-ൽ ആണ് ആ പരസ്യം കണ്ടത്. 'ഫാർമസ്യൂട്ടിക്കലിലേക്ക് എക്സൈസ് ഇൻസ്പെക്ടർമാരുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു'. മദ്യത്തിലെ തിരിമറികൾ അക്കാലത്തും ഉണ്ടായിരുന്നു. എന്നാൽ അതിന് അല്പം അശാസ്ത്രീയ വശമുണ്ടായിരുന്നു. ആ തിരിമറി നിയന്ത്രിക്കുന്നതിനും ഡ്യൂട്ടി പിരിച്ച് സർക്കാരിൽ ഏൽപ്പിക്കുന്നതിൽ ഡിപ്പാർട്ട്മെന്റ് ചുമതല ഏൽപ്പിച്ചിരുന്ന യൂണിറ്റ് പ്രിവന്റീവ് ഓഫീസർമാരുടെ പ്രവർത്തനം കൃത്യമായി നടക്കാതിരുന്നതു കൊണ്ടാണ് ഇൻസ്പെക്ടർമാരെ കണ്ടെത്താൻ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനസർക്കാർ തീരുമാനിച്ചത്.

അപേക്ഷ നൽകുവാൻ എനിക്ക് താൽപ്പര്യമില്ലായിരുന്നു. എങ്കിലും 'ക്രോസ്ബെൽറ്റ് അണിഞ്ഞ ഒരാൾ കുടുംബത്തിൽ വേണം' എന്ന് അമ്മയുടെ സഹോദരിയായ കൊച്ചൂട്ടി ചിറ്റയുടെയും ചിറ്റയുടെ ഭർത്താവ് അപ്ഫന്റെയും നിർദ്ദേശത്തെ തുടർന്നാണ് ഞാൻ അപേക്ഷ നൽകിയത്.

എറണാകുളം മഹാരാജാസ് ഗ്രൗണ്ടിന് സമീപത്തെ പി.എസ്.സി. ഓഫീസിലായിരുന്നു ഇന്റർവ്യൂ.

തിരു-കൊച്ചി പി.എസ്.സി. മെമ്പർമാരായ ഒരു തമ്പുരാൻ,

മുൻമന്ത്രിയും ആറ്റിങ്ങൽ എം.പിയുമായ അടൂർ പ്രകാശിന്റെ അച്ഛൻ കുഞ്ഞുരാമൻ സാർ 3-ാമത് മറ്റൊരു സാറും ചോദ്യകർത്താക്കളായി ഉണ്ടായിരുന്നു. കുറ്റവാളികളെ അറസ്റ്റ് ചെയ്ത് നിയമത്തിന് മുമ്പിൽ കൊണ്ടുവരാനും, ശിക്ഷിപ്പിക്കാനും അതുമൂലം സംശുദ്ധമായ ഒരു സമൂഹം വരാനും. ഒരാൾ "കള്ള് കുടിച്ചിട്ടുണ്ടെങ്കിൽ അതിന്റെ അളവ് അതല്ലെങ്കിൽ ഡിഗ്രി കണ്ടുപിടിക്കാമോ?'' ചോദ്യം. "അത് ഒരു ഡോക്ടർക്കേ കണ്ടുപിടിക്കാനൊക്കൂ". ഈസിയായി ഉത്തരം കൊടുക്കാവുന്ന ചോദ്യങ്ങൾ മാത്രമേ എന്നോടു ചോദിച്ചുള്ളൂ. പല സെന്ററുകളിലായി 120 പേരെ ഇന്റർവ്യൂ നടത്തി. അഞ്ചുപേരെ തിരഞ്ഞെടുത്തു. ഒന്നാം റാങ്ക് എനിക്ക്!!! ഭാഗ്യദാതാവായ ഭഗവാൻ ദയാപുരസ്സരം എന്റെ മേൽ നിർല്ലോഭം ഭാഗ്യം ചൊരിഞ്ഞു. "പൊതുവേ ധനാഢ്യരായ തമ്പുരാൻ കുടുംബത്തിൽ ജനിച്ച നിങ്ങൾ തുലോം മോശപ്പെട്ട കള്ള് ഡിപ്പാർട്ട്മെന്റിൽ വരുന്നതെന്തിന്?'' ചോദിച്ചത് കുഞ്ഞുരാമൻ സാർ.

1950-ൽ എറണാകുളം മഹാരാജാസ് കോളെജിൽ കെമിസ്ട്രി പ്രൊഫ. ഐ. കമലം മുന്നോട്ടു നീട്ടിയ ഓണേഴ്സ് ഡിഗ്രിക്കുള്ള അവസരം സ്നേഹപൂർവ്വം നിരസിച്ചുകൊണ്ട് നൽകിയ ഉത്തരം തന്നെ കുഞ്ഞുരാമൻ സാറിനോടും പറഞ്ഞു. "കുടുംബത്തെ മുന്നോട്ടു കൊണ്ടുപോകാൻ". അച്ഛൻ അമ്മ സഹോദരങ്ങൾ അമ്മാവന്മാർ അങ്ങനൊരു നീണ്ട നിരയായിരുന്നു എന്റെ ജോലി ആഗ്രഹിച്ചിരുന്നത്.

കുടുംബം എന്നതിന്റെ ആഴം മനസ്സിലായതുകൊണ്ടാവാം അദ്ദേഹം പുഞ്ചിരിച്ചു ഞാൻ ഇന്റർവ്യൂ പാസ്സായി.

എറണാകുളം എക്സൈസ് ഡിവിഷന് കീഴിലെ ക്ലിനിക്കൽ ആന്റ് ഫാർമസ്യൂട്ടിക്കൽ ലബോറട്ടറിയിൽ നിയമനം. കൊച്ചി രാജകുടുംബത്തിലെ കൊച്ചപ്പൻ തമ്പുരാൻ ആണ് ആ സ്ഥാപനം നടത്തി വന്നത്. ജനാർദ്ദനൻ ചെട്ടിയാർ ഇൻസ്പെക്ടറിൽ നിന്നും അധികാരം കൈമാറി ലഭിച്ചു.

ആൽക്കഹോൾ അംശം 95 ശതമാനം വരെയുള്ള തമിഴ്നാട് മേഖലകളിൽ വിതരണം ചെയ്ത് കൊള്ളലാഭം കൊയ്തുവന്ന ലബോറട്ടറികളിൽ ഒന്നായിരുന്നു ക്ലിനിക്കൽ ആന്റ് ഫാർമസ്യൂട്ടിക്കൽ ലബോറട്ടറി. എന്നാൽ തമിഴ്നാട്ടിൽ നിയമം കർക്കശമാക്കിയപ്പോൾ ഉൽപാദനം നിലച്ചു. ഈ കാലഘട്ടത്തിലാണ് ഞാൻ അവിടെ എത്തുന്നത്. ക്ഷത്രിയനാണെങ്കിലും ലബോറട്ടറി ഉടമ കൊച്ചപ്പൻ തമ്പുരാനുമായുള്ള അടുത്ത ബന്ധം എനിക്ക് ഇല്ലായിരുന്നു. എന്നാൽ പിൽക്കാലത്ത് ഞങ്ങളുടെ കുടുംബത്തിന്റെ തായ്വഴി കണ്ടെത്തുന്നതിന്റെ അന്വേഷണത്തിനിടയിൽ കൊച്ചപ്പൻ തമ്പുരാന്റെ 5 തലമുറകൾക്ക് മുമ്പ് അടർന്നുവന്ന കുടുംബമാണ് ഞങ്ങളുടെ തറവാടായ തുളിശാല കോയിക്കൽ എന്ന് കണ്ടെത്താൻ കഴിഞ്ഞു.

1952 മുതൽ മട്ടാഞ്ചേരി നവരത്ന ഫാർമസ്യൂട്ടിക്കൽസ് എന്ന കമ്പനിയിൽ ജോലി ചെയ്തു വരുന്നതിനിടയിലാണ് എക്സൈസിൽ ജോലി ലഭിക്കുന്നത്. ഡിഗ്രി പരീക്ഷ പൂർത്തിയാവുന്നതിന് മുമ്പ് ഫസ്റ്റ് ക്ലാസ്സ് കിട്ടുമെന്ന് ഉറപ്പ് കൊടുത്ത് ലഭിച്ച ജോലിയായിരുന്നു അത്. അതായത് പഠനം തീരുന്നതിന് മുമ്പേ ജോലി. ആ കഥയിലേയ്ക്കെത്തണമെങ്കിൽ കോളേജ് വിദ്യാഭ്യാസത്തിലൂടെ കടന്നുപോവണം.

മാന്നാർ സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ഇന്റർമീഡിയേറ്റ് പഠിക്കുവാൻ ഞാൻ 1948-ൽ എറണാകുളം മഹാരാജാസ് കോളേജിൽ അപേക്ഷ നൽകി. സിക്സ്തിൽ (ഇപ്പോഴത്തെ പത്താം ക്ലാസ്സ്) മികച്ച മാർക്ക് ലഭിച്ചെങ്കിലും അഡ്മിഷൻ കിട്ടിയില്ല. തിരുവിതാംകൂർകാരനാണെന്ന ഒറ്റ കാരണത്താൽ പ്രിൻസിപ്പാൾ കെ.എൻ. മേനോൻ എന്റെ അപേക്ഷ നിരാകരിച്ചു, എന്താണെന്നോ? തിരുവിതാംകൂർ വിദ്യാർത്ഥികൾ സമരം നടത്തുന്നവരാണത്രെ. സർട്ടിഫിക്കറ്റുകളുമായി ഞാൻ നേരെ തേവര സേക്രട്ട് ഹാർട്ട് കോളേജിലെത്തി. അവിടത്തെ പ്രിൻസിപ്പാൾ തിയഡോഷ്യസ് എന്റെ മാർക്ക് ലിസ്റ്റ് കണ്ട് മറ്റൊന്നും ചിന്തിക്കാതെ ഉടൻ തന്നെ അഡ്മിഷൻ നൽകി. ഇന്റർമീഡിയറ്റ് നാലാം റാങ്കിൽ പാസ്സായി തിരികെ മഹാരാജാസ് കോളേജിൽ ഡിഗ്രിക്കായി എത്തി. കോളേജിൽ കെമിസ്ട്രി പ്രൊഫ. ഐ. കമലം ആണ് അന്ന് എന്നെ ഇന്റർവ്യൂ ചെയ്തത്. മാർക്കുകളിലൂടെ കണ്ണോടിച്ച അവർ ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. വർമ്മയ്ക്ക് ഓണേഴ്സ് ഡിഗ്രിക്ക് പഠിച്ചുകൂടെ? 2 വർഷം ഡിഗ്രി കഴിഞ്ഞ് എത്രയും വേഗം ജോലിയിൽ പ്രവേശിച്ച് കുടുംബം നോക്കണം എന്നതാണ് എന്റെ ഉദ്ദേശം എന്ന് വ്യക്തമാക്കി അവർ മുന്നോട്ടുവച്ച അവസരം സ്നേഹപൂർവ്വം നിരസിച്ചു.

പരീക്ഷയ്ക്ക് ഒരു മാസമുള്ളപ്പോൾ ഒരു ദിവസം കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് ഹെഡ് ഐ. കമലം ടീച്ചർ എന്നെ ഓഫീസിലേക്ക് വിളിപ്പിച്ചു. ടീച്ചറിന്റെ റൂമിൽ ടൈ കെട്ടി യോഗ്യനായ ഒരു ചെറുപ്പക്കാരൻ ഇരിക്കുന്നു. ടീച്ചർ പറഞ്ഞു. "ഇത് എസ്.ബി.റാവു മട്ടാഞ്ചേരിയിൽ നവരത്നാ ഫാർമസ്യൂട്ടിക്കൽസിന്റെ ഉടമ. ഉപരിപഠനത്തിനായി അദ്ദേഹം ജർമ്മനിക്കു പോവുന്നതിനാൽ കമ്പനി നോക്കി

നടത്താൻ അദ്ദേഹത്തിന് ഒരു കെമിസ്റ്റിനെ വേണം. വർമ്മ ഒരിക്കൽ ഒരു ജോലിയാണ് അത്യാവശ്യമെന്ന് പറഞ്ഞത് ഓർമ്മയില്ലേ? എന്താ പോകാമോ?" വളരെ അപ്രതീക്ഷിതമായി കൈവന്ന ആ ഓഫർ ഞാൻ സസന്തോഷം സ്വീകരിച്ചു. ഇന്നത്തെ കോളേജ് ക്യാമ്പസ്സ് സെലക്ഷനിൽ എന്ന പോലെ ഒരു ഉറപ്പ് എസ്.ബി. റാവു ചോദിച്ചു. "ബി.എസ്.സിയ്ക്ക് ഫസ്റ്റ് ക്ലാസ്സ് കിട്ടുമോ?" ഞാൻ പറഞ്ഞു. "തീർച്ച". പരീക്ഷയെഴുതും മുമ്പേ തന്നെ നിയമനം കിട്ടി. ജോലിയിൽ പ്രവേശിച്ച് ഒരു മാസം കഴിഞ്ഞ് അവധിയെടുത്ത് പരീക്ഷയ്ക്ക് പോയി.

ബി.എസ്.സി. പ്രാക്ടിക്കൽ പരീക്ഷയ്ക്കിടയിൽ ഒരു സംഭവമുണ്ടായി. എന്റെ ജീവിത പ്രയാണത്തെ തന്നെ ബാധിക്കുമായിരുന്ന ആ സംഭവം വഴിയറിയാതെ കൂരിരുട്ടിൽ പെട്ടുപോയവന് വെളിച്ചം കാട്ടി 'തമസോമാ ജ്യോതിർഗമയ' എന്ന വരികളോട് ഉപമിക്കാൻ മാത്രമാണ് ഇന്നും തോന്നുന്നത്. പ്രോഡക്ട് കിട്ടാതെ പോയിരുന്നെങ്കിൽ ആ ഫസ്റ്റ് ക്ലാസ്സ് തകർന്നടിയുമായിരുന്നു. ഞാൻ അസംബിൾ ചെയ്തുവച്ചിരുന്ന വെസൽസിൽ ചിലത് പൊട്ടി. കിട്ടേണ്ട പ്രോഡക്ട് ഒട്ടും കിട്ടിയില്ല. കണ്ണിൽ ഇരുട്ട് കയറി. ഫസ്റ്റ് ക്ലാസ്സ് പോയി എന്ന് കരുതി എന്തു ചെയ്യണമെന്ന് അറിയാതെ ഇരുന്നപ്പോൾ തൊട്ടടുത്ത് പരീക്ഷണം ചെയ്തു കൊണ്ടിരുന്ന സഹവിദ്യാർത്ഥിനി രാജലക്ഷ്മിയ്ക്ക് ലഭിച്ച പ്രോഡക്ട് 'ജ്യോതി' യായി പ്രത്യക്ഷപ്പെട്ടു. തനിക്ക് കിട്ടിയ പ്രോഡക്ടിൽ നല്ലൊരു പങ്ക് എന്റെ ക്രൂസിബിളിലേക്ക് പകർന്നു തന്നു. ഫസ്റ്റ് ക്ലാസ്സിനു കിട്ടുവാനുള്ള 940 മാർക്ക് ലഭിക്കുവാൻ വിലപ്പെട്ട കൈതാങ്ങ് തന്ന് സഹായിച്ച രാജലക്ഷ്മിയെ പിന്നീട് അന്വേഷിച്ചെങ്കിലും ഇന്നുവരെയും എനിക്ക് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

ബി.എസ്.സിക്ക് റിസൾട്ട് വന്നപ്പോൾ എസ്.ബി. റാവുവും അച്ഛൻ എസ്.എസ്. റാവുവും ചോദിച്ചു. ഫസ്റ്റ് ക്ലാസ്സ് കിട്ടിയോ? കിട്ടിയെന്ന് പറഞ്ഞപ്പോൾ എന്നെക്കാൾ സന്തോഷം അവർക്കായിരുന്നു. കാലത്തേ എറണാകുളത്ത് നിന്ന് ബോട്ടിൽ കയറി മട്ടാഞ്ചേരി ജട്ടിയിൽ ഇറങ്ങി കപ്പലണ്ടി മുക്കിൽ എത്തി നേരെ പടിഞ്ഞാട്ട് ഉദ്ദേശം 200 മീറ്റർ പോയാൽ തെക്കുവശം റോഡ് സൈഡിൽ തലയുയർത്തി നിൽക്കുന്നത് നവരത്നാ ഫാർമസ്യൂട്ടിക്കൽസ്. ഫാർമക്കോപിയാ അനുസരിച്ചും അല്ലാതെ പേറ്റന്റ് മരുന്നും അനലൈസ് ചെയ്ത് ആൽക്കഹോൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ ചേർക്കേണ്ടതിൻവണ്ണം ചേർത്തിട്ടുണ്ടോ എന്ന് നിർണ്ണയിക്കുന്നതായിരുന്നു എന്റെ ജോലി. ആ ജോലിയിൽ തികച്ചും സംതൃപ്തനായിരുന്ന ഞാൻ കമ്പനി ഉടമയുടെ അഭാവത്തിൽ ആത്മാർത്ഥതയോടെ പ്രവർത്തിച്ചു. ഗൗഡസാരസ്വത ബ്രാഹ്മണകുടുംബമായിരുന്നു മാനേജ്മെന്റും തൊഴിലാളികളും. എങ്കിലും തുച്ഛമായ 25 രൂപ ശമ്പളം മാത്രമാണ് തൊഴിലാളികൾക്ക് കിട്ടിയിരുന്നത്. അവർ എന്നോട് സങ്കടം പറഞ്ഞപ്പോൾ ദാരിദ്ര്യത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോവുകയായിരുന്ന എന്റെ കുടുംബത്തിന്റെ അവസ്ഥ മനസ്സിൽ തെളിഞ്ഞു.

വെറുതെ പറഞ്ഞുപോയതുകൊണ്ട് കാര്യമില്ല കുടുംബബന്ധങ്ങളും അവ പടർന്നു പന്തലിച്ചതും കുടുംബാംഗങ്ങളുടെ എണ്ണവും കേൾക്കുന്നതോ വായിക്കുന്നതോ നമ്മുടെ സംസ്കാരത്തെ അറിയുവാൻ പ്രയോജനപ്പെടുമെങ്കിൽ പ്രയോജനപ്പെടട്ടെ. സർവ്വീസ് സ്റ്റോറിയിൽ നിന്ന് അല്പം വ്യതിചലിക്കാം.

എനിക്ക് 11 അമ്മാവന്മാരുണ്ടായിരുന്നു. നാരായണരു രാമവർമ്മ കോവിലധികാരികൾ, ദേവസ്വം കമ്മീഷണറായിരുന്ന ജോലിക്കാരനമ്മാവൻ കേരളവർമ്മ, പാചക വിദഗ്ദ്ധനായിരുന്ന ആപ്പിലമ്മാവൻ എന്ന വിളിപ്പേരുള്ള രാജരാജവർമ്മ എന്നീ വലിയമ്മാവന്മാരും കോർമ്മനെന്നു വിളിച്ചിരുന്ന ഗോദവർമ്മ, തുള്ളൽ പാട്ടുപാടാനും കളിപ്പിക്കാനും മിടുക്കനായിരുന്ന കേരളവർമ്മ (കുട്ടനമ്മാവൻ), ദേഹണ്ഡം മുഖ്യജോലിയായിരുന്ന അപ്പനമ്മാവൻ, വിദ്യാസമ്പന്നനായിരുന്നിട്ടും ജോലി കിട്ടാതെ ഊട്ടുപുരയിൽ ദേഹണ്ഡക്കാരനായിരുന്ന ചേട്ടനമ്മാവൻ, നേരേ അമ്മാവൻ മുട്ടായി അമ്മാവൻ എന്ന് അറിയപ്പെട്ടിരുന്ന കൊച്ചുണ്ണി രാമവർമ്മ തമ്പുരാൻ, ഗോപുരം അമ്മാവൻ എന്നു പ്രസിദ്ധിപെറ്റ കൊച്ചൂട്ടൻ കേരളവർമ്മ, എന്നെക്കാൾ പ്രായംകുറവുള്ള രവിവർമ്മ തമ്പുരാൻ, മൂന്നാം ശാഖയിൽ ചെങ്ങന്നൂരമ്മാവൻ എന്ന് അറിയപ്പെട്ടിരുന്ന രവിവർമ്മനമ്മാവൻ ഇവരായിരുന്നു 11 പേർ.

എന്റെ അച്ഛൻ കൊട്ടാരക്കര തേവന്നൂർ ചെറിയ മഠത്തിൽ നാരായണൻ നമ്പൂതിരി. മുത്തശ്ശിമാരും ചിറ്റമ്മമാരും ഇതുപോലെ തന്നെ അനവധിയുണ്ട്. കുട്ടനമ്മാവന്റെ അമ്മ അംബതമ്പുരാട്ടി, ചെങ്ങന്നൂരമ്മാവന്റെ അമ്മ ഇമ്മീമ്മീ മുത്തശ്ശി, എന്റെ നേരെ മുത്തശ്ശി, ചിറ്റമുത്തശ്ശി, പിന്നെ ചിറ്റമാർ, കുട്ടിയമ്മ ചിറ്റ എത്രയെത്ര ഗുരുസ്ഥാനികൾ! മുത്തശ്ശിമാരുടെയും വലിയമ്മാവന്മാരുടെയും അച്ഛൻ കുട്ടംപേരൂർ പാലത്തിങ്കരമഠത്തിൽ പ്രശസ്തനായിരുന്ന മലയാള ബ്രാഹ്മണൻ ശങ്കരൻ നമ്പൂതിരി ആയിരുന്നു മൂത്ത മുത്തശ്ശിയെ സംബ

ന്ധം ചെയ്തിരുന്നത്. തിരുവല്ലാ മൂവടത്തു മഠത്തിൽ നിന്നും, എന്റെ നേരേ മുത്തശ്ശിയെ സംബന്ധം ചെയ്തിരുന്നത്, തിരുവല്ലാ കുറിശ്ശി മഠത്തിൽ കൃഷ്ണൻ നമ്പൂതിരിയും, ചിറ്റ മുത്തശ്ശിയെ സംബന്ധം കൂടിയിരുന്നത് കോട്ടയം ചിങ്ങവനത്ത് കൈമുക്ക് ഇല്ലത്തുനിന്നും ആയിരുന്നു.

നേരെ ചിറ്റ കുട്ടിയമ്മ ചിറ്റയെ സംബന്ധം കൂടിയിരുന്നത് ചെന്നിത്തല പൂത്തില്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരി, ചെല്ലമ്മ ചിറ്റ (വലിയ)യെ സംബന്ധം കഴിച്ചിരുന്നത് ഹരിപ്പാട് കൊളത്താപ്പാതി ഇല്ലത്തുനിന്നും ആയിരുന്നു. ആദ്യമായി സ്വജാതി വിവാഹം കൊച്ചൂട്ടി ചിറ്റക്കായിരുന്നു. എഴുമറ്റൂർ വരിപ്പങ്കോട്ട് കോയിക്കൽ എൻ. കേരളവർമ്മൻ തമ്പുരാൻ. എഴുമറ്റൂർ പാലസിലെ വലിയമ്മായി വലതുകാൽ വച്ച് തുളിശാല കോയിക്കലേക്ക് കയറി, കോയിക്കലെ ഏറ്റവും മൂത്ത തമ്പുരാട്ടിയായി സ്ഥാനം ഏറ്റെടുത്ത് ശാഖകൾ തമ്മിലും അംഗങ്ങൾ തമ്മിലുമുണ്ടായിരുന്ന ചെറുതും വലുതുമായ അലോസരങ്ങൾ അകറ്റി കുടുംബത്തിന് 'ശാന്തി' എത്തിച്ചു. ജോലിക്കാരൻ അമ്മാവൻ അവിവാഹിതനായിരിക്കെ പൂഞ്ഞാർ കൊട്ടാരഭരണത്തിന് നിയുക്തനായി. അക്കാലത്ത് മലേറിയാ പിടിച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. ആപ്പിലമ്മാവൻ തൃപ്പൂണിത്തുറ കണ്ണങ്കുളങ്ങരയുള്ള ഒരു നമ്പിഷ്ടാതിരി സ്ത്രീയെ വിവാഹം കഴിച്ച് ആദ്യം പള്ളത്തും പിന്നീട് കോയിക്കൽ തെക്കുവശത്ത് ചെങ്ങന്നൂരമ്മാവൻ പണിതീർത്തിരുന്ന കെട്ടിടത്തിലും സകുടുംബം താമസമാക്കി. അപ്പനമ്മാവൻ വാലാങ്കര തോക്കിനാകോയിക്കൽ ദേവകിത്തമ്പുരാട്ടിയെയും, ചേട്ടനമ്മാവൻ വെള്ളാരപ്പള്ളിവടക്കേമഠത്തിൽ ഈശ്വരി അമ്മായിയേയും, ചെങ്ങന്നൂരമ്മാവൻ അമ്പലപ്പുഴ പുതിയ കോവിലകത്ത് അംബിക തമ്പുരാട്ടിയെയും, കൊച്ചുണ്ണി അമ്മാവൻ നെടുമുടി കൊച്ചുമാത്തൂർ കൗമാരി കുഞ്ഞമ്മയേയും കൊച്ചമ്മാവൻ വെണ്മണി വടക്കേമഠത്തിൽ സരോജിനി അമ്മയെയും വിവാഹം കഴിച്ചു. വടക്കേമഠത്തിൽ കേരളവർമ്മ ചന്ദ്രിക (കുട്ടിയായ ചിറ്റ മകൾ) തമ്പുരാട്ടിയെയും പുതൂർ മാധവൻ നമ്പൂതിരി അനുജത്തി ഓമന തമ്പുരാട്ടിയെയും വിവാഹം കഴിച്ചു.

ഇത്രയധികം അമ്മാവന്മാരും മുത്തശ്ശിമാരും ഉള്ള തറവാട്ടിൽ വലിയ തമ്പുരാൻ നാരായണരു രാമവർമ്മ കോവിലധികാരികൾ കുടുംബ ഭാഗയുടമ്പടിക്ക് മുൻകൈ എടുത്ത് നടപ്പിലാക്കി. കുടുംബത്തിന്റെ തായ്‌വഴി ചരിത്രം കണ്ടെത്തുന്നതിന്റെ ഭാഗമായി പിൽക്കാലത്ത് ഞാൻ നടത്തിയ അന്വേഷണത്തിൽ ഭാഗയുടമ്പടി മലയാളമാസം 1107 ധനുമാസം 2-ാം തീയതി (16.12.1931) ആണ് നടന്നതെന്ന് മനസ്സിലാക്കി.

ഭാഗഉടമ്പടിയുടെ സവിശേഷത എന്തെന്നാൽ ഓരോ ശാഖക്കാർക്കും കടമാണ് വീതം വെച്ചത്. കടം തീർത്ത് എടുക്കത്തക്കവിധത്തിൽ പാട്ടമായും ഒറ്റിയായും വാക്കാൽ പാട്ടം ആയും മാത്രമേ നിലവും പറമ്പുകളും കൊടുത്തിരുന്നുള്ളൂ. അദ്ധ്വാനശീലരായ ക്രിസ്ത്യാനികളുടെ കയ്യിൽ ആ നിലങ്ങളെല്ലാം അകപ്പെട്ടു. 2000 പറനെല്ലു പാട്ടം കിട്ടിക്കൊണ്ടിരുന്ന നിലങ്ങൾ ഉണ്ടായിരുന്നു. ജോലിയില്ലാത്ത പിൻ തലമുറക്കാരായ ചെങ്ങന്നൂരമ്മാവനും കൊച്ചുണ്ണിയമ്മാവനും പാട്ടം നെല്ല് അളക്കാൻ ബുദ്ധിപരമായി വൈകിട്ട് അളക്കാൻ ഏർപ്പാടു ചെയ്യും. എണ്ണുന്നതിലും അളക്കുന്നതിനും ഇടയിൽ നെല്ല് അസാരം 'ഇസ്കി' തെക്കുവശം പനയ്ക്കാമിറ്റത്ത് പാപ്പിയുടെ വീട്ടിലേക്ക് കടത്തും. നെല്ല് വിറ്റ് ചക്രമാക്കി കാപ്പിക്കടയിൽ പോയി വിശപ്പടക്കും. ദാരിദ്ര്യത്തിന്റെ ഒരു ചോരൻ മുഖം.

നിരണം, തേവേരി, വീയപുരം മുതലായ സ്ഥലങ്ങളിൽ അന്യഥാ കൈവശമായ നിലങ്ങൾ പരന്നു കിടന്നു. പിൽക്കാലത്ത് നിലങ്ങൾ തിരിച്ചെടുക്കാൻ ആരാഞ്ഞപ്പോൾ വലിയമ്മാവനെ 1-ാം പ്രതി ആക്കണമെന്ന് നിയമോപദേശം കിട്ടി. അതുകൊണ്ട് അതിൽ നിന്നും ഞാൻ പിൻതിരിഞ്ഞു. വലിയമ്മാവൻ ഒരു ധൂർത്തനും ധാരാളിയും ആയിരുന്നില്ല, മറിച്ച് തുളിശാല കോയിക്കലിന്റെ പ്രശസ്തിയും പ്രസിദ്ധിയും നാടെങ്ങും വ്യാപിക്കുവാൻ അദ്ദേഹം പണം സ്വരൂപിച്ചു ചെലവാക്കിയതാണ്. കൂടാതെ ഇത്രയധികം കടങ്ങളുടെ ഉറവിടം, ചോറൂണുകൾ, പിറന്നാളുകൾ, വിവാഹങ്ങൾ, പേരിടീൽ, പുളികുടി, പുംസവനം മുതലായവയാഘോഷിച്ചും കൂടിയാണ്. സൈക്കിൾ സവാരി മത്സരം, ഭാരോദ്വഹനം മുതലായ ശ്രമാവഹമായ കാര്യങ്ങൾ ഏർപ്പെടുത്തിയിട്ടും ഉണ്ട്. തിരുവല്ലാ ചെങ്ങന്നൂർ മുതലായ സ്ഥലങ്ങളിൽ പോലീസ് ഇൻസ്പെക്ടർ, മജിസ്ട്രേറ്റ്, തഹസീൽദാർ മുതൽ പേർ പുതുതായി ചാർജ്ജ് എടുത്താൽ അവർക്ക് സ്വീകരണങ്ങൾ ഏർപ്പെടുത്തിയും ചതുരംഗം കളി നിത്യം ചൗക്കയിൽ നടത്തിയും സന്തോഷിച്ചുകൊണ്ടിരുന്നു. ആയതിലേക്ക് വിരുന്നുകാരെ പങ്കെടുപ്പിച്ച് അവർക്ക് ഉച്ചഭക്ഷണവും തമ്പുരാട്ടിമാർ വെച്ചു വിളമ്പി, 'കോർമ്മനമ്മാവൻ' ഭാരോദ്വഹനത്തിൽ ഒന്നാം സമ്മാനം വാങ്ങിയെങ്കിലും അതിന്റെ പെരുമയിൽ സ്വന്തം ഭാര്യ വീട്ടിലേക്ക് പോകുംവഴി (കൃഷ്ണപുരത്ത്) വെള്ളപ്പൊക്കത്തിൽ ആറ് കുറുകെ നീന്തി മുങ്ങി മരിച്ചു!

ഇനി നമുക്ക് നവരത്നാ ഫാർമസ്യൂട്ടിക്കൽസിലേക്ക് മടങ്ങാം.

*(തുടരും)*

# കരീന്ദ്രന്റെ രാവണവിജയം ആട്ടക്കഥ

**കെ. ഗോദവർമ്മ,** കുറ്റിലഞ്ഞി



ബ്രഹ്മാവിന്റെ മാനസപുത്ര നായ പുലസ്ത്യന്റെ പൗത്രനാണ് മഹാ ഇതിഹാസമായ രാമായണ ത്തിലെ പ്രതിനായകനായ രാവ ണൻ. പുലസ്ത്യന്റെ പുത്രൻ വിശ്ര വസ്സ് ഋഷീന്ദ്രന് തന്റെ രണ്ടാം ഭാര്യ യായ രാക്ഷസകുലനാരി കൈക സിയിലുണ്ടായ ആദ്യജാതൻ. കുംഭകർണ്ണൻ, വിഭീഷണൻ എന്ന രണ്ട് സഹോദരന്മാരും ശൂർപ്പണഖ എന്ന ഒരു സഹോദരിയും രാവണ നുണ്ടായിരുന്നു. ചെറുപ്പകാലത്ത് മഹർഷിയോടും അമ്മയായ കൈകസിയോടുമൊപ്പം സഹോദ രങ്ങളും സഹോദരിയും വനത്തി ലാണ് കഴിഞ്ഞിരുന്നത്.

വിശ്രവസ്സുമഹർഷിക്ക് തന്റെ ആദ്യ ഭാര്യയും ഗാന്ധർവ്വകുല നാരിയുമായ ദേവ വർണ്ണിനിയിലു ണ്ടായ പുത്രനാണ് ധനദനായ കുബേരൻ എന്ന വൈശ്രവണൻ. സമ്പൽസമൃദ്ധനായ മഹാപ്രഭുവാ യിരുന്നിട്ടും തന്റെ രണ്ടാനമ്മ യോടും സഹോദരങ്ങളായ രാവണ പ്രഭൃതികളോടും അൽപ്പം പോലും കരുണ കാണിച്ചിട്ടില്ല ഈ വൈശ്ര വണൻ.

കിളിമാനൂർ രാജരാജവർമ്മ കോയിത്തമ്പുരാന്റെ (1812-1846) 'രാവണ വിജയം' എന്ന ആട്ടക്കഥ യാണ് പരാമർശ വിഷയം. കരീ ന്ദ്രൻ എന്ന അപരനാമത്താൽ അറി യപ്പെട്ടിരുന്ന രാജരാജവർമ്മ കോയിത്തമ്പുരാൻ, മഹാനായ സ്വാതിതിരുനാളിന്റെ (1813-1846) വിദ്വൽസദസ്സിലെ പണ്ഡിതരത്ന ങ്ങളിലൊരാളായിരുന്നു. ശരീര പുഷ്ടിയും കൃഷ്ണവർണ്ണവും ആണ് ഇദ്ദേഹം കരീന്ദ്രനെന്ന് അറിയപ്പെടാനുള്ള കാരണമായത്. ഹ്രസ്വമായ ജീവിതകാലത്ത് - 34 വർഷം മാത്രം- വളരെക്കുറച്ചു കൃതികൾ മാത്രമേ അദ്ദേഹത്തിന്റേ തായി ഉളവായിട്ടുള്ളൂ എന്ന് മഹാ കവി ഉള്ളൂർ കേരളസാഹിത്യ ചരിത്രം 4-ാം വാല്യത്തിൽ പറയു ന്നുണ്ട്. സംസ്കൃത കവനത്തിൽ അതുല്യ പ്രതിഭാശാലിയായിരുന്ന കരീന്ദ്രന്റേതായി 'കിരാത വിംശതി' എന്നൊരു സ്തോത്രവും രണ്ട് സ്തുതികളും മാത്രമെ സംസ്കൃത ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ളൂ. എന്നാൽ നമ്മുടെ മലയാള ഭാഷ യുടെ ഭാഗ്യാതിരേകം കൊണ്ട് രണ്ട് ഉത്തമ കൃതികൾ അദ്ദേഹ ത്തിന്റേതായി മലയാള ഭാഷയ്ക്ക് ലഭിച്ചു. രാവണ വിജയം ആട്ടക്കഥ യും സന്താനഗോപാലം ശീതങ്കൻ തുള്ളലുമാണവ. "സംഗീത മാധുര്യം കൊണ്ടും സാഹിത്യസൗഭാഗ്യം കൊണ്ടും അഭിനയൗചിത്യം കൊണ്ടും ഇതിനെ അതിശയി ക്കുന്ന കഥകൾ ചുരുക്കമാണെന്നു പറയാം." എന്ന് ഉള്ളൂർ അഭിപ്രാ യപ്പെടുന്നു; "ദേവന്മാരേയും രാജാ ക്കന്മാരേയും നായകരായി അവത രിപ്പിക്കുന്ന രീതിവിട്ട് അസുരചക്ര വർത്തിയായ രാവണനെ നായക നാക്കിയതുതന്നെ അഭിനന്ദിക്കേണ്ട വസ്തുതയാണെന്നും" മഹാകവി എഴുതുന്നു. ഇതിനു തൊട്ടുമുമ്പു ണ്ടായ കല്ലൂർ നമ്പൂതിരിപ്പാടിന്റെ "ബാലി വിജയം" എന്ന ആട്ടക്കഥ അരങ്ങു വിജയം നേടിയതാണെ ങ്കിലും അതിൽ രാവണനെ ഒരു മന്ദനും ജളപ്രഭുവുമായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്.

രാവണ വിജയം തുടങ്ങുന്നത് അളകാപുരിയിൽ കുബേരനും പത്നിയുമായുള്ള ശൃംഗാര പദ ത്തോടെയാണ്. കഥ നടക്കുന്ന കാലത്ത് മദ്ധ്യവയസ്സ് കഴിഞ്ഞ കുബേരനെക്കൊണ്ട് ശൃംഗാരപദ മാടിച്ചത് അനൗചിത്യം തന്നെയാ ണ്. ഒരുപക്ഷേ 'പ്രതിനായകനായ' രാവണനെ ആദ്യ രംഗത്ത് അവത രിപ്പിക്കേണ്ടതില്ല എന്നു കരുതി യാകാം ഈ രംഗം ഒരുക്കിയത്. ഈ പ്രണയപദങ്ങൾ കഴിയു മ്പോൾ നാരദൻ വരുന്നു. രാവണ ന്റെ ദുഷ്ചെയ്തികളെപ്പറ്റി ജ്യേഷ്ഠ നായ കുബേരനാട് ആവലാതി പറ യാനാണ് അദ്ദേഹം വരുന്നത്. രാവണന്റെ അക്രമങ്ങൾ എന്തു കൊണ്ട് ജ്യേഷ്ഠനായ വൈശ്രവ ണൻ തടയുന്നില്ല എന്നൊരു ഏഷണിയ്ക്ക് കൂടി നാരദൻ തിരി കൊളുത്തുന്നുണ്ട്. അതുകൊണ്ട് ഒരു ദൂതനെ നിയോഗിച്ച്, അയാളെ ഉപദേശിച്ച് സന്മാർഗ്ഗത്തിലേക്ക് നയിക്കണമെന്നാണ് നാരദന്റെ ഡിമാന്റ്. അത് കുബേരൻ സ്വീക രിക്കുന്നു.

അടുത്ത രംഗത്തിൽ ലങ്കയാണ് അവതരണ പശ്ചാത്തലം. ധീരോ ദ്ധത നായകനായ രാവണൻ മണ്ഡോദരിയുമായിട്ടുള്ള പാടി രാഗത്തിലുള്ള ശൃംഗാരപദമാണ് തുടക്കം. ഇതു കഴിയുമ്പോഴേക്കും ധനദൂതൻ വന്നുചേർന്നു. രാവ ണന്റെ ദുർന്നയങ്ങളെ എണ്ണിപ്പ റഞ്ഞ് ഗുണദോഷിക്കുന്ന ജ്യേഷ്ഠൻ വൈശ്രവണന്റെ ദൗത്യസന്ദേശം കേട്ട് രാവണന് കോപം വർദ്ധിക്കു കയാണുണ്ടായത്. തന്നെ ഉപദേശി ക്കാൻ മുതിർന്ന വൈശ്രവണനോ ടുള്ള കോപം ഉൽക്കാപാതം

പോലെ ദൂതനിൽ പതിച്ചു. അവനെ കൊന്ന്, വൈശ്രവണനെ ഒരു പാഠം പഠിപ്പിക്കാനായി യുദ്ധ സജ്ജനാകുന്നു അദ്ദേഹം. വിഭീഷ ണൻ ഈ പോരിനെ എതിർക്കു ന്നുണ്ടെങ്കിലും അയാളുടെ ഭീരുത്വ ജല്പനമായേ രാവണൻ അതു വകവച്ചുള്ളൂ. കൂടാതെ രാവണ സചിവന്മാരും രാവണന്റെ യുദ്ധോ ദ്യമത്തിന് സ്തുതി പാടുന്നുണ്ട്. പണ്ട് ഒരേ പിതാവിന്റെ സന്താന ങ്ങളായിട്ടും, ധനവാന്മാരിൽ അഗ്രേ സരനായിട്ടും തങ്ങളുടെ കഷ്ട സ്ഥിതിയിൽ ലവലേശം അനുകമ്പ കാട്ടാത്ത വൈശ്രവണനോട് രാവ ണന് കോപം തോന്നിയില്ലെങ്കിലേ അത്ഭുതമുള്ളൂ. വനത്തിൽ അച്ഛനും അമ്മയും സഹോദരന്മാരും ഒത്തു അഗതികളായി കഴിഞ്ഞിരുന്ന ബാല്യം അയാൾക്ക് പ്രചോദനമാ കുന്നുണ്ട്. അന്നൊരിക്കൽ അച്ഛനെ കണ്ട് ഉപദേശങ്ങൾ നേടാൻ വൈശ്രവണൻ വന്നുപോയ കഥ അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. അമ്മ യുടെ മടിയിൽക്കിടന്നുറങ്ങിയ കുട്ടി രാവണന്റെ മുഖത്ത് അമ്മ യുടെ ചുടുകണ്ണീർ വീണപ്പോൾ അയാൾ ഞെട്ടിയുണർന്നു. എന്താണ് കാരണമെന്നു തിരക്കി യപ്പോൾ മാതാവും വ്യസനപൂർവ്വം പറഞ്ഞു. “ഇപ്പോൾ പുഷ്പകവിമാ നത്തിൽ വന്ന് അച്ഛനോട് ഉപദേ ശമാരാഞ്ഞു പോയ വൈശ്രവണൻ നിങ്ങളുടെ ജ്യേഷ്ഠനാണ്. അച്ഛന് ആദ്യ ഭാര്യയിലുണ്ടായ മകൻ. ധനേശ്വരനായ അയാളുടെ അവ സ്ഥയും നിങ്ങളുടെ അഗതിക ളായി കഴിയുന്ന അവസ്ഥയും ഓർത്ത് കരഞ്ഞതാണ്'' എന്ന് മാതാവ് പറഞ്ഞു. അന്നെടുത്ത തീരുമാനമാണ് അയാളെപ്പോലെ താനും പ്രതാപവാനാകുമെന്നും അമ്മയുടെ കണ്ണീർ തുടയ്ക്കുമെ ന്നും. പിന്നെ അതിനുവേണ്ടിയായി ശ്രമങ്ങൾ. ജീവൻ പണയം വെച്ചുള്ള തപസ്സിലൂടെ വരലാഭ ങ്ങൾ നേടി വൈശ്രവണൻ പാർത്തിരുന്ന ലങ്കയും അയാളുടെ പുഷ്പകവിമാനവും പിടിച്ചെടു ത്തിട്ടേ പിന്നെ വിശ്രമമുണ്ടായു ള്ളൂ. അയാൾ കൈലാസത്തിലേ ക്കോടിപ്പോയി അവിടെയെങ്ങോ സ്വന്തരാജ്യം തീർത്ത് അധിപതി യായി വാഴുന്നതായി കേട്ടിട്ടുണ്ട്. അങ്ങനെ ലോകോത്തര ധനപ്രഭു വായിട്ടും അരക്കാശിന് ഉപകാരം ഉണ്ടാകാത്ത മാന്യൻ ഇപ്പോൾ ജ്യേഷ്ഠൻ ചമഞ്ഞ് ഉപദേശിക്കാൻ വന്നിരിക്കുന്നു! ഏതായാലും ലങ്കേ ശ്വരനായ രാവണൻ പട കൂട്ടി കൈലാസാചല സാനുക്കളിലേക്ക് പുറപ്പെടുന്നു. ഒരു ദിനാന്തത്തിൽ രാവണൻ പടയോടുകൂടി കൈലാ സത്തിന്റെ താഴ്വരയിൽ ചെന്ന് പാളയമടിച്ചു. ശ്ലോകം 16 ഇങ്ങനെ യാണ് രാവണൻ അവിടെയെത്തി ച്ചേർന്ന ദിക്കിന്റെ മനോഹാരിത വെളിവാക്കുന്നത്.

*കലിത പുണ്യ ജനൈക സമാഗമാം*
*പൃഥു നിതംബവതീ മള കാഞ്ചി താം*
*അലഘു പീനപയോധര മണ്ഡിതാ-*
*മചല ഭൂമിമസൗ സമുപാവിശത്.*

അതായത് “ഈ രാവണൻ പുണ്യജനങ്ങളുടെ (യക്ഷരുടെ) മുഖ്യമായ സമാഗമത്തോടു കൂടി യതും (യക്ഷന്മാരുടെ വാസ സ്ഥാനമായിട്ടുള്ളതും) വിസ്തൃത മായ പർവ്വതമദ്ധ്യത്തോടുകൂടി യതും (വലിയ താഴ്വരയോടു കൂടിയതും) അളക എന്ന നഗരി കൊണ്ട് അതിമനോഹരമായതും അത്യന്തം കനത്ത മേഘങ്ങളാൽ അലങ്കരിക്കപ്പെട്ടതും ആയ പർവ്വത പ്രദേശത്തിലെത്തിച്ചേർന്നു എന്ന് പ്രത്യക്ഷാർത്ഥം.

ഈ അർത്ഥം കൂടാതെ ഇവിടെ വർണ്ണ്യമായ കൈലാസ പർവ്വത ത്തിനു നൽകിയിരിക്കുന്ന വിശേഷ ണങ്ങളിൽ നിന്ന് അവർണ്ണ്യമായ കാമിനീ വൃത്താന്തം കൂടി സ്ഫുരി ക്കുന്നു. അചലഭൂമി എന്ന സ്ത്രീ ലിംഗത്തിലുള്ള വിശേഷ്യത്തിന് നൽകിയിട്ടുള്ള വിശേഷണങ്ങ ളെല്ലാം ശ്ലിഷ്ടങ്ങളാകയാൽ സുകൃതി ജനങ്ങളുടെ സഹവാസ ത്തിന് അത്യന്തം അർഹയും വിപു ലമായ ജഘനത്തോടു കൂടിയ വളും കുറുനിരകൾ കൊണ്ട് ശോഭി ക്കുന്നവളും തടിച്ച സ്തനങ്ങളാൽ അലംകൃതയും ആയ ഒരു സ്ത്രീ രത്നത്തെ ഒരു കാമുകൻ പ്രാപിച്ചു എന്ന ഒരു അവർണ്ണ്യ വൃത്താന്തം കൂടി പ്രതീതമാകുന്നു. (രാവണ വിജയം ആട്ടക്കഥ. വ്യാഖ്യാനം ഡോ. എസ്. നാരായണൻ) വാചാമ ഗോചരമായ ലാവണ്യ പൂർണ്ണിമയുടെ വിളഭൂമിയായ ഒരു തരുണീമണിയുടെ മാദക രൂപ ത്തോട് ഇണക്കുന്ന ഈ ശ്ലോകം വർണ്ണവിന്യാസ വക്രതയിലൂടെ എങ്ങനെ ഉദാത്ത സൗന്ദര്യദർ ശനം സാധിതപ്രായമാകുന്നു എന്നുള്ളതിന് ഒരുത്തമോദാഹരണ മാണ്.

അടുത്ത ശ്ലോകത്തിൽ രാവ ണൻ രംഭയെ ദർശിക്കുന്നത് കാണുക.

*ശ്ലോകം 17:*

*സന്ധ്യാകാലേ കുലഗിരിതടേ*
*ഗന്തുമേവാക്ഷമേഷു*
*സ്ക്കന്ധാവാരം സപദി കലയൻ*
*സൈനികേഷ്ഠ സ്വകേഷ്ഠ-*
*സങ്കേതം തദ്ധനദസദനം സംക്ര*
*മന്തീം നിശായാം*
*ശങ്കാവിഷ്ടാം മദനതരളസ്തത്ര*
*രംഭാദ ദർശ:*

സന്ധ്യാകാലത്ത് ആ കുല ഗിരിയുടെ തടപ്രദേശത്തിൽ രാവ ണൻ പടയാളികളോടുകൂടി എത്തി പാളയമടിച്ചു. ആ രാത്രിയിൽ കുബേരപുത്രനായ നളകൂബരന്റെ സമീപത്തേക്ക് പുറപ്പെട്ട രംഭ കാമാ തുരനായ ആ രാക്ഷസ രാജാവി ന്റെ ദൃഷ്ടിയിൽ പെട്ടു. അവളാക ട്ടെ,

*അതിമൃദുപദന്യാസൈർ യാന്തീം*
*സ്വനൂപുര ശിഞ്ജിതാത്-*
*പ്രതിപദമപി സ്ഥിതോ ച്ഛ്വാസാൻ*
*നിയമ്യ വിമുഞ്ചതിം*
*സഭയമപദേപ്യാതന്വാനാം ദൃശൗ*
*നവനീരദ*

*പ്രതിരുചി നിചോളാന്തർലീനാം*
*ജഗാദ ദശാനനഃ (ശ്ലോകം - 18)*

തന്റെ കാൽച്ചിലമ്പൊലി കേട്ട് മറ്റുള്ളവർ ശ്രദ്ധിക്കാതിരിക്കാനായി മൃദുവായ കാൽവെപ്പുകളോടെ സഞ്ചരിക്കുന്നവളും ഉച്ഛ്വാസങ്ങൾ അടക്കിനിർത്തി വിടുന്നവളും പ്രിയന്റെ സങ്കേതത്തിലേക്ക് കാണപ്പെടാതിരിക്കാൻ നീലവസ്ത്രങ്ങളാൽ ആച്ഛാദിതയായവളും മൃദുവായ കാൽവെപ്പുകളോടെ ഭയന്നു നോക്കിക്കൊണ്ട് മന്ദം മന്ദം നടന്നു നീങ്ങുന്നവളുമായ രംഭയെ കണ്ട് ദശാനനൻ അവളോട് ചോദിച്ചു: “അല്ലയോ സുന്ദരി പൂർണ്ണ ചന്ദ്രന്റെ കാന്തി കൊണ്ട് മോഹനമായിരിക്കുന്ന ഈ രാത്രിയിൽ ഏകാകിനിയായി രസികമായി നീ (ഒറ്റയ്ക്ക്) സഞ്ചരിക്കുന്നുവല്ലോ! അല്ലയോ മധുഭാഷിണി! നീ ആരാണ്? നീലനിറത്തിലുള്ള മൂടുപടം കൊണ്ട് അച്ഛാദിതമാണെങ്കിലും കാളിന്ദീജലത്തിൽ ആണ്ടുകിടക്കുന്ന സുവർണ്ണശലാകപോലെ കാന്തിയേന്തുന്ന നിന്റെ ശരീരശോഭ എനിക്കു നല്ലവണ്ണം കാണുവാൻ കഴിയുന്നു.”

കാളിന്ദീ ജലത്തിനു നീലവർണ്ണമാണ്, രംഭയാകട്ടെ കാഞ്ചനവർണ്ണയും കൃശഗാത്രിയുമാണ്. നീല നിചോളം കൊണ്ട് ശരീരം മറച്ചിരിക്കുന്ന സ്വർണ്ണ വർണ്ണയും കൃശാംഗിയുമായ രംഭയുടെ ശരീരകാന്തിയെ കാളിന്ദീജലത്തിൽ നിമഗ്നമായ കാഞ്ചനശലാകയുടെ കാന്തിയായി ഉൽപ്രേക്ഷിച്ചിരിക്കുന്നു! പ്രകൃത്യാതന്നെ തളിരിനെ ജയിക്കുന്നതും അമൃതു നിറയ്ക്കപ്പെട്ടതും കിളിക്കൊത്ത മധുരനാദം പുറപ്പെടുവിക്കുന്ന സ്മിതലക്ഷ്മിക്ക് ഇരിപ്പിടമായിട്ടുള്ളതുമായ നിന്റെ അധരം ഒരിക്കലെങ്കിലും തന്നാൽ ഞാൻ സുകൃതിയായി. പതിന്നാലു ലോകത്തിനും അധിപതിയായ ഞാനിതാ കാമന്റെ നിശിത ശരങ്ങളേറ്റ് ഖിന്നനായി ഭവതിക്ക് അധീനനായിത്തീർന്നിരിക്കുന്നു.” രാവണ ദർശനത്താൽ ഭീതയായ രംഭ തന്റെ സുന്ദരവദനം നീല മൂടുപടത്തിനകത്തു മറച്ചതിനെ കാർമേഘപടലത്തിനിടയിൽ ഒളിക്കുന്ന പൗർണ്ണമിച്ചന്ദ്രനോടുപമിക്കുന്നു. അങ്ങനെ അവൾ ശിരസ്സുകൊണ്ട് നമിച്ചിട്ട് കൂപ്പുകൈകളോടെ രാവണനോട് മന്ദമായി പറഞ്ഞു: “രാക്ഷസ രാജാവേ എന്നെ വിട്ടയയ്ക്കുക. ഞാൻ സ്വർവ്വേശ്യയായ രംഭയാണ്. എന്നെ ഇന്നു വരിച്ച നളകൂബരന്റെ സങ്കേതത്തിലേക്ക് പോവുകയാണ്. നിത്യവും ഓരോ ഭർത്താവ് എന്നുള്ളതാണ് ഞങ്ങളുടെ പാതിവ്രത്യം. അതിനു ഇളക്കം വന്നുകൂടാ. നിന്റെ കാലിണ ഞാൻ തൊഴുന്നു. എന്നെ വൈകാതെ വിട്ടയയ്ക്കുക.”

പക്ഷേ സ്വർവ്വേശ്യയുടെ പാതിവ്രത്യ പ്രസംഗം രാവണൻ പുച്ഛത്തോടെ തള്ളിക്കളഞ്ഞു. എന്നുതന്നെയുമല്ല അവളുടെ പോക്ക് തന്റെ കോപത്തിന് പാത്രീഭൂതനായ കുബേരന്റെ മകന്റെ സവിധത്തിലേക്കാണ്. കാമോദ്ദീപകമായ ചുറ്റുപാടിൽ തേടിയവള്ളി കാലിലണഞ്ഞതുപോലെ വന്നു ചേർന്ന അവളെ വിട്ടയയ്ക്കാനയാൾക്കു മനസ്സില്ല. അങ്ങനെ ദശാനനൻ അവളെ ബലാൽക്കാരം ചെയ്തതിനുശേഷം വിട്ടയയ്ക്കുന്നു. അവൾ ശപിക്കുന്നതൊക്കെ അവജ്ഞയോടെ തള്ളിക്കളയുന്നു.

അടുത്ത രംഗത്തിൽ രാവണൻ പ്രളയസംഹാരമൂർത്തിയുടെയത്ര ശത്രുസംഹാര ദക്ഷനായിത്തീർന്ന് കുബേരനെ പോരിനു വിളിക്കുന്നതാണ്. രാവണന്റെ പോർവിളി കേട്ട് തന്നെ കുബേരന്റെ സൈന്യം പേടിച്ചൊളിച്ചു. രാവണന്റെ ധീരോദാത്തതയും പരാക്രമങ്ങളും സർവ്വവിജയത്വവുമെല്ലാം വെളിവാക്കുന്ന പദനിബന്ധനങ്ങൾകൊണ്ട് പ്രൗഢഗംഭീരമായ ശ്ലോകങ്ങളിലൂടെയാണ് ഈ രംഗം തുടങ്ങുന്നത്. “ആവഹമദമിഹതേ...” എന്നു തുടങ്ങുന്ന രാവണന്റെ കുബേരനോടുള്ള പദം (സാരംഗം-ചെമ്പട) സാഗര ഗർജ്ജനംപോലെ അനുഭവപ്പെടുത്തുന്നു. തുടർന്നു നടന്ന യുദ്ധത്തിൽ കുബേരന്റെ സൈന്യമെല്ലാം തോറ്റോടി ഒളിക്കുന്നു. കുബേരനും രാവണന്റെ ആക്രമണം സഹിയാതെ ഒളിച്ചോടുന്നു. പിന്നീട് രാവണൻ പുഷ്പകവിമാനമേറി കൈലാസാചലത്തിലെത്തുകയും ഔദ്ധത്യം പൂണ്ട് കൈലാസം തന്നെ ഇളക്കുവാനായി ഉദ്യമിക്കുകയും ചെയ്യുന്നു. നന്ദികേശ്വരൻ തടുക്കുന്നുവെങ്കിലും അതൊന്നും രാവണനിൽ ഫലിക്കുന്നില്ല. കൈലാസപർവ്വതം തന്നെ രാവണ പ്രബലതയാൽ കുലുങ്ങിയപ്പോൾ, സൗന്ദര്യപ്പിണക്കം നടിച്ച് അകന്നു കഴിഞ്ഞിരുന്ന ഭഗവതി പാർവ്വതി ശ്രീ പരമേശ്വര സന്നിധിയിലേക്കോടി ചെന്ന് ആലിംഗനം ചെയ്തു. ഭഗവാന് ഇതു വളരെ സന്തോഷമായി. അദ്ദേഹം തന്റെ പെരുവിരൽ അചലോപരി ഊന്നിയപ്പോൾ രാവണന്റെ ഇരുപതു കൈകളും അടിയിൽപ്പെട്ടു ഞെരിഞ്ഞു. വല്ലാത്ത അവസ്ഥയിലായ രാവണൻ തന്റെ പ്രഭുവായ ശങ്കരനെ സാമവേദത്താൽ പാടി സ്തുതി ചൊല്ലുന്നു. ഇതിൽ സംപ്രീതനായി ഭഗവാൻ രാവണനു മുന്നിലെത്തി അദ്ദേഹത്തെ അനുഗ്രഹിക്കുകയും എല്ലാ സങ്കടങ്ങളും അകറ്റി ചന്ദ്രഹാസമെന്ന വാൾ നൽകി ആശിസ്സേകി ലങ്കയിലേക്കയക്കുകയും ചെയ്യുന്നു. അങ്ങനെ മുമ്പിലത്തേതിലും വരബലഭുജ വീര്യങ്ങളോടുകൂടി രാവണൻ തിരിച്ച് ലങ്കയിലെത്തി സാമ്രാജ്യപാലനം ചെയ്യുന്നു.

രാവണൻ, അഹങ്കാരമെല്ലാം പോയി, ആപത്തിൽപെട്ട് ഭഗവാൻ ശങ്കരനെ സ്തുതിക്കുന്ന പദം ആത്മീയ ദർശനങ്ങൾകൊണ്ട് പക്വതയാർന്നതാണ്. സംസാര നിമഗ്നരായി സുഖദുഃഖസമ്മിശ്രമായ ജീവിതത്തെ നയിക്കുന്ന മാനവരാശിക്കാകമാനം ഭഗവൽ പ്രസാദം ലഭിക്കാൻ തക്ക മാഹാത്മ്യമുള്ള ആ പദം താഴെകൊടുക്കുന്നു.

(സംഗീത താൽപ്പര്യമുള്ളവർ പാടിയാൽ കേൾക്കാൻ അതിമനോഹരമാണ് ഈ സ്തുതി)

***രാവണന്റെ സ്തുതിപദം   രാഗം മലഹരി   താളം ചെമ്പട***

*പ : പരമകൃപാലയ പാലയ ഭഗവാൻ*
*അ : കുരുമയി ദയാമിഹ നിരുപമതരാകൃതേ...*
*ച 1 : അപരിമേയനാം നിന്നെയറിയാതെ ഞാൻ ചെയ്തോ-*
*രപരാധം ക്ഷമിക്കയെന്നനുചിതം പറവതും*
*ജാര സംഗത ശിശു ജാനു പീഡനം കൊണ്ടു*
*ജനനീ മാനസതാരിൽ ജാതമാകുമോ രോഷം?*
*2: പ്രതിദിനമടിയൻ നിൻപാദ പങ്കജം തന്നെ*
*ശ്രുതിവേദ്യാകൃതേ! ചിത്തേഗതിയെന്നു കരുതിനേൻ*
*അതിമൂഢമതികളാമാശ്രിതന്മാരിൽ ദണ്ഡം*
*മതി ചൂഡാമണേ! ചെയ്കിൽ മഹിത കാരുണ്യമത്രേ...*
*3: പ്രത്യക്ഷം വിധായേദം പ്രകടരാജസ മൂർത്ത്യാ*
*സത്വക്ഷ്ക്ഷോഭിതാകൃതേ! സകലം പാലനം ചെയ്തും*
*അദ്ധ്യക്ഷി ദഹിപ്പിച്ചു മന്ത്രേ താമസാത്മനാ*
*അദ്ധ്യക്ഷൻ ഭവാനേകനപരനില്ലഹോ!*
*പാർത്താൽ (പരമ കൃപാലയ...)*

*20-ൽ നിന്നും തുടർച്ച...*

*ശരിയായ് മലയാള ഭാഷയായാ-*
*ലുരിയാടാമെഴുതാം കവിത്വമാവാം*
*ഇവനുണ്ടു രജിസ്റ്റർ ചെയ്തിരിപ്പൂ*
*നവ കാവ്യക്കളരി സ്ഥലത്തു മുമ്പേ*
*തവ കീഴരുതിഗ് ഗുമസ്തവേലയ്ക്കിവനാവോ,*
*തരമാക്കിയെങ്കിലായി-*
*ഒരു മാതിരി കയ്യെഴുത്തു നന്നെ-*
*ന്നൊരു ഭള്ളിന്നിവനില്ലയെന്നുമില്ല;*
*പെരുമാറ്റ വഴിക്കു കൊണ്ടുപോയാ-*
*ലൊരു ഭാഷയ്ക്കിവനും കഴിഞ്ഞു കൂടും."*

യാതൊരു സാഹിത്യഗുണവുമില്ലാത്ത കവിതകൾ തട്ടിപ്പടച്ചുണ്ടാക്കുന്ന ഒരു കവി വെൺമണി നമ്പൂതിരിയുടെ പരിഹാസത്തിനിരയാവുന്നതിങ്ങനെയാണ്:

*"എന്നേ വിസ്മയമേതുമില്ല, കവിതാ*
*സാമർത്ഥ്യമെന്നാൽ ഭവാ-*
*നിന്നേറെ ക്ഷണിച്ചിവണ്ണമുളവാക്കീ-*
*ട്ടെന്തു സാധ്യം സഖേ,*
*മുന്നം ഗർഭിണിയായ നാൾ മുദിതയായ്*
*മാതാവു നേർന്നിട്ടിതു-*
*ണ്ടെന്നോ താൻ കവിയായ് ജനങ്ങളെ*
*ഞെരുക്കീടേണ മെന്നിങ്ങനേ"*

പ്രതിഭ കൊണ്ടും ഭാവന കൊണ്ടും ആരുടെയും പിന്നിലല്ല ബ്രാഹ്മണരും ക്ഷത്രിയരും. സാഹിത്യ കലാ-കായിക മേളകളിലെല്ലാം നമ്മുടെ പൂർവ്വികർ എത്രയോ സമ്പന്നരായിരുന്നു. പക്ഷേ ആധുനിക തലമുറയ്ക്ക്, എന്തിനു പറയുന്നു, നിത്യകർമ്മം പോലും അനുഷ്ഠിക്കുന്നതിനോട് താല്പര്യം കുറയുന്നുണ്ടല്ലോ. സ്കൂൾ-കോളേജ് പഠനം കഴിഞ്ഞാലും ഏറെ ചെലവുകളില്ലാത്ത ഒരു സാഹിത്യരംഗമായ ഈ ശ്ലോകപഠനം അനുസ്യൂതം മുമ്പോട്ടു കൊണ്ടുപോകണം. ധാരാളം കൃതികളുമായുള്ള ബന്ധം, വൃത്തം, അലങ്കാരം, ദേശചരിത്രം, ഭാഷാശുദ്ധി, ശരീരഭാഷ കൃതികളുടെ കാലം-കർത്താവ് തുടങ്ങിയവയെല്ലാം ഈ ശ്ലോകപഠനങ്ങളിൽ കൂടി നേടുവാൻ കഴിയും. നമ്മുടെ പൂർവ്വികർ തന്ന ഈ ശ്ലോക സമ്പത്ത് മങ്ങാതെയും മറയാതെയും നമ്മളിൽ കൂടി അടുത്ത തലമുറയ്ക്ക് പകരണം. ശ്രീമദ് ഭാഗവതത്തിലെയും നാരായണീയത്തിലെയും ശ്ലോകങ്ങൾ ഹൃദിസ്ഥമാക്കാനും നമുക്കു കഴിയണം. *(തുടരും)*

## കാല ചക്രം

കാലത്തിൻ കാൽപാടുകൾ പതിഞ്ഞ മുഖത്തൊരു
ലേപനം പൂശിത്തരാനാരുമില്ലയ്യോ കഷ്ടം
ഏന്തിയും വലിഞ്ഞുമീ നീളുന്ന നടപ്പാത
താണ്ടുവാനതി ദൂരം ഊന്നുകോലില്ലാ കയ്യിൽ

## പ്രണാമം

ഇണയെ പിരിഞ്ഞ കിളിതൻ മനോവ്യഥ
മാമുനി പണ്ടൊരു കാവ്യമാക്കി
മേധയും പേനയും നിർജ്ജീവമെന്നുടെ
ദേവാ ക്ഷമിക്കൂ സമസ്തപാപം

## താത നിയോഗം

കൂട്ടിക്കുറച്ചു ഗണിച്ചു ഹരിച്ചു നീ
കൂട്ടായിരുകൈ വിരലുകളെന്നാലും
കൂട്ടിയതില്ല നിയതി നിനക്കായി
നീട്ടിയ 'പാൻഡോറ' തന്നുടെ പേടകം ●

**ടി.സി. ഭാഗീരഥി തമ്പുരാട്ടി**
തെക്കേ കോവിലകം, നീലേശ്വരം

# ABC of Astronomy and Geography



**E. Rama Varma Raja,** Ennakkad Palace

Astronomy means the science of the heavenly bodies. Geography means the science of the surface of the earth and its inhabitants; a book containing a description of the earth. My dictionary teaches me so.

The universe or the world is extremely very astonishing. Its significance to human beings is tremendous. It includes inter alia the solar system (Soura-yoodham), oceans, seas, skies, rivers, the moon, stars etc. Day and night occur as a result of the earth rotating more correctly, orbiting on its axis from West to East.

There are planets orbiting the Sun viz. Mercury, Venus, Earth, Mars, Jupiter, Saturn, Uranus and Neptune. My teachers taught me Mercury is the nearest and Neptune the farthest planet to the Sun. The planets are the Sun's neighbours. The Sun and all the objects that travel around it are known as solar system. But the Earth's closest neighbour is the only natural satellite namely the Moon that shines by the Sun's light.

Similarly there are 5 oceans namely Pacific, Atlantic, Indian, Arctic and Antarctic. By the by I felicitate Abhilash Tomy the Indian, the boldest of the boldest, who outlived 5 days in the Indian ocean fighting for survival, in the long run at the mercy of God alone, saved by a ship. The mariners and the Chief helmsman saw the man drowning, diving, swimming in the water and signal was given to save him and thereby rescued from death. Oh, God you are merciful enough!

The world consists of 7 continents - Asia, Europe, Africa, North America, South America, Australia and Antarctica. In the hey day of my school education my teachers taught me Africa was a dark continent. India is a sub continent in Asia surrounded by Indian ocean (South), Arabian sea (West), Himalaya Mountain (North) and Bay of Bengal (East).

Solar Eclipse takes place when the Sun, the Moon and Earth far linearly so that the earth is unlit by the sunshine due to the Moon's interference in the middle. Similarly Lunar Eclipse takes place when the Earth is in the middle of the Sun and the Moon that is unlit by the sun shine. In brief, the Sun is the Lord of the universe. Between the heavens and the Earth an empty space called vacuum is filled with air.

Above all India is blessed with holy rivers like Sindhu, Ganga, Yamuna, Kaveri, Brahmaputra, Saraswathy, Krishna, Godavary etc. One humble request. If any mistake has crept in pardon me please. I express love and reverence to my great teachers before I close. ●




**കേരള കലാമണ്ഡലത്തിൽ** നിന്ന് പ്ലസ്ടു വിന് കഥകളിയിൽ ഏറ്റവും കുടുതൽ മാർക്ക് വാങ്ങി

## എൻഡോവ്മെന്റ് ലഭിച്ചു

തങ്കമണി ഗുരുഗോപി നാഥ് എൻഡോവ്മെന്റ്, അച്യുത ക്കുറുപ്പ് സ്മാരക എൻഡോവ് മെന്റ് എന്നിവയ്ക്ക് അർഹനായ **അഖിൽവർമ്മ.**

തൃശൂർ അഞ്ചേരി തിരുത്തൂർ ടെമ്പിൾ റോഡ് 'കനകധാര' യിൽ രാമവർമ്മ (കോതമംഗലത്ത് മഠം) യുടേയും രാജി (ചാല ക്കുടി തിരുത്തൂർ മഠം) യുടേയും മകനാണ്.

# ഇരുപത്തിയൊന്നാം ദിവസം

ശ്രീപ്രസാദ് വടക്കേപ്പാട്ട്, മുംബൈ



മഹാനഗരത്തിലെ ലോക്ഡൗൺ ആദ്യം പ്രഖ്യാപിച്ചത് സംസ്ഥാന മുഖ്യമന്ത്രിയായിരുന്നു. അതു കേട്ടപ്പോൾ അയാൾക്ക് പ്രത്യേകിച്ച് ആശങ്കയൊന്നും തോന്നിയില്ല. ജോലി ചെയ്യുന്ന കമ്പനിയുടെ വിശാലമായ സ്റ്റാഫ് കോളനി. ഉപ്പ് തൊട്ട് കർപ്പൂരം വരെ താമസസ്ഥലത്തിനടുത്ത് തന്നെ കിട്ടും. ഒന്നിനും പുറത്തു പോകേണ്ട. ആകെക്കൂടി പുറത്തു പോകുന്നത് വല്ലപ്പോഴുമുള്ള സിനിമ കാണലിനോ അല്ലെങ്കിൽ നാട്ടിൽ പോകുമ്പോഴോ മാത്രം. നടത്തത്തിനോ മറ്റ് വ്യായാമങ്ങൾക്കോ ഇഷ്ടംപോലെ സൗകര്യങ്ങൾ. ഒരൊറ്റയാന് ഇതിൽ കൂടുതലെന്തുവേണം.

മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കോളനി നിവാസികൾക്കിടയിൽ വലിയ ചലനമൊന്നും ഉണ്ടാക്കിയില്ല. എല്ലാം പതിവുപോലെ നടന്നു. ഇതല്ല ഇതിനപ്പുറത്തെ രോഗാണു വന്നാലും ഞങ്ങൾക്കൊരു ബാധ്യതയുമില്ലെന്നമട്ടിൽ ആളുകളെല്ലാവരും സാധാരണപോല നിരത്തുകളിലിറങ്ങി. പക്ഷേ അയാൾ ആ കൂട്ടത്തിലുണ്ടായിരുന്നില്ല. നിയമമനുസരിക്കാനുള്ള സന്നദ്ധതയേക്കാളേറെ സദാനേരവും അയാളുടെ ഉള്ളിലുറങ്ങിക്കിടന്നിരുന്ന ഒരു പേടിയായിരുന്നു അതിനു കാരണം. കമ്പനിയും അനിശ്ചിതകാല അവധി പ്രഖ്യാപിച്ചതിനാൽ രണ്ടു ദിവസം ഉണ്ടുമുറങ്ങിയും അങ്ങനെ പോയി. രണ്ടാം ദിവസം രാത്രി എട്ടുമണിക്കാണ് ജനങ്ങളെ മുഴുവൻ ഞെട്ടിച്ച രാജ്യത്തെ പ്രധാനമന്ത്രിയുടെ ആ പ്രഖ്യാപനം വന്നത്! രോഗാണുവിനെ ചെറുക്കാൻ ഇരുപത്തൊന്നു ദിവസം രാജ്യമാകമാനം സമ്പൂർണ്ണ പൂട്ടിയിടലല്ലാതെ വേറെ ഒരു വഴിയുമില്ലെന്ന്. അയാളെ ഈ വാർത്ത വാസ്തവത്തിൽ ഞെട്ടിപ്പിച്ചതൊന്നുമില്ല. എന്നാൽ അയാളുടെ ചിന്ത പോയത് വേറൊരു വഴിക്കാണ്. എന്നും രാവിലെ ഒരു നടത്തം പതിവുള്ളതാണ്. രണ്ടു ദിവസമായി അത് മുടങ്ങിരിക്കുകയാണ്. ഇനി ഇരുപത്തിയൊന്നു ദിവസം! അതാലോചിക്കുമ്പോൾ ഒരു വിഷമം. കമ്പനി ജോലി കഴിഞ്ഞാൽ ആകെക്കൂടി ഉള്ള ഒരേ ഒരു വ്യായാമമാണ്. അത് നിന്നാൽ രാത്രി ഉറക്കം തഥൈവ.

ഈ അടുത്ത കാലത്താണ് അയാൾ കമ്പനിയുടെ ക്വാർട്ടേഴ്സിൽ മാറ്റം വാങ്ങിച്ചത്. പുതിയ ഫ്ളാറ്റിന്റെ പ്രധാന ആകർഷണം തൊട്ടടുത്തുള്ള മൈതാനം തന്നെയായിരുന്നു. പ്രഭാത നടത്തത്തിന് ഏറ്റവും യോജിച്ച സ്ഥലം. ഇരുപത്തൊന്നു നിലകളുള്ള ബിൽഡിംഗിന്റെ ഒന്നാം നിലയിലായിരുന്നു അയാൾക്കനുവദിച്ച ഫ്ളാറ്റ്. ഓരോ നിലയും നാലു വീതം ഫ്ളാറ്റുകളുള്ള ചതുരങ്ങൾ. ഓരോ നിലയിലും നാലു ഫ്ളാറ്റുകളുണ്ടെങ്കിലും, ഒന്നിന്റെയും മുൻവാതിൽ മറ്റൊന്നിന് അഭിമുഖമായി വരാത്തവിധമായിരുന്നു ആ കെട്ടിടത്തിന്റെ രൂപകൽപ്പന! ചുരുക്കത്തിൽ അയൽവാസി ഇല്ലാത്ത ഒരുതരം പ്രതീതി. ഓരോ നിലയിലും മുകളിലേക്കും താഴേക്കുമുള്ള ഗോവണിപ്പടികളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ചെറിയ ഇടനാഴി. ഇടനാഴിയുടെ രണ്ടറ്റത്തുമായി രണ്ടുവീതം ഫ്ളാറ്റുകൾ. ആ കെട്ടിടത്തിലെ അയാൾക്ക് പരിചയമുള്ള ഒരേയൊരാൾ അയാളുടെ ഫ്ളാറ്റിനു തൊട്ടു ഫ്ളാറ്റിലെ കപ്പടാ മീശക്കാരനായിരുന്നു. ആറടിയിലും പൊക്കമുള്ള തടിച്ച ആജാനുബാഹു ഏതാണ്ട് ഇരുനിറം ഇടതു കൈയിൽ തടിയൻ സ്റ്റീൽ വള. മുന്നിലുള്ള വാതിലിൽ എഴുതിവെച്ച ബോർഡിൽ നിന്നും അയൽവാസിയുടെ പേര് കൃതാന്ത് സിംഗ് എന്നാണെന്ന് അയാൾ മനസ്സിലാക്കി. മറ്റാരെങ്കിലും ആ വീട്ടിൽ ഉള്ളതായി അയാൾക്കു തോന്നിയിരുന്നില്ല. പിന്നീട് ഒന്നുരണ്ട് പ്രാവശ്യം മാത്രമെ കൃതാന്ത് സിംഗിന്റെ മുന്നിൽ അയാൾ ചെന്നുപെട്ടിട്ടുള്ളൂ. അപ്പോഴെല്ലാം സിങ് സൗഹൃദം കാണിക്കാൻ വന്നെങ്കിലും അയാൾ ഒഴിഞ്ഞുമാറി. എന്തോ ഒരു ഭയം.

രാജ്യത്തെ പ്രധാനമന്ത്രിയുടെ സമ്പൂർണ്ണ ലോക്ഡൗൺ പ്രഖ്യാപനം ഉണ്ടായ രാത്രി കിടന്ന് വളരെ വൈകിയും അയാൾക്കുറങ്ങാനായില്ല. ഇനി ഇരുപത്തൊന്നു ദിവസത്തെ നടത്തമില്ലായ്മ തന്റെ ഉറക്കത്തെ ഇല്ലാതാക്കുമെന്ന ചിന്ത അയാളെ ഉറങ്ങാനനുവദിച്ചില്ല. ഒരാളെ ഏറ്റവും ഭ്രാന്തുപിടിപ്പിക്കുന്ന സംഗതി ഉറക്കമില്ലായ്മയാണെന്ന സത്യം അയാളെ ഒന്നുകൂടി ഉത്ക്കണ്ഠാകുലനാക്കി. രാത്രി ചിന്തിച്ചുകിടന്ന അയാളുടെ മനസ്സിൽ വ്യായാമത്തെക്കുറിച്ചുള്ള മറ്റൊരാശയം ഉദിച്ചുയർന്നു. മൈതാനത്തിലെ തിരശ്ചീനമായ

നടത്തത്തിനു പകരം എന്തുകൊണ്ട് തന്റെ പുതിയ ബിൽഡിംഗിലെ സൗകര്യമുപയോഗിച്ച് ലംബമായി നടന്നുകൂടാ? ഇരുപത്തിഒന്നു നില കെട്ടിടമാണ്. ഗോവണിപ്പടിയിലൂടെയുള്ള കയറി ഇറങ്ങലിലൂടെ നല്ലൊരു വ്യായാമമുറപ്പിക്കാം. ഈ ഒരു ആശയം അയാളെ അന്നത്തേക്ക് സുഷുപ്തിയിലേക്ക് നയിച്ചു.

ഇരുപത്തിയൊന്നിലെ ഒന്നാം ദിവസം. അയാൾ അഞ്ചരക്കേ ഉണർന്നു. അത്യാവശ്യ പ്രഭാത കർമ്മങ്ങൾക്കുശേഷം ലംബമായ നടത്തിനായി തയ്യാറായി വാതിൽ തുറന്നു.വാതിൽ വലിച്ചടച്ചശേഷം മുന്നോട്ട് നാലടി നടന്നപ്പോഴേക്കും അയാൾ ഒന്ന് ഞെട്ടി പുറകോട്ടാഞ്ഞു. കൃതാന്ത് സിങിന്റെ വാതിലിനു മുന്നിലായി ഒരു നായ കിടക്കുന്നു. സാധാരണ ആ ബിൽഡിംഗിന്റെ പരിസരത്ത് ഇത്ര നാളായും അയാളൊരു നായയെ കണ്ടിരുന്നില്ല. ഇനി സിങ് വീടിനകത്ത് വളർത്തുന്നതാണോ? ആവാൻ വഴിയില്ല. അങ്ങനെയെങ്കിൽ അടഞ്ഞ വാതിലിനു പുറത്ത് ഈ തണുത്ത വെളുപ്പാൻ കാലത്ത് അതിങ്ങനെ കിടക്കാൻ ഒരു വഴിയുമില്ല. പദചലനം കേട്ടുണർന്ന നായ അയാളെ ഒന്ന് നോക്കി. കാലുകളും ശരീരവും വളച്ച് ഒന്ന് മൂരി നിവർത്തി. ഉണർത്തിയതിലുള്ള നീരസം ഒട്ടും കാണിക്കാതെ വീണ്ടും കണ്ണുകളടച്ചു. അയാൾക്കാശ്വാസമായി. ഉപദ്രവകാരിയല്ല.

അയാൾ പടികൾ കയറാൻ തുടങ്ങി. ഓരോ നിലകൾ പിന്നിടുമ്പോഴും ഓരോ പുതിയ വീഥികളിലെത്തുന്ന തോന്നൽ അയാളിലുണ്ടാക്കി. ചില നിലകൾ വളരെ വൃത്തികേടായിത്തന്നെ കിടന്നിരുന്നു. ചെരുപ്പുകൾ ക്രമമല്ലാത്ത നിരത്തിയിട്ട നിലകൾ. ഒന്നോ രണ്ടോ നിലകളിൽ പഴയ കുപ്പികൾ, പ്ലാസ്റ്റിക് ബോട്ടിലുകൾ തുടങ്ങിയവ മൂലകളിൽ കൂട്ടിയിട്ടിരിക്കുന്നു.

ഇരുപതാം നിലയിലെത്തിയപ്പോഴേക്കും അയാൾ നന്നായി കിതച്ചു തുടങ്ങിയിരുന്നു. അവിടത്തെ ഇടനാഴിയിൽ നിന്നും അയാൾ പുറത്തേക്കു നോക്കി. പുലരാൻ തുടങ്ങുന്നതേയുള്ളു. ഒന്നാം നിലയിൽ നിന്നും കാണുന്ന മരങ്ങൾ ഇരുപതാം നിലയിലെത്തുമ്പോൾ ചെറുതാകുന്ന കാര്യം അയാളിൽ കൗതുകമുണർത്തി. ആ നിലയിലെ ഒരു ഫ്ളാറ്റിന്റെ മുൻവാതിലിലെ പേരെഴുതിയ ബോർഡിലേക്ക് അയാൾ നിർവികാരനായി നോക്കി. വിഷ്ണു പാണ്ഡെ. ഇതുവരെ താണ്ടിയ നിലകളിൽ ഒന്നും ബോർഡുകളിൽ പേരുകൾ നോക്കാൻ എന്തേ തോന്നാത്തതെന്ന് അയാൾ ആലോചിച്ചു. അയാൾ ഇരുപത്തിയൊന്നാം നിലയിലേക്കുള്ള ഗോവണിപ്പടികൾ കയറി.

ഇരുപത്തിയൊന്നിലെ രണ്ടാം ദിവസം. ഒന്നാം ദിവസത്തെ പോലെ അയാൾ വാതിൽ വലിച്ചടച്ച് ഗോവണിപ്പടിയിലേക്ക് നീങ്ങി. കൃതാന്ത് സിങ്ങിന്റെ ഫ്ളാറ്റിലെ വാതിലിലേക്ക് നോക്കാൻ അയാൾക്ക് എന്തോ ഒരു ചെറിയ പേടി തോന്നി. ആ ഫ്ളാറ്റിൽ നിന്നും, താമസം തുടങ്ങിയതിനുശേഷം ഒരു ഒച്ചയനക്കവും കേട്ടിട്ടില്ലല്ലോ എന്ന കാര്യം അപ്പോൾ മാത്രമാണ് അയാളോർത്തത്. എന്തോ നിഗൂഢത ആ വാതിലിനു പിന്നിൽ ഒളിച്ചുനിൽക്കുന്നതായി അയാളുടെ മനസ്സ് പറഞ്ഞു.

രണ്ടാം നിലയിലേക്ക് കയറുമ്പോൾ അയാൾ പടികൾ എണ്ണാൻ തുടങ്ങി. ഒന്ന്, രണ്ട്... പതിനാറ് എണ്ണിയപ്പോഴേക്കും രണ്ടാം നിലയിലെത്തി. തന്നെത്തന്നെ നോക്കിക്കൊണ്ട് രണ്ടാം നിലയിൽ തല ചെരിച്ചു കിടക്കുന്ന നായയെക്കണ്ട് അയാളൊന്നു ഞെട്ടി. അതിന്റെ അലസമായ നോട്ടം അയാളിൽ കൗതുകമുണർത്തി. അയാളെന്തോ ആലോചിച്ച് വീണ്ടും ഗോവണിപ്പടികൾ കയറാൻ തുടങ്ങി. നാലാം നിലയിലെത്തിയപ്പോഴാണ് താൻ പതിനാറിനുശേഷം എണ്ണാൻ മറന്ന കാര്യം അയാളോർത്തത്. ഓരോ നിലയും വേർതിരിക്കുന്നത് പതിനാറ് പടികളായിരിക്കുമെന്ന് അയാൾക്ക് തോന്നി. പിന്നീടുള്ള ഓരോ നിലകൾ പിന്നിടുമ്പോഴും അയാളുടെ എണ്ണങ്ങൾ അവിടവിടെയായി പിഴച്ചു. ഒടുവിലയാൾ പത്താം നിലയിലെത്തിയപ്പോൾ ഇനി എന്തായാലും നാളെ ഓരോ പടിയും എണ്ണാമെന്ന തീരുമാനത്തിലെത്തി.

ഇരുപത്തിയൊന്നിലെ മൂന്നാം ദിവസം. മുൻ വശത്തെ വാതിൽ വലിച്ചടയ്ക്കുന്നതിനു പകരം വളരെ സാവധാനമാണ് അയാൾ അടച്ചത്. ഇന്ന് പടികൾ എണ്ണുക തന്നെ ചെയ്യണം. മനസ്സിലുറപ്പിച്ചുകൊണ്ട് ഗോവണിപ്പടിയിലേക്കയാൾ കാലെടുത്തുവച്ചു. ഒന്ന്, രണ്ട്, മൂന്ന്... നാൽപ്പത്തെട്ടിലെത്തിയപ്പോഴേക്കും മൂന്നാം നിലയിൽ അയാളെ പ്രതീക്ഷിച്ചിട്ടെന്നപോലെ നായ കിടക്കുന്നു. അന്നയാൾക്ക് അതിനെ കണ്ടപ്പോൾ ഞെട്ടലോ പേടിയോ തോന്നിയില്ല. പിന്നീടുള്ള എണ്ണത്തിൽ പിഴവ് പറ്റുകയും ചെയ്തില്ല. ഓരോ നൂറ് പടികൾ കഴിയുമ്പോഴും എണ്ണം ഒന്നിൽ നിന്നും തുടങ്ങുകയും അപ്പപ്പോൾ ഇടതുകൈയിലെ ചെറുവിരൽ, മോതിരവിരൽ, നടുവിരൽ എന്ന ക്രമത്തിൽ അയാൾ മടക്കുകയും ചെയ്തു. നൂറിനു മുകളിൽ എണ്ണാനറിയാമായിരുന്നിട്ടും ഈ രീതി അയാളിൽ എന്തോ പ്രത്യേക സന്തോഷം ഉണ്ടാക്കി.

പിന്നീടുള്ള ദിവസങ്ങൾ ഒരനുഷ്ഠാനം പോലെ അയാൾ ഇരുപത്തൊന്നു നിലകൾ ഓരോ തവണ കയറി ഇറങ്ങിക്കൊണ്ടിരുന്നു. പത്താം ദിവസം പത്താം നിലയിൽ നായയെ കാണുമ്പോഴേക്കും അവർക്കിടയിൽ ഏതാണ്ട് ഒരു സൗഹൃദം രൂപപ്പെട്ടിരുന്നു. അതയാളെ കാണുമ്പോൾ എണീക്കാ

നുള്ള ശ്രമം നടത്തുകയും പതിയെ വാലാട്ടി തിരിച്ച് ഉറക്കത്തിലേക്ക് പോവുകയും ചെയ്തു.

ഇരുപത്തിയൊന്നിലെ പതിനൊന്നാം ദിവസം. അന്നയാൾ വാതിലടച്ച് ഇറങ്ങുമ്പോൾ നായക്ക് കൊടുക്കാനായി അഞ്ചു രൂപയുടെ ഒരു പാർലെ ബിസ്ക്കറ്റ് പാക്കറ്റ് കയ്യിൽ കരുതിയിരുന്നു. ഇടതുകൈയിലെ ചെറുവിരൽ മടക്കിപ്പിടിച്ച് എഴുപത്താറ് എണ്ണി പതിനൊന്നാം നിലയിൽ അയാളെത്തുമ്പോൾ പതിവിനു വിപരീതമായി അയാളെ കാത്തിട്ടെന്ന പോലെ നായ നിൽക്കുകയായിരുന്നു. അയാളതിനെ അറിയാതെ ദാമൂ എന്ന് നീട്ടി വിളിച്ചു. വളരെക്കാലമായി പ്രവാസിയാണെങ്കിലും ഉള്ളിലുറങ്ങിക്കിടന്നിരുന്ന മലയാളവും കുട്ടിക്കാലത്തുണ്ടായിരുന്ന ഏക കളിക്കൂട്ടുകാരൻ ദാമോദരന്റെ ഓർമ്മകളുമായിരിക്കാം ആ പേര് വിളിക്കാനയാളെ പ്രേരിപ്പിച്ചത്. അല്ലെങ്കിൽ ഇംഗ്ലീഷിലും ഹിന്ദിയിലുമായി എത്രയോ പേരുകൾ ആ നായക്കിടാൻ അയാൾക്ക് തിരഞ്ഞെടുക്കാമായിരുന്നു. നായ വാലാട്ടി നിന്നതല്ലാതെ അയാൾക്കരികിലേക്ക് വന്നില്ല. പാക്കറ്റ് തുറന്ന് അയാൾ ബിസ്ക്കറ്റുകൾ അതിനു മുന്നിലേക്ക് കുടഞ്ഞിട്ടു. ദാമു ബിസ്ക്കറ്റുകൾ കഴിക്കുന്നുണ്ടോ എന്ന് നോക്കാതെ അയാൾ മടക്കിപ്പിടിച്ച ഇടതുകൈയിലെ ചെറുവിരലുമായി എഴുപത്തിയേഴ് എണ്ണി മുകളിലേക്ക് നടന്നു.

പിന്നീടുള്ള ദിവസങ്ങളിൽ ദാമുവിനായി എന്തെങ്കിലും കരുതുക അയാൾ പതിവാക്കി. അയാളുടെ സൗഹൃദ വർത്തമാനങ്ങൾക്ക് ദാമു അത്ഭുതം കലർന്ന ഭാവത്തോടെ പ്രതികരിക്കാനും തുടങ്ങിയിരുന്നു. ദാമുവുമായുള്ള സൗഹൃദം കൃതാന്ത് സിങിന്റെ മുഖം അയാളുടെ മനസ്സിൽ നിന്നും ഒരുവിധം മായ്ച്ചുകളഞ്ഞിരുന്നു.

ഇരുപതാം നിലയിൽ ദാമുവിനെ കണ്ട ദിവസം അത് അയാളോട് പതിവിൽ കവിഞ്ഞ സ്നേഹപ്രകടനം നടത്തി. അന്ന് കൈയിൽ കരുതിയിരുന്ന ചിക്കൻ പീസാവാം അതിനു കാരണമെന്ന് അയാൾ തെറ്റിദ്ധരിക്കുകയും ചെയ്തു. പതിവിനു വിപരീതമായി ദാമു അയാളുടെ കൈയിൽ നിന്നും അത് കടിച്ചു മേടിക്കുകയാണ് ചെയ്തത്. ഇടതുകൈയിലെ ചെറുവിരലും, മോതിരവിരലും, നടുവിരലും മടക്കി മുപ്പത്താറ് എണ്ണി ഇരുപത്തൊന്നാം നിലയിലെത്തിയപ്പോഴേക്കും അയാൾ നന്നായി കിതക്കുന്നുണ്ടായിരുന്നു. ഗോവണിപ്പടികളുടെ അരികിലായുള്ള കൈവരികളിൽ പിടിച്ചു നിന്ന് അയാൾ കിതച്ചു. കഴിഞ്ഞ പത്തൊൻപതു ദിവസങ്ങളിലും ഇരുപത്തൊന്നാം നിലയിലെത്തിയാൽ ധൃതിയിൽ തിരിച്ചിറങ്ങുകയായിരുന്നു പതിവ്. അന്നാണ് അയാളത് ശ്രദ്ധിച്ചത്, ഇരുപത്തൊന്നാം നില മറ്റു നിലകളിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കുന്നു! നാല് മുൻവാതിലുകളിലും പേരുകളൊന്നും എഴുതിയിട്ടില്ല. ഒന്നുകൂടി നോക്കിയപ്പോളാണ് നാലു വാതിലുകളും പുറത്തുനിന്നും പൂട്ടിയിരിക്കുന്ന കാര്യം അയാളുടെ ശ്രദ്ധയിൽ പെട്ടത്. എന്തോ ഒരു അസ്വസ്ഥത അയാളെ മൂടി. ഇരുപതാം നിലയിലോ മറ്റ് നിലകളിലോ തിരിച്ചിറങ്ങുമ്പോൾ അയാൾ ദാമുവിനെ കണ്ടില്ല.

അന്നത്തെ വാർത്തയിൽ പതിവിൽ നിന്നും വ്യത്യസ്തമായി രാജ്യത്തെ പ്രധാനമന്ത്രി പിറ്റേന്ന് രാവിലെ എട്ടു മണിക്ക് ജനങ്ങളെ അഭിസംബോധന ചെയ്യുമെന്ന വാർത്ത ഉണ്ടായിരുന്നു. അയാൾക്കന്ന് പകൽ വലിയ ഉന്മേഷം തോന്നിയില്ല.

ഇരുപത്തിയൊന്നാം ദിവസം രാവിലെ. അയാൾ എഴുന്നേൽക്കാൻ അൽപ്പം വൈകി. കഴിഞ്ഞ ഇരുപതു ദിവസങ്ങളിൽ നിന്നും മാറി കാലത്തേ അയാൾ കുളിച്ചു. വെള്ള കുർത്തയും പൈജാമയും ധരിച്ചു. അയാളന്ന് ദാമുവിനായി കരുതിയത് തല്ലേന്നത്തെ ഒരുപിടി പച്ചരിച്ചോറായിരുന്നു. ഇപ്പോൾ ഓരോ നിലയിലെത്തുമ്പോഴും നടകളുടെ എണ്ണം അയാൾക്ക് കാണാപ്പാഠമായിരുന്നു. ഇടതുകൈയിലെ ചെറുവിരലിൽ തുടങ്ങി നടുവിരൽ വരെ മടങ്ങി. ഇരുപതെണ്ണിക്കഴിഞ്ഞപ്പോൾ അയാളുടെ കണ്ണുകൾ വിഷ്ണു പാണ്ഡെയുടെ വാതിലിനു നേരെ ചെന്നു. അപ്പോൾ ആ വാതിൽ തുറന്നു കിടക്കുകയായിരുന്നു. അകത്തുനിന്നും രാജ്യത്തെ പ്രധാനമന്ത്രിയുടെ പ്രസംഗത്തിന്റെ ഒലികൾ പുറത്തേക്ക് വരുന്നുണ്ടായിരുന്നു. വല്ലാതെ കിതച്ചിരുന്ന അയാൾക്കത് ശ്രദ്ധിക്കാൻ തോന്നിയില്ല.


ഇനി പതിനാറ് പടികൾ മാത്രം. അയാൾ കിതച്ചുകൊണ്ട് മുകളിലേക്ക് കയറാൻ തുടങ്ങി. ഇരുപത്തൊന്നാം നിലയുടെ ഗോവണിപ്പടിയുടെ അരികിലായി ദാമു ചമ്രം പടിഞ്ഞിരിക്കുന്നത് അയാൾ കണ്ടു. അതിന്റെ കണ്ണുകളിൽ അനുകമ്പ കലർന്ന ഭാവം. അയാൾ വേച്ചുവേച്ച് പച്ചരി ചോറുപൊതി ദാമുവിന്റെ മുന്നിൽ വച്ചുകൊണ്ട് കുനിഞ്ഞിരുന്നു. അയാൾ നന്നായി വിയർക്കുന്നുണ്ടായിരുന്നു. ദാമുവിനെ തൊടാനായി കൈ പൊക്കാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. അയാൾ സാവധാനം മുന്നൂറ്റിമുപ്പത്തഞ്ചാം പടിയിലേക്ക് മറിഞ്ഞു വീണു.

അപ്പോൾ ഇരുപത്തി ഒന്നാം നിലയുടെ മുകളിൽ നിന്നും ഒരു പൊട്ടിച്ചിരി അയാൾ കേട്ടു. ആ ചിരിക്കുടമ ഒന്നാം നിലയിലെ അയാളുടെ അയൽവാസിയായ കൃതാന്തനായിരുന്നു. ●

## യാത്രകൾ 9

# അരുണാചൽ പ്രദേശ്

**കെ. ഹരികൃഷ്ണവർമ്മ, ചേർത്തല**



കഴിഞ്ഞ ലക്കത്തിലെ അസം യാത്രയുടെ തുടർച്ചയാണ് ഈ ലക്കത്തിലെ അരുണാചൽ യാത്ര. ഓരോ ഭാരതീയന്റെയും അഭിമാനമായ ഹിമാലയത്തിലൂടെയുള്ള ഈ യാത്ര എനിക്ക് ആദ്യത്തേത് ആയിരുന്നില്ല. അത്യാവേശകരമായ ചാർ ധാം യാത്ര ആയിരുന്നു ആദ്യത്തേത്. ആ യാത്ര എനിക്ക് സത്യത്തിൽ കോരിത്തരിപ്പിക്കുന്ന ഒരു അനുഭവം ആയിരുന്നു. ആ വിവരണം തുടങ്ങുമ്പോൾ നിങ്ങൾക്ക് ഓരോരുത്തർക്കും അവിടം വരെ ഒന്നു പോകാനുള്ള അദമ്യമായ വാഞ്ഛ തീർച്ചയായും ഉണ്ടാകും. അങ്ങനെ ഞങ്ങൾ അരുണാചൽ പ്രദേശ് എന്ന ഇന്ത്യയുടെ വടക്കു കിഴക്കൻ അതിർത്തി സംസ്ഥാനത്തിൽ പ്രവേശിച്ചു. അരുണാചൽ പ്രദേശ് എന്ന വാക്കിനർത്ഥം പ്രഭാതരശ്മികളുടെ പർവ്വത പ്രദേശം എന്നാകാം. വളരെയധികം സുരക്ഷാ പ്രാധാന്യം ഉള്ള പ്രദേശമാണ് അരുണാചൽ. ആദ്യകാലത്ത് ഇത് ടിബറ്റിന്റെ ഭാഗം ആയിരുന്നു. 1914-ലെ സിംലാ കരാർ പ്രകാരമുണ്ടായ മക്മോഹൻ രേഖയിലൂടെയാണ് അരുണാചൽ ഭാരതത്തിന്റെ ഭാഗമായത്. അക്കാലത്ത് ടിബറ്റും എക്കാലത്തും ചൈനയും മക്മോഹൻ രേഖ അംഗീകരിച്ചിരുന്നില്ല. 1962 ലെ ഇന്ത്യാ ചൈനാ യുദ്ധത്തിൽ അരുണാചലിന്റെ സിംഹഭാഗവും ചൈന പിടിച്ചടക്കി. ഹിമാലയത്തിന്റെ പ്രത്യേക ഭൂഘടനയും കാലാവസ്ഥയും മനസ്സിലാക്കുന്നതിൽ പൂർണ്ണമായും പരാജയപ്പെട്ടതു കൂടാതെ ഇന്ത്യൻ സേനയുടെ ദൗർബ്ബല്യങ്ങളും അപര്യാപ്തതകളും പഠിക്കുന്നതിലും പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പരാജയപ്പെട്ടു എന്നതാണ് വസ്തുത. സൈനിക മേധാവികളുടെ ഉപദേശങ്ങൾ സ്വീകരിക്കാൻ അദ്ദേഹം തയ്യാറായതും ഇല്ല. യുദ്ധാനന്തരമുണ്ടായ സമാധാന ഉടമ്പടി പ്രകാരം ഭീമമായ തുക നഷ്ടപരിഹാരം നൽകിയാണ് ഈ പ്രദേശങ്ങൾ ഇന്ത്യ വീണ്ടെടുത്തത്. അതിനു ശേഷവും അരുണാചൽ ഇന്ത്യയുടെ ഭാഗമായി ചൈന അംഗീകരിച്ചിട്ടില്ല. ഇന്ത്യയും ചൈനയും തമ്മിൽ അതിർത്തി തർക്കം നിലനിൽക്കുന്ന രണ്ടാമത്തെ പ്രദേശമാണ് അരുണാചൽ പ്രദേശ്. ചൈനയെ പ്രീണിപ്പിക്കുന്നതിന്റെ ഭാഗമായി അതിനു ശേഷം ഒരു പ്രധാനമന്ത്രിയും അരുണാചൽ സന്ദർശിച്ചില്ല! 2018 ൽ ചൈനയുടെ പ്രതിഷേധം അവഗണിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഈ സംസ്ഥാനം സന്ദർശിച്ച് ചരിത്രം മാറ്റിക്കുറിച്ചു. അരുണാചൽ പ്രദേശിന്റെ തലസ്ഥാനമായ ഇറ്റാനഗറിൽ ആണ് വിമാനത്താവളം ഉള്ളത്. പക്ഷെ വിമാനത്തിൽ അവിടെ ഇറങ്ങാൻ സൈന്യത്തിന്റെ അനുമതി ആവശ്യമാണത്രെ.

രൂപ, ബൊംബിലാ വഴിയുള്ള എട്ടു മണിക്കൂർ യാത്ര ഹിമാലയ ഭംഗി നന്നായി ആസ്വദിച്ചുകൊണ്ടായിരുന്നു. വൈകിട്ട് ആറു മണി ആയപ്പോഴേക്കും അമ്മു യാത്ര കൊണ്ടു തീരെ അവശയായി. പല തവണ ഛർദ്ദിച്ചു. ഞങ്ങളുടെ അടുത്ത രാത്രി താമസം ഹിമാലയ സാനുവിൽ ഉള്ള ധിരാങ് എന്ന ഗ്രാമത്തിൽ ആണ്. പടിഞ്ഞാറൻ കാമെങ് ജില്ലയിൽ ഉൾപ്പെട്ട ധിരാങ് സമുദ്രനിരപ്പിൽ നിന്നും ഏകദേശം 5200 അടി ഉയരത്തിൽ ആണ് സ്ഥിതി ചെയ്യുന്നത് രാത്രി എട്ടു മണി ആയപ്പോഴേക്കും ധിരാങ്ങിൽ കാസിരംഗാ നദിക്കരയി

ലുള്ള ഹോം സ്റ്റേയിൽ എത്തി. ഹോം സ്റ്റേ വളരെ സൗകര്യപ്രദം തന്നെ ആയിരുന്നു. രണ്ട് ഡീലക്സ് മുറികൾ ആയിരുന്നു ഞങ്ങൾക്കായി ബുക്ക് ചെയ്തിരുന്നത്. രാത്രി ഭക്ഷണവും വളരെ നന്നായിരുന്നു. കൊടും തണുപ്പിനെ കമ്പിളി കൊണ്ട് പ്രതിരോധിക്കാൻ ശ്രമിച്ച് ഞങ്ങൾ സുഖമായി ഉറങ്ങി. അടുത്ത ദിവസം (22/04/2019) രാവിലെ ആ പ്രദേശത്തൊക്കെ ഒന്നു ചുറ്റി നടന്നു. നദിക്കരയിൽ വരെ പോയി. ഹിമാലയത്തിൽ മാത്രം വളരുന്ന ഇനം പൂച്ചെടികൾ, കുറ്റിച്ചെടികൾ, വൃക്ഷങ്ങൾ... ചുറ്റും മഞ്ഞു മൂടിയ മലനിരകൾ തന്നെയാണ്. പ്രഭാത സൂര്യകിരണങ്ങൾ പതിക്കുമ്പോൾ ഈ മല നിരകൾക്കു മുകളിലൂടെ വെള്ളി ഉരുക്കി ഒഴിച്ചതു പോലെ ഉള്ളൊരു കാഴ്ചയാണ്. അരുണാചലിൽ ഭൂരിഭാഗവും ബുദ്ധമതാനുയായികൾ ആണ്. പ്രഭാത ഭക്ഷണത്തിനു ശേഷം ഏകദേശം 9 മണിയോടെ ഞങ്ങൾ മുറി വിട്ട് അടുത്ത യാത്ര ആരംഭിച്ചു. ധിരാങ്ങിൽ തന്നെയുള്ള ഒരു ബുദ്ധ ദേവാലയം ആണ് ആദ്യം സന്ദർശിച്ചത്. ലങ്ക നിർഖിപ എന്ന സന്യാസിനിയുടെ ഓർമ്മയ്ക്കായി നിർമ്മിച്ചതാണത്രെ ഇത്. ഒരു ചെറിയ കുന്നിൻ മുകളിലുള്ള ഈ ദേവാലയം നിർമ്മാണചാതുരി കൊണ്ടും വർണ്ണശബളിമ കൊണ്ടും വളരെ മനോഹരം ആണ്. ഇവിടെ നിന്നു ഞങ്ങൾ തവാങ്ങിലേക്കുള്ള 132 കി.മീ. യാത്ര തുടങ്ങി. കുറച്ചു ദൂരം പോകുമ്പോൾ ന്യൂ മാഡങ്ങ് വാർ മെമ്മോറിയൽ കാണാം. 1962 ലെ ചൈന യുദ്ധത്തിൽ വീരമൃത്യു വരിച്ച ഭടന്മാരുടെ സ്മാരകം ആണിത്. പിന്നീടങ്ങോട്ടേക്ക് കയറ്റങ്ങളും വളവുകളും ഒക്കെയായി ദുർഘടമായ വഴിയാണ് കൂടുതലും. ഉച്ചയ്ക്ക് 12 മണിയോടെ തവാങ്ങിന്റെ പ്രവേശന കവാടമായ വലിയ കോട്ട കടന്ന് സേലാ പാസ്സിൽ എത്തി. തുടർച്ചയായി മഞ്ഞു പെയ്തുകൊണ്ടേയിരുന്നു. മലയും വൃക്ഷങ്ങളും ചെടികളും നിരത്തും തടാകവും എല്ലാം മഞ്ഞു മൂടിയ അവസ്ഥയിലാണ്. കൊടും തണുപ്പിന്റെ ഒരു വേലിയേറ്റമാണ്. വാഹനത്തിൽ നിന്നിറങ്ങി അവിടൊക്കെ ഞങ്ങൾ ചുറ്റിനടന്നു. കുഞ്ഞുണ്ണിക്കൊപ്പം എല്ലാവരും മഞ്ഞു വാരിയെടുത്ത് പരസ്പരം എറിഞ്ഞു കളിച്ചു. വീണ്ടും യാത്ര തുടരുമ്പോൾ വഴിയരികിൽ ധാരാളം യാക്കുകളെയും പശുക്കളെയും കാണാം. കോണിഫറസ് മരങ്ങളും ധാരാളമായി ഉണ്ട്. മഞ്ഞിന്റെ കാഠിന്യം കുറഞ്ഞപ്പോൾ മഴ തുടങ്ങി, തണുപ്പ് അതിന്റെ മൂർധന്യത്തിൽ എത്തി. വൈകിട്ട് 4 മണിയോടെ തവാങ്ങിൽ ഹോട്ടൽ മുറിയിൽ എത്തി. മുറിയിൽ ഹീറ്ററും മറ്റു സംവിധാനങ്ങളും ഉണ്ടായിരുന്നതിനാൽ വളരെ സുഖം ആയിരുന്നു. അരുണാചലിൽ ജനങ്ങളേക്കാൾ അധികം ജവാന്മാരാണ്. നമ്മുടെ മാതൃഭൂമി സംരക്ഷിക്കാൻ അവർ ചെയ്യുന്ന ത്യാഗത്തിന്റെ ഒരംശം പോലും കേരളീയർ അറിയുന്നില്ല എന്നതാണ് സത്യം. ഹിമാലയത്തിന്റെ അത്യുന്നതങ്ങളിൽ കൊടും തണുപ്പിൽ അപര്യാപ്തമായ സാഹചര്യങ്ങളിൽ അനവരതം നമുക്കായി കാവൽ നിൽക്കുന്ന ധീര ജവാന്മാർക്ക് ഒരു ബിഗ്ഗ് സല്യൂട്ട്! ഒരു പരമ സത്യം കൂടി നാം ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതുണ്ട്. ഭാരത സൈന്യത്തിൽ ഏറ്റവും കുറവ് ഉള്ളത് കേരളീയർ ആണ്. നമുക്ക് അവകാശങ്ങളെ കുറിച്ചു മാത്രമേ അറിയൂ... ചുമതലകളെ കുറിച്ച് ആരും പഠിപ്പിക്കാറും ഇല്ല, നാം പഠിക്കാറും ഇല്ല. തവാങ്ങിൽ നിന്നു ബുംലാ പാസ്സിലേക്കു പോകാൻ സൈന്യത്തിന്റെ പ്രത്യേക പാസ്സെടുക്കണം. അതിനു 5000 രൂപ ചെലവാകും. ലോക്കൽ വാഹനത്തിലേ അങ്ങോട്ടു കടത്തിവിടുകയും ഉള്ളൂ. രാവിലെ 8.30 ന് ബുംലാ പാസ്സിലേക്കുള്ള 33 കി.മീ. യാത്ര ആരംഭിച്ചു. തവാങ്ങ് ടൗൺ പിന്നിട്ടാൽ പിന്നെ നിരത്ത് വളരെ മോശം ആണ്. കുത്തനെയുള്ള കയറ്റങ്ങളും ഹെയർപിൻ വളവുകളും വഴിനീളെ വെള്ളക്കെട്ടുകളും കൂടി ആകുമ്പോഴത്തെ കാര്യം പറയേണ്ടതില്ലല്ലോ. 10 കി.മീ. പോയപ്പോൾ മഞ്ഞ് ധാരാളമായി കാണാൻ തുടങ്ങി. 2 കി.മീ. കൂടി പോയപ്പോൾ പർവ്വതം മുഴുവൻ മഞ്ഞു മൂടിയ അവസ്ഥയിലേക്കെത്തി. വഴിയരികിൽ തന്നെ ചെറുതും വലുതുമായ ധാരാളം തടാകങ്ങൾ കാണാം. 17 കി.മീ. താണ്ടിയപ്പോൾ നെഗുലാ തടാകം ആയി. 22 കി.മീ. ആയപ്പോൾ വൈജുംങ്ഷൻ എന്ന പോയിന്റിൽ എത്തി. ഇവിടെ സൈന്യത്തിന്റെ ഒരു വലിയ ക്യാമ്പ് ഉണ്ട്. അവരുടെ ഒരു കാന്റീനും പ്രവർത്തിക്കുന്നുണ്ട്. വഴിനീളെ സൈന്യത്തിന്റെ ആയുധപ്പുരകൾ കാണാം. വഴിയരികിൽ അടുത്തടുത്ത് ധാരാളം ബങ്കറുകളും ഉണ്ട്. ഈ ഭാഗങ്ങൾ മുഴുവൻ സൈന്യത്തിന്റെ നിയന്ത്രണത്തിൽ ആണ്. കൊടും തണുപ്പ് എന്നു പറഞ്ഞാൽ തീരെ കുറഞ്ഞു പോകും. മഞ്ഞിന്റെ വെണ്മയും മാത്രം കാണാൻ സാധിക്കുന്ന ആ അന്തരീക്ഷം വിവരണങ്ങൾക്കും അതീതമാണ്. കണ്ണു തുറക്കാൻ പറ്റാത്ത വെണ്മയാണെങ്കിലും. ഭാഗ്യവശാൽ നല്ല തെളിഞ്ഞ കാലാവസ്ഥ ആയിരുന്നെങ്കിലും സൂര്യനെ കാണണമെങ്കിൽ മഷിയിട്ടു നോക്കണം. മഞ്ഞു പെയ്ത്തും ഇല്ലായിരുന്നു. 10 മണിയോടെ ബുംലാ പാസ്സ് ക്യാമ്പിൽ എത്തി. അവിടെ സൈന്യത്തിന്റെ വകയായി സൗജന്യമായി ചായയും ചൂടുവെള്ളവും ഉണ്ട്. യാത്രികർക്കു വിശ്രമിക്കാൻ വലിയൊരു ഹാൾ ഉണ്ട്. പ്രായമായ പലരും ഇവിടെ എത്തുമ്പോഴേക്കും ഓക്സിജന്റെ കുറവു കൊണ്ടും പേശീ പ്രശ്നങ്ങൾ കൊണ്ടും അവശരാകുന്നതു കണ്ടു. നിത്യേന 70-80 വാഹനങ്ങൾ വരുന്നുണ്ടെന്നാണ് കണക്ക്. ക്യാമ്പിൽ നിന്നും ചൈനാ അതിർത്തിയിലേക്ക് 200 മീറ്റർ നടക്കണം. മഞ്ഞു മൂടിയ ഒറ്റയടിപ്പാതയിലൂടെ വളരെ ശ്രദ്ധിച്ചു നടന്നില്ലെങ്കിൽ അത്യപകടകരമായ അവസ്ഥയാണ്. പാതയുടെ ഇരുവശങ്ങളിലും ഇന്ത്യ

യിലെ പ്രധാന സ്ഥലങ്ങളുടെ ചിത്രങ്ങൾ വെച്ചിട്ടുണ്ട്. അങ്ങനെ ഞങ്ങൾ നടന്നു നടന്ന് ഇന്ത്യാ-ചൈനാ അതിർത്തിയിൽ എത്തി. ഇൻ ക്രെഡിബിൾ ഇന്ത്യാ എന്ന വലിയ ബോർഡ് വെച്ചിട്ടുണ്ട്. അവിടെയും നമ്മുടെ സൈന്യം ഉണ്ട്. ചൈനയുടെ ഭടന്മാരെ ഒന്നും അവിടെ കണ്ടില്ല. ചിത്രങ്ങൾ എടുത്തെങ്കിലും കോടമഞ്ഞിന്റെ അതിപ്രസരം മൂലം ഒന്നും വേണ്ടപോലെ ആയില്ല. 15200 അടി ഉയരത്തിൽ ഭൂതലം മുഴുവൻ തണുത്തു മരവിച്ച അവസ്ഥയിൽ ഇന്ത്യയുടെ വടക്കു കിഴക്കേ അറ്റത്തു ഞങ്ങളും ചലനമറ്റു നിന്നു.

11 മണിയോടെ മടക്കയാത്ര ആരംഭിച്ചു. അതിമനോഹരമായ ബുംലാ തടാകം കണ്ടു. വഴി നീളെ പണികൾ ചെയ്യുന്ന തദ്ദേശീയരും നേപ്പാളികളും അസംകാരുമായ ജോലിക്കാരെ കണ്ടു. അവരുടെ അവിടത്തെ ദുരിതപൂർണ്ണമായ ജീവിത സാഹചര്യം ഇപ്പോൾ വിവരിക്കുന്നില്ല. വഴിയിൽ യാക്കുകളെയും നായ്ക്കളെയും ധാരാളം കാണാം. വൈ ജുങ്ഷനിൽ ചായയും മാഗിയും കഴിച്ചു. ഉച്ച കഴിഞ്ഞപ്പോൾ തിരികെ മുറിയിൽ എത്തി. വൈകിട്ട് 300 വർഷം പഴക്കമുള്ള വലിയ ഒരു ബുദ്ധദേവാലയം സന്ദർശിച്ചു. ദേവാലയത്തോടു ചേർന്ന് സന്യാസിമാർക്കും ശിഷ്യർക്കും താമസിക്കുന്നതിനുള്ള സൗകര്യങ്ങളും വിദ്യാലയവും ഉണ്ട്. ധീര ജവാന്മാരുടെ സ്മരണയ്ക്കായി നിർമ്മിച്ച ഒരു യുദ്ധ സ്മാരകവും കണ്ടു.

പിറ്റേന്ന് 24.04.2019 രാവിലെ 8.30നു മടക്കയാത്ര ആരംഭിച്ചു. ബോംഡില്ല എന്ന ഇടത്താവളത്തിലേക്ക്. തവാങ്ങിനോടു വിട. മഞ്ഞുമലകളോടും കൊടിയ തണുപ്പിനോടും വിട... മേൻപാ ഗോത്ര വർഗ്ഗത്തോടും യാക്കുകളോടും വിട... രാജ്യം കാക്കുന്ന ധീരസൈനികരോടു തത്ക്കാലം വിട...

ഒന്നര മണിക്കൂർ താണ്ടിയപ്പോൾ ജസ്വന്ത് സിങ്ങ് റാവത്തിന്റെ സ്മാരകത്തിൽ വാഹനം നിറുത്തി. (1962ലെ ഇൻഡ്യ-ചൈന യുദ്ധത്തിൽ മഹത്തായ സേവനം കാഴ്ച വച്ചതിന് "മഹാവീര ചക്രം" മരണാനന്തര ബഹുമതിയായി ഇദ്ദേഹത്തിനു ലഭിച്ചിരുന്നു.) ഇത്തരം സ്മാരകങ്ങൾ സന്ദർശിക്കുമ്പോൾ എങ്കിലും നാം 'ഭാരത് മാതാ കീ ജയ്' എന്ന് ഉരുവിടാനെങ്കിലും ശ്രമിക്കണം. ജസ്വന്ത് സിംഗ് ഉൾപ്പെടെ വീരമൃത്യു വരിച്ച സൈനികരുടെ ഓർമ്മകൾക്കു മുന്നിൽ ഒരു കൂപ്പുകൈ. അമേരിക്കയും ഇന്ത്യയും ഉൾപ്പെടെയുള്ള രാജ്യങ്ങൾ ചൈനയെ വളഞ്ഞിട്ട് ആക്രമിക്കുന്നു എന്ന് ഉറക്കെ പ്രസംഗിക്കുന്നവരുടെ നാട്ടിൽ ദേശസ്നേഹവും ഒരു വിൽപ്പന ചരക്കു മാത്രം ആയില്ലെങ്കിലേ അത്ഭുതം ഉള്ളൂ. അവിടെ നിന്നും പുറപ്പെട്ടു കുറേ ദൂരം ചെന്നപ്പോൾ, സേലാ പാസ്സിനടുത്ത് പ്രകൃതിരമണീയമായ ഒരു മലഞ്ചെരുവിൽ വാഹനം നിറുത്തി കുറെ ചിത്രങ്ങൾ എടുത്തു. കുറേ ദൂരം ആ തണുത്ത കാലാവസ്ഥയിൽ നിരത്തിലൂടെ നടന്നു... വഴിയരികിൽ ഒരു വനിതയുടെ ചായക്കടയിൽ നിന്നു നല്ല ചായ കുടിച്ചു. അവരെയും ചേർത്തു ചിത്രങ്ങളും എടുത്തു. കാലാവസ്ഥ വളരെ നന്നായിരുന്നു. നല്ല വെയിലും നല്ല തണുപ്പും ചേർന്നൊരനുഭൂതി. സേലാ പാസ്സിന്റെ മറ്റൊരു മുഖമാണു ഞങ്ങൾ പിന്നീട് കണ്ടത്. മഞ്ഞുവീഴ്ച ഒട്ടും ഇല്ലാതെ മഞ്ഞു മൂടി കിടക്കുന്ന ഒരവസ്ഥ!! ധാരാളം സഞ്ചാരികളും ഉണ്ടായിരുന്നു. ധാരാളം പേർ മഞ്ഞിലൂടെ പാരഡൈസ് തടാകത്തിനു വലംവെച്ചു നടക്കുന്നുമുണ്ടായിരുന്നു. തടാകത്തിനു ചുറ്റും നടക്കാൻ കൈവരികൾ ഉണ്ടെങ്കിലും അവിടം വരെ പോകാൻ വിഷമം തോന്നിയതിനാൽ കുറച്ചു നടന്നിട്ടു തിരികെ പോന്നു. ഉച്ചയൂണിനുള്ള ഇടം എത്തിയപ്പോൾ 2.30 കഴിഞ്ഞിരുന്നു. വൈകിട്ട് 4 മണിയോടെ താമസ സ്ഥലത്തെത്തി. അതൊരു ബുദ്ധ ദേവാലയത്തിന്റെ അതിഥി മന്ദിരം ആയിരുന്നു. വൈകിട്ടു ഞങ്ങൾ നഗരത്തിൽ ഒരു 'കറക്കം' നടത്തി. 7 മണിയോടെ തിരികെ മുറിയിൽ എത്തി. പിറ്റേന്നു രാവിലെ പ്രഭാത ഭക്ഷണത്തിനു മുൻപു തന്നെ ബുദ്ധ ദേവാലയത്തിൽ പോയി. ദേവാലയം വളരെ മനോഹരവും വലിപ്പമുള്ളതും ആണ്. സന്യാസിമാർക്കും വിദ്യാർത്ഥികൾക്കും താമസ സൗകര്യങ്ങൾ ഉണ്ട്. പടികൾ കയറി മുകളിൽ ദേവാലയത്തിനുള്ളിൽ എത്തിയാൽ വളരെ വിശാലമായ ചുറ്റുപാട് ആണ്. മുകൾ ഭാഗത്തു സ്ഥാപിച്ചിട്ടുള്ള ബുദ്ധ പ്രതിമയ്ക്കു താഴെ ഒരു ഇരിപ്പിടം ഉണ്ട്. ദലയ്ലാമ വന്നാൽ ഇരിക്കാനുള്ളതാണിത്. ഒരു വശത്തു മറ്റൊരിരിപ്പിടം കൂടി ഉണ്ട്. അത് റിംപോച്ചേക്കുള്ളതാണ്. 8.30 ഓടെ നാമേരിയിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു. മലയിലൂടെയുള്ള യാത്ര ദുർഘടം തന്നെ ആയിരുന്നു. വഴിയിലൊരിടത്ത് നിരത്തു നന്നാക്കുന്നതിനാൽ ഒരു മണിക്കൂർ വൈകി. ഏകദേശം 3 മണിയോടെ ഞങ്ങൾ നാമേരി ദേശീയോദ്യാനത്തിലെ റിസോർട്ടിൽ എത്തി. രമണീയമായ ഭൂപ്രകൃതി. ധാരാളം ആദിവാസി താമസസ്ഥലങ്ങൾ. പലതരം പക്ഷികൾ. വൈകിട്ടു അടുത്തുള്ള ജിയാ ബൊറാലി (ജീവൻ നദി) നദിയിൽ പോയി കുറേ നേരം അവിടെ ചെലവഴിച്ചു. കുഞ്ഞുണ്ണി കുളിച്ചു. രാത്രി ആദിവാസികളുടെ ഒരു നൃത്തപരിപാടിയും ആസ്വദിച്ചു. നമേരി ദേശീയോദ്യാനവും പക്ഷിസങ്കേതവും ആണ്. ധാരാളം വിദേശികൾ ഇവിടെ എത്തുന്നുണ്ട്. പിറ്റേന്നു രാവിലെ ഞങ്ങൾക്കു മുൻപിൽ കുറെ കുരങ്ങന്മാർ പ്രത്യക്ഷപ്പെട്ടു. വാലിനു അസാധാരണ നീളമുള്ള ഇവ ലങ്കൂൺ വർഗ്ഗത്തിൽപെട്ടവയാണ്. നെഞ്ചിന്റെയും വയറിന്റെയും ഭാഗങ്ങൾക്ക് സ്വർണ്ണനിറമാണിവയ്ക്ക്. രാവിലെ 9 മണിയോടെ ഞങ്ങളുടെ ഗുവാഹട്ടിയിലേക്കുള്ള യാത്ര ആരംഭിച്ചു. ●

# വെളുത്ത സ്വർണം

ഡോ. എം. ലളിതാംബിക, തിരുവനന്തപുരം



**വെ**ളുത്ത സ്വർണം എന്ന് കേൾക്കുമ്പോൾ തന്നെ എല്ലാവർക്കും നെറ്റി ചുളിയും. വെളുത്ത സ്വർണമോ? പ്ലാറ്റിനം പോലെ എന്തെങ്കിലും ആയിരിക്കാം എന്ന് തോന്നാതിരിക്കില്ല. പക്ഷേ ഇതൊരു ലോഹമല്ല. നാമെല്ലാവരും കേട്ടിട്ടുള്ള കളിമണ്ണ് എന്ന ധാതുവിന്റെ ഒരു പ്രത്യേക ഇനം. അതായത്, വെളുത്ത കളിമണ്ണ് അഥവാ, വൈറ്റ് ക്ലേ.

ഈ കളിമണ്ണ് ഭൂമിയിൽ ഉണ്ടാകുന്നത് എങ്ങനെയെന്ന് അറിയുന്നത് രസാവഹമാണ്. പാറ പൊടിഞ്ഞാണു കളിമണ്ണുണ്ടാകുന്നത് എന്ന് ശാസ്ത്രജ്ഞർ പറയുന്നു. ശരിയാണ്. ഭൂമിയിലുള്ള പാറക്കെട്ടുകൾ മഴയും മഞ്ഞും വെയിലും കാറ്റും ഏറ്റു പൊടിഞ്ഞു പോകുന്നു. ഇതിനു വെതറിങ് എന്നാണു പറയുക. ഒന്നോ രണ്ടോ നൂറ്റാണ്ടുകൊണ്ട് നമ്മുടെ മുൻപിലുള്ള ഒരു പാറക്കെട്ടിനു കാര്യമായ വ്യത്യാസമൊന്നും കാണാൻ കഴിയില്ല. പക്ഷെ ലക്ഷങ്ങളോളം വർഷങ്ങൾ പിന്നിടുമ്പോൾ അവയ്ക്കു വ്യത്യാസം വരും. കന്യാകുമാരിയിലെ പാറക്കെട്ടിനും വിന്ധ്യാ പർവതത്തിനും ഹിമാലയത്തിനും ഒക്കെ ഇത് ബാധകം.

പക്ഷെ ഇതിനു കളിമണ്ണുമായി എന്ത് ബന്ധം? ഭൂമിയിലെ പാറകൾ പൊതുവെ അലൂമിനിയം, സിലിക്ക, ഓക്സിജൻ എന്നിവയുടെ സംയുക്തങ്ങളാണ്. രാസനാമം അലൂമിനോ സിലിക്കേറ്റ്. ഇതിൽ ജലാംശവും ഉണ്ടാകും. ഈ പാറകൾ പൊടിഞ്ഞാൽ കിട്ടുന്ന ധാതുവാണ് കളിമണ്ണ്. രണ്ടും തമ്മിൽ ഒരു സാദൃശ്യവും തോന്നുന്നില്ല, അല്ലെ? പക്ഷെ അതാണ് അത്ഭുതപ്പെടുത്തുന്ന വസ്തുത. ഈ കളിമണ്ണ് ഉണ്ടായ സ്ഥലത്തുനിന്ന് മഴവെള്ളത്തിൽ കൂടി ഒഴുകി താഴ്ന്ന സ്ഥലങ്ങളിലും പാടങ്ങളിലും നദികളുടെ ഓരങ്ങളിലും മറ്റും അടിയുന്നു. ഗംഗയുടെ കരകളിൽ ഇത്തരം കളിമണ്ണ് ധാരാളമായി കാണപ്പെടുന്നു. ഒഴുകുന്ന വഴിയിൽ ഇരുമ്പ്, കാൽസ്യം, മഗ്നീഷ്യം എന്നിവയുടെ ലവണങ്ങളും ഓക്സൈഡുകളും മണ്ണിൽ പിടിക്കുന്നു. ജനനസമയത്ത് വെളുത്ത നിറമായിരുന്ന കളിമണ്ണ് ചെന്നടിയുന്നിടത്ത് എത്തുമ്പോഴേക്കും തവിട്ടു നിറമാകും. നേർത്ത തരികളായതുകൊണ്ടു പശിമയുമേറും. ഇത് ഭാരതപ്പുഴയുടെ കരകളിലും ധാരാളമായികാണാം. ഈ കളിമണ്ണാണ് ചട്ടി, കലം, കുടം, ഇഷ്ടിക, മേച്ചിലോട് മുതലായവ ഉണ്ടാക്കാൻ ഉപയോഗിക്കുന്നത്.

പക്ഷെ നാം പറഞ്ഞുവന്ന വെളുത്ത കളിമണ്ണ് വളരെ വ്യത്യസ്തമാണ്. നിറം കൊണ്ടും ഗുണം കൊണ്ടും. ഇതും പാറ പൊടിഞ്ഞുതന്നെ ഉണ്ടാകുന്നു. പക്ഷെ മഴവെള്ളപ്പാച്ചിലിൽ ഒഴുകിപ്പോകാതെ പാറക്കെട്ടുകൾക്കു വെതറിങ് സംഭവിച്ചു കളിമൺ ഖനിയായി മാറുന്നു. ഇതിനു നല്ല വെള്ള നിറമായിരിക്കും. ഇതിനെ പലതരത്തിലുള്ള ശുദ്ധീകരണ പ്രക്രിയകളിലൂടെ കടത്തിവിട്ട് തൂവെള്ളനിറമുള്ള പൊടിയാക്കിയെടുക്കുന്നു. നാം ഉപയോഗിക്കുന്ന ഫേസ്പൗഡർ പോലെ. ഇതിനു വ്യാവസായികമായി ഏറെ പ്രാധാന്യമുണ്ട്. അവയിൽ ചിലത് ഇവിടെ സൂചിപ്പിക്കാം.

നാം എഴുതുന്ന കടലാസിന് വെള്ള നിറവും ബലവും കൊടുക്കാനും വെള്ള പെയിന്റിൽ കലർത്തുന്നതിനും മരുന്നിന്റെ ഗുളികകളിൽ ഫില്ലറായി ഉപയോഗിക്കുന്നതിനും അതിനെല്ലാം ഉപരിയായി ആഹാരം കഴിക്കാൻ ഉപയോഗിക്കുന്ന കപ്പ്, സോസർ, ഡിന്നർ സെറ്റുകൾ , ടീ സെറ്റുകൾ തുടങ്ങിയവ ഉണ്ടാക്കുന്നതിനും വെള്ളക്കളിമണ്ണ് ഉപയോഗിക്കുന്നു. വെള്ളക്കളിമണ്ണിന്റെ കൂടെ മറ്റു രണ്ടു വസ്തുക്കൾ, അതായത് സിലിക്ക, ഫെൽസ്പാർ എന്നിവ കൂടി കലർത്തി പാത്രങ്ങളുടെ രൂപം കൊടുത്ത് ഇലക്ട്രിക് ചൂളയിൽ ചുട്ടെടുത്താണ് ഇത്തരം പാത്രങ്ങൾ ഉണ്ടാക്കുന്നത്. ഇതിനെ പോഴ്സ്ലെയിൻ പാത്രങ്ങൾ എന്നും പോഴ്സ്ലെയിൻ സിറാമിക് പാത്രങ്ങൾ എന്നും ചൈനാവെയർ എന്നും പറയും. പിന്നെ അതിന്റെ പുറത്ത് ഗ്ലെയ്സ് (മിനുമിനുത്ത കോട്ടിങ്) കൊടുക്കാനും വെള്ളക്കളിമണ്ണുപയോഗിക്കുന്നു. ഇതിനു പുറമെ സ്വർണത്തിന്റെയും പ്ലാറ്റിനത്തിന്റെയും നേർത്ത ലായനി കൊണ്ട് ഡിസയിൻ കൊടുത്ത് വീണ്ടും ചുട്ടെടുത്താൽ അപൂർവ ഭംഗി

യുള്ള പോഴ്സ്ലെയിൻ പാത്രങ്ങൾ ഉണ്ടാക്കാം. പാശ്ചാത്യരാജ്യങ്ങളിൽ ഇവ പ്രിയമേറിയവയാണ്. അവർ സ്റ്റീൽ പാത്രങ്ങൾ ആഹാരം കഴിക്കാൻ ഉപയോഗിക്കാറില്ലല്ലോ. അതുകൊണ്ടാണ് പോഴ്സ്ലെയിൻ പാത്രങ്ങൾക്കു പ്രിയം. അതു കൂടാതെ സാനിറ്ററി വെയർ, ഫ്ളോറിങ് ടൈൽ തുടങ്ങിയവ ഉണ്ടാക്കാനുള്ള പ്രധാന അസംസ്കൃത വസ്തുവും വെള്ളക്കളിമണ്ണ് തന്നെ. അങ്ങനെ ഏതു വീടിനും ഒഴിച്ചുകൂടാൻ വയ്യാത്തത്ര ഉപയോഗമുള്ള ഒരു ധാതുവാണ് വെള്ളക്കളിമണ്ണ് എന്ന് നമുക്ക് മനസ്സിലാക്കാം.

ഏതാണ്ട് 3500 കൊല്ലം മുൻപ് ചൈനയിലെ ഷാങ്ഹായ് പട്ടണത്തിനടുത്തുള്ള ഗവോളിംഗ് എന്ന സ്ഥലത്താണ് വെള്ളക്കളിമണ്ണ് ആദ്യമായി കാണപ്പെട്ടത്. അതുകൊണ്ടാണ് ആഗോളതലത്തിൽ ഇത് ചൈനാക്ലേ എന്നറിയപ്പെടുന്നതും.

കേരളത്തിൽ ഈ ധാതു തിരുവനന്തപുരം, കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിലാണ് കാണപ്പെടുന്നത്. തിരുവനന്തപുരത്തു സ്ഥിതിചെയ്യുന്ന ഇംഗ്ളീഷ് ഇന്ത്യൻ ക്ലേയ്സ്, കൊല്ലത്തെ കുണ്ടറ സിറാമിക്സ്, കണ്ണൂരിലെ കേരളാ ക്ലേയ്സ് ആൻഡ് സിറാമിക്സ് എന്നീ കമ്പനികൾ വെള്ളക്കളിമണ്ണു ശുദ്ധീകരിച്ചു എടുക്കുകയും അതിൽ നിന്ന് വിലകൂടിയ ഉത്പന്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അമേരിക്കയിലെ ജോർജിയ സ്റ്റേറ്റും ഇംഗ്ലണ്ടിലെ സെയിന്റ് ഓസ്റ്റിൻ എന്ന സ്ഥലവും ഏറ്റവും ഗുണമേന്മയേറിയ വെള്ളക്കളിമണ്ണിന്റെ ഉറവിടങ്ങളാണ്.

ഈ ധാതുവിനോടുള്ള പ്രതിപത്തികൊണ്ടാകാം പാശ്ചാത്യർ ഇതിനെ **'വൈറ്റ് ഗോൾഡ്'** എന്ന് വിശേഷിപ്പിക്കുന്നത്. ●

# കെ .രാമവർമ്മ സ്മാരക സാഹിത്യ പുരസ്കാരം 2020



പന്തളം പാലസ് വെൽഫെയർ സൊസൈറ്റി നല്കുന്ന പന്തളം അംബികാവിലാസം (പന്തപ്ലാവ് കൊട്ടാരം) പാലസിൽ **കെ.രാമവർമ്മ (കുട്ടൻ)സ്മാരക സാഹിത്യ പുരസ്കാരം 2020** ഹൈദരാബാദ് സർവ്വകലാശാലയിലെ രണ്ടാം വർഷ എം എ ചരിത്ര വിദ്യാർത്ഥിയായ ഗണേഷ് പുത്തൂറിന്റെ 'പുനർജനി' എന്ന കവിതക്കു ലഭിച്ചു.

29.11. 2020 ഞായറാഴ്ച പന്തളം കൊട്ടാരത്തിൽ വച്ചു നടക്കുന്ന ചടങ്ങിൽ വച്ച് പുരസ്കാര സമർപ്പണം നടക്കും. കോളേജ് സർവ്വകലാശാലാ വിദ്യാർത്ഥികളിൽ നിന്നാണ് പുരസ്കാരത്തിന് മലയാള കവിതകൾ ക്ഷണിച്ചത്. 5555 (അയ്യായിരത്തി അഞ്ഞൂറ്റി അമ്പത്തഞ്ച്) രൂപയും ശില്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം. കേരളത്തിനകത്തും പുറത്തുമുള്ള വിവിധ സർവ്വകലാശാലാ കോളേജ് വിദ്യാർത്ഥികളിൽ നിന്നും ലഭിച്ച കവിതകളിൽ നിന്നാണ് പുരസ്കാരാർഹമായ കവിത തെരഞ്ഞെടുത്തത്. കോട്ടയം വൈക്കം കോതവറ സ്വദേശിയാണ് ഗണേഷ് പുത്തൂർ.

# ബാഷ്പാഞ്ജലി



എണ്ണക്കാട്ടു കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി **ഉമാദേവി തമ്പുരാട്ടി** (93) അന്തരിച്ചു. തിരുവല്ല പാലിയേക്കര കൊട്ടാരത്തിലെ പരേതനായ പി. കെ. രാമവർമ്മയുടെ സഹധർമ്മിണിയാണ്.

മക്കൾ: പ്രൊഫ. ആർ. ബി. കെ.വർമ്മ (മുൻ COO, DCSMAT ഗ്രൂപ്പ്), സതി ദിലീപ് വർമ്മ, ഡോ.വിജയ കുമാർ വർമ്മ (ഡയറക്ടർ, അഹാലിയ ആയുർവേദ കോളേജ്), ഹരികുമാർ വർമ്മ (മുൻ COO, ടൂൺസ് മീഡിയ ഗ്രൂപ്പ്). മരുമക്കൾ: ശാന്ത ബി.വർമ്മ, ദിലീപ്കുമാർ വർമ്മ, ഗിരിജ രാജ, ശാന്തിനി വർമ്മ.

നം

# ഗോപീകൃഷ്ണനാണ് താരം






മോഹൻ ലാലിന്റെ ആശംസാ സന്ദേശം

**ജ**ന്മനാ ഉള്ള ശാരീരിക വെല്ലുവിളികളെ അതിജീവിച്ച് ഒരു സിനിമാ താരമായി തീരുക. കഥകളിലും വാർത്തകളിലും മാത്രം കേട്ടു പരിചയമുള്ള ഇങ്ങനെ ഒരു വ്യക്തി നമ്മുടെ ഇടയിൽ തന്നെ ഉണ്ടെന്നു അധികമാരും അറിഞ്ഞിട്ടുണ്ടാവില്ല. അടുത്ത് റിലീസാകാൻ പോകുന്ന 'തിരികെ' എന്ന മലയാള ചിത്രത്തിൽ പ്രധാന കഥാപാത്രമായ 'ഇസ്മു' വിനെ അവതരിപ്പിച്ചുകൊണ്ട് ശ്രദ്ധേയനാകുകയാണ് ഗോപീകൃഷ്ണവർമ്മ. ഡൗൺ സിൻഡ്രോം എന്ന ജനിതക വൈകല്യമുള്ള കുട്ടിയായിരുന്നെങ്കിലും സ്ഥിരോത്സാഹവും മാതാപിതാക്കളുടെ പ്രോത്സാഹനവും മൂലം 22-ാം വയസ്സിൽ ഒരു സിനിമയിൽ അഭിനയിക്കാനുള്ള വൈദഗ്ദ്ധ്യവും മനഃക്കരുത്തും കൈവരിച്ചു. ചെറുപ്പം മുതലേ സിനിമകളോട് വളരെ കമ്പമായിരുന്നു. ഒരു നടൻ ആവാൻ ആഗ്രഹിച്ച് താരങ്ങളെ അനുകരിക്കുകയും ആക്ഷനും ഡയലോഗും അവതരിപ്പിക്കുകയും ചെയ്യുമായിരുന്നു. കുട്ടിയുടെ കഴിവുകൾ മനസ്സിലാക്കിയ മാതാപിതാക്കൾ കൂടുതൽ പ്രോത്സാഹനം നൽകി. ഡബ്സ്മാഷ്, ടിക് ടോക് മുതലായ ആപ്പുകൾ വന്നപ്പോൾ ഫോണിൽ ഡൗൺലോഡ് ചെയ്തു കൊടുത്തു. അതിൽ ഓരോ സീനുകൾ ഡയലോഗിനൊത്ത് അഭിനയിക്കുകയായി പിന്നീട് ഹോബി. തനിച്ചും അമ്മയോടൊപ്പവും ചേർന്ന് ചെയ്ത ഇത്തരത്തിലുള്ള വീഡിയോകൾ വൈറലായി. ആയിടയ്ക്ക് ഡൗൺസിൻഡ്രോം ബാധിച്ചവരെ കേന്ദ്രബിന്ദുവാക്കി ഇൻഡ്യയിൽ ആദ്യത്തെയും ലോകത്തെ തന്നെ രണ്ടാമത്തെയും (ആദ്യത്തേത് ഇംഗ്ലീഷിലെ 'Peanut Butter Falcon' ആണ്) നിർമ്മിക്കുന്ന ചിത്രത്തിന്റെ നിർമ്മാതാക്കൾ ഈ വീഡിയോ കണ്ട് തിരക്കി.

കോഴിക്കോട്ടെ ഡോക്ടറിൽ നിന്നാണ് ഗോപീകൃഷ്ണനെക്കുറിച്ച് അറിഞ്ഞത്. സിനിമ ഉടൻ റിലീസിനു തയ്യാറായിക്കൊണ്ടിരിക്കുന്നു. മമ്മൂട്ടിയും മോഹൻലാലും ഉൾപ്പെടെയുള്ള സിനിമാലോകത്തെ പ്രശസ്തർ 'സ്പെഷ്യൽ സ്റ്റാർ' ഗോപീകൃഷ്ണന് ആശംസകൾ നേർന്നിട്ടുണ്ട്. കോഴിക്കോട് എൽഐസിയിൽ അസിസ്റ്റന്റ് ഡിവിഷണൽ മാനേജരായ തൃശൂർ തിരുത്തൂർ നടുവിൽ മഠത്തിലെ കിഷോർ വർമ്മയുടെയും കോഴിക്കോട് സർവ്വകലാശാല സൈക്കോളജി വിഭാഗത്തിൽ മ്യൂസിക് തെറാപ്പി ഗസ്റ്റ് ലക്ചറായ തൃപ്പൂണിത്തുറ കണ്ണൻകുളങ്ങര 'സരയു' വിൽ രഞ്ജിനി വർമ്മ (പുത്തൻ മഠം, കുറ്റിലഞ്ഞി) യുടെയും മകനായ ഗോപീകൃഷ്ണൻ ഹ്യൂമാനിറ്റീസിൽ പ്ലസ്ടു പാസ്സായതിനുശേഷം LBS ലും GTec ലും ആയി 3 കമ്പ്യൂട്ടർ ഡിപ്ലോമ കോഴ്സുകൾ ചെയ്തിട്ടുണ്ട്. സഹോദരി മാളവിക വർമ്മ അമേരിക്കയിൽ പെൻസിൽവേനിയ കാർണ്ണഗി മെല്ലൺ സർവ്വകലാശാലയിൽ ഫിസിക്സ് ഗവേഷണ വിദ്യാർത്ഥിനിയാണ്.

## വിവിധ മത്സരങ്ങളിൽ വിജയം



രാമായണമാസാചരണത്തിന്റെ ഭാഗമായി ചിന്മയാമിഷനും ചിന്മയാ യുവ കേന്ദ്ര, തിരുവനന്തപുരവും ചേർന്ന് അപ്പർ പ്രൈമറി ക്ലാസുകാർക്കായി സംഘടിപ്പിച്ച ഓൺലൈൻ മത്സരങ്ങളിൽ രാമായണ പാരായണം, രാമായണത്തെ ആധാരമാക്കിയുള്ള ചിത്രരചന എന്നിവയിൽ ഒന്നാം സ്ഥാനവും, ഭജന, പ്രശ്നോത്തരി എന്നിവയിൽ മൂന്നാം സ്ഥാനവും ISCKON ചെന്നൈ ഇക്കഴിഞ്ഞ ശ്രീകൃഷ്ണ ജയന്തിയോട് അനുബന്ധിച്ച് സംഘടിപ്പിച്ച മീരാഭജൻ കോമ്പറ്റീഷനിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കിയ **മീനാക്ഷി എസ്. വർമ്മ.**

സംസ്കൃത വാരാഘോഷത്തിന്റെ ഭാഗമായി തൃപ്പൂണിത്തുറ സംസ്കൃത കോളേജ് സ്കൂൾ തലത്തിൽ നടത്തിയ മത്സരങ്ങളിൽ U.P വിഭാഗത്തിൽ സംസ്കൃത പദ്യപാരായണം, ഗദ്യപാരായണം, ഗാനാലാപനം എന്നിവയിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട്.

ക്ഷത്രിയ ക്ഷേമസഭ എറണാകുളം യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മയുടെയും ദീപ വർമ്മയുടെയും മകളാണ്. എറണാകുളം ഗിരിനഗർ ഭാവൻസ് വിദ്യാമന്ദിർ ആറാം ക്ലാസ് വിദ്യാർത്ഥിനിയാണ്.

# പുസ്തകജാലകം



കാവ്യ ഭാവനയുടെ കനക ശോഭ

## കറുത്ത സൂര്യൻ

*(കവിതാസമാഹാരം)*
**പി.കെ. നന്ദനവർമ്മ**
**ഒരുമ പബ്ലിക്കേൻസ്**
**തിരുവനന്തപുരം**
**പേജ്– 95, വില 120രൂപ**




മലയാള കവിത വഴിത്തിരിവിന്റെ പരിധി കടന്നു കൂടുതൽ ആധുനികതയുടെ കരങ്ങളിൽ അകപ്പെട്ടിരിക്കുന്ന ഇക്കാലത്തു പിറവിയെടുക്കുന്ന സൃഷ്ടികളിൽ അധികവും മൂല്യപോഷണത്തിന് ഉതകുന്നവ അല്ലെന്ന നഗ്നസത്യം പറയാതിരിക്കുക വയ്യ. കവിത വൃത്തവും അലങ്കാരവും ഛന്ദോദീക്ഷയും പുലർത്തിയ കാലം കൈവിട്ടത് പോകട്ടെ, എന്തും എങ്ങിനെയും വാരിക്കൂട്ടി എഴുതിയാൽ അത് കവിത ആണെന്ന് അംഗീകരിച്ചു കൊള്ളണം എന്ന വ്യവസ്ഥ സംജാതമായതോടെ വാളെടുത്തവർ എല്ലാം ഇവിടെ വെളിച്ചപ്പാടുകൾ ആയി.

ഇന്നത്തെ കവിതകൾക്ക് പാരായണക്ഷമത എത്ര ഉണ്ടെന്ന് ഒന്നു ചിന്തിച്ച് നോക്കൂ! കേവലം വിരളം മാത്രം. അല്ല, അത് തന്നെയും ഇല്ല. കാരണം കവിത ഉള്ളിൽ നിന്നു ഉറവ പൊട്ടുന്ന വികാരത്തള്ളലിന്റെ ആർത്തലച്ചു വരുന്ന ബഹിർ സ്ഫുരണം ആണെങ്കിൽ, ഭാഷയുടെയും ലാവണ്യത്തിന്റെയും ഇതര അനിവാര്യ ഘടകങ്ങളുടെയും ചേരുവകൾ കവിതയ്ക്ക് ഓജസ്സും സൗകുമാര്യവും പകർന്നും നല്കുമെങ്കിൽ, അവയുടെ അസ്തമയം കണ്ടിട്ടു എത്രയോ കാലം ആയിരിക്കുന്നു.! കവികൾ എന്നു സ്വയം അഭിമാനിച്ചു നടക്കുന്നവർക്കും അവരുടെ രചനകൾ കാലാതിവർത്തിയായി നിലനില്ക്കണമെന്നും സാഹിത്യത്തിനും സംസ്കാരത്തിനും അത് മുതൽക്കൂട്ടാവണം എന്ന ചിന്തയും കൈവിട്ടു പോയിരിക്കുന്നു. ഇന്നലെ പെയ്ത മഴയ്ക്ക് കുരുത്ത പാഴ്മുളകൾ ഇന്നത്തെ വെയിലിൽ കരിയും എന്നത് പോലെ മൂല്യവർദ്ധിതം അല്ലാത്ത സൃഷ്ടികളുടെ ചരമഗീതവും നമുക്ക് അപ്പോൾ തന്നെ ശ്രവിക്കാൻ കഴിയുന്നു എന്നതാണു പരമാർഥം.

ഈ സന്ദർഭത്തിൽ മഴയ്ക്ക് വേണ്ടി കാത്തിരുന്ന് വീർപ്പു മുട്ടുന്ന വേഴാമ്പലിന് മാരിവർഷം പകർന്നു നല്കുന്ന ആനന്ദാനുഭൂതി പോലെ വേറിട്ട ചിന്തയും വേറിട്ട ഉൾക്കരുത്തും വേറിട്ട ശൈലിയും സമഞ്ജസമായി സമ്മേളിക്കുന്ന, അനുവാചകനെ അനുഭൂതി തലത്തിന്റെ പുതിയ മാനങ്ങളിൽ എത്തിക്കുന്ന അപൂർവം രചനകൾ നമുക്ക് ലഭിക്കാറുണ്ട്. അത്തരം ഒരു സൃഷ്ടിയാണ് പി.കെ. നന്ദനവർമ്മയുടെ 'കറുത്ത സൂര്യൻ' എന്ന കവിതാസമാഹാരം.

ആധുനിക സമൂഹം നേരിടുന്ന ധർമ്മച്യുതിയും അധികാര ശക്തനായ മനുഷ്യൻ പ്രകൃതിക്ക് മേൽ സ്ഥാപിക്കാൻ ശ്രമിക്കുന്ന ആധിപത്യവും തുടർന്നുണ്ടാകുന്ന പ്രതിസന്ധികളും അന്തർജ്ഞാനത്തിന്റെ സൂക്ഷ്മ വീക്ഷണങ്ങളോടെ പ്രതികരണ വിഷയങ്ങളായി തിരഞ്ഞെടുക്കുന്ന കവി ഭാവന തികച്ചും യുക്തി സഹമായിരിക്കുന്നു. ഈ സമാഹാരത്തിന്റെ തലക്കെട്ടിന് നിദാനമായ കവിത തന്നെ നഷ്ടപ്പെട്ടുപോയ സമൂഹധർമ്മങ്ങളെയും അത് സൃഷ്ടിച്ച മുറിപ്പാടുകളെയും കുറിച്ചു പാടുകയാണ് ചെയ്യുന്നത്. ഇതേ ജനുസ്സിൽപ്പെടുത്താവുന്ന ഒരുപിടി കാവ്യകുസുമങ്ങൾ ഈ സമാഹാരത്തെ ധന്യമാക്കുന്നു. 'പത്രവാർത്ത' 'ഓഖി', 'മഴ', 'വേഷങ്ങൾ', 'ഓർമ്മകളിലെ പുഴ', എന്നീ കവിതകളുടെയും തനതു മുദ്രകൾ ഇപ്പറഞ്ഞതിനോട് നീതി പുലർത്തുന്നു.

ശുഭാപ്തിവിശ്വാസം കൈവിടാത്ത കവിയ്ക്ക് പ്രതീക്ഷാനിർഭരമായ ഭാവിയെക്കുറിച്ചുള്ള ചില നല്ല സങ്കൽപ്പങ്ങൾ ഉണ്ട്. ആ സങ്കൽപ്പ ലോകത്ത് വരും തലമുറയ്ക്ക് പകർന്നു കൊടുക്കാനായി അദ്ദേഹം കണ്ടുവെച്ചത് ആർദ്രമസൃണങ്ങളായ ചില ബോധതലങ്ങളാണ്. തെളിനീരുപോലെ വിശുദ്ധമായ ചിന്തയിൽ നിന്നും വിരിഞ്ഞ സേവന മധുര മന്ത്രം സുഖചിന്തകളൊരുക്കുന്നു; ത്യാഗനിർഭരമായ കർമ്മങ്ങൾ കൊണ്ട് മാനവജീവിതം നിറയട്ടെ എന്നും പ്രസ്ഫുരിക്കട്ടെ എന്നും അദ്ദേഹം പ്രാർഥിക്കുന്നു. (സ്നേഹമന്ത്രം എന്ന കവിത) അതേ വർണ്ണപ്പകിട്ടോടെ അദ്ദേഹം ജീവിതത്തിന്റെ കർമ്മകാണ്ഡത്തിന്റെ പ്രേമധാരയുടെ മന്ത്രസംഗീതമായും ബന്ധുരമായ മൂല്യവിശുദ്ധ സംസ്കാരമായും കാണുന്നു എന്നത് ഭാവിയോടുള്ള ദീപ്ത പ്രതീക്ഷ പുലർത്തുന്നത് കൊണ്ട് തന്നെയാകുന്നു. (ജീവിതം എന്ന കവിത) .

ഇതിനൊക്കെ പുറമെ, ആദ്ധ്യാത്മികതയുടെ അന്തഃചോദന ഉൾക്കൊണ്ടുകൊണ്ട് എഴുതിയ കുറെ കവിതകൾ ആത്മനിർവൃതി പകരുന്നവയാണ്.

*'നല്ലതുമാത്രം കാൺക, നല്ലാതെ*
*ശ്രദ്ധിക്കാവു*
*നല്ലത് മാത്രം ചിന്താധാരയിൽ*
*വിരിയട്ടെ.*

എന്ന് വയലാർ രാമവർമ്മ വിശ്വത്തോട് പറഞ്ഞു. ഇതാ ഇപ്പോൾ അതേ നാട്ടുകാരനായ മറ്റൊരു കവി ഇങ്ങനെ പാടുന്നു.

*രാജ്യങ്ങൾ പിടിക്കുവാനല്ലെന്റെ*
*ശ്രമം, സ്നേഹ-*
*രാജ്യങ്ങൾ സ്ഥാപിക്കുവാൻ*
*മാനവഹൃദയത്തിൽ*
*കൊല്ലുകയില്ല, സാധുജനത്തെ,*
*യിനി ഞാനോ*
*കൊല്ലുമെൻ മനസ്സിലെ സ്വാർത്ഥ*
*ചിന്തയെത്തന്നെ.*

ടി.എൻ. ആദിത്യവർമ്മയുടെ 'കാവ്യപൂജ' എന്ന കവിതാസമാഹാരത്തിൽ അശോക ചക്രവർത്തിയുടെ മാനസാന്തരത്തിനിടയാക്കിയ അമിത എന്ന രാജകുമാരിയെപ്പറ്റി അതേ പേരിലുള്ള കവിതയിലാണീ വരികൾ. ഇതുപോലെ, ദാർശനികവും കാലാവർത്തിയായ നന്മയും മനുഷ്യസ്നേഹവും പ്രോജ്വലിപ്പിക്കുന്നതുമായ ഒരുപിടി കവിതകൾ ഈ സമാഹാരത്തിലുണ്ട്.

*അന്യരിൽ ഗുണങ്ങളെക്കാണു*
*വാനവരുടെ*
*നന്മയെപ്പുകഴ്ത്തുവാൻ നമുക്കു*
*കഴിഞ്ഞെങ്കിൽ*
*അന്നു നാം വിജയത്തിൻ പാതയി*
*ലൂടെ ചരി-*
*ക്കുന്നതായ് ധരിച്ചിടാമെന്നരുൾ*
*ചെയ്തു ഗുരു (ജീവിത വിജയം)*
*ഇന്നു നമ്മൾ പരസ്പരം ജാതി*
*ചിന്തയാൽ മത ചിന്തയാൽ*
*വൈരമാർന്നു വസിക്കിലിന്നതു*
*കാരണം നാശമേ വരൂ*
*ശ്രീനാരായണനാകിയ ഗുരു-*
*ദേവർ ചൊന്നതു സത്യമാം*
(മനുഷ്യൻ നന്നായാൽ മതി)

Art is twice removed from reality - യാഥാർത്ഥ്യത്തിൽ നിന്ന് രണ്ടു തവണ മാറുന്നതാണ് കവിത യെന്ന് ഗ്രീക്ക് (പ്ലറ്റോണിയൻ) രസശാസ്ത്രത്തിൽ പറയുന്നു.

*നല്ലത് പ്രവർത്തിക്കൂ,*
*നന്മകൾ വിടരട്ടെ*
*ഇല്ലയീ ജീവൻ നിത്യമെത്രയോ*
*ഹ്രസ്വം മാത്രം*
(പുഷ്പാഞ്ജലി)

ഈ ഒരു അനുഭൂതി തലം തന്നെ 'മാധവസേവ' എന്ന കവിതയിലും പ്രകടമാണ്:

*'അച്ഛനുമമ്മയുമല്ലോ നമ്മുടെ*
*കാണും ദൈവമതോർക്കേണം*
*അവരുടെ കാലിണ തൊട്ട് വണങ്ങാൻ*
*മടി കാണിക്കല്ലൊരു നാളും!'*

'സായീശൻ', 'ക്രിസ്മസ് സന്ദേശം', 'വിശ്വസിക്കൂ', 'ഭഗവത് വാണി' എന്നീ കവിതകളിലെല്ലാം ആദ്ധ്യാത്മിക വിശുദ്ധിയാൽ വരച്ചു കാട്ടിയ ധാർമ്മിക രോഷങ്ങളുടെ വർണ്ണനകൾ കാണാം.

'മഴ', 'പ്രപഞ്ചദർശനം', 'പറവ', 'ഓണപ്പാട്ട്' തുടങ്ങിയ കവിതകൾ എല്ലാം മൂല്യവത്തായ ആന്തരിക ചോദനയിൽ നിന്നുളവാകുന്ന ചേതോഹരങ്ങളായ ദർശനങ്ങളുടെ ബാഹ്യാവിഷ്കാരങ്ങളാകുന്നു. ചിന്തയും വികാരവും കൈകോർത്തു കൊണ്ടു ദിവ്യങ്ങളായ ചില മോഹന സങ്കൽപ്പങ്ങളുടെ മേൽ ആധിപത്യം പുലർത്തുമ്പോൾ ഉണ്ടാകുന്ന അലൗകികമായ സാന്ദ്രാനന്ദം ഈ കവിതകളെ ദീപ്തിമത്താക്കുന്നു.

ധർമ്മാധർമ്മങ്ങളെ വിവേചിച്ചറിയുമ്പോൾ അധർമ്മങ്ങളുടെ നേർക്ക് ധാർമ്മിക രോഷത്തിന്റെ കൂരമ്പുകൾ എയ്യാനും കവി വിമുഖനല്ല. ഏറെ മികവ് പുലർത്തുന്ന 'നടുക്കം' എന്ന കവിത ഈ ഗണത്തിൽപ്പെടുന്നു:

*"വിശപ്പിൻ തീനാളങ്ങൾ*
*ദേഹത്തെ നീറ്റീടുമ്പോൾ*
*തടുക്കാൻ കഴിയുമോ*
*ദേഹിതൻ ആഹ്വാനത്തെ?'*
*'വിശപ്പാൽ സഹജീവി*
*പിടഞ്ഞു കൈനീട്ടുമ്പോൾ*
*കുടിക്കാൻ കരിക്കാടി*
*നൽകാത്തോൻ മനുഷ്യനോ?"*

'പ്രകൃതി മനോഹരി', 'കണ്ണൻ', 'വയലാർ', 'ഓണപ്പാട്ട്' 'പുഞ്ചിരി' തുടങ്ങിയ രചനകൾ ഹൃദ്യങ്ങളായ വാങ്മയചിത്രങ്ങളെ മുഗ്ധമായ ചെപ്പിലടച്ച ദർശനങ്ങളുടെ ഭാവാവിഷ്കാരങ്ങളാകുന്നു.

കവിതകളിൽ അങ്ങോളമിങ്ങോളം തുടിച്ചു നില്ക്കുന്ന സംവേദനക്ഷമത എടുത്തു പറയേണ്ടതാണ്. മിക്ക കവിതകളിലും നാം കാണുകയും കേൾക്കുകയും ചെയ്യുന്ന വിഷയങ്ങൾ തന്നെയാണു പരാമർശിതം ആയിരിക്കുന്നതെങ്കിലും വേറിട്ടുള്ള ദർശനങ്ങൾ കവിതകൾക്കുള്ള മാറ്റു കൂട്ടുന്നു, കവിതകളിൽ അന്തർധാരയായി വർത്തിക്കുന്ന ഭാവദീപ്തിയുടെ സുരഭിലമായ വശ്യത അവയ്ക്കു ആർജ്ജവവും പുതിയ മാനവും നല്കുന്നു. ഏറെ ലക്ഷണയുക്തമായ ഈ ഉത്തമ കൃതിക്ക് പുനർവായന അനേകം ഉണ്ടാകട്ടെ എന്നു പ്രാർഥിച്ചു കൊള്ളുന്നു.

**വേണുഗോപാൽ ജി. വാര്യർ**

---

**മാനവഹൃദയത്തിലെ സ്നേഹരാജ്യങ്ങൾ**

**കാവ്യപൂജ**

*(കവിതാസമാഹാരം)*

**ടി.എൻ. ആദിത്യവർമ്മ**
**പെന്റോഗ്രാഫ് പബ്ലിക്കേഷൻസ് ഇന്ത്യ**
**പേജ്: 83**
**വില: 100 രൂപ**




*സ്നേഹിക്കയില്ല ഞാൻ നോവുമാ*
*ത്മാവിനെ*
*സ്നേഹിച്ചിടാത്തൊരു*
*തത്വശാസ്ത്രത്തെയും*

യാഥാർത്ഥ്യം നന്മയുടേതെങ്കിൽ കവിയുടെ ഹൃദയത്തിൽ അത് ചാലിച്ച് കവിതയായി പുറത്തുവരുമ്പോൾ ആസ്വാദ്യതയും അനശ്വരതയും കൈവരുന്നു.

ലോകത്തിലുണ്ടായ മഹത്തരമായ കവിതകൾ വായിക്കുന്ന ഏതൊരാളിലും സൃഷ്ടിക്കുന്ന ചോദ്യമാണ്

*കവികളേ, മഹാകവികളേ നിങ്ങൾ*
*ക്കറിയാമെന്നാകിൽ പറയാമോ*
*മനതാരിൽ ചോദ്യമുദിക്കുന്നു ഇന്നീ*
*വരികളെങ്ങിനെ പിറക്കുന്നു*
(ഈ വരികളെങ്ങിനെ പിറക്കുന്നു)

ശ്രീനാരായണ ഗുരുദേവനെ പരാമർശിക്കുന്ന കവിതയോടൊപ്പം ആദ്ധ്യാത്മിക ജീവിതത്തിൽ അദ്ദേഹത്തിന്റെ സന്തത സഹചാരിയായിരുന്ന ചട്ടമ്പി സ്വാമികളെക്കുറിച്ചും ഒരു കവിത ഈ സമാഹാരത്തിലുണ്ട്. ഈ കവിതയുടെ അവസാനത്തെ നാലു വരികൾ അക്ഷരശ്ലോക സമിതി നടത്തിയ സമസ്യാപൂരണത്തിൽ കവിയെ രണ്ടാം സ്ഥാനത്തിന് അർഹനാക്കി.

*"കൊല്ലൂരിൽ പുണ്യമായി പ്പിറവിയി*
*തരുളിക്കൊണ്ടു വിദ്യാധിരാജൻ"*

എന്ന വരിക്കാണ് സമസ്യാപൂരണം നടത്തിയത്.

ഈ സമാഹാരത്തിലെ രാജശില്പി, കവിയോട്, വേദവ്യാസനും കേരളവ്യാസനും, താഴ്മതാനഭ്യുന്നതി എന്നിവ മനുഷ്യസ്നേഹം, മനുഷ്യപ്രയത്നം, വിനയത്തിന്റെ ഔന്നത്യം, കവിയുടെ സാമൂഹിക ഉത്തരവാദിത്വം എന്നിവ ചൂണ്ടിക്കാട്ടുന്നു.

കവി അക്ഷരശ്ലോകകാരൻ കൂടിയായതിനാൽ കവിതകൾ വൃത്തനിബദ്ധമാണെന്ന് പറയേണ്ടതില്ല. അദ്ദേഹത്തിന്റെ അക്ഷരശ്ലോകത്തിലുള്ള പാടവം ഒറ്റ ശ്ലോകങ്ങൾ എന്ന തലക്കെട്ടിൽ കൊടുത്തിരിക്കുന്ന ശ്ലോകങ്ങളിൽ ദർശിക്കാം. കണ്ണന്റെ ലീലകളും വിചിത്രമായ ഡേറ്റയെ പാട്ടിലാക്കി വച്ചു തന്റെ ജോലി ചെയ്തിടുന്ന കമ്പ്യൂട്ടറെ നിനക്കു നിന്റെ വേഗതയ്ക്കു വന്ദനവും ഒറ്റ ശ്ലോകങ്ങളിലുണ്ട്. അതുപോലെ കൊതുക്, നാണയം, പല്ല്, കുട തുടങ്ങിയ കവിതകൾ സാധാരണമായി വർണ്ണനയ്ക്ക് പാത്രമാകാത്ത വിഷയങ്ങളാണ്.

*എത്ര ദുഃഖം സഹിച്ചും ഞങ്ങടെ*
*മിത്രമാകുന്ന രക്ഷകാ*
*മാനവർ ഞങ്ങൾക്കങ്ങു തൻ ത്യാഗ–*
*ജീവിതം തന്നെ മാതൃക*

കുടയുടെ ത്യാഗജീവിതത്തെ ഇവിടെ പുകഴ്ത്തുന്നു!

54 കവിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് പ്രസിദ്ധീകരിച്ച കാവ്യപൂജ എന്ന ഈ കവിതാസമാഹാരത്തിൽ ധാരാളം ഈശ്വരസ്തുതികളും ഓണം, സംഗീതം തുടങ്ങിയ കവിതകളുമുണ്ട്. അതിലൊരു സ്തുതിയുടെ തലക്കെട്ട് 'മണ്ണുതിന്നു രസിച്ചോനേ' എന്നതാണെന്നതും കൗതുകമാണ്. ഈ പുസ്തകത്തിന്റെ അവതാരിക എഴുതിയിരിക്കുന്നത് മലയാള സാഹിത്യ മണ്ഡലത്തിലും ഭാഷാശാസ്ത്രത്തിലും നിറഞ്ഞു നിൽക്കുന്ന ഡോ.വി.ആർ. പ്രബോധചന്ദ്രൻ നായർ എന്ന സുപ്രസിദ്ധ വ്യക്തിത്വമാണ്. കണ്ണാതാവകരൂപം കാണണം എന്നു തുടങ്ങി 'ശബരിമലയിൽ വാഴും പോറ്റി താൻ പോറ്റിടേണം' എന്നതിൽ അവസാനിക്കുന്ന ഈ കാവ്യ സമാഹാരം ആദിത്യവർമ്മ എന്ന പ്രതിഭയുടെ ഒരു ചെറിയ ബഹിർസ്ഫുരണമായേ ഞാൻ കാണുന്നുള്ളൂ.

**ആർ. കിഷോർകുമാർ വർമ്മ**

*ചരമം...പേജ് 73-ൽ നിന്നും തുടർച്ച*

**എം. രാജപ്പൻ വർമ്മ**



തൃപ്പൂണിത്തുറ മാളിയക്കൽ മഠം കുടുംബാംഗം എം. രാജപ്പൻ വർമ്മ (91) അന്തരിച്ചു. കൊൽക്കത്ത ബിർള ജ്യൂട്ട് കമ്പനി ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ: പരേതയായ ഇ. രാധാമണി. മക്കൾ: അനിൽ കുമാർ വർമ്മ (യു. എസ്.), സ്വപ്ന വർമ്മ. മരുമക്കൾ: പമീല ജെ.വിറ്റ്ല (യു. എസ്.), ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന ജന.സെക്ര. ആത്മജ വർമ്മ തമ്പുരാൻ (മലയാളമനോരമ)

**നന്ദകുമാർ രാജ**



കൊടുങ്ങല്ലൂർ പുത്തൻകോവിലകം നന്ദകുമാർ രാജ (71) അന്തരിച്ചു. കൊടുങ്ങല്ലൂർ ടൗൺ സഹകരണ ബാങ്ക് ഉദ്യോഗസ്ഥനായിരുന്നു. ക്ഷേത്ര കലകളായ പാഠകം, ചാക്യാർകൂത്ത്, അക്ഷരശ്ലോകം എന്നിവയിലും ജ്യോതിഷത്തിലും വിദഗ്ദ്ധനായിരുന്നു.

ഭാര്യ: പന്തളം കൊട്ടാരത്തിലെ സുജാത. മകൻ: ഗോപീകൃഷ്ണൻ (ഇൻഫോ പാർക്ക്, കാക്കനാട്) മരുമകൾ: എഴുമറ്റൂർ ചങ്ങഴശ്ശേരി കോവിലകം ദീപശ്രീ (എസ്.സി. എം. എസ്. എൻജിനീയറിംഗ് കോളേജ് കറുകുറ്റി)

# ബാലവേദി

## The Stars

Devika Balram, New Delhi



Stars are very beautiful. I love stars. Do you love stars?

When I was small my mother used to take me out at night. She used to tell me those shiny things were stars, but I would not listen. I would think that those shiny things were diamonds. Everyday and night I used to dream about going up there and taking 3 stars and giving it to my mother, father and brother. But as I grew up I learned that those shiny things were stars. I stopped going outside to see them. But one day my mother called me out to see the stars and to lie down to have fun at night. I went outside. The time I stepped out of my house the sky looked so beautiful that I could not tell how I felt. From that day on, I always go out to see the stars with my mother, my father and my brother to have fun. That day I realised that if you want to do something good no one in the world can stop you from doing that.

---

## കാക്കയുടെ ബുദ്ധി

**അനന്തജിത്ത് വർമ്മ, മാവേലിക്കര**



ഒരിക്കൽ ഒരു കാക്ക തീറ്റ തേടി നടക്കുകയായിരുന്നു. അപ്പോൾ കാക്കയ്ക്ക് ഒരു ബുദ്ധി തോന്നി. ആ കാക്ക വിചാരിച്ചു എന്നെ വെറുതെ ശല്യപ്പെടുത്തുന്ന ആ കുറുക്കനെ ഒരു പാഠം പഠിപ്പിക്കണം. കാക്ക ഒരു കല്ലു കൊത്തിയെടുത്തു. പിന്നെ ഒരു മരത്തിൽ കയറിയിരുന്നു. അപ്പോൾ ആ കുറുക്കൻ വന്നു. കാക്കയുടെ ചുണ്ടിൽ ഇരുന്ന കല്ലുകണ്ട കുറുക്കൻ അതു അപ്പക്കഷ്ണം ആണെന്നു കരുതി. ഇത് എങ്ങനെയെങ്കിലും തട്ടിയെടുക്കണം. കുറുക്കൻ വിചാരിച്ചു. നിനക്കു പാട്ടു പാടാൻ അറിയാമോ? കുറുക്കൻ ചോദിച്ചു. കാക്ക അതു കേട്ട് "കാ...കാ..." എന്നു പാടാൻ തുടങ്ങി. ചുണ്ടിൽ ഇരുന്ന കല്ല് താഴെ വീണു. കുറുക്കൻ അതെടുത്തുകൊണ്ടുപോയി തിന്നാനായി ആ കല്ലിൽ കടിച്ചു. വിഡ്ഢിയായ കുറുക്കന്റെ തൊണ്ടയിൽ ആ കല്ലു കുടുങ്ങി. അങ്ങനെ അവൻ ചത്തുപോയി.

*ഗുണപാഠം: മറ്റുള്ളവരെ ചതിക്കാൻ മുതിർന്നാൽ ആപത്തു ചതിക്കുന്നവനുതന്നെ.*

## THE SLIPPING BEAR

**Tanvy Varma, Bangalore**



On a very windy snowy morning a polar bear was born. He could not balance on the ice at all. Whenever he tried to balance on the ice, he just fell down on his tummy. His mother and father were observing him. So they decided to take him to a doctor bear. After an hour they reached the hospital and met the doctor bear. The doctor explained that there are different types of polar bears so no treatment was required. He said, "your son is born to be a slipping bear. If he gets some training he might be the fastest slipping bear in the world". The mother bear was a bit disappointed because there was no treatment. So she hired a tutor to teach him how to move on his tummy and slide. So the tutor took him to a frozen pond. The tutor was fitter, stronger and smarter than the kid bear. The father bear observed the kid bear and after two months he was astonished to see his kid sliding on his tummy very nicely. After a while, the tutor decided to organize a performance. So he invited his neighbours and the bear's parents. The tutor also invited some of the best slipping bears in the world. The bear was sliding gracefully. Soon the whole audience loved it very much. After the performance one of the best slipping bear invited him to the Bears Olympics and the bear won. Soon he became the best slipping bear in the whole world.

# ബാലവേദി

## ദല മർമ്മരം

**നവമി വർമ്മ, പാല**



ദൂരെയഭ്രപാളിയിൽ നിന്നുതിർന്നു വീണിതാ
പാരിലേയ്ക്കൊരു കൊച്ചു പളുങ്കു ജലകണം
ഏകാന്ത ചിന്തയതിൽ മയങ്ങിനിന്നീടുമാ
മൂകമാം ദലം തന്മേൽ തെറ്റെന്നു നിപതിച്ചു
നിദ്രയോ ഭഞ്ജിച്ചുടൻ മേലെ നിന്നാഗതനാം
നീർമുത്താമതിഥിയെസാമോദമെതിരേറ്റു
ക്ഷേമമാരാഞ്ഞന്യോന്യം ആജന്മതോഴരെപ്പോൽ
ക്ഷണനേരത്തിലിരുപേരുമാത്മമിത്രരായ്
നേരെ കടന്നു പോയതറിഞ്ഞീലിരുവരും
പിരിയാനൊരുങ്ങും നീർത്തുള്ളിയെയാശ്ലേഷിച്ചു
ഇലതൻ മാറിൽ നിന്നുമടരാൻ മടിച്ചതും
ഇളംകാറ്റൊന്നു വീശി പടിവിട്ടങ്ങു വീണു!! ●

## അവൾ

**ശരണ്യ ടി.യു., ചേർത്തല**



ഒരുകൊള്ളി എരിയുന്ന നിമിഷത്തിലെവിടെയോ
തിരയാതെ പോയോരു നൊമ്പരം നീ
അറിയാതിരുന്നു നീ പകലും വെളിച്ചവും
അറിയാൻ ശ്രമിക്കാതെ പോയതാവും
ഒരു നോവിനംശമായ് മാറുന്നു നീയങ്ങ്
ഒരു നാളിലെന്നോ പിറന്നുവീണു.
ഒരു വസന്തം തീർത്ത സന്ധ്യയിൽ നീ പിന്നെ
ഒരു നിറം മാറിൽ അണിഞ്ഞില്ലയോ
പലതും കടന്നങ്ങു പോകുന്ന വഴികളിൽ
പല മുഖം മുന്നിൽ നിറഞ്ഞിരുന്നു.
കാലൊന്നിടറാതെ വീണപ്പൊഴൊക്കെയും
കാലം വിധിച്ചതോ നൊമ്പരങ്ങൾ
യൗവനം വന്നു വിളിച്ച നേരം
സ്നിഗ്ദ്ധ സിന്ദൂരമേന്തി
നീ നിന്നില്ലയോ
എന്നോ മറന്നോരു ശൈശവ കുളിർമയിൽ
അന്നു നീ കണ്ടു നിൻ അമ്മയേയും. ●




*കുറ്റിലഞ്ഞി ക്ഷത്രിയ ക്ഷേമസഭയുടെ ഈ വർഷത്തെ ക്ഷത്രിയ സമുദായത്തിലെ SSLC, PLUS TWO വിജയികൾക്ക് പുരസ്കാരം നൽകി. യോഗത്തിൽ ദേശാഭിമാനി ചീഫ് സബ് എഡിറ്റർ ദിനേശ് വർമ്മ പുരസ്കാരം വിതരണം ചെയ്തു. യൂണിറ്റ് സെക്രട്ടറി കൃഷ്ണകുമാർ വർമ്മ, ജോയിന്റ് സെക്രട്ടറി കെ രാമവർമ്മ, കൃഷ്ണവർമ്മ എന്നിവർ സംബന്ധിച്ചു*

# വളരുന്ന പ്രതിഭകൾ

## നീലേശ്വരം



ഈ വർഷത്തെ പത്താം ക്ലാസ്സ് പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച നീലേശ്വരം യൂണിറ്റിലെ സിദ്ധാർഥ് വർമ്മക്കു വേണ്ടി സഹോദരി അഖില മാനവർമ്മ രാജയിൽ നിന്നും അവാർഡ് സ്വീകരിക്കുന്നു.



SSLC മുഴുവൻ വിഷയത്തിനും A+ നേടി പ്രശസ്ത വിജയം നേടിയ ദേവേഷ് വർമ്മ കെ.എൻ. മുൻ സംസ്ഥാന പ്രസിഡന്റ് മാനവർമ്മ രാജയിൽ നിന്ന് അവാർഡ് സ്വീകരിക്കുന്നു. നീലേശ്വരം യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മ രാജാ യുടെ മകനാണ്.




ഈ വർഷത്തെ SSLC പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ കാവ്യശ്രീ വർമ്മ വൈക്കം യൂണിറ്റ് സെക്രട്ടറി പ്രേമചന്ദ്രവർമ്മയിൽ നിന്ന് ക്യാഷ് അവാർഡ് സ്വീകരിക്കുന്നു. വൈക്കം ക്ഷത്രിയക്ഷേമസഭാംഗം ശ്രീകുമാർവർമ്മയുടെയും കവിതാവർമ്മയുടെയും മകളാണ്.



ഈ വർഷത്തെ സിബിഎസ്ഇ +2 പരീക്ഷയിൽ 86% മാർക്കോടെ പ്രശസ്ത വിജയം കൈവരിച്ച നീലേശ്വരം യൂണിറ്റിലെ സ്തുതി വർമ്മ മാനവർമ്മ രാജയിൽ നിന്നും അവാർഡ് സ്വീകരിക്കുന്നു.

### കാർത്തിക് ആർ. വർമ്മ



ഇരിങ്ങാലക്കുട കൊച്ചി വലിയ തമ്പുരാൻ കോവിലകത്തു ശ്രീവിദ്യവർമ്മയുടെയും (പാലസ് നമ്പർ-8, തൃപ്പൂണിത്തുറ) തൃപ്പൂണിത്തുറ പുത്തൻ മഠത്തിൽ പ്രൊഫ. രാജേന്ദ്ര വർമ്മന്റെയും പുത്രൻ കാർത്തിക് ആർ. വർമ്മ ഈ വർഷത്തെ സി. ബി. എസ്. ഇ. സീനിയർ സെക്കന്ററി (പ്ലസ് 2) പരീക്ഷയിൽ (സയൻസ് സ്ട്രീം) 96% മാർക്ക് നേടി പ്രശസ്ത വിജയം കൈവരിച്ചു. ഇരിങ്ങാലക്കുട ഭാരതീയ വിദ്യാഭവൻ വിദ്യാർത്ഥിയായിരുന്നു.

### ആനന്ദ് വർമ്മ



ദേശീയതലത്തിൽ ഓൺലൈനിൽ നടന്ന നൃത്ത്യ നാഷണൽ ഡാൻസ് മത്സരത്തിൽ ഓട്ടൻതുള്ളൽ സീനിയർ വിഭാഗത്തിൽ രണ്ടാം സ്ഥാനത്തിനു അർഹനായി.

ഇരിങ്ങാലക്കുട അവിട്ടത്തൂർ കൊട്ടാരത്തു മഠത്തിൽ രാജേന്ദ്രവർമ്മയുടെയും അംബികവർമ്മയുടെയും പുത്രനാണ് .ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിൽ B. Sc ഫിസിക്സ് ഒന്നാം വർഷ ബിരുദവിദ്യാർത്ഥിയാണ്.

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ ഈ വർഷത്തെ രാമായണ പാരായണമത്സരം 2020 ആഗസ്റ്റ് 2-ാം തീയതി ഉച്ചയ്ക്ക് 3 മണി മതൽ ഓൺലൈനായി സംഘടിപ്പിച്ചു. ഈ മത്സരത്തിൽ സഭയിലെ 11 അംഗങ്ങൾ പങ്കെടുത്തു. ഇവരിൽ നിന്ന് ഏറ്റവും മികച്ച 2 പേരെ വിജയികളായി തിരഞ്ഞെടുത്തു.

1-ാം സമ്മാനം - മഞ്ജുള വർമ്മ

2-ാം സമ്മാനം - രഘുനാഥ വർമ്മ

ക്ഷത്രിയ ക്ഷേമസഭ (കേന്ദ്രം) സംഘടിപ്പിച്ച ഓൺലൈൻ ഓണാഘോഷപരിപാടികളിൽ താഴെപ്പറയുന്ന സഭാംഗങ്ങൾ പങ്കെടുത്തു.

വേദിക രാജ, നവനീത് വർമ്മ, വൃന്ദ വർമ്മ, സംഗീത വർമ്മ, രാജീവ് വർമ്മ, പ്രിയ വർമ്മ, കൃഷ്ണദാസ്, നിർമ്മല ദേവി.

**നവരാത്രി**
**സംഗീത നൃത്തോത്സവം**

കേന്ദ്രസഭ ഒക്ടോബർ മാസം 23 മുതൽ 26 വരെ സംഘടിപ്പിച്ച പരിപാടികളിൽ താഴെപ്പറയുന്ന സഭാംഗങ്ങൾ പങ്കെടുത്തു.

വേദികരാജ, വർഷ വർമ്മ, ദേവി വർമ്മ, കാവ്യവർമ്മ എന്നിവർ ഗാനങ്ങളും ആരതി വർമ്മ, പാർവ്വതി വർമ്മ പി.കെ. എന്നിവർ ക്ലാസ്സിക്കൽ നൃത്തവും അവതരിപ്പിച്ചു. ഫേസ്ബുക്കിലൂടെ തത്സമയം പ്രിയവർമ്മയുടെ ശാസ്ത്രീയ സംഗീതം, വൃന്ദ വർമ്മയുടെ വയലിൻ കച്ചേരി, അംബിക വർമ്മ - വിഷ്ണു വർമ്മ എന്നിവരുടെ വയലിൻ വാദനം, ജിഷ്ണു വർമ്മയുടെ മൃദംഗം എന്നിവ അരങ്ങേറി.

**ഭരണസമിതിയോഗം**

കോവിഡ് മഹാമാരിയുടെ വ്യാപനം മൂലം മുടങ്ങിയിരുന്ന ഭരണസമിതി യോഗം (One to one) നവംബർ ഒന്നാം തീയതി വൈകുന്നേരം 4 മണിക്ക് പ്രസിഡന്റ് എ. സി. ഗോദവർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ഈയിടെ അന്തരിച്ച എണ്ണക്കാട് കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി ഉമാദേവി തമ്പുരാട്ടി) സഭാംഗമായ ഹരികുമാർ വർമ്മയുടെ മാതാവ്), പൂഞ്ഞാർ കൊട്ടാരത്തിലെ അംബികാ ദേവി വർമ്മ എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി. തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

2021 ലെ കലണ്ടർ പ്രസിദ്ധീകരിക്കുക.

രാമായണ പാരായണമത്സരത്തിലെ വിജയികൾക്ക് സമ്മാനം വിതരണം ചെയ്യുക.

സഭയുടെ പുതിയ ഡയറക്ടറി തയ്യാറാക്കുക. 6 മണിയോടെ യോഗം അവസാനിച്ചു.

## നീലേശ്വരം

റിപ്പോർട്ട് കാലയളവിൽ രണ്ട് ഭരണസമിതി യോഗങ്ങൾ നടന്നു. 13.07.2020ന് രാജമന്ദിരത്തിൽ 2019-20 വർഷത്തിൽ എസ്.എസ്.എൽ.സി. പ്ലസ് ടു അംഗങ്ങളുടെ കുട്ടികളെ അനുമോദിച്ചു. എസ്.എസ്.എൽ.സി.യ്ക്ക് മുഴുവൻ എ പ്ലസ് നേടിയ ദേവേഷ് വർമ്മ, പ്ലസ് ടു വിന് മികച്ച വിജയം കരസ്ഥമാക്കിയ സ്തുതി രാകേഷ്, പത്താം ക്ലാസ് (സി. ബി. എസ്. ഇ) സിദ്ധാർത്ഥവർമ്മ എന്നിവരെ അവരവരുടെ കോവിലകത്തു പോയി അനുമോദിച്ചു. ചടങ്ങിൽ ക്ഷത്രിയക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മ രാജ കുട്ടികൾക്ക് ഉപഹാരവും ക്യാഷ് അവാർഡും നൽകി അനുമോദിച്ചു. ക്ഷത്രിയക്ഷേമസഭ യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണവർമ്മരാജയും സെക്രട്ടറി എ.സി. രാകേഷും ട്രഷറർ ഡോ. ടി.സി. വിജയകൃഷ്ണനും അംഗങ്ങളായ ടി.സി. കൃഷ്ണവർമ്മരാജയും ടി.സി. ഉദയവർമ്മ രാജയും ചടങ്ങിൽ പങ്കെടുത്തു.

പി.എസ്.സി., EWS സംവരണം നടപ്പിലാക്കുന്നതിന് KSTSSR ചട്ടം ഭേദഗതി ചെയ്യാൻ മുഖ്യമന്ത്രിക്ക് സങ്കട ഹർജി സമർപ്പിച്ചു. നീലേശ്വരം യൂണിറ്റിലെ മുഴുവൻ മെമ്പർമാരിൽ നിന്നും പരാതി എഴുതി വാങ്ങി അയച്ചു.

## കരപ്പുറം

**പ്രവർത്തന റിപ്പോർട്ട് ജൂൺ - സെപ്റ്റംബർ 2020**

2020 ആഗസ്റ്റ് 8നു നടന്ന നിർവ്വാഹക സമിതി യോഗത്തിൽ നമ്മുടെ വാർഷിക പൊതുയോഗം നടത്തുന്നതിനെ സംബന്ധിച്ചാണു പ്രധാനമായും ചർച്ച നടന്നത്. മെയ് മാസത്തിൽ നടക്കേണ്ട വാർഷിക സമ്മേളനം കൊറോണാ പ്രതിസന്ധി മൂലം നടത്താൻ സാധിച്ചില്ല. നിർവ്വാഹക സമിതിയിലെ പൊതുധാരണ പ്രകാരം സാഹചര്യം അനുകൂലമായാൽ ഒക്ടോബർ മാസത്തിൽ വാർഷിക സമ്മേളനം നടത്താൻ ധാരണയായി. അംഗങ്ങളുടെ വാർഷിക വരിസംഖ്യയും 'ക്ഷാത്രസ്പന്ദന'ത്തിന്റെ വരിസംഖ്യയും ഒന്നിച്ചു സമാഹരിക്കാനും തീരുമാനിച്ചു. 1196 ലെ ഓണാഘോഷം ഓൺലൈൻ ആയി നടത്താനും തീരുമാനിച്ചു. ശൈലജ വർമ്മ, ദേവി മനോജ് വർമ്മ, മായാ വർമ്മ, ശൈലജാ ധനേഷ്, പാർവ്വതി വർമ്മ എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റിയെ ഇതിനായി ചുമതലപ്പെടുത്തി. സെപ്റ്റംബർ 1 മുതൽ 10 വരെ നീണ്ട ഒരു വമ്പിച്ച ഓണാഘോഷമാണ് കരപ്പുറം ക്ഷത്രിയ സഭ കാഴ്ച വെച്ചത്. 95 ശതമാനത്തിൽ അധികം കുടുംബാംഗങ്ങൾ കലാപരിപാടികളിൽ ആവേശപൂർവം പങ്കെടുത്തു. സമ്പൂർണ്ണ പങ്കാളിത്തം കൊണ്ടും അവതരണ മനോഹാരിത കൊണ്ടും ഓണാ

ഘോഷം നല്ല നിലവാരം ആദ്യവസാനം നിലനിർത്തി. പത്താം ദിവസമായ സെപ്റ്റംബർ 10ന് നാരായണീയം പാരായണ മത്സരം ആയിരുന്നു. വാരനാട് നൈഷധത്തിൽ ദിവംഗതയായ ശാന്തകുമാരി വർമ്മയുടെ സ്മരണാർത്ഥം മകൻ ധനേഷ് വർമ്മ സ്പോൺസർ ചെയ്താണ് ഈ മത്സരം എല്ലാ വർഷവും നടത്തുന്നത്. നാരായണീയം മത്സരത്തിൽ മുതിർന്നവരുടെ വിഭാഗത്തിൽ ജയലക്ഷ്മി വർമ്മ മഠത്തിൽ കോവിലകം ഒന്നാംസ്ഥാനം കരസ്ഥമാക്കി. കുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനം നീരജാ എം. വർമ്മ നേടിയപ്പോൾ രോഹിത് വർമ്മ, വൈഷ്ണവ് വർമ്മ എന്നിവർ രണ്ടാം സ്ഥാനം പങ്കിട്ടു.

ഹൃദയസംബന്ധമായ ശസ്ത്രക്രിയ കഴിഞ്ഞു വിശ്രമിക്കുന്ന ഒരംഗത്തിനും നേത്രരോഗം മൂലം അവശത അനുഭവിക്കുന്ന മറ്റൊരംഗത്തിനും 13000 രൂപ, 11000 രൂപ എന്ന ക്രമത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്നും ആശ്വാസധനമായി ഇക്കാലയളവിൽ നൽകുകയുണ്ടായി. ഹൃദയ ശസ്ത്രക്രിയ നടത്തിയ അംഗത്തിനു റിയാക്ടിന്റെ സഹായമായി 46000 രൂപ ലഭിച്ച കാര്യവും നന്ദിപൂർവ്വം സ്മരിക്കുന്നു. 'ക്ഷാത്രസ്പന്ദന'ത്തിന്റെ വാർഷിക വരിസംഖ്യ എല്ലാവരിൽ നിന്നും പിരിച്ചെടുത്തതു കൂടാതെ അഞ്ച് പുതിയ വരിക്കാരെ കൂടി ചേർക്കാനും സഭയ്ക്ക് സാധിച്ചു.

വാരനാട് ദേവീ ക്ഷേത്രത്തിലേക്കുള്ള സഭയുടെ പ്രതിനിധികളായി രാമചന്ദ്ര വർമ്മ, ദിനേഷ് വർമ്മ എന്നിവരെ വീണ്ടും തെരഞ്ഞെടുത്തു. ക്ഷേത്രത്തിലേക്ക് അറിയിപ്പു നൽകിയതും ഈ കാലയളവിൽ നടന്നു.

## വൈക്കം

നിലവിലുള്ള സാഹചര്യങ്ങളിൽ യോഗങ്ങൾ കൂടുന്നതിന് സാധിക്കുന്നില്ല. യൂണിറ്റിന്റെ വാട്സാപ് ഗ്രൂപ്പ് വഴിയും ഭരണസമിതിയുടെ ഗ്രൂപ്പ് വഴിയും ആശയവിനിമയം നടക്കുന്നുണ്ട്. 'ക്ഷാത്രസ്പന്ദനം' വിതരണത്തിനായി എല്ലാ കുടുംബങ്ങളും സന്ദർശിച്ചു. രണ്ടുപേരുടെ ചികിത്സാർത്ഥം റിയാക്റ്റിന്റെ ധനസഹായം ലഭ്യമാക്കി. പ്രസിഡന്റിന്റെ ഓണസമ്മാനം 11 പേർക്ക് വിതരണം ചെയ്തു. അഞ്ചു പേർക്ക് റിയാക്റ്റിന്റെ ആറായിരം രൂപ ആശ്വാസധനം ലഭിച്ചു. മികച്ച വിജയത്തിന് കാവ്യാവർമ്മക്ക് ക്യാഷ് അവാർഡ് നല്കി.

## തിരുവല്ല

### പ്രവർത്തന റിപ്പോർട്ട്

കഴിഞ്ഞ റിപ്പോർട്ടിനു ശേഷം പ്രധാനമായും നടന്ന പ്രവർത്തനങ്ങൾ മാനവസേവാ പ്രധാനമായിരുന്നു .

റിയാക്ടിൽ നിന്നു ലഭിച്ച സഹായത്തിനു പുറമേ തിരുവല്ല ക്ഷത്രിയക്ഷേമസഭയുടെ കാരുണ്യനിധിയിൽ നിന്നും അർഹതയുള്ളവർക്ക് സഹായം നൽകി. ഓമല്ലൂർ മുള്ളനിക്കാട്ടു മടിപ്പറമ്പിൽ കൊട്ടാരത്തിൽ ജയകുമാര വർമ്മയ്ക്ക് ഭാര്യയുടെ ചികിത്സാർത്ഥം 25000 രൂപ റിയാക്ടിൽ നിന്നും നൽകിയ വിവരം നന്ദിയോടെ സ്മരിക്കുന്നു. തിരുവല്ല ക്ഷത്രിയക്ഷേമസഭയുടെ പരിധിയിലല്ലാത്തതിനാൽ സഹായിക്കാൻ സാദ്ധ്യമല്ലാതെ വന്ന പാമ്പാടിയിലെ ക്ഷത്രിയകുടുംബത്തിന്റെ ദുരവസ്ഥ റിയാക്ടിന്റെ ശ്രദ്ധയിൽ പെടുത്താൻ കഴിഞ്ഞു. തിരുവല്ല ക്ഷത്രിയക്ഷേമസഭയുടെ ശ്രമഫലമായി പാമ്പാടി കുടുംബത്തെ സഹായിക്കാൻ കുറെ സുമനസ്സുകളിൽ നിന്ന് ചെറിയ തുകകൾ റിയാക്ടിലേക്ക് സംഭാവന നൽകാൻ സാധിച്ചു. തുടർന്ന് റിയാക്ടിന്റെ സഹായത്താൽ പാമ്പാടിയിലെ ക്ഷത്രിയ കുടുംബത്തിന് വീടു പുനരുദ്ധരിച്ച് നൽകുന്നതിനുള്ള കരാറുകാരനെ ഏർപ്പെടുത്താനും പ്രവർത്തികൾ ആഴ്ചതോറും സ്ഥലത്ത് ചെന്ന് നോക്കി നിർമ്മാണപുരോഗതി വിലയിരുത്താനും സഭയെ ചുമതലപ്പെടുത്തുകയും ചെയ്തു. അത് ഭംഗിയായി നിർവഹിക്കാൻ ഞങ്ങൾക്ക് സാധിച്ചു എന്നത് ഭാഗ്യമായി കരുതുന്നു. പുനരുദ്ധാരണ പ്രവർത്തനം പൂർത്തീകരിച്ച ശേഷമുള്ള ആ കുടുംബത്തിന്റെ സന്തോഷത്തിൽ പങ്കുചേരാൻ പ്രസിഡന്റ് രഘുവർമ്മ, ജനറൽ സെക്രട്ടറി ആത്മജാവർമ്മ തമ്പുരാൻ, ദക്ഷിണ മേഖലാ സെക്രട്ടറി മധുകുമാർവർമ്മ, വൈക്കം യൂണിറ്റ് സെക്രട്ടറി പ്രേമചന്ദ്രവർമ്മ പന്തളം കൊട്ടാര നിർവാഹകസംഘം സെക്രട്ടറി നാരായണവർമ്മ, തിരുവല്ലയിൽ നിന്ന് സെക്രട്ടറി സൂര്യകുമാർ, സഞ്ജയ് വർമ്മ, കരാറുകാരൻ സുനിൽ.വി എന്നിവർ എത്തിയിരുന്നു .

തിരുവല്ല സഭാംഗമായിരുന്ന ആദിത്യവർമ്മയുടെ ആകസ്മികമായ നിര്യാണം നടന്ന ദിവസം 3 മുതൽ പിറ്റേ ദിവസം വൈകിട്ട് 6 വരേയും എല്ലാ സഹായവുമായി സഭയുണ്ടായിരുന്നു. കൊറോണ മൂലം സംജാതമായ പ്രത്യേക സാഹചര്യത്തിൽ മൃതദേഹം ചിതയിലേക്കെടുക്കാൻ അടുത്ത ബന്ധുക്കൾക്ക് എത്തിച്ചേരാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ സഭാ കമ്മറ്റിയംഗങ്ങൾ ആയ രാജേന്ദ്രവർമ്മ, സഞ്ജയ് വർമ്മ, സെക്രട്ടറി സൂര്യകുമാർ എന്നിവർ അതിനു തയ്യാറായി. അങ്ങിനെയുള്ള സന്ദർഭാനുസരണമുള്ള പ്രവർത്തികളാണ് ക്ഷത്രിയസഭയെ ജനകീയമാക്കുന്നതെന്ന് അഭിപ്രായപ്പെട്ട കുടുംബം ഈ സദ്പ്രവൃത്തിയെ അഭിനന്ദിക്കുകയും ചെയ്തു.

### ഓണാഘോഷം

ഓണത്തോടനുബന്ധിച്ച് അത്തപ്പൂക്കള മത്സരം സംഘടിപ്പിച്ചു. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് യഥാക്രമം 1500, 1000, 750 രൂപ വീതം ക്യാഷ് അവാർഡും കൊടുക്കുകയുണ്ടായി. അവരവരുടെ വീട്ടുമുറ്റത്ത് പൂക്കളമിട്ട് നിശ്ചിത സമയത്തിനുള്ളിൽ ഫോട്ടോ അയച്ചു തരുകയും അതിൽ നിന്നും ജഡ്ജിംഗ് കമ്മിറ്റി വിജയികളെ തീരുമാനിക്കുകയുമാണ് ഉണ്ടായത് .

ചെന്നിത്തല കോയിക്കൽ ആർദ്രയും ഭദ്രയും അടങ്ങിയ ടീം ഒന്നാം സ്ഥാനവും കടപ്രയിൽ നിന്നു ദുർഗാംബിക.പി. വർമ്മ രണ്ടാം സ്ഥാനവും തിരുവല്ല പാലിയേക്കര കൊട്ടാരം ടീം മൂന്നാം സ്ഥാനവും നേടി.

ഇതു കൂടാതെ റിപ്പോർട്ട് കാലയളവിൽ അന്തരിച്ച കടപ്രവാക്കയിൽ കോയിക്കൽ ഇന്ദിര തമ്പുരാട്ടി, ചെന്നിത്തല മേനാംവിള കോയിക്കൽ അമ്മിണി തമ്പാട്ടി, എണ്ണക്കാട്ടു കൊട്ടാരത്തിൽ ഉമാദേവി തമ്പുരാട്ടി എന്നിവരുടെ ഭവനങ്ങളിൽ സഭാ ഭാരവാഹികൾ എത്തുകയും മൃതദേഹത്തിൽ പട്ടു സമർപ്പിച്ച് ആദരിക്കുകയും ചെയ്തിട്ടുണ്ട്. 'ക്ഷാത്രസ്പന്ദനം' വരിക്കാരായി ലളിതാഭായി, പ്രസന്നാവർമ്മ എന്നീ രണ്ടു പേരെക്കൂടി ചേർത്തിട്ടുണ്ട്

IAS കോച്ചിങ്ങ്-ക്ഷത്രിയസഭയുടെ ഈ സ്വപ്ന പദ്ധതിയിൽ 2021 ലെ പരീക്ഷ എഴുതാൻ മൂന്നു കുട്ടികൾ റെഗുലർ ക്ലാസ്സിൽ പങ്കെടുക്കുന്നുണ്ട്. മറ്റുള്ള കുട്ടികൾ കോളേജ് ലവൽ, സ്കൂൾ ലവൽ എന്നിങ്ങനെ രണ്ടായി തിരിച്ച് മാസത്തിൽ ഓരോ ദിവസം ക്ലാസ് നടന്നു വരുന്നു. ഏറ്റവും അവസാനം ക്ലാസ്സ് നടന്നത് (മൂന്നാമതു തവണ )ഒക്ടോബർ 31, നവംബർ 1 തീയതികളിലാണ്.

കാരുണ്യഫണ്ടിൽ നിന്നും വിദ്യാഭ്യാസസ്കോളർഷിപ്പ് നൽകുന്നതിനായി 70000 രൂപയും മറ്റുകാരുണ്യ പ്രവർത്തനങ്ങൾക്കായി 38700 രൂപയും എഴുമറ്റൂർ, ചെന്നിത്തല എന്നീ സ്ഥലങ്ങളിലുള്ള സുമനസ്സുകളിൽ നിന്ന് അവരവരുടെ വീടുകളിൽ ചെന്ന് സംഭാവന സ്വീകരിക്കാൻ കഴിഞ്ഞു. വിദ്യാഭ്യാസ സ്കോളർഷിപ്പിനായി 70000 രൂപ സംഭാവന തന്ന ഉദയവർമ്മ തമ്പുരാന് സഭയുടെ പേരിലുള്ള നന്ദി രേഖപ്പെടുത്തുന്നു. 5,8,11, ഡിഗ്രി ക്ലാസ്സുകളിലെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

കമ്മിറ്റിയംഗങ്ങൾക്കായുള്ള വാട്ട്സ് ആപ് ഗ്രൂപ്പ് വഴി ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നു.

എല്ലാവർക്കും നന്മയുടെ വെളിച്ചത്തിന്റെ വിജയാഘോഷമായ ദീപാവലി ആശംസകൾ നേരുന്നു.

## പന്തളം

പന്തളം യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി സെപ്തംബർ രണ്ടിന് സഭാ ഓഫീസിൽ യോഗം ചേരുകയുണ്ടായി. പ്രധാനമായും 'ക്ഷാത്രസ്പന്ദനം' വാർഷിക വരിസംഖ്യ സമാഹരിക്കുന്നതു സംബന്ധിച്ചും, സെപ്തംബർ മുതൽ പുതിയ ചിട്ടി തുടങ്ങുന്നതു സംബന്ധിച്ചും ചർച്ച ചെയ്തു. കൊവിഡ് നിയന്ത്രണങ്ങളും, കണ്ടെയ്ൻമെന്റ് സോണും നിമിത്തം കാര്യമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടില്ല. എങ്കിലും ദൈനംദിന പരിപാടികൾ മുടക്കമില്ലാതെ നടന്നു വരുന്നു. എല്ലാ മാസവും ക്ഷത്രിയ സഭയുടെ നേതൃത്വത്തിൽ കൊട്ടാരം വക ശിവക്ഷേത്രത്തിൽ പ്രദോഷപൂജ കൊവിഡ് നിയന്ത്രണങ്ങളോടെ കൃത്യമായി നടന്നു വരുന്നു. 2020-21 വർഷത്തെ മെമ്പർഷിപ്പ് പുതുക്കലും, 'ക്ഷാത്രസ്പന്ദനം' വരിസംഖ്യാസമാഹരണവും സെപ്തംബർ-ഒക്ടോബർ മാസങ്ങളിലായി പൂർത്തിയാക്കി. കൊവിഡ്-19 വ്യാപകമായിട്ടുള്ള



കൗഷിക് കെ.വർമ്മ



ഋഷികേശ്.

സാഹചര്യത്തിൽ, പന്തളം യൂണിറ്റിന്റെ 29-ാമത് വാർഷിക പൊതുയോഗം മുൻ നിശ്ചയ പ്രകാരം സെപ്തംബറിൽ നടത്തുവാൻ സാധിച്ചില്ല. കമ്മിറ്റി യോഗത്തിൽ വാർഷിക റിപ്പോർട്ടും കണക്കുകളും അവതരിപ്പിക്കും.

ഈ വർഷത്തെ ശബരിമല മാളികപ്പുറം മേൽശാന്തിമാരെ നറുക്കെടുക്കുന്നതിന് കൗഷിക് കെ.വർമ്മയെയും ഋഷികേശ് വർമ്മയെയും തിരഞ്ഞെടുത്തു. നിർവ്വാഹകസംഘം കമ്മറ്റിയുടെ തീരുമാനം വലിയ തമ്പുരാന്റെ അംഗീകാരത്തോടു കൂടി അന്തിമ തീരുമാനം ആകുകയും ചെയ്തു.

പന്തളം നാലുകെട്ട് കൊട്ടാരത്തിൽ കേരളവർമ്മ (നാരായണൻ) യുടെയും പള്ളം കൊട്ടാരത്തിൽ സീതാലക്ഷ്മിയുടെയും മകനാണ് കൗഷിക്.

പന്തളം മുണ്ടക്കൽ കൊട്ടാരത്തിൽ അനൂപ് വർമ്മയുടെയും എറണാകുളം മംഗള മഠത്തിൽ പാർവ്വതി വർമ്മയുടെയും മകനാണ് ഋഷികേശ്. രണ്ടു കുട്ടികളും 7-ാം ക്ലാസിൽ പഠിക്കുന്നു.

വലിയ തമ്പുരാന്റെയും വലിയ തമ്പുരാട്ടിയുടെയും അനുഗ്രഹം വാങ്ങിയാണ് പന്തളത്തു നിന്ന് ശബരിമലയ്ക്കു പുറപ്പെട്ടത്.

## കരിവെള്ളൂർ

### പ്രവർത്തന റിപ്പോർട്ട്

യൂണിറ്റ് എക്സിക്യുട്ടീവ് കമ്മിറ്റി യോഗം 11.10.2020ന്

വൈകുന്നേരം 6 മണിക്ക് ഓൺലൈനായി നടന്നു. യോഗത്തിൽ പി.എം. സുബ്രഹ്മണ്യൻ (യൂണിറ്റ് പ്രസിഡന്റ്), ടി.എം. ശ്രീകുമാർ (സെക്രട്ടറി) എൻ.കെ.കെ. ഉണിത്തിരി (ട്രഷറർ) സി.കെ. ശ്രീധരവർമ്മ, എൻ.പി. കുഞ്ഞിനാരായണൻ, ഇ.എം. കൃഷ്ണകുമാർ, സി.കെ. രാഘവ വർമ്മ, എൻ.പി. വത്സല സുബ്രഹ്മണ്യൻ (വനിതാ വിഭാഗം പ്രസിഡന്റ്) എന്നിവർ പങ്കെടുത്തു. വാർഷിക വരിസംഖ്യാ പിരിവ്, സമുദായ ശ്മശാനം, കേന്ദ്ര സഭാ പ്രവർത്തനം എന്നീ വിഷയങ്ങളിൽ ചർച്ച നടന്നു. ചർച്ചയ്ക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു:

2019-20 വർഷത്തെ വരിസംഖ്യ എത്തിക്കാത്തവർ ഉടനെ എത്തിക്കണം. നേരിട്ട് എത്തിക്കാൻ പറ്റാത്തവർ ട്രഷററുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് സംഖ്യ ഉടനെ അയയ്ക്കണം.

സമുദായ ശ്മശാനത്തിന്റെ ലൈസൻസ് ഇതേവരെ ലഭിച്ചിട്ടില്ല. അപേക്ഷയിൽ വിചാരണ നടന്നിട്ട് 10 മാസമായിട്ടും ഉത്തരവ് പുറപ്പെടുവിക്കാത്ത ജില്ലാ കലക്ടറുടെ നടപടിയിൽ ആശങ്ക രേഖപ്പെടുത്തി. റിമൈൻഡർ ലെറ്റർ അയയ്ക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

കേന്ദ്രസഭയുടെ സംഘടനാ കാര്യങ്ങളിലുള്ള അവഗണന തുടരുന്നതിൽ യോഗം പ്രതിഷേധം രേഖപ്പെടുത്തി. സെൻസസ്, മഹാറാണി സേതുപാർവ്വതിബായി സ്കോളർഷിപ്പ്, നവംബർ മാസത്തിൽ നടക്കേണ്ട 39-ാം വാർഷിക സമ്മേളനം എന്നിവയിൽ നടപടിയുണ്ടായിട്ടില്ല. സംഘടനാ പ്രവർത്തനം തൃപ്തികരമാണ്. റിയാക്ട്, ഓണാഘോഷം, നവരാത്രി സംഗീത പരിപാടികൾ എന്നിവയെല്ലാം വളരെ നല്ല നിലയിൽ നടന്നു. അഭിനന്ദനങ്ങൾ. സംഘടനാ കാര്യങ്ങൾ, സംസ്ഥാന ഭാരവാഹികൾ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. എൻ.കെ.കെ. ഉണിത്തിരി നന്ദി പറഞ്ഞു. യോഗ നടപടികൾ 8 മണിക്ക് അവസാനിച്ചു.

### ശ്രീ കാമാക്ഷി ക്ഷേത്രം നവരാത്രി പൂജ

ശ്രീ കാമാക്ഷി ക്ഷേത്രത്തിലെ ഈ വർഷത്തെ നവരാത്രി പൂജ കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ നിയന്ത്രണങ്ങൾ പാലിച്ച് ഭക്തിനിർഭരമായ ചടങ്ങുകളോടെ നടന്നു. അഷ്ടദ്രവ്യ ഗണപതി ഹോമം, ഉഷ പൂജ, ഉച്ച പൂജ, ദീപാരാധന, അത്താഴപൂജ എന്നിവയോടെ 10 ദിവസവും ചടങ്ങുകൾ നടന്നു. ഈ വർഷം 30 പേർ നിറമാല കഴിക്കുകയുണ്ടായി. മഹാനവമി ദിവസം ശ്രീ കാമാക്ഷി ട്രസ്റ്റ് രക്ഷാധികാരിയും പാരമ്പര്യ ട്രസ്റ്റിയും ട്രസ്റ്റ് ആജീവനാന്ത അംഗവുമായ രാജലക്ഷ്മി നമ്പ്യാരുടെ (തലശ്ശേരി) മകനും തലശ്ശേരി കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിലെ ഓർത്തോ സർജനുമായ ഡോ. സി.കെ. ജയകൃഷ്ണൻ നമ്പ്യാരുടെ പ്രാർത്ഥനയായി ക്ഷേത്രത്തിൽ ചുറ്റുവിളക്ക് തെളിയിച്ചു. നവരാത്രി പരിപാടികൾക്ക് ട്രസ്റ്റ് സെക്രട്ടറിയും പാരമ്പര്യ ട്രസ്റ്റിയുമായ പി.കെ. അച്യുതൻ അടിയോടി, ട്രഷറർ എൻ.പി. കാമാക്ഷി വർമ്മ എന്നിവർ നേതൃത്വം നൽകി.

### REACT ലേക്ക് സംഭാവന നൽകി

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് പ്രസിഡന്റ് പി.എം. സുബ്രഹ്മണ്യൻ ചികിത്സ, വിദ്യാഭ്യാസം, ചാരിറ്റബിൾ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി REACT ലേക്ക് 10,000 രൂപ സംഭാവന നൽകി.

## തൃശൂർ

കോവിഡ് 19-ന്റെ ആഗോള തലത്തിലുള്ള പ്രസരണം മൂലം ഉണ്ടായ കെടുതികൾ ക്ഷത്രിയക്ഷേമസഭ തൃശൂർ യൂണിറ്റിന്റെ പ്രവർത്തനത്തെയും സാരമായി ബാധിച്ചതിനാൽ മാർച്ച്-ഏപ്രിൽ, മെയ്, ജൂൺ-ജൂലൈ മാസങ്ങളിൽ ഭരണസമിതി യോഗങ്ങൾ പോലും കൂടുവാൻ സാധിച്ചില്ല.

### ഭരണസമിതിയോഗം 15/2018-20

23.08.2020ൽ 'സാരംഗ', അഞ്ചേരിയിൽ വെച്ച് സഭാ പ്രസിഡന്റ് പി.സി. പ്രഹ്ലാദൻ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. 9 അംഗങ്ങൾ പങ്കെടുത്തു. യോഗത്തിൽ കേരളവർമ്മ രാജ (വാക്കയിൽ കോയിക്കൽ, കടപ്ര), എം. രവിവർമ്മ രാജ (കുട്ടൻചേട്ടൻ) എന്നിവരുടെ നിര്യാണത്തിൽ ഭരണസമിതി അംഗങ്ങൾ അനുശോചനം രേഖപ്പെടുത്തുകയും പരേതരുടെ ആത്മാക്കൾക്ക് നിത്യശാന്തിക്കുവേണ്ടി 1 മിനിറ്റ് പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് സെക്രട്ടറി അവതരിപ്പിച്ച കഴിഞ്ഞ യോഗത്തിന്റെ മിനിറ്റ്സ് പാസ്സാക്കുകയും ചർച്ചകളിൽ ഓണാഘോഷം, സനാതനധർമ്മം, സ്വജന പൗരോഹിത്യം എന്നീ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു. താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.


ഓണാഘോഷം വിർച്വൽ ആയി സംഘടിപ്പിക്കാൻ സാധിക്കുമോ എന്നു പരിശോധിക്കണം.

സനാധനധർമ്മം, സ്വജന പൗരോഹിത്യം എന്നീ വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുക, അതിനെക്കുറിച്ച് മെമ്പർമാരുടെ അഭിപ്രായങ്ങൾ ആരായുക. മെമ്പർഷിപ്പ് ക്യാമ്പയിൻ സംഘടിപ്പിക്കുക.

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ 'ക്ഷാത്രസ്പന്ദന'ത്തിന്റെ വരിസംഖ്യ കുടിശ്ശിക ശേഖരിക്കാൻ door to door പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. ഇപ്പോഴത്തെ സാഹചര്യങ്ങളിൽ പുറത്ത് ഇറങ്ങാൻ സാധിക്കാത്ത പ്രായമായവരെ സന്ദർശിച്ച് അവരുടെ സുഖവിവരങ്ങൾ അന്വേഷിച്ചു.

## ചരമം

### പി.കെ.രാജ



കോഴിക്കോട് സാമൂതിരി രാജ കുടുംബത്തിലെ രണ്ടാം സ്ഥാനി യായ ഏറാൾപ്പാട് രാജ, പുതിയ കോവിലകത്ത് പി.കെ.രാജ എന്ന വലിയ കുഞ്ഞുണ്ണി രാജ (94) അന്തരിച്ചു.

ഭാര്യ: പാലിയത്ത് കുമാരി കുഞ്ഞമ്മ. മക്കൾ: സുനിൽ. പി. കെ.രാജ, സൂർദാസ് രാജ, സുനന്ദ രാജ. മരുമക്കൾ: ശൈലജ രാജ, രാമദാസ് മേനോൻ

### കുഞ്ഞിക്കമ്മാരൻ നായനാർ



ഇരിക്കൂർ മാമാനിക്കുന്ന് മഹാ ദേവിക്ഷേത്രത്തിലെ മുൻ മാനേ ജരും, പഴയകാല രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകനുമായിരുന്ന ചൂളിയാട് സാമന്തൻ താഴെ മേലൂട്ടിടത്തിൽ കുഞ്ഞിക്കമ്മാരൻ നായനാർ (94) അന്തരിച്ചു. ക്ഷത്രിയക്ഷേമസഭ ശ്രീകണ്ഠാപുരം യൂണിറ്റ് അംഗ മാണ്.

ഭാര്യ:കെ പി ലക്ഷ്മി കുട്ടിയമ്മ. മക്കൾ: പത്മാവതി, ഇന്ദിര, രാധാ കൃഷ്ണൻ (റിട്ട: ബി.എസ്.എൻ എൽ), പുഷ്പവല്ലി, ശാരദ, മനോജ് കുമാർ, (കൺസ്ട്രക്ഷൻ മാനേജർ KEC കൊച്ചി മെട്രോ )

മരുമക്കൾ: നാരായണൻ മാര്യോട്ട്, നാരായണൻ കിരാത്ത്, ഗീത പി എൻ, രാമചന്ദ്രൻ പി.കെ., മനോഹരൻ മാസ്റ്റർ, സുകന്യ.

### ശാരദാംബാൾ



കോതച്ചിറ വെങ്ങാട്ടൂർ മന യ്ക്കൽ ദിവംഗതനായ കൃഷ്ണൻ നമ്പൂതിരിപ്പാടിന്റെ സഹധർമ്മിണി ശാരദാംബാൾ (97) അന്തരിച്ചു.

മക്കൾ:ചന്ദ്രിക, കൃഷ്ണവർമ്മ, പങ്കജം,ഉദയവർമ്മ, അംബിക, ലളിത, മുരളിവർമ്മ, മധുസൂദനൻ.

മരുമക്കൾ: രാജപ്പൻ, ശൈലജ, ശങ്കരൻ നമ്പൂതിരി (Late), മാലതി, ഹരികൃഷ്ണൻ, ബാലരാമവർമ്മ, രമാദേവി, ശൈലജ.

'ക്ഷാത്രസ്പന്ദനം' പത്രാധിപ സമിതി അംഗം പി. കെ. ജയചന്ദ്ര വർമ്മയുടെ മാതാമഹിയാണ്.


### പി.സി. ശ്രീദേവി



മാങ്കാവ് കോവിലകത്ത് പി.സി. ശ്രീദേവി (80) ചെന്നൈയിൽ അന്തരിച്ചു.


മക്കൾ: ജയശ്രീ (കൽക്കത്ത), ശ്രീജ(ചെന്നൈ), ശ്രീജിത്ത് (ബഹറിൻ).

### കേരള വർമ്മ



കേരള വർമ്മ (കുഞ്ഞിക്കിടാവ് ചാഴൂർ തമ്പാൻ) നിര്യാതനായി. ഭാര്യ: ചിറളയം കോവിലകത്തെ പരേതയായ വനജ തമ്പുരാട്ടി. മക്കൾ അർച്ചന, അജി.

### കെ രാമവർമ്മ രാജ



കൊടുങ്ങല്ലൂർ പുത്തൻകോവി ലകത്ത് കെ രാമവർമ്മ രാജ (83– റിട്ട). സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ ഉദ്യോഗസ്ഥൻ) നിര്യാത നായി.

തൃപ്പൂണിത്തുറ കോവിലകത്ത് മായാദേവി ആണ് പത്നി. മകൾ: കവിത വർമ്മ (ബാംഗ്ലൂർ). മരുമകൻ: വിനു വർമ്മ.

### ശ്രീദേവി തമ്പുരാട്ടി



കോതമംഗലം കുറ്റിലഞ്ഞി (എഴുമറ്റൂർ മുളക്കൽ കോയിക്കൽ)

ശ്രീദേവി തമ്പുരാട്ടി അന്തരിച്ചു. മക്കൾ: ഉണ്ണികൃഷ്ണവർമ്മ (ഡൽഹി) ജയശ്രീ വർമ്മ. മരുമക്കൾ: കെ രാമവർമ്മ, പ്രീതവർമ്മ.

### അമ്മിണി തമ്പാട്ടി



ചെന്നിത്തല മേനാംവിള കോയിക്കൽ അമ്മിണി തമ്പാട്ടി (83) നിര്യാതയായി. തിരുവല്ല സഭയുടെ മുൻ സെക്രട്ടറി ജി. രാമവർമ്മയുടെ സഹോദരിയാണ്.

### ശ്രീകുമാർ വർമ്മ



വൈക്കം കനകത്താരി കോവിലകത്ത് ശ്രീകുമാർ വർമ്മ (64) അന്തരിച്ചു. ഭാര്യ: ചെങ്ങണ്ട കാലാക്കുപറമ്പിൽ കോവിലകത്ത് ജയശ്രി നമ്പിഷ്ടാതിരി. മകൻ: വിഷ്ണുദത്ത്.

### അംബികാ ദേവി വർമ്മ


പൂഞ്ഞാർ രാജകുടുംബാംഗം തിരുവനന്തപുരം ചെഷയർഹോം



ലെയിൻ 'മംഗല്യ'യിൽ അംബികാ ദേവി വർമ്മ (73) നിര്യാതയായി. വിദ്യാഭ്യാസ വകുപ്പിൽ നിന്നും (ഡി.പി.ഐ, തിരുവനന്തപുരം) റിട്ടയർ ചെയ്തു.

ഭർത്താവ്: പ്രൊഫ. എം.കെ. പ്രഭാകരൻ നായർ (റിട്ട. ഫിസിക്സ് പ്രൊഫസർ, ഗവ. വിമെൻസ് കോളേജ് തിരുവനന്തപുരം). മക്കൾ: പ്രദീപ്കുമാർ (USA), ബിന്ദു വർമ്മ (ബാംഗ്ലൂർ) മരുമക്കൾ: സുവർണ്ണ വർമ്മ, സലിൽ വർമ്മ.

### ശോഭന ബായി തമ്പുരാട്ടി



കോട്ടയം, തെക്കുംകൂർ പാലസിൽ പരേതനായ കെ.എൻ. രവിവർമ്മയുടെ ഭാര്യ കടനാട് വടക്കുംകൂർ കുന്നേൽ കോയിക്കൽ ശോഭന ബായി തമ്പുരാട്ടി (65) നിര്യാതയായി. മക്കൾ അനൂപ് വർമ്മ, വിനോജ് വർമ്മ. മരുമക്കൾ: ശ്രീജയ വർമ്മ, നിഷ വർമ്മ.


### എം. കെ. പ്രഭാകരൻ നായർ



തിരുവനന്തപുരം ചെഷയർ ഹോം ലെയിൻ 'മംഗല്യ'യിൽ പ്രൊഫ. എം. കെ. പ്രഭാകരൻ നായർ (77-റിട്ട. ഫിസിക്സ് വകുപ്പ് മേധാവി, ഗവ. വിമെൻസ് കോളേജ്, തിരുവനന്തപുരം) നിര്യാതനായി. ഭാര്യ: പൂഞ്ഞാർ കൊട്ടാരത്തിൽ പരേതയായ അംബികാദേവി വർമ്മ (റിട്ട. വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം). മക്കൾ : പ്രദീപ്കുമാർ (USA), ബിന്ദു വർമ്മ (ബാംഗ്ലൂർ).


മരുമക്കൾ: സുവർണ്ണ വർമ്മ, സലിൽ വർമ്മ. 'സൂര്യചൈതന്യൻ' എന്ന തൂലികാനാമത്തിൽ കവിതകൾ രചിച്ചിരുന്നു.

### സുകുമാര വർമ്മ



പൂഞ്ഞാർ കൊട്ടാരത്തിലെ അംഗവും BSNL റിട്ട. ഉദ്യോഗസ്ഥനുമായ സുകുമാര വർമ്മ (70) ബാംഗ്ലൂരിൽ അന്തരിച്ചു. ഭാര്യ ഇന്ദിരാ വർമ്മ. മക്കൾ: സ്മിത (യു.എസ്.), അശോക്. മരുമക്കൾ: വിവേക്, അവന്തി.

### വി. ജയചന്ദ്രൻ



കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ പാലസ് നമ്പർ 46 ൽ വി. ജയചന്ദ്രൻ (62) അന്തരിച്ചു. പാലസ് അഡ്മിനിസ്ട്രേഷൻ ബോർഡ് അംഗമായിരുന്നു. ഭാര്യ: ജയശ്രീ. മകൾ: പാർവ്വതി.

*ശേഷം പേജ് 64 ൽ*

# വൈവാഹികം

## വരനെ ആവശ്യമുണ്ട്

### BOX No. 2031

| | | | |
|---|---|---|---|
| ശി മ | - | - | - |
| - | ഗ്രഹനില | | - |
| ച | | | ല കു |
| ബു ഗു | ര ശു | - | സ മാ |

| | | | |
|---|---|---|---|
| ര ച | സ | മാ | - |
| - | നവാംശം | | ല ശു |
| - | | | - |
| കു ഗു | - | ശി | ബു മ |

ശിഷ്ടദശ - 0 വർഷം 1മാസം 21 ദിവസം. സൂര്യ ദശ

Kshatriya girl 23 years (13 December 1996), Uthradam Star, 161 cms, Fair complexion, Completed BS-MS from IISER, Pune with academic excellence award. Doing Ph.D. in NIOZ Institute, Texel, Netherlands with fellowship. Suitable alliance invited from parents of Kshatriya/Brahmin grooms between 25-30 age group preferably Doctors/Engineers /Scientists/Ph.D. Post graduates with reputed permanent job. Contact No. 9446780951
Email: yamininavami@gmail.com

## വധുവിനെ ആവശ്യമുണ്ട്

### BOX No. 2032

| | | | |
|---|---|---|---|
| ശു മാ | - | ശി | ല കു |
| ര ബു മ | ഗ്രഹനില | | - |
| - | | | - |
| - | ച സ | - | ഗു |

| | | | |
|---|---|---|---|
| കു | ല ബു | - | ര ഗു |
| ശു | നവാംശം | | ശി |
| സ | | | - |
| - | - | മ മാ | ച |

ക്ഷത്രിയ യുവാവ് 27 വയസ്സ് 173cm ഉയരം. അനിഴം നക്ഷത്രം. ജനനം 1993 മാർച്ച് 13. B.Tech (Computer Science ) വിദേശ കമ്പനിയുടെ ചെന്നൈ ബ്രാഞ്ചിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ ക്ഷത്രിയ/ സാമന്ത പെൺകുട്ടികളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു
Contact: 9446201979, 8547125402

### BOX No. 2033

| | | | |
|---|---|---|---|
| ച | മാ | - | ശി |
| - | ഗ്രഹനില | | - |
| മ ല | | | ഗു |
| സ | ര കുബു | ശു | - |

| | | | |
|---|---|---|---|
| ര ശു ശി ല | മ | - | - |
| - | നവാംശം | | - |
| ച | | | മാ |
| കു | ബു | ഗു | സ |

ഗർഭശിഷ്ട ബുധദശ 12വർഷം 1മാസം 2ദിവസം 51നാഴിക

Seeking suitable alliance from Kshatriya/ Samantha Kshatriya Family for Kshatriya boy, 28 years, Revathi star, 5ft 8in. MS from US.Working as Senior Engineer in R&D of IT company in US. Preference to girls with professional qualifications.
Contact: 9847945241, 8547925241

# ബാഷ്പാഞ്ജലി



## ശാരദാംബാൾ (97)

**മക്കൾ**
ചന്ദ്രിക
കൃഷ്ണവർമ്മ
പങ്കജം
ഉദയവർമ്മ
അംബിക
ലളിത
മുരളീധരൻ
മധുസൂദനൻ

**മരുമക്കൾ**
രാജവർമ്മ തിരുമൂൽപാട്
ശൈലജ
late ശങ്കരൻ നമ്പൂതിരി
മാലതി
ഹരികൃഷ്ണൻ
ബാലരാമവർമ്മ
രമാദേവി
ശൈലജ

**പേരക്കുട്ടികൾ**

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha
RNI Reg. No. KERMAL/2014/60925

August-October 2020
Annual Subscription ₹150

ROYAL EDUCATIONAL AND CHARITABLE TRUST (REACT)
Lokah Samastah Sukhino Bhavantu

# ROYAL EDUCATIONAL AND CHARITABLE TRUST

*(Registration Number: 233/2008)*
Sundaravilasom Palace Compound,
Fort, Thiruvananthapuram – 695 023
Email: royaleducationalandcharity@gmail.com

**Income Tax Exemption**
under Section 80 G(5) (vi) of IT Act, 1961

**Bank Account Details**
**Syndicate Bank,**
**Fort Branch, Trivandrum 695023**
**Account Number : 40052210014950**
**IFS Code SYNB 0004005 (S.B. Account)**

**Dr.M.Lalithambika**
Mob No. 94465 09414
Lalithambika43@gmail.com

**P.K.Reghu Varma**
Mob No.94460 71057
reghuvarma.pk@gmail.com

Printed & Published by Admaja Varma Thampuran, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org